# ഡിപ്ലോമ ഇൻ എലിമെന്ററി എജ്യുക്കേഷൻ

## DIPLOMA IN ELEMENTARY EDUCATION D.El.Ed.

**സെമസ്റ്റർ - 2**

## പേപ്പർ - 201 വിദ്യാഭ്യാസമനശ്ശാസ്ത്രം പഠനവും പഠനപ്രക്രിയയും

യൂണിറ്റ് 1 - പഠനം

യൂണിറ്റ് 2 - പഠനത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ

യൂണിറ്റ് 3 - ഗൈഡൻസ് & കൗൺസലിങ്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ
പരിശീലന സമിതി (SCERT)

# പേപ്പർ 201

# വിദ്യാഭ്യാസ മനശ്ശാസ്ത്രം - പഠനവും പഠനപ്രക്രിയയും

ഒന്നാം സെമസ്റ്ററിൽ വിദ്യാഭ്യാസ മനശ്ശാസ്ത്രത്തിന്റെ പ്രസക്തി, ശിശുവികാസം, വ്യക്തിത്വം തുടങ്ങിയ ആശയങ്ങളും അവയുടെ പ്രയോഗസാധ്യതകളുമാണ് നമ്മൾ തിരിച്ചറിഞ്ഞത്. രണ്ടാം സെമസ്റ്ററിൽ പഠനം എങ്ങനെ നടക്കുന്നുവെന്നതിനെ സംബന്ധിച്ച വ്യത്യസ്ത കാഴ്ചപ്പാടുകൾ (വ്യവഹാരവാദം, സമഗ്രതാവാദം, സാമൂഹ്യപഠനസിദ്ധാന്തം, ജ്ഞാനനിർമിതിവാദം, സാമൂഹ്യ ജ്ഞാന നിർമിതിവാദം) വിശകലനം ചെയ്യുന്നു. ഇതിന്റെ ഭാഗമായിത്തന്നെ പഠനത്തിൽ പഠിതാവ്, അധ്യാപകൻ, പഠനപ്രക്രിയ,പഠനാന്തരീക്ഷം വിലയിരുത്തൽ തുടങ്ങിയ ഘടകങ്ങളുടെ പങ്കും പരിശോധിക്കുന്നു.

വ്യക്തിവ്യത്യാസങ്ങൾ (Individual differences) പഠനത്തെ ഏറെ സ്വാധീനിക്കുന്നു എന്നത് അംഗീകരിക്കപ്പെട്ട വസ്തുതയാണ്. വ്യക്തിവ്യത്യാസത്തെ നിർണയിക്കുന്ന ഘടകങ്ങൾ പൊതുവായി ചർച്ച ചെയ്യുന്നതോടൊപ്പം അഭിപ്രേരണ (Motivation ) , ബുദ്ധി (Intelligence), സർഗാത്മകത (Creativity), ഓർമയും മറവിയും (Remembering & forgetting) എന്നീ ഘടകങ്ങൾ വിശദമായും ചർച്ച ചെയ്യുന്നു.

കുട്ടികൾ സങ്കീർണമായ നിരവധി മാനസികപ്രശ്നങ്ങൾ അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്ന ഒരു കാലമാണിത്. ഇത്തരം പ്രശ്നങ്ങൾ നേരിടുന്നതിന് മാർഗ്ഗദർശനവും (Guidance) ഉപബോധനവും (Counselling) എങ്ങനെ ഫലപ്രദമായി വിനിയോഗിക്കാം എന്ന പരിശോധനയും ഈ പേപ്പറിന്റെ ഭാഗമായി വരുന്നു.

## യൂണിറ്റ് – 1 പഠനം (Learning)

### പഠനനേട്ടങ്ങൾ

- പഠനം എന്ത് എന്ന് തിരിച്ചറിഞ്ഞ് വിശകലനക്കുറിപ്പ് തയാറാക്കുന്നു.
- പഠനത്തിന്റെ സവിശേഷതകൾ മനസ്സിലാക്കി പട്ടികപ്പെടുത്തുകയും വിശദീകരിക്കുകയും ചെയ്യുന്നു.
- വ്യവഹാരവാദം വിമർശനാത്മകമായി വിലയിരുത്തി വിശകലനക്കുറിപ്പ് തയാറാക്കുന്നു.
- ഗസ്റ്റാൾട്ട് (Gestalt) മനശ്ശാസ്ത്രം സംബന്ധിച്ച തത്വങ്ങൾ തിരിച്ചറിയുന്നു. പഠനബോധന പ്രക്രിയയിൽ ഇവയുടെ പ്രാധാന്യം കണ്ടെത്തി കുറിപ്പ് തയാറാക്കുന്നു.
- പഠനത്തെക്കുറിച്ച് ബന്ദൂരയുടെ കാഴ്ചപ്പാടിന്റെ പ്രായോഗികത വിശദീകരിക്കുന്നു.
- വൈജ്ഞാനിക പഠനസിദ്ധാന്തങ്ങൾ, കാഴ്ചപ്പാടുകൾ തുടങ്ങിയവയുടെ പ്രസക്തി തിരിച്ചറിഞ്ഞ് പ്രയോഗശേഷി നേടുന്നു.
- സാമൂഹിക ജ്ഞാന നിർമിതി വാദത്തിന്റെ സാധ്യതകൾ തന്റെ ക്ലാസ്റൂം വിനിമയത്തിൽ പ്രയോജനപ്പെടുത്താനുള്ള മനോഭാവവും ശേഷിയും രൂപപ്പെടുന്നു.
- വിദ്യാഭ്യാസ മനശ്ശാസ്ത്രത്തിലെ നൂതന പ്രവണതകൾ സംബന്ധിച്ച് വിവരങ്ങൾ ശേഖരിച്ച് പ്രയോഗസാധ്യത കണ്ടെത്തി ലേഖനം തയാറാക്കുന്നു.

## യൂണിറ്റ് – 2 പഠനത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ

### പഠനനേട്ടങ്ങൾ

- പഠനത്തെ സ്വാധീനിക്കുന്നഘടകങ്ങളെക്കുറിച്ചുള്ള ധാരണ ആർജിക്കുകയും ആ ധാരണകൾ പ്രയോഗിച്ച് ക്ലാസ്റൂം പഠനപ്രക്രിയ മെച്ചപ്പെടുത്തുകയും ചെയ്യുന്നു.
- വിശകലനത്തിലൂടെ ബുദ്ധിയെക്കുറിച്ചുള്ള ഉചിതമായ നിർവചനങ്ങൾ രൂപീകരിക്കുന്നു.
- ബഹുമുഖ ബുദ്ധിയെക്കുറിച്ചുള്ള അടിസ്ഥാന ധാരണകൾ മനസ്സിലാക്കി ക്ലാസ്റൂം പഠനബോധന പ്രക്രിയയിൽ പ്രയോഗിക്കുന്നതിനുള്ള പ്രാവീണ്യം നേടുന്നു.
- ബുദ്ധിയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ അധ്യാപകരെ എങ്ങനെയെല്ലാം സഹായിക്കുന്നുവെന്ന് വിശദീകരിക്കുന്നു.
- ബുദ്ധിമാപനത്തിന്റെ രീതിശാസ്ത്രം വിമർശനാത്മകമായി വിലയിരുത്തി അഭിപ്രായങ്ങൾ/നിഗമനങ്ങൾ രൂപീകരിക്കുന്നു.
- സർഗാത്മകതയുടെ നിർവചനങ്ങളും ഘടകങ്ങളും ഘട്ടങ്ങളും വിശദീകരിക്കുന്നു.
- സർഗാത്മകതാമാപനം നടത്താനുള്ള ശേഷിനേടുന്നു.
- സർഗാത്മകത പരിപോഷിപ്പിക്കാനുള്ള മാർഗങ്ങൾ/സമീപനങ്ങൾ കണ്ടെത്തുന്നു.
- ഓർമ, മറവി എന്നിവയുമായി ബന്ധപ്പെട്ട ശാസ്ത്രീയ വിശകലനങ്ങൾ, ഓർമ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനായി പ്രയോജനപ്പെടുത്തുന്നു.
- പഠിതാക്കളിൽ പഠനസന്നദ്ധതയും അഭിപ്രേരണയും ഉണ്ടാക്കേണ്ടതിന്റെ പ്രാധാന്യവും സാംഗത്യവും അധ്യാപികയുടെ പങ്കും വിശദീകരിക്കാനും പഠനബോധനതന്ത്രങ്ങളിൽ പ്രയോജനപ്പെടുത്താനും കഴിയുന്നു.
- കുട്ടികളുടെ പഠനപ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും സഹായിക്കുന്ന രീതിയാണ് ക്രിയാഗവേഷണം എന്ന് തിരിച്ചറിയുന്നു. പ്രൊപ്പോസൽ തയാറാക്കി ഗവേഷണം നടത്തുന്നു.

## യൂണിറ്റ് – 3 ഗൈഡൻസ് & കൗൺസലിങ്

### പഠനനേട്ടങ്ങൾ

- ഗൈഡൻസിനെ സംബന്ധിച്ച അടിസ്ഥാന ധാരണകൾ ക്രോഡീകരിച്ച് വിശകലനക്കുറിപ്പ് തയാറാക്കുന്നു.
- ഗൈഡൻസിന്റെ തന്ത്രങ്ങൾ/രീതികൾ മനസ്സിലാക്കി പ്രയോഗ സാധ്യതകൾ സംബന്ധിച്ച് കുറിപ്പ് തയാറാക്കുന്നു.
- കുട്ടികളിലെ പഠനപെരുമാറ്റ പ്രശ്നങ്ങളിൽ അധ്യാപകന്റെ ക്രിയാത്മകമായ ഇടപെടലിന്റെ ആവശ്യകത തിരിച്ചറിയുന്നു, മനോഭാവവും ശേഷിയും നേടുന്നു.
- വ്യത്യസ്ത തരം കൗൺസലിങ്ങ് രീതികൾ തിരിച്ചറിയുന്നു. കുറിപ്പ് തയാറാക്കുന്നു.
- കൗൺസലിങ്ങ് പ്രക്രിയ, നൈപുണികൾ എന്നിവയുടെ പ്രായോഗികത തിരിച്ചറിയുന്നു. വിദഗ്ധരുമായി അഭിമുഖം നടത്തി റിപ്പോർട്ട് തയാറാക്കുന്നു.
- പഠിതാക്കളിലെ പ്രശ്നങ്ങൾ ചെറിയ പ്രായത്തിൽ കണ്ടെത്തുന്നതിന്റെ ആവശ്യകത മനസ്സിലാക്കി അതിനുള്ള ഉപാധികൾ വികസിപ്പിക്കുന്നു.
- അധ്യാപകർക്ക് കൈകാര്യം ചെയ്യാൻ പറ്റുന്ന പ്രശ്നങ്ങൾ, വിദഗ്ധസേവനം ആവശ്യമുള്ള പ്രശ്നങ്ങൾ എന്നിവ വേർതിരിച്ചറിയാനും ഉചിതമായ ഇടപെടൽ നടത്താനുമുള്ള ശേഷി നേടുന്നു.
- കൗൺസലിങ്ങിന്റെ നൈതികത, ചെയ്യേണ്ടതും ചെയ്യരുതാത്തതും എന്നിവ മനസ്സിലാക്കി പട്ടികപ്പെടുത്തുന്നു.

# യൂണിറ്റ് 1 – പഠനം

## ■ നിർവചനങ്ങളും സവിശേഷതകളും.

| |
|---|
| ആദ്യമായി സ്കൂളിൽ വരുന്ന ആറുവയസ്സുള്ള കുട്ടി എന്തൊക്കെ കാര്യങ്ങൾ പഠിച്ചിട്ടുണ്ടാവും? ശേഷികൾ ആർജ്ജിച്ചിട്ടുണ്ടാവും? ലിസ്റ്റു ചെയ്തു നോക്കൂ. |

- കൊച്ചു കൊച്ചു വാക്യങ്ങളിൽ ആവശ്യങ്ങൾ (ടോയ്‌ലറ്റിൽ പോകാൻ, വെള്ളം കുടിക്കാൻ) അറിയിക്കാൻ ശീലിച്ചിട്ടുണ്ടാകും.
- പേര് (അച്ഛന്റെ, അമ്മയുടെ. തന്റെയും ) പറയാൻ കഴിയും.
- ഭക്ഷണം സ്വയം കഴിക്കാൻ അറിയാം.
- ചെറിയ ചോദ്യങ്ങൾ ചോദിക്കും.
- ടീച്ചർ പറയുന്നത് ശ്രദ്ധിക്കും – അനുസരിക്കും.
- മറ്റു കുട്ടികളുമായി കളികളിലേർപ്പെടും.
-
-
-

ഈ കഴിവുകൾ /ശേഷികൾ അവർ നേടിയതെങ്ങനെയായിരിക്കും? – ക്ലാസിൽ ചർച്ച ചെയ്യൂ

**ചർച്ചയ്ക്കു ശേഷമുള്ള ക്രോഡീകരണം**

- നിരീക്ഷണം
- അനുകരണം
- ആവർത്തനം
- ശ്രമ – പരാജയം
- പങ്കാളിത്തം / പ്രവർത്തനത്തിലേർപ്പെടൽ
- അന്വേഷണം / കണ്ടെത്തൽ
- പ്രശ്നപരിഹരണം
-
-

അതായത് നിരീക്ഷണത്തിലൂടെയും അനുകരണത്തിലൂടെയും, പ്രവർത്തനങ്ങളിലൂടെയും അന്വേഷണത്തിലൂടെയും പ്രശ്ന പരിഹരണത്തിലൂടെയുമൊക്കെയാണ് പഠനം നടക്കുന്നത്. എങ്കിൽ പഠനം എന്താണ്?

**നിങ്ങളുടേതായ ഒരു നിർവചനം എഴുതി നോക്കൂ.**

ഇനി പഠനത്തെക്കുറിച്ച് താഴെ കൊടുത്തിരിക്കുന്ന നിർവചനങ്ങൾ ശ്രദ്ധിക്കൂ.

- ഒരു വ്യക്തിയിൽ ബോധപൂർവ്വമുണ്ടാകുന്ന വർത്തനവ്യതിയാന (behaviorual change) മാണ് പഠനം

- അനുബന്ധനം (conditioning) ആണ് പഠനം
- പുരോഗമനോൻമുഖമായ വികസനം (Progressive behaviour adaptation)
- ചോദകപ്രതികരണങ്ങളുടെ ബന്ധം സൃഷ്ടിക്കൽ (stimulus - response bonding)
- അനുരൂപികരണ പ്രക്രിയ
- അറിവിന്റെ സൃഷ്ടി
- സമഗ്രദർശനത്തിലൂടെ ഉണ്ടാകുന്ന ഉൾക്കാഴ്ച
- ഒരു സാമൂഹികസാംസ്ക്കാരിക പ്രക്രിയ
- സ്വാഭാവികമായ ഒരു പ്രക്രിയയുടെ ഉല്പന്നം
- എങ്ങനെ പഠിക്കാം എന്നു പഠിക്കുന്നത് (ബ്രൂണർ)

പഠനത്തെ സംബന്ധിച്ച് വിവിധ കാലഘട്ടങ്ങളിൽ വ്യത്യസ്ത കാഴ്ചപ്പാടുകൾ രൂപപ്പെട്ടിട്ടുണ്ട്. പഠനത്തിലൂടെ നൈപുണികൾ വികസിക്കുന്നതോടൊപ്പം മാറുന്ന ലോകസാഹചര്യങ്ങൾക്കനുസരിച്ച് പരുവപ്പെടാനുള്ള കഴിവും ലഭ്യമാകുന്നു. പെരുമാറ്റങ്ങളിലുണ്ടാകുന്ന താൽക്കാലിക മാറ്റങ്ങൾ പഠനമായി കണക്കാക്കാനാകില്ല. പരിപക്വനം കൊണ്ട് വ്യക്തിയിലുണ്ടാകുന്ന മാറ്റങ്ങളും പഠനമായി കണക്കാക്കപ്പെടുന്നില്ല. ഒരു വ്യക്തിക്കു നേരിട്ടു ലഭിക്കുന്ന അനുഭവങ്ങൾ മാത്രമല്ല പഠനമായി മാറുന്നത്. മറ്റുള്ളവർക്ക് ലഭിക്കുന്ന അനുഭവങ്ങൾ കൂടി നിരീക്ഷണങ്ങളിലൂടെയും മറ്റും വ്യവഹാരമാറ്റങ്ങൾക്കു വേണ്ടിയും ഉപോയഗപ്പെടുത്തുന്നു. പഠനം ചിലപ്പോഴൊക്കെ ശ്രമപരാജയത്തിലൂടെ (Trial and error) സംഭവിക്കുന്നു. മറ്റുള്ളവരുടെ പ്രവർത്തനത്തെ സൂക്ഷ്മമായി വിലയിരുത്തന്നതിലൂടെയും പഠനം സാധ്യമാകും.

**ചുരുക്കത്തിൽ, ഒരു വ്യക്തി, ജീവിത വ്യാപാരങ്ങൾക്കാവശ്യമായ അറിവും മനോഭാവങ്ങളും നൈപുണികളും ആർജിക്കുന്ന പ്രക്രിയയാണ് പഠനം.**

## പഠനത്തെക്കുറിച്ചുള്ള വിവിധ സമീപനങ്ങൾ

### 1. വ്യവഹാര മനശ്ശാസ്ത്രം (Behaviourism)

*ആദ്യമായാണ് രാമു സർക്കസ്സ് കാണുന്നത്. തത്തയും കുരങ്ങും ആനയുമൊക്കെ കാട്ടുന്ന വിദ്യകൾ കണ്ട് രാമു വിസ്മയിച്ചു. "ഈ ജീവികൾ ഇതെല്ലാം എങ്ങനെയാണ് ചെയ്യുന്നത്?" – രാമു അച്ഛനോടു ചോദിച്ചു. "അതൊക്കെ പഠിപ്പിച്ചെടുക്കുന്നതല്ലേ" – എന്നായി അച്ഛൻ. "പഠിപ്പിച്ചെടുക്കുന്നതോ അതെങ്ങനെ?" – രാമുവിന് സംശയം തീരുന്നില്ല. "വീട്ടിലെത്തിയിട്ട് പറഞ്ഞുതരാം. ഇപ്പോൾ ഇതെല്ലാം കാണ്" എന്ന് അച്ഛൻ പറഞ്ഞതോടെ രാമുവിന്റെ ശ്രദ്ധ വീണ്ടും സർക്കസ്സിലേക്കു തിരിഞ്ഞു.*

രാമു ചോദിച്ച ചോദ്യത്തോട് നിങ്ങളുടെ പ്രതികരണമെന്താണ്? നോട്ടുബുക്കിൽ കുറിക്കൂ. ക്ലാസ്സിൽ പൊതുവായി ചർച്ച ചെയ്യൂ.

ജീവികൾ ഏതെങ്കിലും പ്രത്യേക രീതിയിൽ പെരുമാറണമെങ്കിൽ ഒരു പ്രേരണ (ചോദകം) ഉണ്ടായിരിക്കണമെന്ന അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ?

ഏതൊരു ജീവിയുടേയും പെരുമാറ്റവും മാനസിക പ്രവർത്തനങ്ങളും ചില ചോദക (Stimulus) ങ്ങളോടുള്ള പ്രതികരണങ്ങളാണ് (response) എന്നു വാദിക്കുന്ന പഠനസമീപനമാണ് വ്യവ **ഹാര വാദം (Behaviourism)**. ഈ പ്രത്യേക ചോദകം പ്രത്യക്ഷപ്പെടുമ്പോഴൊക്കെ അതേ പ്രതികരണവും ഉണ്ടാകുന്നു. മനുഷ്യനടക്കമുള്ള ജീവികളിൽ പഠനം നടക്കുന്നതെങ്ങനെ എന്ന അന്വേഷണത്തിൽ 1960 കാലഘട്ടം വരെ മേധാവിത്വം പുലർത്തിയ മനശ്ശാസ്ത്ര സമീപനമായിരുന്നു വ്യവഹാരവാദം. പാവ്‌ലോവ്, വാട്സൺ, തോൺഡൈക്ക്, സ്കിന്നർ തുടങ്ങിയവർ വിവിധ ജീവികളിൽ നടത്തിയ പരീക്ഷണങ്ങളിലൂടെയാണ് ഈ സമീപനത്തിലെ പ്രധാന ആശയങ്ങൾ രൂപപ്പെട്ടത്.

***ഇവാൻ പെട്രോവിച്ച് പാവ്‌ലോവ് (Ivan Petrovich Pavlov (1849 - 1936))***

*റഷ്യൻ പുരോഹിത കുടുംബത്തിൽ ജനനം. തിയോളജിക്കൽ സെമിനാരി, പീറ്റേഴ്സ് ബർഗ് യൂണിവേഴ്സിറ്റി, മെഡിക്കോ ചിറ്റുർജിക്കൽ അക്കാദമി എന്നിവിടങ്ങളിലെ പഠനം*

- *1890 - ൽ പ്രൊഫസർഷിപ്പ്*
- *1904 - ൽ ദഹനവ്യവസ്ഥയെക്കുറിച്ചുള്ള പഠനത്തിന് നോബൽ സമ്മാനം.*
- *Conditioned Reflexes, Psychopathology and Psychiatry തുടങ്ങിയവ മനശ്ശാസ്ത്രവുമായി ബന്ധപ്പെട്ട പ്രധാനകൃതികൾ*
- *പരീക്ഷണം: സ്ഫടികക്കൂട്ടിലടച്ച വിശന്ന നായക്ക് ഇറച്ചിപ്പൊടി നൽകുന്നതോടൊപ്പം മണിയൊച്ചയും കേൾപ്പിച്ചു കൊണ്ടു നടത്തിയ പരീക്ഷണം അനുബന്ധനസിദ്ധാന്തത്തിലേക്കു (Theory of conditioning) നയിച്ചു.*

പാവ്‌ലോവിന്റെ പരീക്ഷണങ്ങളുടെ വിശദാംശങ്ങൾ പുസ്തകങ്ങൾ പരിശോധിച്ച് കണ്ടെത്തി ക്ലാസ്സിൽ ചർച്ച ചെയ്യൂ.

പാവ്‌ലോവിന്റെ പരീക്ഷണത്തിന്റെ പ്രക്രിയ താഴെ കൊടുത്ത രീതിയിൽ ചിത്രീകരിക്കാം

## അനുബന്ധനത്തിന്റെ പുരോഗതി

### അനുബന്ധനത്തിന് മുമ്പ് (Before Conditioning)

ഇറച്ചിപ്പൊടി (അനുബന്ധനം ചെയ്യാത്ത ചോദകം - Natural Stimulus ) → ഉമിനീർസ്രാവം (അനുബന്ധനം ചെയ്യാത്ത പ്രതികരണം - UR)

മണിയൊച്ച (അനുബന്ധിത ചോദകം - Neutral Stimulus) → ഉമിനീർ സ്രാവമില്ല

### അനുബന്ധനം നടക്കുമ്പോൾ (During Conditioning)

ഇറച്ചിപ്പൊടി (US)
മണിയൊച്ച (CS)
→ ഉമിനീർ സ്രാവം

### അനുബന്ധനത്തിനുശേഷം (After Conditioning)

മണിയൊച്ച (CS) → ഉമിനീർ സ്രാവം (അനുബന്ധിതപ്രതികരണം - CR)

*CS - Conditioned Stimulus, US - Unconditioned Stimulus, UR - Unconditioned Responce CR - Conditioned Refelex*

മനശ്ശാസ്ത്രത്തിന്റെ ചരിത്രത്തിൽ ആദ്യമായി രേഖപ്പെടുത്തിയ അനുബന്ധനരീതി ആയതു കൊണ്ട് പാവ്‌ലോവിന്റെ അനുബന്ധന പ്രക്രിയയെ പൗരാണികാനുബന്ധനം **(Classical Conditioning)** എന്നു വിളിക്കുന്നു. തന്റെ പരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ പാവ്‌ലോവ് മുന്നോട്ടുവച്ച പ്രധാന ആശയങ്ങൾ എന്തൊക്കെയാണെന്ന് നോക്കാം.

*പാവ്‌ലോവ് തന്റെ കണ്ടെത്തലുകളെ അടിസ്ഥാനമാക്കി മുന്നോട്ടുവെച്ച പ്രധാന ആശയങ്ങൾ :*

***വിലോപം (Extinction)*** *: - മണിശബ്ദം, ഉമിനീർ സ്രവണം ഇവ തമ്മിലുള്ള ബന്ധം ഉറച്ചതിനുശേഷം മണിശബ്ദത്തെത്തുടർന്ന് ആഹാരം കൊടുക്കാതെ മണിശബ്ദം മാത്രം അവതരിപ്പിച്ചാൽ ക്രമേണ ഉമിനീർ സ്രവണ പ്രതികരണം ഇല്ലാതായിത്തീരും. ഇതിനെ* ***വിലോപം*** *എന്നു പറയുന്നു.*

***പുനഃപ്രാപ്തി (Spontaneous Recovery)*** *: - വിലോപം വഴി അപ്രത്യക്ഷമായ പ്രതികരണം തിരിച്ചുകൊണ്ടുവരാൻ സാധിക്കുമെന്ന് പാവ്‌ലോവ് അഭിപ്രായപ്പെടുന്നു. അതിനുള്ള മാർഗങ്ങൾ (1) അനുബന്ധനത്തിന് ഒരിക്കൽ കൂടി അവസരം നൽകുക (2) വിലോപത്തിനുശേഷം അല്പസമയം അനുവദിക്കുക. ഉദാ: വിലോപം വഴി ഉമിനീർ സ്രവണ പ്രതികരണം ഇല്ലാതായിത്തീരുന്നുവെന്ന് കരുതുക. എന്നാൽ കുറച്ചുകഴിഞ്ഞ് മണിയടി ശബ്ദം അവതരിപ്പിച്ചാൽ ഉമിനീർ സ്രവണം താൽക്കാലികമായി വീണ്ടും ഉണ്ടാകും. ഈ സവിശേഷത* ***പുനഃപ്രാപ്തി*** *എന്നറിയപ്പെടുന്നു.*

***വിളംബിത അനുബന്ധിത പ്രതികരണം (Delayed Conditioned Response)***

*പാവ്‌ലോവ് നടത്തിയ പരീക്ഷണത്തിൽ മണിനാദത്തോടൊപ്പം നൽകുന്നതിനുപകരം മണിയടിച്ച് അല്പസമയം കഴിഞ്ഞ് ഭക്ഷണം നൽകുന്നു. മണിനാദം കേൾപ്പിക്കുന്നതും ഭക്ഷണം നൽകുന്നതും തമ്മിലുള്ള സമയ വ്യത്യാസം വർധിപ്പിക്കുന്നു. അപ്പോൾ നായയുടെ ഉമിനീർസ്രവണം കുറയുന്നതായി പാവ്‌ലോവ് കണ്ടെത്തി. എന്നാൽ ഇടവേള വീണ്ടും വർധിപ്പിച്ചപ്പോൾ നായയിൽ ഉമിനീർ സ്രവണം രണ്ടാമതും വർധിച്ചതോതിൽ ഉണ്ടാകുന്നതായി കണ്ടു. ചോദകങ്ങൾക്കിടയിലുണ്ടായ സമയ വ്യത്യാസവുമായി നായ പൊരുത്തപ്പെട്ടതാണ് ഇതിനുകാരണം. ഈ പ്രതിഭാസത്തെ* ***വിളംബിത അനുബന്ധിത പ്രതികരണം*** *എന്നു വിളിക്കുന്നു.*

***ചോദകസാമാന്യവൽക്കരണം (Stimulus Generalisation)*** *: - അഭ്യസിച്ച ഒരു പ്രതികരണത്തിന് ആസ്പദമായ ചോദകവുമായി സാമ്യമുള്ള ചോദകങ്ങൾ പ്രത്യക്ഷപ്പെടുമ്പോൾ അഭ്യസിച്ച പ്രതികരണം തന്നെ ഉണ്ടാകാനുള്ള പ്രവണതയെ* ***ചോദകസാമാന്യവൽക്കരണം*** *എന്നുവിളിക്കുന്നു. പാവ്‌ലോവിന്റെ പരീക്ഷണത്തിൽ അനുബന്ധിതചോദകമായ മണിശബ്ദത്തിന് ഏറ്റക്കുറച്ചിൽ ഉണ്ടായാലും ഉമിനീർസ്രവണം എന്ന പ്രതികരണം തന്നെ ഉണ്ടാകും. എന്നാൽ വ്യത്യാസങ്ങൾ വർധിക്കുന്തോറും പ്രതികരണം ദുർബലമായിത്തീരുകയും ചെയ്യും.*

***ചോദകവിവേചനം (Stimulus Discrimination)*** *: - ശബ്ദത്തിൽ ഏറ്റക്കുറച്ചിലുള്ള രണ്ടു മണിനാദങ്ങളിൽ ഭക്ഷണം ലഭിച്ച മണിനാദത്തോട് മാത്രം നായ അനുകൂലമായി പ്രതികരിച്ചു. ഇപ്രകാരം ഏറെക്കുറെ സമാനശബ്ദങ്ങൾക്കിടയിലുള്ള വ്യത്യാസങ്ങൾ പോലും നായ്ക്കു തിരിച്ചറിയാൻ കഴിഞ്ഞു. ഈ തിരിച്ചറിയൽ പ്രക്രിയയെ* ***ചോദകവിവേചനം*** *എന്നു വിളിക്കുന്നു.*

***വാട്സന്റെ ആശയങ്ങൾ :***

***ജോൺ ബി. വാട്സൺ (John Broadus Watson - 1878 - 1958)***

- *അമേരിക്കൻ മനശ്ശാസ്ത്രജ്ഞൻ*
- *ജോൺസ് ഹോപ്കിൻസ് യൂണിവേഴ്സിറ്റി, ചിക്കാഗോ യൂണിവേഴ്സിറ്റി , ഫർമാൻ യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ വിദ്യാഭ്യാസം*
- *വ്യവഹാര മനശ്ശാസ്ത്രശാഖയ്ക്ക് സൈദ്ധാന്തിക അടിത്തറ നൽകി*
- *പ്രധാനകൃതികൾ - Behaviorism*
- *Psychology from the stand point of a Behaviorist*
- *Behavior : An Introduction to comparative Psychology*
- *പരീക്ഷണങ്ങൾ : സ്വന്തം കുഞ്ഞ് ആൽബർട്ട് ഒരു വെളുത്ത എലിയെ തൊടാൻ ശ്രമിക്കുമ്പോൾ ഭീതിജനകമായ ശബ്ദം കേൾപ്പിച്ച് നടത്തിയ പരീക്ഷണം.*
- *ചുവന്ന ബൾബ് കത്തിയ ഉടനെ ആടിന്റെ കാലിൽ ഷോക്ക് നൽകികൊണ്ടുള്ള പരീക്ഷണം.*

വാട്സൺ നടത്തിയ പരീക്ഷണങ്ങളുടെ വിശദാംശങ്ങളും അദ്ദേഹത്തിന്റെ ആശയങ്ങളും ലൈബ്രറി ഉപയോഗപ്പെടുത്തി കണ്ടെത്തൂ. ക്ലാസിൽ ചർച്ച ചെയ്യൂ. തുടർന്ന് താഴെ ബോക്സിൽ കൊടുത്ത വസ്തുതകളുമായി നിങ്ങളുടെ കണ്ടെത്തലുകൾ താരതമ്യം ചെയ്യൂ. കൂട്ടിച്ചേർക്കൽ നടത്തൂ.

***വാട്സന്റെ പ്രധാന കണ്ടെത്തലുകൾ***

- *പരിസരമാണ് (Environment) ശിശുവികാസത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഘടകം (അതുവരെ ഭയം തോന്നിയിട്ടില്ലാത്ത എലിക്കുഞ്ഞിനോട് കുട്ടിക്ക് ഭയം ജനിക്കുന്നത് ഭീതിദമായ ശബ്ദം സൃഷ്ടിച്ച സാഹചര്യമാണല്ലോ)*
- *ചോദക പ്രതികരണങ്ങളുടെ ആവർത്തനം പഠനത്തെ ശക്തമാക്കുന്നു*
- *ചോദകങ്ങളെ ഫലപ്രദമായി ഉപയോഗിച്ച് ഏതുതരം പ്രതികരണങ്ങളും രൂപപ്പെടുത്തിയെടുക്കാം.*
- *കാലവിളംബം അനുബന്ധനത്തെ സ്വാധീനിക്കുന്നുണ്ട്.*
- \- - - - - - - - - - - - - - - - - - - - - - - - - -
- \- - - - - - - - - - - - - - - - - - - - - - - - - -

പാവ്ലോവിന്റേയും വാട്സന്റേയും അനുബന്ധനസിദ്ധാന്തങ്ങൾ പരിചയപ്പെട്ടല്ലോ. ക്ലാസ്റൂം പഠനത്തിൽ ഇവയുടെ പ്രസക്തിയെന്താണ്? ഒരു ചർച്ച സംഘടിപ്പിക്കൂ. ആശയങ്ങൾ ക്രോഡീകരിക്കൂ. ചുവടെ കൊടുത്തിട്ടുള്ള വസ്തുതകളുമായി താരതമ്യം ചെയ്യൂ.

## അനുബന്ധനസിദ്ധാന്തത്തിന്റെ വിദ്യാഭ്യാസപരമായ പ്രസക്തി

1. വിവിധ പഠനസന്ദർഭങ്ങളിൽ ഉചിതമായ ചോദകങ്ങൾ നൽകണ്ടേതിന്റെ ആവശ്യകത അനുബന്ധനസിദ്ധാന്തം മുന്നോട്ടുവെക്കുന്നു. കുട്ടികളിൽ നല്ല ശീലങ്ങൾ വളർത്താനും ദുശ്ശീലങ്ങൾ ഒഴിവാക്കാനും അനുബന്ധനപ്രക്രിയ പ്രയോജനപ്പെടുത്താം.

2. കുട്ടികളിൽ കാണുന്ന അനാവശ്യഭീതി അനുബന്ധനഫലമാണ്. ചില വസ്തുക്കളെ ഭീതിജനകമായ അനുഭവങ്ങളുമായി അനുബന്ധിപ്പിക്കുന്നു. ഒരു പ്രത്യേക അധ്യാപകനെ കുട്ടി ഭയപ്പെടുന്നുണ്ടെങ്കിൽ അതിന് എന്തെങ്കിലും കാരണമുണ്ടാകുമല്ലോ. പ്രസക്ത മായ ചോദകത്തെ കണ്ടുപിടിച്ച് ഒറ്റപ്പെടുത്താൻ ശ്രമിച്ചാൽ വിലോപം (extinction) എന്ന പ്രക്രിയയിലൂടെ ഇത് മാറ്റിയെടുക്കാം. അതായത് വിലോപത്തിനും ക്ലാസ്സുമുറിയിൽ പ്രയോഗസാധ്യതയുണ്ട്.

3. ഒരു കുട്ടിയെ അധ്യാപകൻ ശിക്ഷിക്കുകയോ ശകാരിക്കുകയോ ചെയ്യുമ്പോൾ കുട്ടിയിൽ ഉണ്ടാകുന്ന ഭയം അധ്യാപകനുമായി അനുബന്ധിതമായിത്തീരുന്നു. ഇത് ആ അധ്യാപ കൻ ക്ലാസ്സിൽ പഠിപ്പിക്കുന്ന വിഷയത്തിലേക്കും വ്യാപിക്കുന്നു. തുടർന്ന് ചോദക സാമാന്യവൽക്കരണത്തിലൂടെ (stimulus generalisation) കുട്ടി സ്കൂളിനേയും ക്ലാസ്സുമുറി യേയും മറ്റു അധ്യാപകരേയും ഭയപ്പെടുന്നു.

4. ചിത്ര - പദ കാർഡുകൾ സംയോജിപ്പിച്ച് അവതരിപ്പിക്കുന്ന രീതിയിൽ അനുബന്ധന ത്തിന്റെ സങ്കേതമാണ് ഉൾച്ചേർന്നിരിക്കുന്നത്.

5. രണ്ടു പ്രക്രിയകൾ ഒന്നിച്ചുസംഭവിക്കുമ്പോൾ അവ തമ്മിൽ ബന്ധിതമായിത്തീരുന്നു. പഠനത്തിലെ ഋജുരീതി (Direct Method) പ്രവർത്തിക്കുന്നത് ഇത്തരത്തിലാണ്. എണ്ണം പഠിക്കൽ, ഭാഷയിലെ പുതിയ പദങ്ങൾ സ്വായത്തമാക്കൽ, ആജ്ഞകളിലൂടെയും അനു ഭവങ്ങളിലൂടെയും ഉള്ള പഠനം എന്നിവ ഉദാഹരണങ്ങളായി ചൂണ്ടിക്കാട്ടാവുന്നതാ ണ്.

6. കുട്ടിയുടെ ശ്രദ്ധയെ ബാധിക്കുന്ന അല്ലെങ്കിൽ അനുയോജ്യമല്ലാത്ത പരിസ്ഥിതികളും അനുബന്ധനവിധേയമാകും. അതുകൊണ്ട് സമാധാനാന്തരീക്ഷം നിറഞ്ഞ സ്ഥലത്ത് ക്ലാസ്സുകളും സ്കൂളുകളും സ്ഥാപിക്കണം.

## തോൺ ഡൈക്കിന്റെ പഠനനിയമങ്ങൾ

**എഡ്വേർഡ് ലീ തോൺഡൈക്ക് *(Edward Lee Thorndike - 1874 - 1949)***

- *അമേരിക്കയിലെ കൊളംബിയ സർവ്വകലാശാലയിൽ പ്രൊഫസർ*
- *ശ്രമപരാജയസിദ്ധാന്തത്തിന്റെ വക്താവ് (Trial and Error theory)*

*പ്രസിദ്ധ കൃതികൾ*

- *Animal Intelligence*
- *The Psychology of Arithmetic*
- *Human Learning*
- *പ്രസിദ്ധ പരീക്ഷണം: പ്രശ്ന പേടകത്തിലെ പൂച്ച (Cat in the puzzle Box)*

**പ്രവർത്തനം:** തോൺഡൈക്കിന്റെ പരീക്ഷണത്തിന്റെ വിശദാംശങ്ങൾ **'പ്രശ്നപേടകത്തിലെ പൂച്ച'** ***(Cat in the Puzzle Box)*** പുസ്തകങ്ങൾ റഫർ ചെയ്ത് മനസ്സിലാക്കൂ. ചർച്ച ചെയ്യൂ.

തന്റെ പരീക്ഷണങ്ങളിലൂടെ തോൺഡൈക്ക് ഉരുത്തിരിച്ചെടുത്ത പ്രാഥമിക പഠനനിയമങ്ങളെ ചിത്രീകരിച്ചിട്ടുള്ളത് നോക്കൂ.

## തോൺഡൈക്കിന്റെ പ്രാഥമിക പഠനനിയമങ്ങൾ

- സന്നദ്ധതാ നിയമം *(Law of Readiness)*
- ആവർത്തന നിയമം (അഭ്യാസ നിയമം) *(Law of Exercise)*
- ഫലനിയമം (പരിണാമനിയമം) *(Law of Effect)*

ഈ മൂന്നു നിയമങ്ങളെ തോൺഡൈക്കിന്റെ **പഠനനിയമത്രയം** ***(Trilogy of Learning)*** എന്നു വിളിക്കാറുണ്ട്.

**സന്നദ്ധതാ നിയമം (Law of Readiness)**

*ഏതൊരു പ്രവർത്തനത്തിനും സന്നദ്ധത ആവശ്യമാണ്. ഒരാൾ സന്നദ്ധനായിരിക്കുമ്പോൾ പ്രവർത്തിക്കുന്നത് സംതൃപ്തിജനകമായിരിക്കും. സന്നദ്ധത ഇല്ലാതെ പ്രവർത്തിക്കുന്നതും സന്നദ്ധനായിരിക്കുമ്പോൾ പ്രവർത്തിക്കാതിരിക്കുന്നതും അസ്വാസ്ഥ്യജനകമായിരിക്കും.*

- ഈ നിയമത്തെ *പ്രശ്നപേടകത്തിലെ പൂച്ച* എന്ന പരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ എങ്ങനെ വിശകലനം ചെയ്യാം? - ചർച്ച ചെയ്യൂ.

**ആവർത്തന നിയമം (അഭ്യാസ നിയമം) (Law of Excercise)**

*ഒരു സന്ദർഭവും അതിനോടുള്ള പ്രതികരണവും ആവർത്തിക്കുന്തോറും Stimulus - Response ബന്ധം ദൃഢമാകുന്നു. അതായത് അഭ്യാസം കൊണ്ട് നൈപുണികൾ വികസിക്കുകയും അഭ്യസിക്കാതിരുന്നാൽ ക്ഷയിക്കുകയും ചെയ്യും.*

- ഈ നിയമത്തെ തോൺഡൈക്കിന്റെ പരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ക്ലാസിൽ വിശകലനം ചെയ്യൂ.

**ഫല നിയമം (പരിണാമ നിയമം) (Law of Effect)**

*ഒരു പ്രവർത്തനത്തിന്റെ ഫലം തൃപ്തികരവും സന്തോഷദായകവുമായിരുന്നാൽ വീണ്ടും പ്രവർത്തനത്തിലേർപ്പെടാൻ അത് വ്യക്തിയെ പ്രേരിപ്പിക്കുന്നു. S - R ബന്ധത്തിന്റെ ശക്തി വർദ്ധിക്കുന്നതും കുറയുന്നതും അവയുടെ അനന്തരഫലങ്ങളെ ആശ്രയിച്ചാണ്.*

- ഫല നിയമത്തെയും തോൺഡൈക്കിന്റെ പരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യൂ.

**പ്രവർത്തനം:**

*തോൺഡൈക്കിന്റെ പ്രാഥമിക പഠനനിയമങ്ങളുടെ ക്ലാസ് റൂം പ്രസക്തി എന്താണ്?*

*മൂന്നു ഗ്രൂപ്പായി തിരിഞ്ഞ് (ഓരോ നിയമത്തിനും ഓരോ ഗ്രൂപ്പ്) ചർച്ച ചെയ്യൂ. ക്ലാസിൽ പൊതുവായി അവതരിപ്പിക്കൂ. പ്രധാന ആശയങ്ങൾ താഴെ കാണുന്ന രീതിയിൽ ക്രോഡീകരിക്കൂ. കൂട്ടിച്ചേർക്കൂ.*

***തോൺഡേക്കിന്റെ പ്രാഥമിക നിയമങ്ങളിലെ ക്ലാസ്റൂം പ്രസക്തി***

- പഠനപ്രവർത്തനത്തിന് കുട്ടികളെ സജ്ജരാക്കുക എന്നത് പ്രധാനമാണ്. അതുകൊണ്ടു തന്നെ സന്ദർഭോചിത ആഖ്യാനങ്ങൾ, കെയ്സുകൾ, മുന്നറിവു ചോദ്യങ്ങൾ, അനൗപചാരിക സംഭാഷണങ്ങൾ തുടങ്ങിയ സജ്ജീകരണ പ്രവർത്തനങ്ങൾ പ്രധാനമാണ്.
- പഠനാശയങ്ങൾ ഉറപ്പിക്കുന്നതിന് വ്യത്യസ്ത രീതികളിലുള്ള പഠനാനുഭവങ്ങൾ ആവർത്തിച്ച് ഉപയോഗിക്കാം.
- പഠനപ്രവർത്തനവും അതിന്റെ ഫലവും അഹ്ലാദകരമായിരുന്നാൽ പഠനാശയം ഉറയ്ക്കുക മാത്രമല്ല തുടർന്നുള്ള പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം ഉറപ്പിക്കാനുമാകും.
- ഒരു പഠനപ്രശ്നം പരിഹരിക്കുന്നതിന് സ്വന്തമായ നിരവധി മാർഗങ്ങൾ പരിശോധിച്ചു നോക്കാൻ (Trial and Error) കുട്ടികൾക്ക് അവസരം നൽകണം.
- സമ്മാനങ്ങളും പ്രശംസയും പ്രതികരണത്തെ/പഠനത്തെ പ്രബലപ്പെടുത്തുന്നതിന് സഹായിക്കുന്നു.
- - - - - - - - - - - - - - - - - - - - - - - - - -
- - - - - - - - - - - - - - - - - - - - - - - - - -

## പ്രവർത്തനം

പ്രാഥമിക പഠന നിയമങ്ങൾക്കു പുറമേ തോൺഡൈക്കിന്റെ ദ്വിതീയനിയമങ്ങളുമുണ്ട്. (Secondary laws) ഇവ തോൺഡൈക്കിന്റെ അനുബന്ധനിയമങ്ങൾ (Subordinate laws) എന്നും അറിയപ്പെടുന്നു. ഇവയെക്കുറിച്ച് ആധികാരിക ഗ്രന്ഥങ്ങൾ വായിച്ച് വായനക്കുറിപ്പ് തയാറാക്കൂ.

## സ്കിന്നറുടെ സമീപനം

***ബി. എഫ്. സ്കിന്നർ (Burrhus Frederic Skinner - 1904 - 1990)***

- *അമേരിക്കൻ മനശ്ശാസ്ത്രജ്ഞൻ*
- *ഹാർവാർഡ് സർവകലാശാലയിൽ പ്രൊഫസർ ആയിരുന്നു.*
- *പ്രധാന കൃതികൾ* - *Verbal Behaviour*
  - *The Behavior of Organisms*
  - *Science and Human Behaviour*
- *പ്രവർത്തനാനുബന്ധന സിദ്ധാന്ത (Operant Conditioning) ത്തിന്റെ വക്താവ്*
- S - R ബന്ധത്തിനു പകരം R - S ബന്ധത്തിലും പ്രബലനത്തിലും (Reinforcement) ഊന്നൽ.
- പ്രതികരണം (Response), ചോദകം (Stimulus), പ്രബലനം (Reinforcement) എന്ന ക്രമത്തിൽ പഠനപ്രക്രിയ നടക്കുന്നു.
- വിശക്കുന്ന എലി, പ്രാവ് തുടങ്ങിയവയെ കൂട്ടിലിട്ടുകൊണ്ടുള്ള പരീക്ഷണങ്ങൾ.

**പ്രവർത്തനം :** സ്കിന്നറുടെ പരീക്ഷണങ്ങളെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിച്ച് ക്ലാസിൽ ചർച്ച ചെയ്യൂ.

**പ്രബലനമാണ്** സ്കിന്നേറിയൻ സിദ്ധാന്തത്തിന്റെ കേന്ദ്രബിന്ദു. ഇതിനെ താഴെ കൊടുത്തിരിക്കുന്ന രീതിയിൽ വിശദീകരിക്കാം.

**പ്രബലനം (Re inforcment)**

അഭിലഷണീയമായ പ്രതികരണത്തിന് ഉടൻതന്നെ ചോദകം നൽകുന്ന പ്രക്രിയയാണ് പ്രബലനം

**ധനപ്രബലനം (Positive Re inforcement)**

ആശാസ്യമായ പ്രതികരണത്തിന് ഉടൻ തന്നെ സംതൃപ്തികരമായ ചോദകം നൽകുന്ന പ്രക്രിയ

↓

ഇവിടെ പ്രയോജനകരമായ ചോദകത്തെ ധനപ്രബലനകാരി (Positive Reinforcer) എന്നു വിളിക്കാം

↓

i. മികച്ച ഉല്പാദനക്ഷമതയുടെ അടിസ്ഥാനത്തിൽ ഫാക്ടറിയിലെ ജീവനക്കാർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നു.

↓

ii. ക്ലാസ്സിൽ നൽകുന്ന പ്രശംസകളും അംഗീകാരവും പഠനത്തിനു നൽകുന്ന ധനപ്രബലനമാണ്.

↓

iii. - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

**ഋണപ്രബലനം (Negative Re inforcement)**

ആശാസ്യമായ പ്രതികരണം ഉണ്ടാകുമ്പോൾ അസുഖകരമായ ഏതെങ്കിലും ചോദകം പിൻവലിക്കപ്പെടുന്ന പ്രക്രിയ

↓

ഇവിടെ പ്രയോജനപ്പെടുത്തുന്ന അസുഖകരമായ ചോദകമാണ് ഋണപ്രബലനകാരി. (Negative Reinforcer)

↓

i. യൂണിറ്റ് ടെസ്റ്റിൽ നല്ല സ്കോർ നേടുന്ന കുട്ടികളെ പാഠഭാഗം നോട്ടുബുക്കിൽ പകർത്തിയെഴുതിക്കൊണ്ടു വരുന്ന അസൈൻമെന്റിൽ നിന്ന് ടീച്ചർ ഒഴിവാക്കുന്നു.

↓

ii. - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

iii. - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

***സമ്മാനവും ധനപ്രബലനവും***

*തൃപ്തികരമായ രീതിയിൽ ഒരു പഠന പ്രവർത്തനം പൂർത്തിയാക്കിയതിനും മറ്റും ക്ലാസ്സിൽ സമ്മാനം നൽകാറുണ്ടല്ലോ. ഇത് സ്കിന്നറുടെ ധനപ്രബലനം എന്ന ആശയവുമായി പൂർണമായി പൊരുത്തപ്പെടുന്നുണ്ടോ? ക്ലാസ്സിൽ ചർച്ച ചെയ്യുക.*

**ശിക്ഷയും ഋണപ്രബലനവും തമ്മിലുള്ള വ്യത്യാസമെന്ത്?**

*ഋണപ്രബലനത്തിൽ അസ്വാസ്ഥ്യജനകമായ അനുഭവം പിൻവലിക്കപ്പെടുമ്പോൾ ശിക്ഷയിൽ വേദനാജനകമായ ഒരനുഭവം നൽകുകയാണ് ചെയ്യുന്നത്. ശിക്ഷയുടെ പരിണിത ഫലം എന്താണെന്നു തീർത്തു പറയാൻ സാധ്യമല്ല. മാത്രമല്ല അനഭിലഷണീയമായ വൈകാരിക മാറ്റങ്ങൾ സൃഷ്ടിക്കപ്പെടാനും സാധ്യതയുണ്ട്. ഋണപ്രബലനത്തിൽ അസ*

*ദാസഥ്യജനകമായ അനുഭവങ്ങളെ ഇല്ലാതാക്കി അഭിലഷണീയ വ്യവഹാരങ്ങളെ ശക്തി പ്പെടുത്തുകയാണ് ചെയ്യുന്നത്.*

**പ്രവർത്തനം:** പഠനത്തെ സംബന്ധിച്ചുള്ള സ്കിന്നറുടെ ആശയങ്ങളിലൂടെ കടന്നു പോയ ല്ലോ. ക്ലാസ്റൂം പഠനത്തിൽ ഇതിന്റെ പ്രസക്തി എന്താണ്? ചർച്ച ചെയ്യൂ. ക്രോഡീകരിക്ക പ്പെട്ട ആശയങ്ങൾ താഴെയുള്ള ബോക്സിൽ കൂട്ടിച്ചേർക്കൂ.

***പഠനപ്രക്രിയയിൽ സ്കിന്നേറിയൻ ആശയങ്ങളുടെ പ്രസക്തി***

- *പഠനപ്രക്രിയയും പഠനാന്തരീക്ഷവും* പഠിതാവിന് നല്ല സംതൃപ്തി നൽകുന്ന രീതിയിൽ ക്രമീകരിക്കണം.
- നന്നായി ചെയ്യുന്ന പ്രവൃത്തികളെ ഉടൻ തന്നെ പ്രശംസിക്കണം.
- സമ്മാനങ്ങൾക്ക് ശിക്ഷയേക്കാൾ പ്രാധാന്യം നൽകണം
- പ്രബലകങ്ങൾ(Reinforcers) ഇടയ്ക്കിടെ ഉപയോഗപ്പെടുത്തി അഭിലഷണീയ വ്യ വഹാരങ്ങൾ നഷ്ടപ്പെട്ടു പോകുന്നത് തടയണം.
- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -
- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

**പ്രവർത്തനം:**

വ്യവഹാരത്തിലെ പ്രധാന ആശയങ്ങളെക്കുറിച്ചും അതിന്റെ ആവിഷ്കർത്താക്കളെക്കു റിച്ചും ചർച്ച ചെയ്തല്ലോ. ഇപ്പോൾ ഈ സമീപനത്തിന്റെ പരിമിതികളായി നിങ്ങൾക്കു തോന്നുന്ന കാര്യങ്ങൾ എന്തൊക്കെയാണ്? വ്യക്തിഗതമായി നോട്ടുബുക്കിൽ കുറിക്കൂ. ക്ലാസ്സിൽ പൊതുവായി ചർച്ച ചെയ്യൂ. താഴെകൊടുത്തിട്ടുള്ള കുറിപ്പും പ്രയോജനപ്പെടു ത്താം.

## വ്യവഹാരവാദത്തിന്റെ പരിമിതികൾ

ജന്തുക്കളിൽ നടത്തിയ പരീക്ഷണങ്ങളെ അവലംബിച്ചാണ് വ്യവഹാരവാദത്തിലെ പ്രധാന ആശയങ്ങളെല്ലാം രൂപപ്പെടുത്തിയിട്ടുള്ളത്. ജന്തുസഹജമായ ചോദകപ്രതികരണങ്ങളും മനുഷ്യരിലെ ഉയർന്ന മാനസിക പ്രക്രിയകളും താരതമ്യം ചെയ്ത് സാമാന്യവൽക്കരിക്കു ന്നത് അശാസ്ത്രീയമാണ്. ജന്തുക്കളിൽ നടത്തിയ പരീക്ഷണങ്ങൾ മുഴുവനും വളരെയ ധികം നിയന്ത്രിതമായ സാഹചര്യത്തിലാണ് സംഘടിപ്പിക്കപ്പെട്ടത്. ഇതിലൂടെ ലഭിക്കുന്ന കണ്ടെത്തലുകൾ ഉപയോഗിച്ച് മനുഷ്യരുടെ സ്വാഭാവികപഠനത്തെ വിശദീകരിക്കുന്നതും അശാസ്ത്രീയമാണ്. ജന്തുക്കളെ ഉപയോഗിച്ച് പരീക്ഷണത്തിലേർപ്പെടുമ്പോൾ ചരങ്ങളെ (Variables)നിയന്ത്രിക്കാൻ എളുപ്പമാണ്. ഇത്തരത്തിൽ ചരങ്ങളെ നിയന്ത്രിച്ച് പരീക്ഷണ ത്തിലേർപ്പെടുന്നത് പഠനം വസ്തുനിഷ്ഠമാക്കുവാൻ സഹായിക്കുമെങ്കിലും മനുഷ്യരുടെ കാര്യത്തിൽ അതിന്റെ പ്രായോഗികത വളരെ കുറവാണ്. കേവലം യാന്ത്രികമായിട്ടല്ല ജന്തു ക്കൾ പോലും പ്രതികരിക്കുന്നത്. അവയും ചിന്തിക്കുകയും ചില തീരുമാനങ്ങളിൽ എത്തു കയും ചെയ്യുന്നുണ്ടാകാം. വ്യവഹാരവാദികൾ ഒറ്റപ്പെട്ട ജീവികളെ മാത്രം പഠനത്തിനു വിധേയമാക്കി സാമാന്യവൽക്കരണത്തിലേക്കു കടന്നതും ശാസ്ത്രീയരീതിയല്ല. മനുഷ്യ രുടെ പഠനത്തിൽ ബൗദ്ധികവും സാമൂഹികവും സാംസ്കാരികവുമായ ഘടകങ്ങൾ നിർണാ യക പങ്ക് വഹിക്കുന്നുവെന്ന ധാരണ പൂർണമായും അവഗണിച്ചുകൊണ്ടാണ് വ്യവഹാര വാദത്തിലെ ആശയങ്ങൾ കെട്ടിപ്പടുത്തത്.

## ഗസ്റ്റാൾട്ട് സിദ്ധാന്തം

*അധ്യാപകൻ ക്ലാസ്സിലെ കുട്ടികൾക്ക് ഒരു കണക്കിട്ടു കൊടുത്തു. 1 മുതൽ 100 വരെയുള്ള എണ്ണൽസംഖ്യകളുടെ തുക കാണണം. കുട്ടികൾ 1 + 2 + 3 + 4 ............. എന്നിങ്ങനെ കൂട്ടാൻ തുടങ്ങി. പ്രവർത്തനം പൂർത്തിയാക്കാൻ കുറച്ചുസമയമെടുക്കുമെന്ന് അധ്യാപകനറിയാമായിരുന്നു. എന്നാൽ അദ്ദേഹത്തെ അമ്പരപ്പിച്ചുകൊണ്ട് ഒരു ബാലൻ പെട്ടെന്ന് ഉത്തരവുമായി വന്നു. നോക്കുമ്പോൾ ശരിയായ ഉത്തരം! ഞെട്ടിപ്പോയ അദ്ദേഹം ഇതെങ്ങനെ ചെയ്തുവെന്നും തിരക്കി. അവൻ പ്രശ്നം പരിഹരിച്ച രീതി വിശദീകരിച്ചപ്പോൾ അദ്ദേഹം അദ്ഭുതപ്പെട്ടുപോയി.*

ഈ കഥ നിങ്ങൾ കേട്ടുകാണുമല്ലോ ഗണിതശാസ്ത്രത്തിലെ രാജകുമാരൻ എന്നറിയപ്പെടുന്ന കാൾ ഫ്രെഡറിക് ഗ്വാസ് (Kaul Friedrich Guass - 1777 - 1855) - ന്റെ കുട്ടിക്കാലത്തെ ഒരു പഠനസന്ദർഭമാണിത്. എങ്ങനെയാണ് ഈ ബാലൻ ഈ ക്രിയ ചെയ്തത് എന്ന് നോക്കൂ.

| | | | | | | | |
|---|---|---|---|---|---|---|---|
| 1, | 2, | 3, | 4, | 5 | ................................................ | 49, | 50 + |
| 100, | 99, | 98, | 97, | 96 | ................................................ | 52, | 51 |
| **101,** | **101** | **101,** | **101,** | **101** | ................................................ | **101** | **101** |

ആകെ സംഖ്യകളെ രണ്ടുവരിയായി എഴുതി. വരിയിൽ മുകളിലും താഴെയുമായി വരുന്ന സംഖ്യകൾ തമ്മിൽ കൂട്ടി എല്ലാം 101 കൾ.

ആകെ അമ്പത് 101

അതായത് $50 \times 101 = 5050$

- എങ്ങനെയാണ് ഈ ബാലന് പൊടുന്നനെ ഈ ആശയം തോന്നിയത്?
- നേരത്തെ ചർച്ച ചെയ്ത ചോദകം, പ്രതികരണം, പ്രബലനം തുടങ്ങിയ ആശയങ്ങൾക്ക് ഇവിടെ എന്തെങ്കിലും പ്രസക്തിയുണ്ടോ?
- സംഖ്യകളെ സമഗ്രമായി പരിഗണിച്ചപ്പോൾ ഉണ്ടായ ഒരു ഉൾക്കാഴ്ച (Insight) യാണ് പ്രശ്ന പരിഹരണത്തിലേക്ക് നയിച്ചത് എന്നു പറഞ്ഞാൽ നിങ്ങൾക്കു യോജിക്കാനാവുമോ?

പരിസരത്തിന്റെ സമഗ്രതയിൽ നിന്നുളവാകുന്ന ഉൾക്കാഴ്ചയാണ് പഠനത്തിന് നിദാനം എന്നു കരുതുന്ന സമീപമാണ് **ഗസ്റ്റാൾട്ട് സിദ്ധാന്തം (Gestalt Theory)**

*വില്യം വുണ്ടിന്റെ ഘടനാവാദത്തോടും അന്തർനിരീക്ഷണ സമീപനങ്ങളോടും പാവ്‌ലോവ്, വാട്സൺ തുടങ്ങിയവരുടെ വ്യവഹാരവാദത്തോടുമുള്ള വിമർശനം എന്ന നിലയിൽ ജർമ്മനിയിൽ രൂപം കൊണ്ട് അമേരിക്കയൽ വളർന്ന പ്രസ്ഥാനമാണ് ഗസ്റ്റാൾട്ട് മനശ്ശാസ്ത്രം*

*മാക്സ് വെർതീമർ* (Max Wertheimer 1880 - 1943), *വോൾഫ് ഗാങ്ങ് കോഹ്ളർ* (Wolf Gang Kohler- 1887 - 1967), *കർട്ട് കോഫ്ക* (Kurt Koftka 1886 - 1941) *എന്നിവരാണ് ഇതിന്റെ പ്രധാന വക്താക്കൾ.*

*ഗസ്റ്റാൾട്ട് എന്ന ജർമ്മൻ പദത്തിന് രൂപഘടന എന്നർത്ഥം നൽകാം. പൂർണ്ണതയ്ക്ക് അതിന്റെ അംശങ്ങളെ അപേക്ഷിച്ചുള്ള സവിശേഷ രൂപഗുണത്തെ **ഗസ്റ്റാൾട്ട്** എന്നു വിളിക്കാം.*

*പഠനത്തിലെ S - R ബന്ധത്തെയും ശ്രമപരാജയസിദ്ധാന്ത (trial and error learning) ത്തേയും ഇവർ തള്ളിക്കളയുന്നു.*

*അംശങ്ങളുടെ ആകത്തുകയേക്കാൾ മെച്ചപ്പെട്ടതാണ് സമഗ്രത. സമഗ്രതയിലാണ് യഥാർത്ഥ മായ അറിവ് ഉല്പാദിപ്പിക്കപ്പെടുന്നത്.*


*പ്രത്യക്ഷണത്തെ (Perception) അടിസ്ഥാനമാക്കിയുള്ള ഒരു മനോവിജ്ഞാനശാഖയാണിത്. ഒരു പ്രതിഭാസത്തിന്റെ സമഗ്രാനുഭവമാണ് പ്രത്യക്ഷണത്തിന്റെ അടിസ്ഥാനമെന്നും ഇവർ വാദി ക്കുന്നു. ഓരോ വ്യക്തിയുടെയും ദൃശ്യപ്രപഞ്ചം വ്യത്യസ്തമായിരിക്കും. വ്യക്തിഗതാനുഭവ മാണ് (Individual Experience)പഠനത്തിന്റെ അടിത്തറ നിർണയിക്കുന്നത്.*

കോഹ്ളർ ''സുൽത്താൻ'' എന്ന ചിമ്പാൻസിയെ ഉപയോഗിച്ച് നടത്തിയ പരീക്ഷണങ്ങൾ മാക്സ് വെർതീമർ മനുഷ്യക്കുട്ടികളിൽ നടത്തിയ ഗണിത പ്രശ്നം ഉപയോഗിച്ചുള്ള പരീക്ഷണം, കോഴിക്കുഞ്ഞുങ്ങളിലും കുതിരകളിലും നടത്തിയ പരീക്ഷണം (*Stupid Chicken experiment*) എന്നിവ ഈ മേഖലയിൽ നടന്ന പരീക്ഷ ണങ്ങളാണ്. ഈ പരീക്ഷണങ്ങളുടെ വിശദാംശങ്ങൾ ശേഖരിച്ച് ക്ലാസിൽ ചർച്ച സംഘടിപ്പിക്കൂ.


## പഠനത്തിലെ സമഗ്രതാനിയമങ്ങൾ (Gestalt Laws of Learning)

### 1. സാമ്യതാനിയമം (സാദൃശ്യനിയമം - Law of Similarity)

അംശങ്ങളെ സമാനങ്ങളായി പ്രത്യക്ഷണം ചെയ്യുമ്പോൾ അവയെ പരസ്പരബന്ധിതമായും പ്രത്യക്ഷണം ചെയ്യും. അതായത് സദൃശമായവയെ ഒരു ഗ്രൂപ്പായി കാണാനുള്ള പ്രവണത നമുക്കുണ്ട്.




ചിത്രം - 1




ചിത്രം - 2

ചിത്രം - 1 ൽ വൃത്തങ്ങളെ 2 ത്രികോണങ്ങളായി വീക്ഷിക്കുന്നു. ചിത്രം -2 നെ കറുത്ത വൃത്ത ങ്ങളുടെ 3 നിരകളും വെളുത്ത വൃത്തങ്ങളുടെ 3 നിരകളും ആയി കാണുന്നത്, കാഴ്ചയിൽ സാദൃശ്യമുള്ളവയെ ഒരു കൂട്ടമായി കാണാനുള്ള പ്രവണത മൂലമാണ്.

### 2. സാമീപ്യനിയമം (Law of Proximity)




ചിത്രം നോക്കുക. ഇത് ആറ് ചതുരങ്ങളുടെ ഒരു കൂട്ടമായാണോ, രണ്ട് ചതുരങ്ങളുള്ള മൂന്ന് കൂട്ടങ്ങളായാണോ നിങ്ങൾക്ക് തോന്നുന്നത്?



ചിത്രത്തിൽ, എട്ട് രേഖാഖണ്ഡങ്ങളെ നാല് സെറ്റ് രേഖാഖണ്ഡങ്ങളായി പ്രത്യക്ഷണം ചെയ്യുന്നു. അടുത്തടുത്തുള്ളവയെ കൂട്ടമായി കാണുന്നു എന്ന പ്രതിഭാസത്തിന്റെ ഫല മാണിത്.

അടുത്തു സ്ഥിതി ചെയ്യുന്ന അംശങ്ങളെ ഒരേ രംഗചിത്രീകരണത്തിന്റെ ഭാഗങ്ങളായി പ്രത്യക്ഷണം ചെയ്യുന്നു. അതായത് സമീപസ്ഥമായവയെ ഒരു കൂട്ടമായി കാണാനുള്ള പ്രവണതയുണ്ടാകും.

**3. സംപൂർണനിയമം ( പരിപൂർത്തിനിയമം - Law of closure)**




ഇത് കുറേ വക്രരേഖകളാണല്ലോ. പക്ഷേ നമുക്ക് വൃത്തമായി തോന്നുന്നു




ഇത് കുറേ കുത്തുകളാണല്ലോ. പക്ഷേ നമുക്ക് ചതുരമായി തോന്നുന്നു

ഒരു രൂപത്തിലോ ചിത്രത്തിലോ ഉള്ള വിടവുകൾ പൂർത്തിയാക്കാനുള്ള പ്രവണത നമുക്കുണ്ട് എന്നതാണ് ഈ നിയമം. അതായത് ക്ഷേത്ര (field) ചിത്രീകരണത്തിനുവേണ്ടി നമ്മൾ ചിത്രത്തിലെയും രൂപത്തിലെയും തുറന്നുകിടക്കുന്ന അഗ്രങ്ങളെ കൂട്ടിയോജിപ്പിക്കുന്ന പ്രവണത കാണിക്കുന്നു.

**4. തുടർച്ചാനിയമം (Law of continuity)**




ചിത്രം A യെ ഒരു രേഖാഖണ്ഡത്തെ ഒരു വക്രരേഖ ഖണ്ഡിക്കുന്നതായി കാണാനാണോ അതോ B യിലെ രണ്ടു ചിത്രങ്ങളുടെ സംഗമമായി കാണാനാണോ സാധ്യത കൂടുതൽ?



ചിത്രത്തിലുള്ളത് ഒരുപാട് ഏക കേന്ദ്ര വൃത്തങ്ങളാണെങ്കിലും അത് ഒരു ചാക്രികരേഖ(spiral line)യായി നമുക്ക് തോന്നുന്നു.


പ്രത്യേകഘടകങ്ങളെ, നമുക്ക് അർത്ഥപൂർണമായ ഒരു തുടർരേഖയോ രൂപമാതൃകയോ കിട്ടാൻ പാകത്തിൽ നാം ശൃംഖലനം ചെയ്യുന്നുവെന്നാണ് ഈ നിയമം സൂചിപ്പിക്കുന്നത്.

**5. രൂപപശ്ചാത്തല ബന്ധം (Figure Ground Relation)**

വസ്തുവിനെ അല്ലെങ്കിൽ ഒരു ചിത്രത്തെ അതിന്റെ പശ്ചാത്തലത്തിൽ നിന്നും വിവേചിച്ചറിയുന്നു. അതോടൊപ്പം പശ്ചാത്തലത്തിനനുസരിച്ച് ഭിന്നദൃശ്യങ്ങൾ കാണുകയും ചെയ്യുന്നു.

ചിത്രത്തിൽ വെളുത്ത പശ്ചാത്തലം പരിഗണിച്ചുകൊണ്ട് കറുത്തഭാഗംനോക്കിയാൽ പരസ്പരം അഭിമുഖമായി നിൽക്കുന്ന 2 മുഖങ്ങൾ കാണാം; പശ്ചാത്തലം കറുത്തഭാഗമായി നോക്കിയാൽ ഒരു വെളുത്ത പൂപ്പാത്രമായിരിക്കും (flower vase) നാം കാണുന്നത്. ഈ പ്രത്യേകത രൂപ പശ്ചാത്തല ബന്ധം എന്നറിയപ്പെടുന്നു.

**അന്തർദൃഷ്ടിപഠനത്തിലെ ഘട്ടങ്ങൾ**



അന്തർദൃഷ്ടിപഠനത്തിൽ പല പ്രക്രിയകളും അടങ്ങിയിട്ടുണ്ട്. അവ താഴെ കൊടുക്കുന്നു.

1) സമഗ്രവീക്ഷണം (Surveying the whole field)
2) പൂർവാനുഭവസമന്വയം (Organising previous experience)
3) അംശങ്ങളും പൂർണവും തമ്മിലുള്ള ബന്ധസ്ഥാപനം (Establishing relations with the parts and the whole)
4) ദൃശ്യക്ഷേത്രത്തിന്റെ പുന:സംഘടന (Re-structuring of the perceptual field)
5) പൊടുന്നനെയുള്ള പ്രശ്നപരിഹാരം (Sudden grasp of the soluation of the problem)

**പ്രവർത്തനം:**

*ഗസ്റ്റാൾട്ട് സിദ്ധാന്തത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് ചർച്ച ചെയ്തല്ലോ. വിദ്യാഭ്യാസ രംഗത്ത് ഇതിന്റെ പ്രസ്കതി എന്താണ്? ക്ലാസിൽ ചർച്ച ചെയ്യൂ. കണ്ടെത്തലുകൾ ക്രോഡീകരിക്കൂ. താഴെകൊടുത്തിട്ടുള്ള വസ്തുതകളുമായി താരതമ്യം ചെയ്യൂ.*

**ഗസ്റ്റാൾട്ട് മന:ശാസ്ത്രത്തിന്റെ വിദ്യാഭ്യാസപ്രസക്തി**

- എന്ത് പഠിപ്പിക്കുന്നതും അർഥപൂർണമായി പഠിപ്പിക്കുക എന്ന സന്ദേശം ഗസ്റ്റാൾട്ട് മന:ശാസ്ത്രം മുന്നോട്ടുവയ്ക്കുന്നുണ്ട്. അർഥപൂർണത ലഭിക്കണമെങ്കിൽ പ്രശ്നത്തെ സമഗ്രമായിത്തന്നെ അവതരിപ്പിക്കേണ്ടതുണ്ട്. പരസ്പരബന്ധം കണ്ടറിയാനുള്ള അവസരം ഒരിക്കലും നിഷേധിക്കരുത്. ജീവികൾക്ക് പ്രത്യേകിച്ച് മനുഷ്യന് പൂർണതയും അർഥവും രൂപഘടനയും ദർശിക്കാൻ ആന്തരികമായ അഭിപ്രേരണയുണ്ട്. ദർശനത്തിനുള്ള ഈ മാനസികമായ പ്രവണതയെ അവഗണിച്ചുകൊണ്ടുള്ള അധ്യാപനം ഫലപ്രദമാകില്ല. കവിതയും കഥയും ശാസ്ത്രീയസിദ്ധാന്തങ്ങളുമെല്ലാം സമഗ്രമായി അവതരിപ്പിക്കുന്നത് കൂടുതൽ ഫലപ്രദമായിരിക്കുമെന്ന് മനസ്സിലാക്കാം. അംശങ്ങളുടെ തുകയേക്കാൾ വലുതാണ് പൂർണരൂപം. പാഠ്യവസ്തുവിന്റെ പൂർണമായ ഉൾക്കാഴ്ച കിട്ടാൻ വേണ്ടി നാം പൂർണരൂപത്തിൽ നിന്ന് അംശങ്ങളിലേക്ക് നീങ്ങണം. ഉദാഹരണമായി സസ്യഭാഗങ്ങൾ എന്ന ഭാഗം പഠിപ്പിക്കുമ്പോൾ കുട്ടികളുടെ മുമ്പിൽ മാതൃകാസസ്യം (ഉദാ. തുമ്പച്ചെടി) പ്രദർശിപ്പിച്ച് ആ സമഗ്രരൂപവുമായി ബന്ധിപ്പിച്ച് അംശങ്ങൾ ഓരോന്നായി അവതരിപ്പിക്കുന്ന രീതി അനുവർത്തിക്കാം.
- ആശയഗ്രഹണത്തെ വളരെയേറെ സ്വാധീനിക്കുന്ന ഗസ്റ്റാൾട്ട് ഘടകങ്ങളാണ് പശ്ചാത്തലവും അതിൽനിന്നുയർന്നുവരുന്ന രൂപവും (figure ground). ഈ തത്വം ക്ലാസ്സ് മുറികളിലും പ്രസ്കതമാണ്. അടിവരയിടുമ്പോഴോ പ്രത്യേക നിറമുപയോഗിച്ച് ബോർഡിലോ ചാർട്ടിലോ അടയാളപ്പെടുത്തുമ്പോഴോ പശ്ചാത്തലത്തിൽ നിന്ന് എടുത്തുയർത്തുകയാണ് ചെയ്യുന്നത്. (figure out)
- അധ്യാപകൻ കുട്ടിയിൽ ജിജ്ഞാസയും താൽപര്യവും അഭിപ്രേരണയും ജനിപ്പിക്കണം. ഓരോ പ്രവർത്തനത്തിന്റെയും അന്തിമലക്ഷ്യവും പ്രത്യേക ഉദ്ദേശ്യങ്ങളും വ്യക്തമാക്കിയിരിക്കണം.

- പ്രശ്നനിർധാരണ സമീപനം മുന്നോട്ടുവയ്ക്കുന്നത് നിരീക്ഷണശേഷിയും ചിന്തനശേഷിയും പ്രയോഗിക്കാനുള്ള അവസരം പഠിതാക്കൾക്കു നൽകണമെന്നാണ്. പഠിതാക്കളെ അറിവുകൾ കണ്ടെത്താൻ ശ്രമിക്കുന്ന അന്വേഷകരുടെ സ്ഥാനത്തേക്ക് ഉയർത്തണം. അപഗ്രഥനം, പ്രശ്നനിർദ്ധാരണം തുടങ്ങിയ ഉയർന്ന ചിന്താപ്രക്രിയകൾ പ്രയോജനപ്പെടുത്തി അറിവ് സ്വയം കണ്ടെത്താൻ സഹായിക്കണം. പ്രശ്നങ്ങൾ അർഥപൂർണമായി അവതരിപ്പിക്കപ്പെടുന്ന പക്ഷം അവയുടെ പരിഹാരം കണ്ടെത്താൻ മനുഷ്യർക്കു സാധിക്കുകയും അതിൽ ആനന്ദിക്കുകയും ചെയ്യും.
- ഒരു വിഷയത്തിന്റെ ഉള്ളടക്കത്തെ ആ വിഷയത്തിലെ ഒറ്റപ്പെട്ട വസ്തുതകളുടെ സമാഹാരമായി കാണരുത്. മറ്റു വിഷയങ്ങളിലെ ആശയങ്ങളുമായി ബന്ധിപ്പിച്ചോ ചെയ്തോ ഉദ്ഗ്രഥിച്ചോ സമീപിക്കാവുന്നതാണ്. പ്രീ-പ്രൈമറി/പ്രൈമറി ക്ലാസിലെ ഉദ്ഗ്രഥിത സമീപനത്തിൽ ഗസ്റ്റാൾട്ട് മന:ശാസ്ത്രത്തിന്റെ സ്വാധീനമുണ്ട്. ഗസ്റ്റാൾട്ട് സിദ്ധാന്തത്തെ **സമഗ്രവീക്ഷണ സിദ്ധാന്തം** എന്നു വിളിക്കുന്നതിന്റെ ഔചിത്യം ഇതിൽ നിന്നും മനസ്സിലാക്കാം.

## സാമൂഹിക പഠനസിദ്ധാന്തം (Social Learning Theory)

### ബന്ദുരയുടെ കാഴ്ചപ്പാടുകൾ

വ്യക്തികളുടെ സാമൂഹിക വികാസവുമായി ബന്ധപ്പെട്ട് ആൽബർട്ട് ബന്ദുര (1925-) മുന്നോട്ടുവയ്ക്കുന്ന ആശയങ്ങൾ ഒന്നാം സെമസ്റ്ററിൽ പരിചയപ്പെട്ടല്ലോ. ഈ വിഷയത്തിൽ നിങ്ങൾ നേടിയ ധാരണകൾ എന്തെല്ലാമാണ്?

താഴെ കൊടുത്തവ വായിക്കൂ. കൂട്ടിച്ചേർക്കൂ.

- നിരീക്ഷണത്തിലൂടെയും അനുകരണത്തിലൂടെയുമാണ് കുട്ടികൾ പല ശീലങ്ങളും സ്വായത്തമാക്കുന്നത്..
- നിരീക്ഷണ പഠനത്തിന് വ്യക്തിത്വ വികാസത്തിൽ സുപ്രധാനമായ പങ്കുണ്ട്.
- മാതൃക നൽകൽ (Modelling), ശ്രദ്ധ (Attention), നിലനിർത്തൽ (Retention), ചാലക പ്രകടനം (Motor reproduction), അഭിപ്രേരണ (Motivation) എന്നീ പ്രക്രിയകളിലൂടെയാണ് നിരീക്ഷണ പഠനം നടക്കുന്നത്.
-
-
-

ബന്ദുരയുടെ ആശയങ്ങളുടെ ക്ലാസ്സ്റൂം പ്രസക്തി എന്താണ്?

നിരീക്ഷണത്തിലൂടെയും അനുകരണത്തിലുടെയുമാണ് കുട്ടികൾ പലകാര്യങ്ങളും പഠിക്കുകയും പ്രകടിപ്പിക്കുകയും ചെയ്യുന്നത്. കുട്ടികളുടെ പെരുമാറ്റ രീതികൾ, സാമൂഹ്യമായ ഇടപെടലുകൾ, മൂല്യബോധം തുടങ്ങിയവയെ അനുഗുണമായ രീതിയിൽ സ്വാധീനിക്കാൻ നിരീക്ഷണത്തിനും അനുകരണത്തിനും സാധിക്കുന്നു. അതിനാൽ കുട്ടികളെ ഗുണപരമായി സ്വാധീനിക്കാൻ കഴിയുന്ന മികച്ച മാതൃകകൾ സ്കൂളിൽ ലഭ്യമാകണം. അധ്യാപകർ തന്നെ സ്വയം മികച്ച മാതൃകയായിരിക്കണം. മറിച്ചായാൽ കുട്ടികളിൽ മോശമായ പ്രവണതകൾ ഉടലെടുക്കാൻ അത് കാരണമാകും.

**പ്രവർത്തനം:**

കുട്ടികളിൽ മികച്ച പഠനം സാധ്യമാക്കുന്നതിനും അതിലൂടെ മികവുറ്റ വ്യക്തികളായി അവരെ രുപപ്പെടുത്തിയെടുക്കുന്നതിനും ബന്ദുരയുടെ ആശയങ്ങളെ നമുക്ക് എങ്ങനെയെല്ലാം പ്രയോജനപ്പെടുത്താം?


താഴെ കൊടുത്ത സൂചനകൾ വായിക്കൂ. കുടുതൽ സാധ്യതകൾ കൂട്ടിച്ചേർക്കൂ.

- *പാഠ്യ വിഷയങ്ങളുമായി ബന്ധപ്പെടുത്തി സാമൂഹിക ജീവിതത്തിലെ മികച്ച മാതൃകകളെ കുട്ടികൾക്കു പരിചയപ്പെടുത്തിക്കൊടുക്കണം.*
- *അനുകരിക്കാവുന്ന ഉദാത്ത മാതൃകകകൾ തെരഞ്ഞെടുക്കാൻ പഠിതാക്കളെ സഹായിക്കണം.*
- *തൊഴിൽശാലകളും കൃഷിയിടങ്ങളും ലാബോറട്ടറികളും സന്ദർശിക്കാൻ അവസരമൊരുക്കണം.*
- *നിരീക്ഷിക്കപ്പെടുന്ന നല്ല വ്യവഹാരങ്ങളെ വൈജ്ഞാനികഘടനയിൽ നിലനിർത്താനും പ്രവൃത്തി മണ്ഡലത്തിൽ കൊണ്ടുവരാനുമുള്ള അവസരങ്ങളൊരുക്കണം.*
- *കുട്ടികൾ പ്രകടിപ്പിക്കുന്ന ഉചിതമായ സ്വഭാവസവിശേഷതകൾക്ക് പ്രബലനം നൽകുകയും അനുയോജ്യമല്ലാത്ത വ്യവഹാരങ്ങളിൽ നിന്ന് (ആക്രമണ വാസന, ലൈംഗികത തുടങ്ങിയവെ ഉത്തേജിപ്പിക്കുന്നതും തെറ്റിദ്ധരിപ്പിക്കുന്നതുമായ പരസ്യങ്ങൾ മുതലായവ) അവരെ മാറ്റി നിർത്തുകയും വേണം.*
- ..............................................................................................................................................

## 3. വൈജ്ഞാനിക പഠന സിദ്ധാന്തങ്ങൾ (Congnitive Learning)

### ബ്രൂണറുടെ പഠനസങ്കൽപങ്ങൾ

***ജെറോം. എസ്. ബ്രൂണർ***



*ലോകപ്രശസ്ത അമേരിക്കൻ മനശ്ശാസ്ത്രജ്ഞൻ ജെറോം. എസ്. ബ്രൂണർ 1915 ഒക്ടോബർ 1 ന് ന്യൂയോർക്കിൽ ജനിച്ചു. ശിശുവികാസഘട്ടങ്ങളെക്കുറിച്ച് സമഗ്രമായ കാഴ്ചപ്പാട് അവതരിപ്പിച്ചു. ഹാർവാർഡ്, ഓക്സ്ഫോർഡ് തുടങ്ങിയ സർവ്വകലാശാലകളിൽ അധ്യാപകനായി സേവനം അനുഷ്ഠിച്ചു. The Process of Education, 1960. Actual Mind, Possible worlds, 1990, The Culture of Education, 1996 തുടങ്ങിയ പ്രസിദ്ധങ്ങളായ നിരവധി ഗ്രന്ഥങ്ങൾ രചിച്ചു.*

പഠനം ഒരു സജീവമായ ഒരു സാമൂഹിക പ്രക്രിയയാണെന്ന വിഗോഡ്സ്കിയുടെ ആശയത്തിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് ബ്രൂണർ തന്റെ കാഴ്ചപ്പാടുകൾ അവതരിപ്പിച്ചത്. കുട്ടികളുടെ ബുദ്ധിപരമായ വികാസത്തെ ത്വരിതപ്പെടുത്താനും കൂടുതൽ മികവുറ്റതാക്കാനുതകുന്ന രീതിയിൽ ഒരു സാംസ്കാരിക ഉപകരണം (Cultural tool) ആണ് വിദ്യാഭ്യാസം എന്ന അഭിപ്രായമാണ് ബ്രൂണർ മുന്നോട്ട് വച്ചത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഒരു വിഷയം പഠിക്കുക എന്നതിനർത്ഥം അതിന്റെ ചിന്താരീതിയെ സ്വാംശീകരിച്ച് ആ കാഴ്ചപ്പാടിലൂടെ പ്രശ്നങ്ങളെ കണ്ടെത്താനും തിരിച്ചറിഞ്ഞ് അപഗ്രഥിക്കാനും പ്രശ്നപരിഹാരം കണ്ടെത്തുന്നതിനും മറ്റുമുള്ള കഴിവ് വളർന്നു വരിക എന്നതാണ്. കുട്ടികളുടെ വികാസഘട്ടങ്ങൾക്കനുസരിച്ച് സാംസ്കാരിക അറിവ് വിവർത്തനം ചെയ്യപ്പെടണം. കൂടുതൽ അനുഭവ സമ്പത്തുള്ള അധ്യാപകനും അനുഭവസമ്പത്ത് കുറഞ്ഞ കുട്ടികളും തമ്മിലുള്ള പരസ്പര വിനിമയത്തിലൂടെ കുട്ടികൾ കൂടുതൽ കൂടുതൽ നേരിനോടടുത്തു വരുന്ന ചിത്രമാണ് ബ്രൂണർ അവതരിപ്പിക്കുന്നത്.

അറിവ് നിർമാണ പ്രക്രിയ ഒറ്റപ്പെട്ട അവസ്ഥയിലല്ല. മറിച്ച് സാമൂഹിക സന്ദർഭത്തിലാണ് നടക്കുന്നതെന്ന് ബ്രൂണർ അഭിപ്രായപ്പെടുന്നു. കുട്ടി ഒരു സാമൂഹ്യജീവിയാണ്. സാമൂഹികമായ ജീവിതത്തിലൂടെ അനുഭവങ്ങളെ വ്യാഖ്യാനിക്കുന്നതിനുള്ള പൊതു ചട്ടക്കൂട് കുട്ടി സ്വായത്തമാക്കുന്നു. ഏകാത്മകമായ ഒരു പൊതുക്രമം എല്ലാ പഠിതാക്കളിലും കാണുവാൻ സാധ്യമല്ല. ഓരോ വ്യക്തിയുടേയും സാധ്യതകളുടെ പരമാവധി (Maximum) നിർണയിക്കുന്നത് മുന്നനുഭവങ്ങൾ, വികാസഘട്ടങ്ങൾ, പഠനസാമഗ്രികളുടെ സ്വഭാവം, വ്യക്തിവ്യത്യാസം എന്നിവയാണ്. കുട്ടികളും അധ്യാപകരും നടത്തുന്ന കൂട്ടായ ചർച്ചകളും സംവാദങ്ങളും പഠനത്തിന് അനുപേക്ഷണീയമാണ്. കുട്ടികളുടെ നിലവിലുള്ള ധാരണകൾക്ക് അനുയോജ്യമായ രീതിയിൽ ചിട്ടപ്പെടുത്തിയ പഠനപ്രവർത്തനങ്ങളാണ് അഭികാമ്യം. ഇത് പുതിയ അറിവിന്റെ സ്വാംശീകരണം സുഗമമാക്കും.

### ആശയരൂപീകരണ പ്രക്രിയ

ആശയരൂപീകരണപ്രക്രിയയെ ബ്രൂണർ മൂന്ന് ഘട്ടങ്ങളായി വിശദീകരിക്കുന്നു.

**ആശയരൂപീകരണ പ്രക്രിയ**

| പ്രവർത്തന ഘട്ടം (Enactive Stage) | ബിംബനഘട്ടം (Iconic Stage) | പ്രതിരൂപാത്മകഘട്ടം (Symbolic Stage) |
|---|---|---|

**a) പ്രവർത്തനഘട്ടം (Enactive Stage)**

പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടുള്ള പഠനമാണ് ഈ ഘട്ടത്തിൽ നടക്കുന്നത്. മൂർത്ത വസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള പഠനമാണിത്. ഇങ്ങനെ മനസ്സിലാക്കിയ കാര്യങ്ങൾ ഭാഷയിലൂടെയോ പ്രവർത്തനങ്ങളിലൂടെയോ ചിലപ്പോൾ വ്യാഖ്യാനിക്കാൻ കഴിഞ്ഞെന്ന് വരില്ല. ഏതൊരു ആശയത്തിന്റെയും പ്രാഥമികതലം പ്രവർത്തനത്തിന്റേതാണ് എന്നതാണ് ബ്രൂണറുടെ അഭിപ്രായം.

**b) ബിംബനഘട്ടം (Iconic Stage)**

നേരിട്ടുള്ള അനുഭവത്തിനു പകരം ബിംബങ്ങൾ (ചിത്രങ്ങൾ, മോഡലുകൾ മുതലായവ) ഉപയോഗിച്ചുള്ള പഠനമാണ്. ഈ ഘട്ടത്തിൽ നടക്കുന്നത്.

**c) പ്രതിരൂപാത്മകഘട്ടം (Symbolic Stage)**

അമൂർത്താശയങ്ങൾ, പ്രതീകങ്ങൾ, തുടങ്ങിയവ ഉപയോഗിച്ചുള്ള പഠനമാണ് ഈ ഘട്ടത്തിൽ നടക്കുന്നത്. കുട്ടി നേടിയ അറിവിനെ പ്രതീകങ്ങളുപയോഗിച്ച് കോഡ് ചെയ്യുവാൻ ഈ ഘട്ടത്തിൽ സാധിക്കുന്നു.

മേൽസൂചിപ്പിച്ച ഘട്ടങ്ങളിലൂടെയാണ് ഒരു വസ്തുവിന്റെ ആശയരൂപീകരണം നടക്കുന്നത്. മൂർത്ത വസ്തുതകൾ ആദ്യവും ചിത്രങ്ങളും രൂപങ്ങളും അടങ്ങിയ അർദ്ധമൂർത്ത വസ്തുക്കൾ അതിനുശേഷവും തുടർന്ന് അമൂർത്ത വസതുക്കളും എന്ന ക്രമത്തിൽ പഠനാനുഭവങ്ങൾ ഒരുക്കുകയാണെങ്കിൽ ആശയരൂപീകരണം കൂടുതൽ ദൃഢമാകും.

**പ്രവർത്തനം:**

*1, 2 ക്ലാസ്സുകളിലെ ഓരോ പഠനനേട്ടം വീതമെടുത്ത് ഈ രീതിയിൽ ആശയരൂപീകരണം നടത്തുന്നതിന് സഹായകമായ പ്രവർത്തനങ്ങൾ തയാറാക്കുക.*

## ചാക്രികാരോഹണ രീതി (Spiralling)


പാഠ്യപദ്ധതി ചാക്രികാരോഹണരീതി (സർപ്പിളരീതി) യിൽ ചിട്ടപ്പെടുത്തണമെന്ന് ബ്രൂണർ സിദ്ധാന്തിക്കുന്നു. സ്വാഭാവികമായ ഒരു പഠനരീതിയാണിത്. നേടിയ അറിവിന്മേൽ നിരന്തരം പുതിയ അറിവ് ചേർത്ത് കൂടുതൽ ആഴത്തിലേക്കും വ്യാപ്തിയിലേക്കും പോവുക എന്നതാണ് ഈ പഠനരീതി കൊണ്ട് അർത്ഥമാക്കുന്നത്.

**ജലം** എന്ന ആശയത്തെ സ്വാംശീകരിക്കുന്നത്, ജലത്തിൽ കുളിക്കുമ്പോൾ, കഴുകുമ്പോൾ, ജലം കുടിക്കുമ്പോൾ, ജലാശയം നിരീക്ഷിക്കുമ്പോൾ, സസ്യങ്ങൾക്ക് ജലസേചനം നടത്തുമ്പോൾ, മഴ പെയ്യുന്നത് കാണുമ്പോൾ, ജലം ഉപയോഗിച്ച് വിവിധങ്ങളായ പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ, ജലശക്തി തിരിച്ചറിയുമ്പോൾ എന്നിങ്ങനെ നിരവധി സന്ദർഭങ്ങളിലൂടെയാണ്.

ഒരേ കാര്യം തന്നെ പലപ്പോഴും ആവർത്തിച്ചെന്നു വന്നേക്കാം. പക്ഷെ അത് കേവലം ആവർത്തനമല്ല. മറിച്ച് മുമ്പ് പഠിച്ചകാര്യങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട് കൂടുതൽ ആഴത്തിലുള്ള പഠനമാണ് സാധ്യമാക്കുന്നത്

ഏതൊരു ആശയവും നാം സ്വായത്തമാക്കുന്നത് അവയുമായി ബന്ധപ്പെട്ട അനുഭവങ്ങളുമായി പലതവണ സ്വാഭാവികമായി ഇടപഴകുമ്പോഴാണ്. ഇത് ആശയരൂപീകരണത്തെ കൂടുതൽ സ്വഭാവികവും അർത്ഥപൂർണവും, ദൃഢവുമാക്കുന്നു. അതുകൊണ്ട് ഒരു ആശയത്തെ പുതിയ അർത്ഥങ്ങളിലും ഭാവങ്ങളിലും വീണ്ടും വീണ്ടും കണ്ടുമുട്ടുന്ന രീതിയിൽ ആയിരിക്കണം പാഠ്യപദ്ധതി വികസിപ്പിക്കേണ്ടത് എന്ന് ബ്രൂണർ നിഷ്കർഷിക്കുന്നു.

ജന്തുക്കളുടെ ശാരീരിക പ്രത്യേകതകളും ആഹാരസമ്പാദനവും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു എന്ന ആശയം ചാക്രികാരോഹണ രീതിയിൽ എങ്ങനെ അവതരിപ്പിക്കാം എന്ന് പരിശോധിക്കാം.



## കണ്ടെത്തൽ പഠനം (Discovery learning)

പഠിതാവ് സ്വയം കണ്ടെത്തൽ രീതിയിലൂടെ പഠിക്കുക എന്നതാണ് ബ്രൂണർ അവതരിപ്പിച്ച കണ്ടെത്തൽ പഠനത്തിന്റെ ഉള്ളടക്കം. ഇതിനായി കുട്ടികൾക്ക് നിരീക്ഷണം, തരംതിരിക്കൽ, അളക്കൽ, പ്രവചിക്കൽ, വിശദീകരിക്കൽ നിഗമനത്തിലെത്തൽ തുടങ്ങിയ മാനസിക പ്രക്രിയ കൾ ഉപയോഗിച്ച് പഠിക്കാൻ അവസരം നൽകണം. ഓർമ്മിക്കലിനെയും (Retention) അഭിപ്രേ രണയെയും (Motivation) പഠനാന്തരണത്തെയും (Transfer of Learning) പ്രശ്നപരിഹരണ ത്തെയും (Problem Solving) സഹായിക്കുന്നത് കണ്ടെത്തൽ പഠനമാണ്. ഈ പഠനരീതി പ്രകാരം കുട്ടികളുടെ മുമ്പാകെ പ്രശ്നാവതരണം നടത്തുകയാണ് വേണ്ടത്. പ്രശ്നപരിഹരണത്തിനുള്ള അന്വേഷണങ്ങൾ കുട്ടികളുടെ ഭാഗത്തുനിന്നുണ്ടാകണം.

പ്രശ്നപരിഹരണ രീതിയിലുള്ള പഠനത്തിന് മൂന്ന് തലങ്ങളുണ്ട്.

- പ്രവർത്തനോന്മുഖത സൃഷ്ടിക്കാൻ - പഠിതാക്കളെ പ്രവർത്തനത്തിന് പ്രചോദിപ്പിക്കൽ.
- പ്രവർത്തനതല്പരത നിലനിർത്തൽ - ആരംഭിച്ച പ്രവർത്തനത്തിലുള്ള താല്പര്യം കെടാതെ പ്രോജ്ജ്വലിപ്പിച്ച് നിർത്തൽ.
- മാർഗനിർദേശം - ലക്ഷ്യത്തെക്കുറിച്ചുള്ള വ്യക്തമായ തിരിച്ചറിവോടെ പ്രവർത്തന ത്തിന് ആവശ്യമായ ദിശാബോധം രൂപീകരിക്കൽ. പ്രശ്നപരിഹരണത്തിൽ നൽകുന്ന പ്രശ്നമാണ് പ്രവർത്തനത്തിലേക്ക് നയിക്കുന്ന പ്രചോദക ഘടകം. ഇത് പലവിധത്തി ലുള്ള പ്രവർത്തനങ്ങളിലേക്കും അന്വേഷണങ്ങളിലേക്കും കണ്ടെത്തലിലേക്കും നയിക്കും.

കണ്ടെത്തലിലൂടെയുള്ള പഠനത്തിന്റെ പ്രസക്തി ബ്രൂണർ ശക്തമായി പ്രചരിപ്പിച്ചു. ആധുനിക കാലത്ത് അക്കാദമിക ചർച്ചകളിൽ ഏറ്റവും ശക്തമായി ഉദ്ധരിച്ച് കേൾക്കാറുള്ള **പഠിക്കാൻ പഠിക്കൽ** എന്ന പ്രയോഗം (Learning to Learn) ബ്രൂണറുടെ പഠനങ്ങളിലൂടെയാണ് പ്രസിദ്ധ മായത്. വിജ്ഞാന വിസ്ഫോടനവുമായി പൊരുത്തപ്പെടണമെങ്കിൽ ഒരോ പഠിതാവും *എന്ത് പഠിക്കണം* എന്നതുപോലെ പ്രധാനപ്പെട്ടതാണ് *എങ്ങനെ പഠിക്കണം* എന്നതും. പാഠ്യവ സ്തുവിനെക്കുറിച്ചുള്ള കേവലമായ പഠനത്തെക്കാൾ പ്രസക്തവും ഫലപ്രദവുമാണ് കണ്ടെ ത്തലിലൂടെയുള്ള പഠനമെന്ന് ബ്രൂണർ അഭിപ്രായപ്പെടുന്നു.

## ആശയാദാന മാതൃക (Concept Attainment Model)

കണ്ടെത്തൽ പഠനരീതിയിൽ അധിഷ്ഠിതമാണ് ആശയാദാനമാതൃക. മികച്ച രീതിയിൽ ആശ യങ്ങൾ ഉൾക്കൊള്ളുന്നതിനും അതോടൊപ്പം വിഷയവിശാലതയിൽ നിന്ന് വിവരങ്ങളെ സംഘ ടിതമാക്കി ഓരോ വികാസഘട്ടത്തിനും അനുയോജ്യമായ രീതിയിൽ പഠിതാക്കൾക്ക് ഫലപ്ര ദമായി നൽകുന്നതിനും ഈ രീതി ഉപയുക്തമാണ്. ഒരേ വർഗത്തിൽപ്പെട്ടവയെ മറ്റുള്ളവയിൽ നിന്നും വേർതിരിക്കാനുള്ള ഗുണവിശേഷതകൾ (attributes) കണ്ടെത്താനുള്ള അന്വേഷണ ത്തിലൂടെയാണ് ആശയാദാനം നടക്കുക. ഗുണവിശേഷതകളുടെ സാജാത്യവൈജാത്യങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ ആശയത്തെയും സംബന്ധിച്ച വ്യക്തമായ ധാരണ രൂപീകരിക്കാൻ പഠിതാവിന് കഴിയണം. ഒരേ വർഗത്തിൽ പെടുത്താൻ കഴിയുന്ന പൊരുത്തമുള്ള ഉദാഹരണ ങ്ങളും (Positive exemplers) ഉൾപ്പെടുത്താനാവാത്ത വിരുദ്ധസ്വഭാവമുള്ള ഉദാഹരണങ്ങളും (Negative exemplers) ഉണ്ടാവും. അവയെ തരംതിരിക്കൽ പ്രക്രിയയിൽ ആവശ്യാനുസരണം ഉപയോഗിച്ചുകൊണ്ട് ആശയദാനം നടത്തുന്നു. തന്റെ ചുറ്റുപാടുമുള്ള വസ്തുക്കളെയും, ജന്തു ക്കളെയും, സസ്യങ്ങളെയും ക്രമമായി വേർതിരിക്കുന്നതും ഓരോ ആശയത്തിനകത്തും ഉപാ ശയങ്ങൾ ഉൾപ്പെടുത്തുന്നതും ഇത്തരത്തിലാണ്. നിരീക്ഷണം, താരതമ്യം, തരംതിരിക്കൽ, നിഗമനത്തിലെത്തൽ എന്നീ ഘട്ടങ്ങൾ ഈ പ്രക്രിയയിലുണ്ട്.

പഠനത്തിന്റെ അടിസ്ഥാനതലം ആശയരൂപീകരണമാണെന്നും അതിന്റെ സഹായമില്ലാതെ ഉയർന്ന ഘട്ടങ്ങളിലേക്ക് എത്തുക സാധ്യമല്ല എന്നും എല്ലാവരും പൊതുവേ സമ്മതിക്കുന്ന കാര്യമാണ്. ഓരോ വ്യക്തിയും ലോകത്തെ വ്യാഖ്യാനിക്കുന്നത് സാജാത്യവൈജാത്യങ്ങൾ അടിസ്ഥാനമാക്കിയാണ്. വിവരങ്ങളെ വിശകലനം ചെയ്യുന്നതും നിഗമനങ്ങളിൽ എത്തിച്ചേരുന്നതും ഈ തരം തിരിക്കൽ അല്ലെങ്കിൽ വർഗീകരിക്കരിക്കൽ എന്ന പ്രക്രിയയിലൂടെയാണ്. എന്ത് പഠിച്ചാലും അത് സംപ്രത്യയതലത്തിൽ (Concept level) പഠിക്കണം എന്നതാണ് പൊതുസ്വീകാര്യമായ അഭിപ്രായം. അർത്ഥബോധത്തോടുകൂടി പഠിച്ച് അത് സ്വാംശീകരിക്കുമ്പോഴാണ് അഥവാ പഠിച്ചത് പ്രയോഗിക്കുമ്പോഴാണ് പഠനം സംപ്രത്യാത്മകമാകുന്നത്.

***ബ്രൂണറുടെ ആശയങ്ങളുടെ പഠനപരമായ പ്രസക്തി***

*പഠിതാക്കൾ അനുഭവങ്ങളും ആശയങ്ങളും പങ്കുവയ്ക്കൽ (Sharing), കൊടുക്കൽ വാങ്ങലുകൾ (Negotiation), കണ്ടെത്തൽ (discovery and invention) എന്നിവ പഠന പ്രക്രിയയുടെ അവിഭാജ്യഘടകങ്ങളാണെന്ന് ബ്രൂണർ സിദ്ധാന്തിക്കുന്നു. പഠനാനുഭവങ്ങൾ എങ്ങനെയായിരിക്കണമെന്ന് മാത്രമല്ല പഠനാനുഭവം ഒരുക്കുന്ന അധ്യാപകൻ എങ്ങനെയായിരിക്കണം എന്നും ബ്രൂണർ വ്യക്തമാക്കുന്നുണ്ട്. അധ്യാപകൻ ഒരു പഠന പങ്കാളി (Co - learner), പഠനത്തെ സുഗമമാക്കുന്ന ആൾ(Facilitator), പ്രശ്നപരിഹാരകൻ (diagnostitian), ജനാധാപത്യവാദിയായ സംഘത്തലവൻ (democratic leader) എന്നീ നിലകളിൽ പ്രവർത്തിക്കണം. കണ്ടെത്തൽ പഠനം, സഹകരണാത്മക പഠനം, സംവാദാത്മക പഠനം, സഹവർത്തിത പഠനം തുടങ്ങിയവയാണ് ബ്രൂണർ നിർദേശിക്കുന്ന പഠനരീതകൾ. മികച്ച പഠനത്തിന് നാല്കാര്യങ്ങൾ പാലിക്കണമെന്ന് അദ്ദേഹം പറയുന്നു. പഠനോന്മുഖത സൃഷ്ടിക്കൽ, കുട്ടിക്ക് അനായാസം വിജ്ഞാനം സ്വായത്തമാക്കാൻ കഴിയുംവിധം പ്രവർത്തനങ്ങളെ ചിട്ടപ്പെടുത്തൽ, അവയെ ഏറ്റവും ഫലപ്രദമായ ക്രമത്തിൽ അവതരിപ്പിക്കൽ, അനുയോജ്യമായ സമ്മാനങ്ങൾ നൽകൽ എന്നിവയാണവ*

**പ്രവർത്തനം:**

ബ്രൂണർ മുന്നോട്ടുവച്ച ആശയങ്ങളിൽ ചിലതാണ് താഴെക്കൊടുത്തിരിക്കുന്നത്. ബാക്കിയുള്ളവ കൂട്ടിച്ചേർത്ത് പട്ടിക പൂർത്തിയാക്കൂ.

- പഠനം എന്നത് ഒരു സജീവ സാമൂഹിക പ്രക്രിയയാണ്.
- ആശയങ്ങൾ സ്വായത്തമാക്കലാണ് പഠനം
- എന്ത് പഠിക്കുക എന്നതുപോലെതന്നെ പ്രധാനപ്പെട്ടതാണ് എങ്ങനെ പഠിക്കുക എന്നതും
- യാന്ത്രികമായ ആവർത്തനവും അനുകരണവും പഠനത്തെ തടസ്സപ്പെടുത്തുന്നു.
- 
- 
- 

## പിയാഷെയുടെ പഠന സിദ്ധാന്തം

*ടീച്ചർ ക്ലാസ്സിൽ ചില ചിത്രങ്ങൾ കാണിക്കുന്നു. പലതരം വീടുകളുടെ ചിത്രങ്ങൾ. ഓരോ ചിത്രം കാണുമ്പോഴും കുട്ടികൾ താളത്തിൽ വിളിച്ചു പറയുന്നു.*

*"ഓടിട്ട വീട്!"*

*"ഓല മേഞ്ഞ വീട്!"*

*"കോൺക്രീറ്റ് വീട്!"*

*എന്നാൽ ടീച്ചർ ഇഗ്ലു (മഞ്ഞു വീട്) വിന്റെ ചിത്രം കാണിച്ചപ്പോൾ പ്രതികരണത്തിലെ ഈ താളം നഷ്ടപ്പെടുന്നു.*

*"ഇത് വീടല്ല!"*

*"ഗുഹയാണ്!" (പലതരം പ്രതികരണങ്ങൾ)*

*ടീച്ചർ ഉറക്കെ വിളിച്ചു പറഞ്ഞു "ഇത് മനുഷ്യൻ അവനു താമസിക്കാനുണ്ടാക്കിയ വീടാണ്!"*

*"ഇതെന്തുവീട്! എന്നായി കുട്ടികൾ*

*"മഞ്ഞു കൊണ്ടുള്ള വീട്" - ടീച്ചർ*

*"മഞ്ഞുകൊണ്ടോ? അതെങ്ങനെ"?*

*തുടർന്ന് ടീച്ചർ ഇഗ്ലുവിനെക്കുറിച്ച് വിശദീകരിക്കുന്നു.*

ഇവിടെ മഞ്ഞുവീടിന്റെ ചിത്രം ടീച്ചർ കാണിച്ചപ്പോൾ കുട്ടികളുടെ പ്രതികരണം ശ്രദ്ധിച്ചുവല്ലോ. അതിനെ ഒന്ന് വിശകലനം ചെയ്ത് നോക്കൂ. മഞ്ഞു കൊണ്ടുള്ള വീട് കുട്ടിയെ സംബന്ധിച്ച് ഒരു പുതിയ അനുഭവമാണ്. ഓരോ പുതിയ അനുഭവവും പുതിയ ചില പഠന പ്രശ്നങ്ങൾ പഠിതാവിന്റെ മനസ്സിലുയർത്തുന്നു. ഇത് പഠിതാവിന്റെ വൈജ്ഞാനികഘടനയിൽ താൽക്കാലികമായ ഒരു അസന്തുലിതാവസ്ഥ (disequilibrium) സൃഷ്ടിക്കുന്നു. തുടർന്ന് സന്തുലിതാവസ്ഥ കൈവരിച്ച് സ്വസ്ഥത വീണ്ടെടുക്കാൻ വൈജ്ഞാനിക ഘടന ശ്രമിക്കുന്നു. ഈ ശ്രമമാണ് യഥാർത്ഥത്തിൽ പഠനം എന്ന പ്രക്രിയ. വൈജ്ഞാനികവികാസത്തെക്കുറിച്ചുള്ള ഈ ആശയം ഒന്നാം സെമസ്റ്ററിൽ ചർച്ച ചെയ്തത് ഓർക്കുന്നുണ്ടല്ലോ ആരാണ് ഈ സമീപനത്തിന്റെ വക്താവ്?

മനുഷ്യന്റെ ബൗദ്ധിക പ്രക്രിയകൾക്ക് പ്രാധാന്യം നൽകുന്ന ചിന്താധാരയാണ് ജ്ഞാതൃവാദം (cognitivism) കുട്ടി സ്വയം അറിവ് നിർമ്മിക്കുന്നു വെന്നും പഠനത്തിലൂടെ മനോ മാതൃകകളുടെ (Mental construct) രൂപീകരണമാണ് നടക്കുന്നതെന്നും ജ്ഞാതൃവാദികൾ അഭിപ്രായപ്പെടുന്നു. ഈ വാദത്തിന് ശ്രദ്ധേയമായ സംഭാവനകൾ നൽകിയ വിദ്യാഭ്യാസ ചിന്തകനാണ് ജീൻ പിയാഷെ.

**ജീൻ പിയാഷെ (Jean Piaget 1896 - 1980)**



- സ്വിസ് മനഃശ്ശാസ്ത്രജ്ഞൻ.
- 22 ാം വയസ്സിൽ ന്യൂചാറ്റൽ സർവ്വകലാശാലയിൽ നിന്ന് പ്രകൃതിശാസ്ത്രത്തിൽ പി,.എച്ച്.ഡി നേടി.
- 1929 ൽ ജനീവ സർവ്വകലാശാലയിൽ മനഃശ്ശാസ്ത്ര പ്രൊഫസറായിച്ചേരുകയും 1975 വരെ സേവനമനുഷ്ഠിക്കുകയും ചെയ്തു.
- UNESCO യുടെ കീഴിലുള്ള International Bureau of Education ന്റെ ഡയറക്ടറായി 1929 മുതൽ 1967 വരെ പ്രവർത്തിച്ചു.
- 1955 ൽ International centre for Genetic Epistemology എന്ന സ്ഥാപനം തുടങ്ങി ജീവിതാന്ത്യം വരെ ഡയറക്ടറായി പ്രവർത്തിച്ചു. അറുപതോളം പുസ്തകങ്ങളും അഞ്ഞൂറിലേറെ പ്രബന്ധങ്ങളും പ്രസിദ്ധീകരിച്ചു.
- മുപ്പതിലേറെ സർവ്വകലശാലകൾ ഓണററി ഡോക്ടറേറ്റുകൾ നൽകി ആദരിച്ചു.
- 1972 ൽ ഇറാസ്മസ് സമ്മാനം നേടി.
- ഭാര്യയായ വാലെന്റിനയുടെ സഹായത്തോടെ സ്വന്തം മക്കളായ ജാക്വലിൻ, ലൂസിയാന, ലോറന്റ് എന്നിവരെ തുടർച്ചയായി നിരീക്ഷിച്ചാണ് പഠനത്തെക്കുറിച്ചുള്ള പല നിഗമനങ്ങളും രൂപപ്പെടുത്തിയത്.

**പ്രധാനകൃതികൾ**

The Moral Judgement of the Child, (1932) New Method: Psychological Foundation (1939), Modern Education (1949), The Child's Conception of Numbers (1952), The Origin of Intelligence in children. (1953), The Child's Construction of Reality - (1954), The Growth of logical thought - (1958), Science of Education and the Psychology of the child (1971), To understand is to invent (1976), Sociological Studies (1995).

## പിയാഷെയുടെ പഠന സങ്കല്പം

പുതിയ അനുഭങ്ങൾ വൈജ്ഞാനിക ഘടന (Cognitive domain) യിൽ സൃഷ്ടിക്കുന്ന അസന്തുലിതാവസ്ഥ പരിഹരിക്കാൻ രണ്ടു മാർഗങ്ങളാണ് പൊതുവെ സ്വീകരിക്കാറുള്ളത് എന്ന് പിയാഷെ അഭിപ്രായപ്പെടുന്നു. അവ സ്വാംശീകരണവും (Assimilation) സംസ്ഥാപനവും (Accomodation) ആണ്.

*ആദ്യമായി മണ്ണുമാന്തി യന്ത്രം കാണുന്ന കുട്ടി അതിന്റെ പ്രവർത്തനം അത്ഭുതത്തോടെ നോക്കി നിന്നു. അച്ഛൻ വന്നപ്പോൾ "അച്ഛാ, ആനവണ്ടി കണ്ടോ!" എന്ന് അതിശയത്തോടെ പറയുകയും ചെയ്തു.*

ഈ സംഭവത്തെ ഒന്നു വിശകലനം ചെയ്തുനോക്കാം.

പുതിയ വണ്ടി കണ്ടപ്പോൾ കുട്ടിയിൽ മാനസികമായ ഒരു അസന്തുലിതാവസ്ഥയുണ്ടായി. കാരണം വണ്ടികളെ സംബന്ധിച്ച് അവനുള്ള അറിവുകളുമായി പൊരുത്തപ്പെടുന്നതല്ല പുതിയ ഈ വണ്ടി. അവന്റെ അത്ഭുതത്തിനും അമ്പരപ്പിനുമുള്ള കാരണവും അതുതന്നെ. തുടർന്ന് തന്റെ മുന്നറിവു പ്രയോജനപ്പെടുത്തി ഈ അസന്തുലിതാവസ്ഥ പരിഹരിക്കാൻ ശ്രമിച്ചു. ഈ

ശ്രമമാണ് "ആനവണ്ടി" എന്ന നാമകരണം. കുട്ടി ആനയെയും വിവിധ വാഹനങ്ങളെയും കണ്ടിട്ടുണ്ട് ആനയുടെ തുമ്പിക്കൈയും മണ്ണുമാന്തിയുടെ യന്ത്രക്കൈയും തമ്മിലുള്ള സാമ്യവും കുട്ടി തിരിച്ചറിഞ്ഞു. ഈ തിരിച്ചറിവിൽ നിന്നാണ് ആനവണ്ടി എന്ന നാമകരണം ഉണ്ടായത്. ഇങ്ങനെ നിലവിലുള്ള അറിവ് ഉപയോഗിച്ച് പുതിയ അനുഭവത്തെ മനസ്സിലാക്കാൻ ശ്രമിക്കുന്നതാണ് സ്വാംശീകരണം (Assimilation)

അച്ഛൻ അത് മണ്ണുമാന്തി യന്ത്രമാണെന്ന് പറഞ്ഞു കൊടുക്കുമ്പോൾ കുട്ടിയുടെ വൈജ്ഞാനിക ഘടനയിൽ (congnitive domain) ഒരു പുതിയ വൈജ്ഞാനികാംശം (സ്കീമ – schema) കൂടി വന്നു ചേരുകയാണ്. ഇതും സ്വാംശീകരണമാണ്.

ഈ പുതിയ അനുഭവത്തെ ഉൾക്കൊള്ളാനാവും വിധം കുട്ടിയുടെ വൈജ്ഞാനിക ഘടന പുനക്രമീകരിക്കപ്പെടുന്നു. വൈജ്ഞാനിക ഘടനയുടെ വിപുലീകരണത്തിൽ ചെന്നെത്തുന്ന ഈ പുനഃക്രമീകരണമാണ് സംസ്ഥാപനം (Accomodation)

നേരത്തെ ചർച്ച ചെയ്ത പഠന സമീപനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ പിയാഷെയുടെ പഠന സങ്കല്പത്തിന്റെ സവിശേഷതകൾ എന്തെല്ലാമാണ്? ക്ലാസ്സിൽ ചർച്ച ചെയ്യൂ. പൊതുവായി ക്രോഡീകരിച്ച് നോട്ടുബുക്കിൽ കുറിച്ചു വയ്ക്കു. ഇതിനു സഹായകമായ ചില വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നത് പ്രയോജനപ്പെടുത്താം. റഫറൻസിങ്ങിലൂടെ കൂടുതൽ വിവരങ്ങൾ ശേഖരിച്ച് നോട്ടുബുക്കിൽ രേഖപ്പെടുത്തി വയ്ക്കു.

- കുട്ടി ഒഴിഞ്ഞ പാത്രമല്ല. അവനിൽ ധാരാളം മുന്നറിവുകളുണ്ട് അവൻ ഗവേഷകനും അനുഭവങ്ങളിലൂടെ അറിവ് നിർമ്മിക്കുന്നവനുമാണ്.
- പഠനം ഇച്ഛാപൂർവ്വം നടക്കുന്ന ഒരു സ്വാഭാവിക പ്രക്രിയയാണ്. അത് തീർത്തും ഒരു ജീവശാസ്ത്ര പ്രക്രിയയാണ്. പരിഹരിക്കപ്പെടേണ്ട വൈജ്ഞാനിക അസന്തുലിതാവസ്ഥ പഠനത്തിലേക്ക് നയിക്കുന്നു.
- നിലവിലുള്ള വൈജ്ഞാനിക ഘടനയുമായി സമരസപ്പെടാത്ത ഏതു വിജ്ഞാന ഘടകവും നിരർത്ഥകമായി അനുഭവപ്പെടും. നിയതമായ വികാസഘട്ടങ്ങളിലൂടെ കടന്നു പോകുന്നതിനനുസരിച്ച് ജ്ഞാതൃഘടന സങ്കീർണമാകുന്നു.
- വൈജ്ഞാനിക വികാസം നടക്കുന്നത് അനുരൂപീകരണം (Adaptation) സംയോജനം (Organisation) എന്നീ പ്രക്രിയകൾ വഴിയാണ്. ബാഹ്യലോകവുമായി പൊരുത്തപ്പെടുന്നതിന് പരിസ്ഥിതിയുമായി ഇടപെട്ടുകൊണ്ട് സ്കീമകൾ നിർമ്മിച്ചെടുക്കുന്ന പ്രക്രിയയാണ് അനുരുപീകരണം. സ്വാംശീകരണം, സംസ്ഥാപനം എന്നീ രണ്ടു രീതികളിലൂടെയാണ് അനുരൂപീകരണം നടക്കുന്നത്. സ്കീമകളുടെ ആന്തരിക പുനർവിന്യാസവും കൂട്ടിച്ചേർക്കലും വഴി ശക്തവും പരസ്പര ബന്ധിതവുമായ ഒരു ജ്ഞാതൃഘടന രൂപം കൊള്ളുന്ന പ്രക്രിയയാണ് സംയോജനം (organisation).
- വിജ്ഞാനം ആർജ്ജിക്കുകയല്ല നിർമ്മിക്കുകയാണ് ചെയ്യുന്നത്. യാഥാർത്ഥ്യത്തിന്റെ പ്രതിഫലനമമല്ല മറിച്ച് യാഥാർത്ഥ്യത്തിൽ നിന്ന് നിർമ്മിച്ചെടുക്കുന്നതാണ് വിജ്ഞാനം.
- പരിസ്ഥിതിയുടെ സ്വാധീനത്തിൽ വ്യക്തിയുടെമനസ്സിൽ സങ്കൽപനങ്ങൾ, ധാരണകളുടെ ശൃംഖലകൾ കാര്യകാരണ ബന്ധങ്ങൾ എന്നിവ സൃഷ്ടിക്കപ്പെടുന്നു. ഇത്തരം ഘടനകൾ സൃഷ്ടിക്കാനാവശ്യമായ നേരിട്ടുള്ള ബോധനം, പഠനത്തിനുശേഷമുള്ള പ്രതിവിവരശേഖരണം (feedback) എന്നിവ അംഗീകരിക്കപ്പെടുന്നു. പിയാഷെയുടെ സിദ്ധാന്തമനുസരിച്ച് വിജ്ഞാനം സ്വാംശീകരിക്കുന്നതിനും, സംഘാടനം ചെയ്യുന്നതിനും നിലവിലുള്ള വിജ്ഞാനം പുനഃസംഘാടനം ചെയ്യുന്നതിനും വേണ്ടി പ്രത്യേക മാനസിക പ്രക്രിയകൾ

ഓരോ വ്യക്തിയിലും പ്രവർത്തിക്കുന്നുണ്ട്. കണ്ടെത്തൽ, പര്യവേഷണം (exploration) മുതലായ പഠനാനുഭവങ്ങൾക്ക് വിജ്ഞാനനിർമിതിയിൽ പ്രാധാന്യം നൽകിയിരിക്കുന്നു. വൈഗോഡ്സ്കിയൻ സമീപനത്തിൽ ബാഹ്യവും ആന്തരികവുമായ ഘടകങ്ങളുടെ പ്രാധാന്യം അംഗീകരിച്ചിരിക്കുന്നു. സാമൂഹിക വിനിമയം, അനുഭവങ്ങൾ എന്നിവ രണ്ടും ചേർന്ന് വിജ്ഞാനനിർമിതി സാധ്യമാക്കുന്നു. പുറംലോകത്തിൽ നിന്ന് വ്യക്തിയുടെ മനസ്സിലെത്തുന്ന ഓരോ അറിവും സംസ്കാരം, ഭാഷ, വിശ്വാസങ്ങൾ, സാമൂഹിക വിനിമയങ്ങൾ തുടങ്ങിയവയിലൂടെ പുനഃസൃഷ്ടിക്കപ്പെടുന്നു. മുതർന്നവരുടെ മേൽനോട്ടത്തിലുള്ള കണ്ടെത്തൽ രീതികൾ, നേരിട്ടുള്ള ബോധനം, പരിശീലനം, മാതൃകകൾ വഴിയുള്ള ബോധനം എന്നിവയ്ക്ക് പഠനത്തെ സ്വാധീനിക്കാൻ കഴിയും.

- പഠനം എന്നത് ഒരു പ്രതിഭാസത്തിന്റെ അർഥം കണ്ടെത്താനുള്ള അന്വേഷണമാണ്. ഇതിനായി പ്രസ്തുത പ്രതിഭാസത്തെ സമഗ്രതലത്തിലും, ഘടകങ്ങൾ വേർപിരിച്ചും വീക്ഷിക്കേണ്ടതുണ്ട്. ഒരു കവിത പഠിക്കുക. എന്നാൽ ആ കവിത ആസ്വദിക്കുന്നതുകൊണ്ടും, അതിന്റെ സൗന്ദര്യാത്മകമായ ശക്തി തിരിച്ചറിയുന്നതുകൊണ്ടും, കവിതയുടെ സാമൂഹികവും സാഹിത്യപരവുമായ ധ്വനികൾ മനസ്സിലാക്കുന്നതുകൊണ്ടും തീരുന്നില്ല. കവിതയിലെ വിവിധ ഘടകങ്ങൾ ഏതൊക്കെയാണ്. അവ ചേർന്ന് സമഗ്രതലം സൃഷ്ടിക്കുന്നതെങ്ങനെ എന്ന അന്വേഷണവും പഠനത്തിൽ ഉൾപ്പെടും. യാഥാർത്ഥ്യലോകത്തു നിന്ന് പഠിതാവിന്റെ മനസ്സിലെത്തുന്ന ഓരോ രൂപത്തിന്റെയും അർഥം പഠിതാവിനു വ്യക്തമാകുന്നത് പഠിതാവിന്റെ മുന്നറിവ്, അനുഭവങ്ങൾ എന്നിവയിലൂടെ സഞ്ചരിച്ച് പ്രസ്തുത രൂപത്തിന്റെ സാമുഹികവും ശാസ്ത്രീയവും, മനഃശാസ്ത്രപരവുമായ ബന്ധതലങ്ങൾ കണ്ടെത്തുന്നതിലൂടെയാണ്. ഇത്തരമൊരു അന്വേഷണത്തിലൂടെ ഓരോ അനുഭവത്തിന്റെയും അർഥം കണ്ടെത്താൻ പഠിതാവ് ശ്രമിക്കുമ്പോഴാണ് പഠനം യാഥാർത്ഥത്തിൽ നടക്കുന്നത്.
- പഠനപ്രക്രിയയിൽ, നിലവിലുള്ള വിജ്ഞാനം പുതിയ വിജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ നിരന്തരമായി പരിഷ്കരിക്കുകയും പുനഃസംഘാടനം ചെയ്യുകയും പുതിയ ചിന്താപദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുന്നു. തനിക്ക് ചുറ്റുമുള്ള ലോകത്തെക്കുറിച്ച് ധാരണ സൃഷ്ടിക്കുകയും ഈ ധാരണകൾ നിരന്തരമായി പരിഷ്കരിക്കുകയുമാണ് ഇവിടെ സംഭവിക്കുന്നത്.
- ബോധനം എന്നത് പഠിതാവിനെത്തന്നെ ലക്ഷ്യമാക്കിയുള്ളതും പഠിതാവിനാൽ നിയന്ത്രിതവുമായ പ്രക്രിയയാണ്. (Self directed and Self - regulated). ബാഹ്യമായി നിശ്ചയിക്കപ്പെട്ട ചില ലക്ഷ്യങ്ങളിലേക്കുള്ള പ്രയാണമല്ല പഠനം. ആന്തരികമായ പ്രേരണയിൽ നിന്ന് ആരംഭിക്കുന്ന പഠനത്തിന്റെ ലക്ഷ്യവും ആന്തരികമായി രൂപപ്പെടുന്നു. നിരവധി കവിതകൾ കേൾക്കുകയും വായിക്കുകയും ചെയ്യുന്ന ഒരു പഠിതാവിനുണ്ടാകുന്ന ആന്തരിക പ്രേരണയുടെ ഫലം കവിത എന്ത് എന്ന് മനസ്സിലാക്കാനും വിശകലനം ചെയ്യാനുമുള്ള ത്വരയാണ്.
- കവിത എന്ന അനുഭവത്തെ സ്വാംശീകരിക്കാനുള്ള പ്രക്രിയകൾ പഠിതാവിന്റെ ജ്ഞാനമണ്ഡലത്തിൽത്തന്നെ രൂപം കൊള്ളുന്നു. ഇവിടെ വളരെ ഉദാത്തതലത്തിൽ നിർവചിക്കാവുന്ന ലക്ഷ്യങ്ങളും അതിനനുസൃതമായ പ്രക്രിയകളും പദ്ധതികളും പഠിതാവിൽ നിന്ന് തന്നെ ഉദ്ഭവിക്കുകയും പഠിതാവിനെത്തന്നെ ലക്ഷ്യമാക്കി പ്രവർത്തിക്കുകയും ചെയ്യുന്നു. ഇതാണ് യഥാർത്ഥ പഠനം, ചില കവിതൾ പഠനത്തിനു നിർദേശിക്കുകയും അതിലൂടെ നേടേണ്ട ജ്ഞാനപരവും സാഹിത്യപരവും ഭാഷാപരവുമായ ശേഷികൾ ചിട്ടപ്പെടു

ത്തുകയും അവയിലേക്ക് പഠിതാവിനെ വികസിപ്പിക്കുകയും ചെയ്യാൻ ശ്രമിക്കുന്ന ചേഷ്ടാ സിദ്ധാന്ത സമീപനത്തിൽ നിന്ന് തികച്ചും വിഭിന്നമാണ് ഇത്. പഠനം സജീവവും സ്വയം നിയന്ത്രിതവുമാണ്. പഠനത്തിന്റെ ബാഹ്യപരിസ്ഥിതി ഒരുക്കുകയും പല വിധത്തിൽ പഠനത്തെ സഹായിക്കുകയും ചെയ്യാൻ അധ്യാപകർക്കും മുതർന്നവർക്കും കഴിയുമെങ്കിലും പഠനത്തിലെ യഥാർഥ പ്രക്രിയകൾ പഠിതാവിന് മാത്രമേ നിന്ത്രിക്കാനും നിർണയിക്കാനും കഴിയുകയുള്ളൂ. പഠിതാവിന്റെ മുന്നറിവ്, അനുഭവങ്ങൾ എന്നിവയെയും പാഠ്യവസ്തുവിനെക്കുറിച്ച് പഠിതാവിനുണ്ടാകുന്ന വ്യക്തിനിഷ്ഠമായ ധാരണകളെയും അടിസ്ഥാനമാക്കി പഠിതാവ് ആന്തരികമായി രൂപപ്പെടുത്തുന്ന സജീവപ്രക്രിയകളിലൂടെയാണ് പഠനം സംഭവിക്കുന്നത്.

- പഠനത്തിന്റെ അടിസ്ഥാനം അനുഭവങ്ങളാണ്. ജോൺ ഡ്യൂയി (1873-1954) യുടെ സിദ്ധാന്തങ്ങളിൽ വളരെയേറെ പ്രാധാന്യം നൽകിയിട്ടുള്ള ആശയമാണിത്. നേരിട്ടുള്ള അനുഭവത്തിലൂടെ പഠനം പ്രദാനം ചെയ്യുന്ന വിജ്ഞാനത്തിന്റെ സമഗ്രത, ജൈവികത, ആഴം എന്നിവ പരോക്ഷമായി നേടുന്ന, ദ്വിതീയമായ വിജ്ഞാനത്തിന് അന്യമാണ്. തികച്ചും വ്യക്തി നിഷ്ഠമായ പാതയിലൂടെ പഠനത്തെ സമീപിക്കാനും ഇന്ദ്രിയപരവും ജ്ഞാനപരവുമായ ശേഷികളെല്ലാം ഒരേ സമയം പ്രയോഗിക്കാനും വിജ്ഞാനത്തിന്റെ എല്ലാ തലങ്ങളും സ്വാംശീകരിക്കാനും അനുഭവത്തിലൂടെയുള്ള പഠനം സഹായിക്കുന്നു.
- പഠനം എന്നത് ഒരു പ്രത്യേക കാലയളവിലൂടെ സംഭവിക്കുന്ന സങ്കീർണമായ പ്രക്രിയയാണ്. ഒരു ക്ലാസ് മുറിയിലെ സന്ദർഭത്തിൽ ഒരു പഠനപ്രവർത്തനത്തിലൂടെ, ഒരു മണിക്കൂറോ അരമണിക്കൂറോ സമയത്തിനുള്ളിൽ പഠനം നടക്കുന്നില്ല. കുറച്ച് വിവരങ്ങൾ മനസിലാക്കാനോ, പഠനത്തിലേക്കു നയിക്കുന്ന ചിലപ്രവർത്തനങ്ങൾ പരിചയപ്പെടാനോ മാത്രമേ ഇത്ര ചുരുങ്ങിയ സമയത്തിനുള്ളിൽ കഴിയൂ. അർഥപൂർണവും സമഗ്രവുമായ പഠനത്തിന് താരതമ്യേന ദീർഘമായ കാലയളവ് ആവശ്യമാണ്.
- ഭാഷ എന്ന മാധ്യമത്തിൽ പഠനത്തിന് സുപ്രധാന സ്ഥാനമുണ്ട്. എല്ലാത്തരം ഭാഷാശേഷികളുടേയും പ്രയോഗവും വികാസവും പഠനപ്രക്രിയയെ സ്വാധീനിക്കുന്നു. ചിന്തിക്കുക, കണ്ടെത്തുക, ആശയവിനിമയം നടത്തുക എന്നീ ശേഷികൾ ലിഖിതവും വാചികവുമായ ഭാഷാശേഷികളുടെ പ്രയോഗത്തിലൂടെയാണ് വികസിക്കുന്നത്. അതിനാൽ ഭാഷാപരമായ ശേഷികൾ ചില വിഷയങ്ങളിൽ ഒതുങ്ങി നിൽക്കുന്നു എന്ന സമീപനത്തിൽ നിന്നു വ്യത്യസ്തമായി, പഠനത്തിന്റെ കാതലായ ശേഷികളായി അവയെ സമീപിക്കണം.
- ഉയർന്ന തലത്തിലുള്ള ചിന്ത (Higher Order Thinking) പഠനത്തിന്റെ കാതലായ ഭാഗമാണ്. പഠിതാവിനുണ്ടാകുന്ന അനുഭവങ്ങളിലൂടെ പ്രത്യക്ഷതലത്തിൽ നിന്ന്, അഗാധമായ അർഥതലങ്ങളിലേക്ക് ചലിക്കാനുള്ള പാതയാണിത്. സങ്കീർണമായ പ്രശ്നങ്ങൾ വിശകലനം ചെയ്യാനും അവയെ നേരിടാനുമുള്ള പ്രയോഗ പദ്ധതികൾ ചിന്തയിലൂടെ ആവിഷ്കരിക്കാനും പഠിതാവിന് അവസരം നൽകുന്ന പഠനാനുഭവങ്ങൾ ഉയർന്നതലത്തിലുള്ള ചിന്താശേഷികൾ പ്രോത്സാഹിപ്പിക്കുന്നു.
- പര്യവേഷണം, പരീക്ഷണം (Exploration & Experimentaion) എന്നീ പ്രക്രിയകളിൽ ഏർപ്പെടാനുള്ള ആഭിമുഖ്യം പഠിതാവിൽ വളർത്തുക എന്നത് പഠനത്തിന്റെ പ്രധാന ലക്ഷ്യമാണ്. വിജ്ഞാനം എന്നത് ബാഹ്യമായി രൂപപ്പെടുത്തുന്നതും, നിഷ്ക്രിയമായി പഠിതാവ് സ്വീകരിക്കുകയും ചെയ്യുന്ന ഒന്നല്ല. മറിച്ച്, പര്യവേഷണത്തിലൂടെയും പരീക്ഷണത്തിലൂടെയും പഠിതാവിന്റേതായി സൃഷ്ടിക്കേണ്ട ഒരു പ്രതിഭാസമാണ് എന്ന സങ്കല്പമാണ് ഈ ആശയത്തിലടങ്ങിയിരിക്കുന്നത്. അറിയാനും കണ്ടെത്താനും വിജ്ഞാനം വികസിപ്പിക്കാനുമുള്ള ആന്തരിക ചോദനകളുടെ പ്രതിഫലനമാണ് പര്യവേഷണം എന്ന പ്രവർത്തനത്തിൽ

പഠിതാവിനെ എത്തിക്കുന്നത്. ഇങ്ങനെ ലഭിക്കുന്ന പുതിയ അനുഭവങ്ങൾ വിജ്ഞാനം എന്നിവയുടെ യുക്തി, കാര്യകാരണബന്ധം എന്നിവ സ്വയം പരിശോധിക്കാനുള്ള ചോദനയുടെ പ്രതിഫലനമാണ് പരീക്ഷണത്തിലേർപ്പെടൽ. ഈ പ്രക്രിയകളിലൂടെ പഠനം പുരോഗമിക്കുകയും പഠനത്തിന്റെ ഫലമായി ഈ പ്രക്രിയകളോടുള്ള ആഭിമുഖ്യം വർധിക്കുകയും ചെയ്യുന്നു.

- സ്വന്തം പഠനപ്രക്രിയകളെക്കുറിച്ച് പഠിതാവിനുള്ള അവബോധം (metacognition) പഠനത്തെ ശക്തമായി സ്വാധീനിക്കുന്നു. തന്റെ ചിന്താപ്രക്രിയകൾ, പ്രശ്നപരിഹാര രീതികൾ, വിജ്ഞാനം കണ്ടെത്തുന്നതിനും സംഘാടനം ചെയ്യുന്നതിനുമുള്ള ജ്ഞാനപരമായ തന്ത്രങ്ങൾ എന്നിവ തിരിച്ചറിയുകയും ബോധപൂർവം സമീപിക്കുകയും ചെയ്യുന്നത് പഠനത്തിന്റെ ഗുണമേന്മയിലെ പ്രധാനഘടകമാണ്. പഠിതാവിനെ ഇത്തരമൊരു അവബോധം നേടാൻ സഹായിക്കുക എന്നത് അധ്യാപകരുടെ പ്രധാന ലക്ഷ്യമായിരിക്കണം.
- രേഖീയ പ്രക്രിയയല്ല പഠനം. ലളിതമായ ചില ഘടകങ്ങൾ ചിട്ടപ്പെടുത്തിയ പടികളിലൂടെ ആർജിച്ച അവയുടെ സമന്വയത്തിലൂടെ സംഭവിക്കുന്ന ഒന്നല്ല പഠനം. പ്രതിഭാസങ്ങളെ അവയുടെ സങ്കീർണതയിലും സമഗ്രതയിലും നേരിട്ടനുഭവിക്കുന്നതിന് ജ്ഞാനനിർമിതവാദം പ്രാധാന്യം കല്പിക്കുന്നു. ഇത്തരമൊരു സമഗ്രാനുഭവത്തിന്റെ അടിത്തറ ഇല്ലാതെ ഘടകങ്ങളിലൂടെ പഠനത്തെ സമീപിക്കുന്നത് ജ്ഞാനനിർമിതിവാദത്തിന്റെ തത്വങ്ങൾക്കെതിരാണ്. ഓരോ പഠനാനുഭവവും സാമൂഹികവും സാംസ്കാരികവും വൈജ്ഞാനികവുമായ പല മണ്ഡലങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നു. ഈ ബന്ധങ്ങളെല്ലാം ചേർന്നാണ് ഓരോ അനുഭവത്തേയും നിർവചിക്കുന്നത്. ഇത്തരം പ്രതിഭാസത്തെ രേഖീയമായി സമീപിക്കാൻ കഴിയുകയില്ല.
- പഠനം സാമൂഹികമായ ഒരു പ്രക്രിയയാണ്. പഠനം നടക്കുന്ന സാമൂഹിക സന്ദർഭത്തിനും അതിൽ ഉൾപ്പെട്ടിരിക്കുന്ന വ്യക്തികൾ തമ്മിലുള്ള വിനിമയത്തിനും പഠനപ്രക്രിയയിൽ വളരെയേറെ പ്രാധാന്യമുണ്ട്. മറ്റുള്ളവരുടെ നിലപാടുകളും വാദഗതികളും മനസ്സിലാക്കാനും തങ്ങളുടെ നിലപാടുകൾ മറ്റുള്ളവരെ ധരിപ്പിക്കാനുമുള്ള കഴിവുകൾ പഠനപ്രക്രിയയിൽ വിലപ്പെട്ടവയാണ്. പഠിതാക്കൾ പരസ്പരം സംസാരിക്കുകയും മറ്റുള്ളവർ പറയുന്നത് കേൾക്കുകയും ചെയ്യാൻ അവസരം നൽകുന്ന പഠനസന്ദർഭങ്ങളിലൂടെ, വിജ്ഞാനം എന്നത് പങ്കുവയ്ക്കാൻ കഴിയുന്നതും സാമൂഹികമായി നിർമിക്കാൻ കഴിയുന്നതുമാണെന്ന ആശയം പഠിതാക്കളിൽ വളർത്തിയെടുക്കാം. അതിനാൽ സഹവർത്തിതപഠനം (Collaborative Learning) സംഘപഠനം എന്നിവയ്ക്ക് ഊന്നൽ നൽകുന്നു.
- വിജ്ഞാനം എന്നത് കൃത്യമായ അതിരുകളുള്ള, വ്യക്തമായി നിർവചിക്കാവുന്ന നിയതമായ ഒന്നല്ല. അത് തൽക്കാലികവും (tentative) സന്ദർഭബന്ധിതവും പരിണമിച്ചുകൊണ്ടിരിക്കുന്നതുമായ ഒരു പ്രതിഭാസമാണ്. ഉദാഹരണമായി പരിസ്ഥിതി എന്ന ആശയത്തെക്കുറിച്ച് പഠിതാവിന്റെ പ്രജ്ഞയിൽ രൂപപ്പെടുന്ന സങ്കല്പം പഠിതാവിന്റെ അനുഭവമണ്ഡലം വികസിക്കുന്നതോടൊപ്പം പരിണമിക്കുന്നു. വിജ്ഞാന ലോകത്ത് നിന്ന് ചില ശകലങ്ങൾ അവ പൂർണ്ണമാണെന്ന ധാരണയോടെ ആർജിക്കുന്നതിനേക്കാൾ, വിജ്ഞാനത്തിന്റെ ഈ പരിണാമപ്രക്രിയ മനസ്സിലാക്കുന്നതിന് പ്രാധാന്യമുണ്ട്. വിജ്ഞാനത്തിന്റെ ഭാഗമായി നമ്മുടെ മുന്നിലെത്തുന്ന സിദ്ധാന്തങ്ങളും, തത്വങ്ങളും, വിവരങ്ങളുമെല്ലാം ചില പ്രത്യേക സന്ദർഭങ്ങൾക്കുവേണ്ടിയും പ്രായോഗിക സൗകര്യങ്ങൾക്കു വേണ്ടിയും നാം രൂപീകരിച്ചിക്കുന്ന താൽക്കാലിക സങ്കൽപനങ്ങളാണ് എന്ന് പഠിതാവ് തിരിച്ചറിയണം. ഉദാഹരണമായി രാസമാറ്റവും ഭൗതിക മാറ്റവും തമ്മിലുള്ള വ്യത്യാസം സ്ഥിരവും നിയതവുമായ വിജ്ഞാനമായി നാം സമീപിക്കുന്നു. എന്നാൽ സൂക്ഷ്മമായി പരിശോധിച്ചാൽ രാസമാറ്റ

മാണോ ഭൗതികമാറ്റമാണോ എന്ന് തീർത്തുപറയാൻ കഴിയാത്ത മാറ്റങ്ങൾ കണ്ടെത്താം. സോഡിയം ക്ലോറൈഡ് വെള്ളത്തിൽ ലയിക്കുന്നത് ഭൗതികമാറ്റമായി കണക്കാക്കുന്നു എങ്കിലും വെള്ളത്തിൽ അവ സോഡിയം അയോണുകളും ക്ലോറിൻ അയോണുകളുമായി പിരിയുന്നതിനാൽ രാസബന്ധം (Chemical bonding) ഇല്ലാതാകുന്നു. ഇത് രാസമാറ്റത്തിന്റെ ഒരു പ്രത്യേകതയാണ്. അതിനാൽ ഈ മാറ്റത്ത പൂർണമായും ഭൗതികമാറ്റം എന്ന് കരുതാൻ വയ്യ. ഇത് സൂചിപ്പിക്കുന്നത് വിജ്ഞാനത്തിന് നാം നൽകുന്ന അതിരുകൾ കൃത്യമായിക്കൊള്ളണമെന്നില്ല. ഇതിന്റെയർഥം നമ്മുടെ വിജ്ഞാനം തെറ്റായ വിജ്ഞാനമാണ് എന്നല്ല. വിജ്ഞാനം അനിശ്ചിതവും പരിണമിച്ചുകൊണ്ടാരിക്കുന്നതുമാണ്. ആ സ്വാഭാവം കണക്കിലെടുത്തുകൊണ്ടായിരിക്കണം പഠനം ആസൂത്രണം ചെയ്യേണ്ടത്.

- വിജ്ഞാനം എന്നത് എല്ലാ ഇന്ദ്രിയങ്ങളുടെയും പ്രവർത്തനത്തിലൂടെ സൃഷ്ടിക്കപ്പെടുന്നതാണ് (Multisensory). കവിത ചൊല്ലുന്നത് ആസ്വദിക്കാനും, കവിത താളത്മകമായി ചൊല്ലാനും, കവിത വായിച്ച് വിശകലനം ചെയ്യാനുമുള്ള കഴിവുകൾ, കവിത വായിച്ച് വിശകലനം ചെയ്യാനുള്ള കഴിവുകൾ, കവിതയെക്കുറിച്ചുള്ള വിജ്ഞാനം എന്നിവ പ്രദാനം ചെയ്യുന്നു. ഒരു ലവണം കാഴ്ചയിൽ നിന്നു തിരിച്ചറിയുന്നതും ഗന്ധത്തിലുടെ തിരിച്ചറിയുന്നതും, സ്വാദിലൂടെ തിരിച്ചറിയുന്നതും പരീക്ഷണം ചെയ്ത് തിരിച്ചറിയുന്നതും മുല്യവത്തായ വിജ്ഞാനമാണ്. ഇവയെല്ലാം പരസ്പരം ബന്ധിപ്പിച്ചുപയോഗിക്കുന്നതുവഴി അർഥപൂർണമായ പഠനം സാധ്യമാകും.
- വിജ്ഞാനം സന്ദർഭാധിഷ്ഠിതമാണ്. വിവിധ ജ്യാമിതീയ രൂപങ്ങളുടെ പരപ്പളവ് കണ്ടെത്താനുള്ള സൂത്രവാക്യം അറിയുന്നതും ഒരു വീടിന്റെ ചുമരുകളുടെ ആകെ പരപ്പളവ് യഥാർത്ഥത്തിൽ കണ്ടെത്തുന്നതിനും തമ്മിൽ വലിയ അന്തരമുണ്ട്. രണ്ടാമത്തെ തരം വിജ്ഞാനമാണ് മൂല്യവത്തായ വിജ്ഞാനം. ഇത്തരം സന്ദർഭങ്ങളിൽ ഉപയുക്തമല്ലാത്ത വിജ്ഞാനം ജഢവിജ്ഞാനമായിത്തീരുന്നു. നിശ്ചിത സന്ദർഭങ്ങളുമായി ബന്ധപ്പെടുത്തി മാത്രമേ യഥാർത്ഥവിജ്ഞാനത്തെ സമീപിക്കാൻ കഴിയൂ. ഇത്തരം സന്ദർഭങ്ങളായിരിക്കണം പഠനനാനുഭവങ്ങളുടെ അടിസ്ഥാനം
- അഭിപ്രേരണ (motivation) പഠനത്തെ ഏറ്റവും ശക്തമായി സ്വാധീനിക്കുന്ന ഘടകമാണ്. ആന്തരിക അഭിപ്രേരണയ്ക്കാണ്, ജ്ഞാനനിർമിതിവാദം പ്രാധാന്യം നൽകുന്നത്. പഠിതാവിന്റെ പ്രകൃതങ്ങൾക്കും താല്പര്യങ്ങൾക്കും ഇണങ്ങുന്ന പ്രവൃത്തികളും സന്ദർങ്ങളും അടങ്ങുന്ന പഠനാനുഭവങ്ങൾ സൃഷ്ടിക്കുന്ന അഭിപ്രേരണ സ്വാഭാവികമായ പഠനത്തിനു വഴിയൊരുക്കുന്നു.
- മാനകീകൃത പാഠ്യപദ്ധതികൾ (standardised curriculum) മുൻകൂട്ടി ചിട്ടപ്പെടുത്തിയ ലക്ഷ്യങ്ങൾ എന്നിവ പഠനത്തെ പരിമിതപ്പെടുത്തുന്നു.

**പ്രവർത്തനം:**

ഇവിടെ ചർച്ച ചെയ്ത വസ്തുതകളുടെ അടിസ്ഥാനത്തിൽ, പിയാഷെയുടെ പഠന സിദ്ധാന്തത്തിന്റെ പ്രസക്തി - എന്ന വിഷയത്തിൽ ഒരു കുറിപ്പുതയാറാക്കൂ.

## സാമൂഹികജ്ഞാനനിർമ്മിതിവാദം (Social Constructivism)

ഒന്നാം സെമസ്റ്ററിൽ നടത്തിയ *വികാസത്തെ സ്വാധീനിക്കുന്നത് പാരമ്പര്യമാണോ പരിസരമാണോ* എന്ന സംവാദത്തെക്കുറിച്ച് ഓർക്കുന്നില്ലേ. എന്തൊക്കെയായിരുന്നു അതിലെ പ്രധാന പ്രക്രിയകൾ?

- രണ്ട് ഗ്രൂപ്പുകളും അവരുടെ വാദഗതികൾ ഉന്നയിച്ചു.
- സ്വന്തം അനുഭവങ്ങളുടെയും സമൂഹത്തിൽ നിന്ന് ആർജിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ വാദങ്ങളെ ന്യായീകരിക്കുകയും പ്രതിവാദങ്ങൾ ഉന്നയിക്കുകയും ചെയ്തു.
- വാദങ്ങളെ ക്രോഡീകരിച്ച് നിഗമനങ്ങൾ രൂപീകരിച്ചു.
-
-

ഇവിടെ നടന്ന പഠനത്തിന്റെ പ്രത്യേകതയെന്ത്? എങ്ങനെയാണ് അറിവിന്റെ നിർമ്മിതി നടന്നത്? പിയാഷെയുടെ ജ്ഞാനനിർമ്മിതിവാദത്തിൽ നിന്ന് ഇത് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു? ക്ലാസ്സിൽ ചർച്ച ചെയ്യൂ.

എന്തെല്ലാം കാര്യങ്ങളാണ് ചർച്ചയിൽ ഉരുത്തിരിഞ്ഞത്?

- സംവാദാത്മകമായ രീതിയിലാണ് പഠനം നടന്നത്
- സാമൂഹിക സന്ദർഭങ്ങൾ അറിവിന്റെ നിർമ്മിതിയെ സഹായിച്ചു.
-
-

പഠനം പ്രധാനമായും ഒരു സാമൂഹികപ്രക്രിയ എന്ന ആശയത്തെ ആധാരമാക്കി രൂപപ്പെട്ട ഒരു സിദ്ധാന്തമാണ് സാമൂഹികജ്ഞാനനിർമ്മിതിവാദം.


1896-1934 വിഗോട്സ്കി

വിഗോട്സ്കി (Vygotsky) യുടെ ആശയങ്ങളുടെ അടിത്തറയിൽ രൂപപ്പെട്ട ചിന്താധാരയാണ് സാമൂഹിക ജ്ഞാനനിർമ്മിതിവാദം. പഠനം എന്നത് ഒരു സജീവ സാമൂഹിക - സാംസ്കാരിക പ്രക്രിയയാണ് എന്ന ആശയമാണ് വിഗോസ്കി മുന്നോട്ട് വക്കുന്നത്. കുട്ടി അറിവിന്റെ നിർമ്മാതാവാണ് എന്ന പിയാഷെയുടെ അഭിപ്രായത്തോട് യോജിക്കുമ്പോൾതന്നെ, പഠനം എന്നത് കേവലം വ്യക്തി പരവും ജീവശാസ്ത്രപരവുമായ പ്രക്രിയയാണ് എന്ന വാദത്തെ നിരാകരിക്കുകയും സാമൂഹികവും സാംസ്കാരികവുമായ ഇടപെടലുകൾക്ക് പഠനപ്രക്രിയയിൽ നിർണായകമായ സ്ഥാനമാണുള്ളത് എന്നും വിഗോട്സ്കി അഭിപ്രായപ്പെട്ടു. പഠനത്തിൽ സാമൂഹിക സാംസ്കാരിക ഘടകങ്ങൾക്ക് നൽകിയ പ്രാധാന്യം പരിഗണിച്ച് അദ്ദേഹത്തിന്റെ സിദ്ധാന്തത്തെ സാമൂഹിക സാംസ്കാരിക പഠനസിദ്ധാന്തം (Socio Cultural Learning Theory) എന്നും അഭിപ്രായപ്പെടുന്നു.

വൈഗോട്സ്കി മുന്നോട്ട് വക്കുന്ന ആശയങ്ങളിൽ പ്രധാനപ്പെട്ടതാണ് താഴെക്കൊടുത്തിരിക്കുന്നത്.

### പഠനം ഒരു സജീവ സാമൂഹ്യ സാംസ്കാരിക പ്രക്രിയ


മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്. കുടുംബം, വിദ്യാലയം, സാംസ്കാരിക സ്ഥാപനങ്ങൾ എന്നിങ്ങനെ ഒരു വ്യക്തി നിരന്തരം ഇടപഴകുന്ന സ്ഥാപനങ്ങൾ അവ ഉൾക്കൊള്ളുന്ന സാമൂഹിക സാഹചര്യം തുടങ്ങിയവയെല്ലാം അയാളുടെ വികാസത്തിൽ നിർണായകമായ സ്വാധീനം

ചെലുത്തുന്നു. മനുഷ്യൻ ജീവിക്കുന്നത് മുൻതലമുറകളിലൂടെ രൂപപ്പെട്ട സാമൂഹിക പരിസ്ഥിതിയിലാണ്. എല്ലാ ഉയർന്ന മനോവ്യാപാരങ്ങളും സമൂഹവുമായുള്ള ഇടപഴകലിന്റെ അനന്തരഫലങ്ങളാണ്. വ്യക്തിയും സമൂഹവും ഒരേസമയം ഉത്പാദകരും പ്രത്യുത്പാദകരുമാണ്. വ്യക്തി സമൂഹത്തെയും സമൂഹം വ്യക്തിയെയും സൃഷ്ടിക്കുകയും പുനഃസൃഷ്ടിക്കുകയും ചെയ്തു കൊണ്ടേയിരിക്കുന്നു. സമൂഹത്തിന്റെ ഓരോ പുതിയ സാഹചര്യവും പുതിയ പഠനാവശ്യങ്ങൾ ഉണ്ടാക്കുന്നു. അതനുസരിച്ച് പുതിയ സാംസ്കാരികോപകരണങ്ങൾ (Cultural Tools) വികസിപ്പിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നു.

സമൂഹത്തിൽ നടക്കുന്ന ഇത്തരം പഠനപ്രക്രിയയുടെ സാമൂഹികത കുട്ടിയെയും സ്വാധീനിക്കുന്നു. കുട്ടി സമൂഹവുമായി ജനനം മുതൽതന്നെ സംവദിച്ച് തുടങ്ങുന്നു. ഇത്തരം സാമൂഹിക ബന്ധങ്ങൾ കുട്ടിയുടെ എല്ലാ പ്രവർത്തനങ്ങളുടെയും അന്തർധാരയായി വർത്തിക്കുന്നു. എല്ലാത്തരം മനോവ്യാപാരങ്ങളും - ശ്രദ്ധ, യുക്തിചിന്ത, പ്രശ്നപരിഹരണം തുടങ്ങിയവയെല്ലാം സാമൂഹികവും സാംസ്കാരികവുമായ ഇടപെടലിലൂടെ വികസിച്ചവയാണ്. കൂടുതൽ അറിവുള്ളവരുമയി നടത്തുന്ന സഹകരണാത്മക സംവാദത്തിലൂടെയാണ് കുട്ടി മൂല്യങ്ങൾ മനോഭാവങ്ങൾ നൈപുണികൾ തുടങ്ങിയവ ആർജിക്കുന്നത്. കുട്ടി ഒരിക്കൽ ഇത്തരം സംവാദത്തിന്റെ സാങ്കേതികവശങ്ങൾ സ്വായത്തമാക്കിക്കഴിഞ്ഞാൽ ഭാഷ ഉപയോഗിച്ച് ഇത്തരം സംവാദങ്ങളിൽ തുടർന്നും ഏർപ്പെട്ടുകൊണ്ടിരിക്കും എന്ന് വിഗോട്സ്കി അഭിപ്രായപ്പെട്ടു.

### സമീപസ്ഥവികാസമണ്ഡലം (Zone of Proximal Development),
### കൈത്താങ്ങ് (Scaffolding)

വിഗോട്സ്കിയുടെ സുപ്രധാനമായ ഒരാശയമാണ് സമീപസ്ഥവികാസമണ്ഡലം. ഓരോരുത്തർക്കും നിലവിലുള്ള കഴിവിനനുസരിച്ച് സ്വപ്രയത്നത്താൽ എത്തിച്ചേരാവുന്ന ഒരു നിലയും (Current Ablity Level ) മറ്റുള്ളവരുടെ സഹായത്താൽ എത്തിച്ചേരാവുന്ന ഒരു ഉയർന്ന നിലയും (Potential Ablity Level) ഉണ്ട്. ഈ രണ്ട് നിലകൾക്കും ഇടയിലുള്ള മണ്ഡലത്തെയാണ് വികാസത്തിന്റെ സമീപസ്ഥമണ്ഡലം (Zone of Proximal Development എന്നു പറയുന്നത്.




ഓരോ കുട്ടിയിലും ഈരണ്ട് മണ്ഡലങ്ങളും പ്രകടമായതുകൊണ്ട് അവർക്ക് എത്തിച്ചേരാനുള്ള ഉയർന്ന നിലയിൽ എത്തിക്കുവാനാണ് ശ്രമിക്കേണ്ടത്. അതിൽ അധ്യാപകർ രക്ഷകർത്താക്കൾ, സഹപാഠികൾ, സമൂഹം തുടങ്ങിയവയുടെ റോൾ നിർണായകമാണ്. എല്ലാവർക്കും ZPD ഒരുപോലെയാകണമെന്നില്ല. ചിലർക്ക് മറ്റുള്ളവരെക്കാൾ വിപുലമായ വികസന മണ്ഡലമുണ്ടായിരിക്കും. ഓരോർത്തർക്കും അവരുടേതായ ഉയർന്ന നിലയിൽ എത്താൻ കഴിയുംവിധമുള്ള ഇടപെടലുകളാണ് അധ്യാപകന്റെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടത്. ആവശ്യംവേണ്ട സൂചനകൾ വിശദീകരണങ്ങൾ, ഉദാഹരണങ്ങൾ ചിന്തയെ നയിക്കാവുന്ന ചോദ്യങ്ങൾ, മാർഗനിർദ്ദേശങ്ങൾ തുടങ്ങിയവയിലൂടെയാണ് ഇത് സാധ്യമാകുന്നത്. കുട്ടിക്ക് സ്വാശ്രയപഠനം സാധ്യാമാകുന്നതുവരെ അധ്യാപകൻ കൈത്താങ്ങ് നൽകേണ്ടതുണ്ട്. ചുവടുറപ്പിച്ച് നിന്ന് പ്രവർത്തിക്കാൻ സഹായകമായ താൽക്കാലികമായ തട്ട് ഒരുക്കിക്കൊടുക്കലാണിത്. തനിയെനിന്ന് പ്രവർത്തിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് കുട്ടിക്ക് നൽകുന്ന സഹായത്തെ കൈത്താങ്ങ്(Scaffolding) എന്നാണ് വിഗോട്സ്കി വിശേഷിപ്പിച്ചത്. ഓരോ കുട്ടിയുടെയും ആവശ്യങ്ങൾ പരിഗണിച്ചായിരിക്കണം കൈത്താങ്ങ് നൽകേണ്ടത്.

കുട്ടിക്ക് പഠനത്തിൽ മുന്നോട്ട് പോകാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുമ്പോൾ അത് പരിഗണിക്കാൻ സഹായകമായ രീതിയിൽ അധ്യാപകൻ കൈത്താങ്ങ് നൽകണം. ചുരുക്കത്തിൽ കുട്ടിയുടെ പ്രശ്നങ്ങൾ പരിഗണിക്കുന്നതിനുള്ള ഒരു സാമൂഹ്യ ഇടപെടലാണ് കൈത്താങ്ങ്.

**അർഥപൂർണമായ സാമൂഹിക സന്ദർഭങ്ങൾ പഠനത്തെ ഫലപ്രദമാക്കുന്നു.**

കുട്ടി സമൂഹവുമായി ഇടപഴകിക്കൊണ്ട് അറിവ് നിർമ്മിക്കുന്നു എന്ന് നാം മനസിലാക്കിയല്ലോ! അതിനായി കുട്ടിക്ക് വെല്ലുവിളി ഉണർത്തുന്നതും സ്വാഭാവികവുമായ പഠന സന്ദർഭങ്ങൾ അധ്യാപകർ ഒരുക്കണം. അനുഭവപ്പെടുന്ന പ്രശ്നം പരിഹരിക്കാൻ നിലവിലുള്ള അറിവ് പര്യാപ്തമല്ലാതാകുമ്പോഴാണ് കുറെക്കൂടി ഉയർന്ന ജ്ഞാനം ആവശ്യമായിവരുന്നത്. ഈ അന്വേഷണം സ്വയം പ്രേരിതപഠനത്തിലേക്ക് കുട്ടിയെ നയിക്കുന്നു. കുട്ടിയുടെ നിലവാരത്തെക്കാൾ അൽപം ഉയർന്ന തലത്തിലുള്ള പ്രശ്നമാണെങ്കിൽ മാത്രമേ കുട്ടി അത് വെല്ലുവിളിയായി സ്വീകരിക്കുകയും തുടർന്ന് അത് അറിവിന്റെ നിർമ്മിതിയിലേക്ക് നയിക്കുകയും ചെയ്യുകയുള്ളൂ.

**സംവാദാത്മകത പഠനത്തെ ശക്തിപ്പെടുത്തുന്നു.**

പഠനം നടക്കുന്നത് സമൂഹവുമായുള്ള സംവാദത്തിലൂടെയാണ്. സംവാദം ജ്ഞാന ഘടനയിൽ അസന്തുലിതാവസ്ഥ സൃഷ്ടിക്കുന്നു. അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ അറിവിന്റെ നിർമ്മിതിക്ക് വഴിയൊരുക്കുന്നു. കുട്ടിയും കുട്ടിയും, കുട്ടിയും അധ്യാപകനും, കുട്ടിയും സമൂഹവും തമ്മിലുള്ള സംവാദങ്ങളെ പരിപോഷിപ്പിക്കുന്നതാവണം പഠനരീതി. വിഗോട്സ്കി നിർദ്ദേശിച്ചിരിക്കുന്ന പഠനരീതികളാണ് താഴെക്കൊടുത്തിരിക്കുന്നത്.

### സംഘപഠനം (Group Learning)

പഠനപ്രക്രിയയിൽ സമൂഹത്തെ സാമൂഹ്യ ജ്ഞാനനിർമിതിവാദം ഏറ്റവും പ്രാധാന്യത്തോടെ പരിഗണിക്കുന്നു. മറ്റുള്ളവരുടെ സഹായത്താലും സ്വാധീനത്താലും ആണ് മനുഷ്യൻ മുന്നേറിയത് എന്നു കാണാം. ജീവിതത്തിൽ അറിവ് രൂപപ്പെടുന്നതും പ്രസക്തമാകുന്നതും വിനിമയം ചെയ്യപ്പെടുന്നതും സാമൂഹ്യ സാഹചര്യത്തിലാണ്. അതിനാൽ പഠനസന്ദർഭങ്ങളെ സാമൂഹ്യവത്ക്കരിക്കാൻ ശ്രമിക്കേണ്ടതുണ്ട്. ക്ലാസ് സമൂഹത്തിന്റെ ഒരു പരിഛേദമായി കണക്കാക്കി അധ്യാപകൻ സംഘപഠനത്തിന് അവസരങ്ങൾ നൽകണം. മത്സരാധിഷ്ഠിതവും വ്യക്തികേന്ദ്രീകൃതവുമായി മാറിയ ഇന്നത്തെ സമൂഹത്തിൽ പഠനത്തെ ഏകാന്തമായ ഒരു പ്രക്രിയയായി മാറ്റുന്നത് ഏറെ ഗുണം ചെയ്യില്ല. ഞാൻ, എന്റെ എന്റേതുമാത്രം എന്നിങ്ങനെ ചിന്തിക്കുന്ന വർത്തമാനകാലത്ത് കാലഘട്ടത്തിന്റെ കൂടി ആവശ്യമാണ് സംഘപഠനം.

### സംവാദാത്മകപഠനം (Dialogical Learning)

ഉയർന്നതലത്തിലുള്ള പഠനം നടത്തുന്നതിനുള്ള ഒരു രീതിയാണ് സംവാദം (Dialogue). ഒരു ആശയത്തെയോ പഠനപ്രശ്നത്തെയോ കേന്ദ്രീകരിച്ച് രണ്ടോ അതിലധികമോ പേർ അന്യോന്യം ആദരവോടെ ആശയങ്ങൾ പങ്കുവയ്ക്കുന്ന രീതിക്കാണ് ഇവിടെ സംവാദം എന്ന പദം കൊണ്ടർഥമാക്കുന്നത്. ആശയങ്ങൾ ഉന്നയിക്കുകയും ചർച്ച ചെയ്യുകയും ന്യായീകരിക്കുകയും തെളിവുകൾ നിരത്തുകയുമൊക്കെ ഇതിൽ നടക്കും. ചോദ്യങ്ങൾ, വിയോജിപ്പുകൾ, വിരുദ്ധവീക്ഷണങ്ങൾ, കൂട്ടിച്ചേർക്കലുകൾ എന്നിവ അവതരിപ്പിക്കപ്പെടുന്നു. ഇതിലൂടെ ഫലപ്രദമായി നടപ്പിലാക്കപ്പെടുന്ന കൊടുക്കൽ-വാങ്ങൽ പ്രക്രിയകളിലൂടെ അറിവും വീക്ഷണവും കൂടുതൽ ആഴവും പരപ്പുമുള്ളതായി മാറുന്നു. സംവാദത്തിനു സാധ്യതയുള്ള പ്രവർത്തനങ്ങളായ ഗ്രൂപ്പുചർച്ച, പൊതുചർച്ച, പാനൽചർച്ച, സെമിനാർ, സിംപോസിയം, സംവാദം, ബ്രയിൻ സ്റ്റോമിങ്ങ് മുതലായവയെ സംവാദാത്മക പ്രവർത്തനങ്ങൾ എന്നും ചർച്ചാരൂപങ്ങൾ എന്നും വിളിക്കാറുണ്ട്. സംവാദത്തിന് കൂടുതൽ സാധ്യതയുള്ള പഠനകാഴ്ചപ്പാടിനെയാണ് സംവാദാത്മകപഠനം എന്നുപറയുന്നത്.

വിശാലമായ അർഥത്തിൽ ക്രിയാത്മകമായ വായനയെയും സംവാദം ആയി പരിഗണിക്കാം. വായിച്ച ആശയങ്ങളോട് നാം യോജിക്കുകയും വിയോജിക്കുകയും ചെയ്യുന്നു. സംശയങ്ങൾ രൂപപ്പെടുത്തി കൂടുതൽ അന്വേഷിക്കുകയും വിലയിരുത്തുകയും ചെയ്യുന്നു. എന്നാൽ സജീവതയും കൊടുക്കൽ-വാങ്ങലുകളും താരതമ്യേന കുറവായിരിക്കും.

വിഗോട്സ്കി, ബ്രൂണർ തുടങ്ങിയ സാമൂഹ്യജ്ഞാനനിർമിതിവാദക്കാർ സംവാദത്തിന് വളരെയേറെ പ്രാധാന്യം നൽകുന്നുണ്ട്. സഹവർത്തിതപഠനം, സഹകരണാത്മകപഠനം തുടങ്ങിയ കാഴ്ചപ്പാടുകളുടെ അടിസ്ഥാനം തന്നെ സംവാദത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകളാണ്.

### സഹവർത്തിതപഠനം (Collaborative Learning)

*താപീയ വികാസത്തെക്കുറിച്ച് പഠിപ്പിക്കുന്നതിനിടയിൽ ടീച്ചർ ഒരു ചോദ്യം ഉന്നയിച്ചു: "ചൂടാക്കുമ്പോൾ വസ്തുക്കൾക്ക് എന്തെങ്കിലും മാറ്റം സംഭവിക്കുന്നുണ്ടോ?"*

*കുട്ടികൾ "ഉണ്ട്" എന്ന് ഉത്തരം പറഞ്ഞു.*

*"ഉണ്ട് എന്നു പറഞ്ഞാൽ മാത്രംപോരാ. അതുതെളിയിക്കണം. എങ്ങനെയാണ് തെളിയിക്കുക? രണ്ടോ മൂന്നോ പരീക്ഷണത്തിലൂടെ തെളിയിക്കാമോ?" ടീച്ചർ സയൻസ് ലബോറട്ടറിയിലേക്കു ചൂണ്ടിക്കൊണ്ടു പറഞ്ഞു. "പരീക്ഷണത്തിനാവശ്യമായ വസ്തുക്കൾ അവിടെ ക്രമീകരിച്ചിട്ടുണ്ട്. അതിൽ നിന്ന് ഇഷ്ടമുള്ളത് തെരഞ്ഞെടുക്കാം".*

*കുട്ടികൾക്ക് ഒറ്റയ്ക്ക് ആലോചിക്കാൻ അല്പസമയം അനുവദിച്ചു. ഇടയ്ക്ക് അവർ സയൻസ് ലാബിൽ പോയി നോക്കി : പ്ലാസ്റ്റിക് കുപ്പികൾ, കടലാസുകൾ, ബലൂണുകൾ, വെള്ളം, കല്ലുകൾ, പ്ലാസ്റ്റിക് കൂടുകൾ, ചെമ്പുതകിടുകൾ, ടോർച്ച് സെൽ, മെഴുകുതിരി.... തുടങ്ങി നിരവധി വസ്തുക്കൾ.*

*കുട്ടികൾ അഞ്ചുപേരുടെ ഗ്രൂപ്പുകളായി ചർച്ച ചെയ്യാൻ തുടങ്ങി. തങ്ങളുടെ മനസ്സിലുള്ള ആശയങ്ങൾ ഓരോരുത്തരും അവതരിപ്പിച്ചു. ചിലർ മറ്റുള്ളവരുടെ അഭിപ്രായങ്ങളെ ഖണ്ഡിച്ചു. വാദപ്രതിവാദം നടന്നു. തങ്ങളുടെ അഭിപ്രായങ്ങളെ ന്യായീകരിക്കാൻ ഓരോരുത്തരും ശ്രമിച്ചു. ഒടുവിൽ അവർ ചില തീരുമാനങ്ങളിലെത്തി. അതിനെക്കുറിച്ച് കൂടുതൽ ചർച്ചചെയ്തു. തങ്ങൾ കണ്ടെത്തിയ പരീക്ഷണം എങ്ങനെ ചെയ്യണം? ചെയ്താൽ വിജയിക്കുമോ? സയൻസ് ലാബിൽ പോയി വസ്തുക്കൾ തെരഞ്ഞെടുത്ത് ഗ്രൂപ്പിൽ പരീക്ഷണം ചെയ്തു നോക്കി. വേണ്ട മാറ്റങ്ങൾ വരുത്തി. ഓരോ പരീക്ഷണത്തെക്കുറിച്ചും ചാർട്ടുപേപ്പറിൽ ഭംഗിയായി റിപ്പോർട്ട് എഴുതി. ഒരു കുട്ടി ആവശ്യമായ ചിത്രങ്ങൾ വരച്ചു. രണ്ടുപേർ ചേർന്ന് മറ്റു ഗ്രൂപ്പുകൾക്കു മുന്നിൽ അവതരിപ്പിച്ചു. ചിത്രങ്ങൾ വരച്ചു. ചോദ്യങ്ങൾക്കു മറുപടി നൽകി. ഓരോ ഗ്രൂപ്പിന്റെയും പരീക്ഷണത്തെ മറ്റു ഗ്രൂപ്പുകൾ വിലയിരുത്തി. മെച്ചപ്പെടുത്താനുള്ള നിർദേശങ്ങൾ മുന്നോട്ടുവച്ചു. തങ്ങൾ നേരത്തെ കണ്ടെത്തിയ പരീക്ഷണത്തെ ഒന്നുകൂടി മെച്ചപ്പെടുത്താനുള്ള ശ്രമത്തിൽ ഓരോ ഗ്രൂപ്പും മുഴുകി.*

സഹവർത്തിത പഠനത്തിനുള്ള ഒരു ഉദാഹരണമാണ് മുകളിൽ വിവരിച്ചത്. വ്യത്യസ്ത കഴിവുകളുള്ളവരും വ്യത്യസ്ത സാമൂഹ്യ ചുറ്റുപാടിൽ നിന്നു വരുന്നവരുമായ കുട്ടികൾ ഒരുമിക്കുകയാണ്. അവർക്കു മുന്നിൽ ഒരു പ്രശ്നമുണ്ട്. ചൂടാക്കുമ്പോൾ വസ്തുക്കൾക്ക് മാറ്റമുണ്ടാകുന്നു എന്ന് എങ്ങനെ തെളിയിക്കും? ഏതൊക്കെ പരീക്ഷണങ്ങളിലൂടെ?

ഈ പ്രശ്നം പരിഹരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് അവർ ഒത്തുകൂടുന്നത്. ഓരോരുത്തരുടെ മനസ്സിലും ഇതുമായി ബന്ധപ്പെട്ട ചില ആശയങ്ങൾ ഉണ്ട്. അവരത് പരസ്പരം

പങ്കുവയ്ക്കുന്നു. ഓരോരുത്തരുടെയും നിർദേശങ്ങളെ കീറിമുറിച്ച് പരിശോധിക്കുന്നു. ചിലത് സ്വീകരിക്കുന്നു. ചിലത് തിരസ്കരിക്കുന്നു. കൂട്ടിച്ചേർക്കലുകൾ നടത്തുന്നു. ചില തീരുമാനങ്ങളി ലെത്തിച്ചേരുന്നു. ഈ തീരുമാനങ്ങൾ വീണ്ടും പരിശോധിക്കുന്നു. പരീക്ഷിച്ചു നോക്കുന്നു. മാറ്റങ്ങൾ വരുത്തുന്നു. രൂപകല്പന ചെയ്ത പരീക്ഷണങ്ങൾ കൂടുതൽ കൃത്യമാക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ പരസ്പരം പങ്കുവച്ചും സംവദിച്ചും ഓരോ കുട്ടിയും വികാസത്തിന്റെ ആദ്യത്തെ തലത്തിലേക്ക് കടക്കുന്നു.

**സഹവർത്തിത പഠനത്തിന്റെ സവിശേഷതകൾ ഇങ്ങനെ ക്രോഡീകരിക്കാം.**

- ഗ്രൂപ്പിന് പൊതുവായ ഒരു പഠനലക്ഷ്യം ഉണ്ടായിരിക്കും.
- ഭിന്നനിലവാരത്തിലും സാമൂഹ്യ പാശ്ചാത്തലത്തിലുമുള്ള കുട്ടികളായിരിക്കണം ഗ്രൂപ്പിലെ അംഗങ്ങൾ
- പ്രശ്നം പരിഹരിക്കാനുള്ള ശ്രമത്തിൽ ഓരോ കുട്ടിയും സ്വയം പഠിക്കുകയും മറ്റംഗങ്ങളുടെ പഠനത്തെ സഹായിക്കുകയും ചെയ്യുന്നു.
- പരസ്പരം പങ്കുവച്ചും സംവദിച്ചും ധാരണകൾ മെച്ചപ്പെടുത്തിയും അറിവു നിർമിക്കുന്നു.
- പഠനപ്രക്രിയയുടെ ഓരോ ഘട്ടത്തിലും ടീച്ചർ ആവശ്യമായ കൈത്താങ്ങ് നൽകുന്നു.
- ഒന്നിലധികം ആളുകളുടെ കാഴ്ചപ്പാടുകൾ, അനുഭവങ്ങൾ, ആലോചനാരീതികൾ, പരിഹരണ തന്ത്രങ്ങൾ എന്നിവയുമായി തട്ടിച്ചുനോക്കാനും തന്റേതിൽ വരുത്തേണ്ടുന്ന മാറ്റങ്ങളെക്കുറിച്ച് തിരിച്ചറിവ് ലഭിക്കാനും അത് കുട്ടിക്ക് അവസരം നൽകുന്നു.
- ചിന്തിക്കാനും വിശകലനം ചെയ്യാനുമുള്ള കുട്ടിയുടെ കഴിവിന് മൂർച്ചയേറുന്നു.
- കുട്ടിയുടെ സ്വയം വിലയിരുത്താനുള്ള കഴിവും കൂടുതൽ മെച്ചപ്പെടുത്താനുള്ള ആഗ്രഹവും പുഷ്ടിപ്പെടുന്നു.
- ഭിന്നാത്മക ഗ്രൂപ്പിൽ പ്രവർത്തിക്കുന്നതിലൂടെ വ്യത്യസ്ത സാമൂഹിക സാഹചര്യങ്ങളിൽ നിന്ന് വരുന്ന സഹപാഠികളോട് കൂടുതൽ ആരോഗ്യകരമായ മനോഭാവം വളർന്നുവരുന്നു.
- മറ്റുള്ളവരുടെ വികാരവിചാരങ്ങളും താത്പര്യങ്ങളും മനസ്സിലാക്കാനും അവ പരിഗ ണിച്ചു കൊണ്ട് അഭിലഷണീയമായ രീതിയിൽ പ്രതികരിക്കാനും പ്രാപ്തമാക്കുന്ന വ്യക്ത്യാന്തര ബുദ്ധിയുടെ (inter personal intelligence) വികാസം സാധ്യമാകുന്നു.

## പ്രതിക്രിയാധ്യാപനം (Reciprocal Teaching)

കുട്ടികൾക്ക് വായനാപരിശീലനം നൽകുന്നതിനുവേണ്ടി വൈഗോട്സ്കിയുടെ ആശയങ്ങളുടെ പിൻബലത്തോടെ രൂപീകരിച്ച രീതിയാണ് പ്രതിക്രിയാധ്യാപനം (Reciprocal teaching) ഈ തന്ത്രം ഇതര വിഷയങ്ങളിലും ഫലപ്രദമാണെന്ന് അവർ അഭിപ്രായപ്പെടുന്നു. ഒരു സഹപഠന സംഘം രൂപീകരിക്കുകയും അധ്യാപകനോ ധാരണനിലവാരത്തിൽ മുന്നോക്കക്കാരായ കുട്ടി കൾ തന്നെയോ ഗ്രൂപ്പിന് നേതൃത്വം നൽകുകയും ചെയ്യുന്നു. നാലുഘട്ടങ്ങളാണ് ഇതിൽ ഉൾപ്പെ ടുന്നത്. ചോദ്യം ചോദിക്കൽ (Questioning), സംഗ്രഹിക്കൽ (Summarising), വിശദീകരി ക്കൽ (Explaining ), പ്രവചിക്കൽ (Predicating), എന്നിവയാണ് ആ നാല് ഘട്ടങ്ങൾ.

## പ്രവർത്തനം

*മുകളിൽ കൊടുത്തിരിക്കുന്ന ഉള്ളടക്കഭാഗം വായിച്ചതിന്റെയും മറ്റ് ആധികാരിക ഗ്രന്ഥങ്ങൾ റഫർ ചെയ്തതിന്റെയും അടിസ്ഥാനത്തിൽ വിഗോട്സ്കിയുടെ പ്രധാന ആശയങ്ങൾ ക്രോഡീകരിക്കൂ.*

- *കുട്ടികൾ അവരുടേതായ അറിവുകൾ സൃഷ്ടിച്ചെടുക്കുകയാണ്.*
- *പഠനകാര്യങ്ങളിൽ പഠിതാവ് സ്വയം തീരുമാനങ്ങൾ എടുക്കണം (learner autonomy)*
- *പഠനത്തിൽ അധ്യാപകന് പ്രധാനപങ്കാണ് ഉള്ളത്. ഒരു മധ്യസ്ഥൻ (Mediater) എന്ന നിലയിൽ പ്രവർത്തിക്കണം.*
- *പഠനവും, വികാസവും സാമൂഹികവും സാംസ്കാരികവുമായ ഇടപഴകലിലൂടെ നടക്കുന്നു.*
- *സഹായത്തോടെയുള്ള കണ്ടെത്തൽ പഠനത്തിന് അവസരമൊരുക്കണം.*
- *അധ്യാപകൻ ആവശ്യമായ സന്ദർഭങ്ങളിൽ കൈത്താങ്ങ് നൽകുകയും ക്രമേണ കുട്ടിയെ സ്വതന്ത്രപഠനത്തിലേക്ക് നയിക്കുകയുംവേണം.*
- 
- 
- 

## പ്രവർത്തനം

*അധ്യാപകൻ പ്രൈമറിക്ലാസിലെ ഒരു പാഠഭാഗം വിനിമയം ചെയ്യുന്നത് നിരീക്ഷിച്ച് അതിൽ സാമൂഹ്യജ്ഞാന നിർമ്മിതിവാദത്തിന്റെ സാധ്യതകൾ എത്രത്തോളം പ്രതിഫലിച്ചിട്ടുണ്ടെന്ന് കണ്ടെത്തുക. (പഠിതാവ്, അധ്യാപകൻ, പഠനപ്രക്രിയ, പഠനാന്തരീക്ഷം, വിലയിരുത്തൽ എന്നിവയുടെ റോൾ വ്യക്തമാക്കണം) നിരീക്ഷണക്കുറിപ്പ് മനഃശ്ശാസ്ത്ര ഡയറിൽ രേഖപ്പെടുത്തുക. ഇതിന്റെ അടിസ്ഥാനത്തിൽ മറ്റൊരുപാഠഭാഗമെടുത്ത് സാമൂഹ്യജ്ഞാന നിർമ്മിതിയിലൂന്നി പാഠാസൂത്രണം തയാറാക്കുക. S3 ഇന്റേൺഷിപ്പ് സമയത്ത് ട്രൈ ഔട്ട് നടത്തുക.*

## ജ്ഞാന നിർമ്മിതിയെ സഹായിക്കുന്ന പ്രക്രിയകൾ – ക്ലാസ്സ് റൂം സാധ്യതകൾ

### പഠിതാവ് പഠനത്തിന്റെ ചുമതലക്കാരൻ (Learner Autonomy)

പാരമ്പരാഗത പഠനസമ്പ്രദായങ്ങളിൽ നിന്നും വ്യത്യസ്തമായി പഠനപ്രക്രിയയുടെ എല്ലാ മേഖലകളുടേയും ഉത്തരവാദിത്വവും തീരുമാനം എടുക്കുവാനുള്ള ചുമതലയും ഇവിടെ പഠിതാവിൽ നിക്ഷിപ്തമാണ്.

അതായത്:

- പഠനലക്ഷ്യങ്ങൾ തീരുമാനിക്കുക
- ഉള്ളടക്കത്തെ വിശകലനം ചെയ്ത് അനുയോജ്യമായ പഠനരീതി, പഠനതന്ത്രങ്ങൾ എന്നിവ തീരുമാനിക്കുക.

- പഠനത്തെ വിലയിരുത്തുക, പഠനനേട്ടങ്ങൾ
- കൈവരിക്കുവാൻ കഴിഞ്ഞോ എന്ന് പരിശോധിക്കുക.

തുടങ്ങിയ കാര്യങ്ങൾ നടത്തേണ്ട ചുമതല പഠിതാവിനാണ്.

> *''Learner Autonomy is the ablity to take charge of one's learning''*
>
> *- Henri Holec (1981)*

പഠനപ്രക്രിയയുടെ ചുമതലക്കാരനായി പഠിതാവ് മാറുമ്പോൾ പഠിതാവിന് ഉയർന്ന തലത്തിലുള്ള സ്വാതന്ത്ര്യം ലഭിക്കുന്നുവെങ്കിലും അത് വ്യവസ്ഥകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമാണ്.

## ലേണർ ഓട്ടോണമി: – മനശ്ശാസ്ത്ര അടിത്തറ

അനുഭവാധിഷ്ഠിത പഠനത്തിന്റെയും മാനവികതാവാദത്തിന്റെയും ആശയങ്ങളുടെ സ്വാധീനം ഇവിടെ കണ്ടെത്താൻ കഴിയും.

പഠനപ്രക്രിയയുടെ കേന്ദ്രസ്ഥാനം പഠിതാവിന് നൽകുന്നതിലും ചുറ്റുപാടുകളിൽ നിന്നുള്ള വ്യക്തിഗത അനുഭവങ്ങൾക്ക് പ്രാധാന്യം നൽകുന്നതിലും അനുഭവാധിഷ്ഠിത പഠനത്തിന്റെ (Experiential Learning) സ്വാധീനം ദർശിക്കുവാൻ കഴിയും.

പഠിതാവിന്റെ വ്യക്തിഗത വളർച്ച, പഠിതാവിന്റെ കഴിവുകൾ, താൽപ്പര്യങ്ങൾ, സവിശേഷമായ ആവശ്യങ്ങൾക്ക് നൽകുന്ന പ്രാധാന്യം എന്നിവ മാനവികതാവാദ കാഴ്ച്ചപ്പാടുകളുടെ ചുവട് പിടിച്ചുകൊണ്ടാണ്.

> *ലേണർ ഓട്ടോണമി, സൃഷ്ടിക്കുന്നതിൽ അധ്യാപകന്റെ റോൾ എന്താണ്? ചർച്ച ചെയ്ത് കണ്ടെത്തൂ.*

## അനുഭവാധിഷ്ഠിതപഠനം (Experiential Learning)

അനുഭവമാണ് ഏറ്റവും മികച്ച അധ്യാപകൻ എന്നു പറയാറുണ്ടല്ലോ, എന്താണ് ഇതിന്റെ അർഥം? നിങ്ങൾ ഇതിനോട് യോജിക്കുന്നുണ്ടോ? നിങ്ങളുടെ ചിന്തകൾ ക്ലാസിൽ പങ്ക് വയ്ക്കൂ. പഠനം അനുഭവാധിഷ്ഠിതമാകണം എന്ന ആശയത്തോട് യോജിക്കുന്ന ഏതെല്ലാം പഠനസിദ്ധാന്തങ്ങൾ നിങ്ങൾ ഇതുവരെ ചർച്ച ചെയ്തു എന്ന് കണ്ടെത്തി ലിസ്റ്റ് ചെയ്യൂ.


> *സാമൂഹ്യപഠന സിദ്ധാന്തം – ബന്ദുര.*
>
> *സാമൂഹ്യജ്ഞാന നിർമ്മിതിവാദം – വൈഗോഡ്സ്കി*
>
> – – – – – – – – – – – – – – – – – – – – – – – – – – – –
>
> – – – – – – – – – – – – – – – – – – – – – – – – – – – – –

## എന്താണ് അനുഭവാധിഷ്ഠിത പഠനം? (Experiential Learning)

അനുഭവങ്ങളിലൂടെയുള്ള പഠനം തന്നെയാണിത്. അനുഭവാധിഷ്ഠിത പഠനം, പഠിതാവിനെ അനുഭവങ്ങളിലേക്ക് ആഴ്ത്തുകയും പഠിതാവിലുണ്ടാകുന്ന പ്രതിഫലനങ്ങളെ പുതിയ നൈപുണ്യങ്ങളും മനോഭാവങ്ങളും ചിന്താരീതിയും രൂപപ്പെടാൻ ഉതകുന്ന രീതിയിൽ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

അനുഭവങ്ങളുടെ പരിവർത്തനത്തിലൂടെ അറിവ് ഉളവാക്കുന്ന പ്രക്രിയയാണ് പഠനം - David A Kolb (1984)

കോൾബിന്റെ അനുഭവാധിഷ്ഠിത പഠനത്തിൽ 4 സുപ്രധാന ഘട്ടങ്ങൾ ഉണ്ട്. ഈ ഘട്ടങ്ങളെ അനുഭവാധിഷ്ഠിത പഠനചക്രം (Experiential Learning Cycle) ആയി ചിത്രീകരിക്കാം.




*മൂർത്താനുഭവങ്ങൾ (Concrete Experience) വ്യക്തിഗത/സംഘപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു*

*പ്രതിഫലനാത്മക നിരീക്ഷണം (Reflective Observation) ചെയ്തതും ചെയ്യാൻ ശ്രമിച്ചതുമായ കാര്യങ്ങൾ വീണ്ടും അവലോകനം ചെയ്യുന്നു.*

*അമൂർത്തമായ ആശയരൂപീകരണം (Abstract Conceptualisation) പ്രവർത്തന ഫലത്തിന്റെ വ്യാഖ്യാനവും വിശദീകരണവും. വ്യക്തിയുടെ ധാരണയും മൂല്യങ്ങളും വിശ്വാസങ്ങളും ഈ വിശദീകരണത്തെ സ്വാധീനിക്കുന്നു.*

*സജീവ പരീക്ഷണം (Active Experientation) ഗ്രഹിച്ച കാര്യങ്ങളിൽ കൂടുതൽ അവഗാഹം നേടുന്നു. സംഭാവ്യത പ്രവചിക്കാനും ചെയ്ത കാര്യങ്ങൾ മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ രൂപീകരിക്കാനും സാധിക്കുന്നു.*

*ക്ലാസ് മുറിയിൽ അനുഭവാധിഷ്ഠിത പഠനപ്രവർത്തനങ്ങൾ ഒരുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ*

- *ഉള്ളടക്കവും പ്രക്രിയകളും യോജിപ്പുള്ളതാവണം.*
- *പഠിതാക്കൾക്ക് സ്വയം കണ്ടെത്തലുകൾ നടത്താൻ അന്തരീക്ഷം ഒരുക്കണം. അനാവശ്യനിയന്ത്രണങ്ങൾ അരുത്.*
- *പഠനപ്രവർത്തനത്തെ സംബന്ധിച്ച് പഠിതാവിന് വ്യക്തമായ ധാരണയുണ്ടാവണം.*
- *പഠനാശയം കുട്ടിയുടെ പ്രകൃതത്തിനും പ്രായത്തിനും ഇണങ്ങുന്നതാവണം.*
- *പഠിതാവിന് പഠനാശയത്തെയും പഠനപ്രവർത്തനത്തേയും തന്റെ ചുറ്റുപാടുമായി ബന്ധിപ്പിക്കുവാൻ കഴിയണം.*
- *പഠിതാക്കളുടെ പൂർണ്ണ സമർപ്പണം ഉറപ്പ് വരുത്തണം.*
- *പഠിതാവിന്റെ നിയന്ത്രണത്തിലാണ് പഠനപ്രക്രിയ നടത്തേണ്ടത്.*
- *പഠിതാക്കൾ തമ്മിലും പഠിതാക്കളും അധ്യാപകനും തമ്മിലും മികച്ച ഇടപാടുകൾ ഉണ്ടാവണം.*
- *പഠിതാക്കൾക്ക് അവരുടെ പഠനാനുഭവങ്ങളെ പ്രതിഫലനം നടത്താൻ (reflection) അവസരം നൽകണം*

**പ്രവർത്തനം:**

*അനുഭവാധിഷ്ഠിത പഠനരീതി പരമ്പരാഗത പഠനരീതികളിൽ നിന്നും എങ്ങനെ വ്യത്യസ്തമാകുന്നു. ചർച്ച ചെയ്ത് കണ്ടെത്തൂ.*

*അനുഭവാധിഷ്ഠിത പഠനരീതികളെ പൊതുവെ രണ്ടായി തിരിക്കാം. ഈ രണ്ട് വിഭാഗങ്ങളിലും കൂട്ടിച്ചേർക്കലുകൾ നടത്തൂ.*

**അനുഭവാധിഷ്ഠിത പഠനരീതികൾ**

ക്ലാസ്റൂം അധിഷ്ഠിത പഠനരീതികൾ

- റോൾ പ്ലേ
- കേസ് സ്റ്റഡികൾ
- സിമുലേഷൻ
- കളികൾ
- സഹവർത്തിതപഠനം
- 
- 

ഫീൽഡ് അധിഷ്ഠിത പഠനരീതികൾ

- ഇന്റേൺഷിപ്പ്
- പ്രായോഗികാനുഭവങ്ങൾ നേടൽ
- സേവനപഠനം (Service Learning)
- 
- 
- 
- 

## Cognitive Negotibility

പഠിതാവ് തന്റെ യഥാർഥ അനുഭങ്ങളുടെ വെളിച്ചത്തിൽ അറിവ് നിർമ്മിച്ചെടുക്കുന്നതിനെ യാണ് കോഗ്നീറ്റിവ് നെഗോഷ്യബിലിറ്റി പ്രതിപാദിക്കുന്നത്. അറിവ് ബൗദ്ധികമായ കൊടു ക്കൽ വാങ്ങലുകളിലൂടെ വിപുലപ്പെടുന്നതാണ്. യഥാർത്ഥ ജീവിത സാഹചര്യങ്ങളിൽ അനുഭ വാധിഷ്ഠിതമായി പഠനം നടക്കുന്നത് അറിവിനെ അർത്ഥപൂർണ്ണമാക്കുന്നു.

### പ്രവർത്തനം

*ജ്ഞാന നിർമ്മിതിയെ സഹായിക്കുന്ന ചില പ്രക്രിയകളാണ് നിങ്ങൾ ഇവിടെ പരിചയ പ്പെട്ടത്. വ്യവഹാരവാദികളുടെ പഠന സങ്കൽപ്പങ്ങളുമായി ഈ ആശയങ്ങളെ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കൂ.*

## Situated Learning

*ബ്രസീലിലെ തെരുവു കച്ചവടക്കാർക്കിടയിൽ നടത്തിയ ഒരു പഠനം ശ്രദ്ധിക്കുക.*

*കച്ചവടക്കാർ തെരുവിൽ വളരെ വേഗത്തിൽ കച്ചവടവുമായി ബന്ധപ്പെട്ട കണക്കു കൂട്ടലുകൾ കൃത്യമായി നടത്തുന്നു. എന്നാൽ ഇതേ കണക്കുകൾ ക്ലാസ്സ്മുറിയിൽ ഇട്ടു കൊടുത്തപ്പോൾ അവർക്ക് ചെയ്യാനായതുമില്ല (Carraher and Schliemann 1985)*

എന്തായിരിക്കും ഈ വൈരുധ്യത്തിന് കാരണം?

അറിവ്, അത് ഉരുത്തിരിഞ്ഞുവരുന്ന സാമൂഹ്യ സന്ദർഭങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ടിരി ക്കുന്നു എന്ന വാദത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ?

ജോൺ ഡ്യൂയിയുടേയും വൈഗോട്സ്ക്കിയുടേയും കാഴ്ചപ്പാടുകളിൽ നിന്ന് ഊർജ്ജം ഉൾക്കൊണ്ട് ജീൻ ലേവ് (Jean Lave - 1968 - -) എറ്റീൻ വെംഗർ (Etienne Wenger - 1952 - - ) തുടങ്ങിയവർ 1990 കളുടെ തുടക്കത്തിൽ ആവിഷ്കരിച്ച പഠന സങ്കല്പമാണ് സിറ്റ്വേറ്റഡ് ലേണിങ് (Situated learning) പഠനവും അത് സാധ്യാമാക്കുന്ന സാമൂഹ്യ സാഹചര്യവും തമ്മിൽ വേർതി രിക്കനാവില്ല എന്ന ആശയത്തിലാണ് ഈ സങ്കല്പത്തിന്റെ അടിത്തറ.

ഏതുതരം സാമൂഹ്യ ബന്ധങ്ങളും ഇടപെടലുകളുമാണ് സ്വാഭവിക പഠനം നടക്കുന്ന സാഹ ചര്യം സൃഷ്ടിക്കുന്നത് എന്ന് കണ്ടെത്തി അതേഘടകങ്ങൾ ഉറപ്പു വരുത്തി അതേ സാഹചര്യം സൃഷ്ടിച്ച് പഠനം സാധ്യമാക്കുന്ന രീതിയാണ് situated learning.

**Cognitive Apprenticeship** (ജ്ഞാനാത്മക പരിശീലന പ്രക്രിയാ മാതൃക) എന്നതും ഇതോ ടൊപ്പം ചേർത്ത് വിശകലനം ചെയ്യാവുന്ന ആശയമാണ്. കുടുതൽ വൈദഗ്ദ്യമുള്ള ഒരാളുടെ കീഴിൽ നിന്നു കൊണ്ട് ഒരു പഠിതാവ് ചിന്താ നൈപുണിയിലുടെയും അതീത ചിന്താ നൈപു ണിയിലൂടെയും പരിശീലനം നേടുന്ന പ്രക്രിയയാണിത്.

സോദാഹരണ മാതൃകകളും (demonstration) കൈത്താങ്ങും (scaffolding) ആണ് ഇതിലെ പ്രധാന പ്രക്രിയകൾ. ഔപചാരികമോ അനൗപചാരികമോ ആയരീതിയിൽ ഒരു വ്യക്തിക്കോ കൂട്ട ത്തിനോ ഈ പ്രക്രിയയിലൂടെ പഠനം നടത്താം. വ്യക്തിപരമായ അപഗ്രഥനവും നിലനിർത്ത ലും ഇതിന്റെ പ്രക്രിയയുടെ ഭാഗമാണ്. പഠിതാവിന് സ്വയം നേടാവുന്ന നൈപുണിതലത്തിൽ നിന്നും എത്തിച്ചേരാവുന്ന നൈപുണിതലത്തിലേയ്ക്കെത്താനുള്ള കൈത്താങ്ങാണ് ഈ പരി ശീലന പ്രക്രിയയിലൂടെ ലഭിക്കുന്നത്. ഇതും വൈഗോട്സികിയൻ സാമൂഹ്യ ജ്ഞാനനിർമ്മിതി

വാദത്തിന്റെ അടിസ്ഥാനത്തിൽ നിലനിൽക്കുന്ന പഠന സങ്കല്പമാണ്. അച്ഛൻ മകനെ ഷൂ ഇടാനും അതിന്റെ ചരട് കെട്ടാനും പരിശീലിപ്പിക്കുന്നതു പോലെതന്നെയാണ് ഇതിന്റെ മാതൃക. വൊക്കേഷണൽ വിദ്യാഭ്യാസം (ഇലക്ട്രിക്കൽ പ്ലംബിങ്, ജേർണലിസം മുതലായവ) ഈ ആശയവുമായി ബന്ധപ്പെട്ടു നിൽക്കുന്നു.

ഈ രീതി പൊതുവെ മാതൃക നൽകൽ (Modelling), കൈത്താങ്ങ് നൽകിയുള്ള തീവ്ര പരിശീലനം (Coaching), പ്രതിഫലനം (Reffection), അപഗ്രഥനവും നില നിർണയവും (Analysis and Assessment), സ്വയം കണ്ടെത്തൽ (Exploration) എന്നീ പ്രക്രിയാ ഘട്ടങ്ങളിലൂടെ കടന്നു പോവുന്നു.

### പ്രവർത്തനം

*അധ്യാപക വിദ്യാർത്ഥികളുടെ സ്കൂൾ അനുഭവപരിപാടി (School Internship Programme), മെന്ററിങ് തുടങ്ങിയ ആശയങ്ങൾക്ക് ഈ സ്കല്പവുമായി എന്തെങ്കിലും ബന്ധമുണ്ടോ? ക്ലാസ്സിൽ ചർച്ച ചെയ്യു നോട്ടുബുക്കിൽ കുറിക്കൂ.*

## അതീത ചിന്ത (Meta Cognition)

ചിന്താ പ്രക്രിയയെക്കുറിച്ചുള്ള ചിന്ത എന്നാണ് അതീത ചിന്തയെ വിശേഷിപ്പിക്കുന്നത്. ജോൺ എച്ച് ഫ്ലേവൽ (John H Flavell - 1928 - -) ആണ് അതീത ചിന്ത എന്ന ആശയം മുന്നോട്ട് വച്ചത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ അതീത ചിന്ത എന്നാൽ ജ്ഞാനാർജനത്തെക്കുറിച്ചുള്ള വ്യക്തിയുടെ സ്വയം ചിന്തനം മാത്രമല്ല, മറിച്ച് ക്രമപ്പെടുത്തൽ, വിലയിരുത്തൽ, മെച്ചപ്പെടുത്തൽ തുടങ്ങിയ പ്രക്രിയകളിലൂടെ ഈ ജ്ഞാനാർജന പ്രക്രിയയെ നിയന്ത്രിക്കൽ കൂടിയാണ്.

*ചിന്തയുടെ വിലയിരുത്തലും നിയന്ത്രണവുമാണ് അതീതചിന്ത - മാർട്ടിനെസ് (Martinez)*

### അതീത ചിന്ത സവിശേഷതകളും പ്രാധാന്യവും

താൻ എങ്ങനെ അറിവ് നേടുന്നു എന്നതിനെക്കുറിച്ചും ആ പ്രക്രിയയെ എങ്ങനെ നിയന്ത്രിക്കാം എന്നതിനെക്കുറിച്ചുമുള്ള ധാരണയായതുകൊണ്ട് അതീത ചിന്ത എന്നത് ഒരു ഉയർന്ന ചിന്താശേഷിയാണ്. ചിന്തയെ വിലയിരുത്തലും ആവശ്യമെങ്കിൽ അറിവുനേടുന്ന രീതികളിൽ മാറ്റം വരുത്തലും ഇതിന്റെ ഭാഗമാണ്.

പഠനത്തിന്റെ ഫലപ്രാപ്തിയെ സ്വാധീനിക്കുന്ന ലക്ഷ്യനിർണ്ണയം, സമയത്തിന്റെ ഫലപ്രദമായ ഉപയോഗം, സ്വയം വിലയിരുത്തൽ, സ്വയം പ്രചോദനം തുടങ്ങിയവ എല്ലാം ഇതിൽ ഉൾപ്പെടുന്നു.

#### അതീത ചിന്താ പ്രക്രിയയുടെ തലങ്ങൾ

അതീത ചിന്താ പ്രക്രിയക്ക് പൊതുവെ മൂന്ന് തലങ്ങളാണ് ഉള്ളത്

**1. ധാരണ**

പരിഹരിക്കാൻ ഉദ്ദേശിക്കുന്ന പഠനപ്രശ്നത്തെക്കുറിച്ചും അത് പരിഹരിക്കാനുള്ള തന്റെ കഴിവിനെക്കുറിച്ചും വിവരശേഖരണ സ്രോതസ്സുകളെക്കുറിച്ചുമൊക്കെ ഈ ഘട്ടത്തിൽ ധാരണ രൂപീകരിക്കുന്നു.

പ്രശ്നത്തെക്കുറിച്ച് സമഗ്രമായ ധാരണ രൂപീകരിക്കാൻ സ്വയം ചോദിക്കാവുന്ന ചോദ്യങ്ങൾ

- ഈ പഠനപ്രശ്നത്തെക്കുറിച്ച്എനിക്ക് ഇപ്പോൾ എത്രത്തോളം ധാരണയുണ്ട്?
- സമാനമായ പ്രശ്നങ്ങൾ മുമ്പ് എങ്ങനെയാണ് പരിഹരിച്ചത്?
- എന്റെ ഇപ്പോഴത്തെ പഠനലക്ഷ്യം എന്താണ്?
- ഈ പഠനപ്രശ്നം പരിഹരിക്കാൻ ലഭ്യമായ പഠന സാമഗ്രികൾ എന്തൊക്കെയാണ്?
- എന്റെ പ്രകടനം എങ്ങനെയാണ് വിലയിരുത്തപ്പെടുക?
- ഈ പ്രവർത്തനം ഏറ്റെടുക്കാൻ ഞാൻ എത്രത്തോളം പ്രചോദിതനാണ്.

**2. ആസൂത്രണം**

തന്റെ മുന്നിലുള്ള പഠനപ്രശ്നം പരിഹരിക്കുന്നതിന് തനിക്ക് ആവശ്യമായ സമയം തിട്ടപ്പെടുത്താൻ ചെയ്യേണ്ട കാര്യങ്ങളുടെ മുൻഗണനാക്രമം തീരുമാനിച്ച് ചെക്ക്ലിസ്റ്റ് തയാറാക്കൽ, ആവശ്യമായ സാമഗ്രികൾ ഒരുക്കൽ, പ്രവർത്തനങ്ങളുടെ രൂപരേഖ തയാറാക്കൽ എന്നിവ ആസൂത്രണത്തിൽ ഉൾപ്പെടുന്നു.

**വിലയിരുത്തൽ**

സ്വയം ചോദിക്കുന്ന ചോദ്യങ്ങളിലൂടെയും ആത്മപരിശോധനയിലൂടെയും പഠനപ്രക്രിയയെ നിരന്തരവിലയിരുത്തലിന് വിധേയമാക്കുക. പഠനപ്രക്രിയയിൽ ഉടനീളം ജാഗ്രതയും പ്രചോദനവും നിലനിർത്തുക, പ്രതിപുഷ്ടീകരണം (Feedback) നടത്തുക എന്നിവ വിലയിരുത്തലിന് സഹായകമാണ്.

**അതീത ചിന്ത – ക്ലാസ്സ്റൂം പ്രസക്തി**

പഠനപ്രക്രിയയിലുള്ള മികവുകളും പോരായ്മകളും വിലയിരുത്തി പഠനരീതികളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ അതീത ചിന്ത പഠിതാക്കളെ സഹായിക്കുന്നു.

- പഠനപ്രക്രിയയിൽ പഠിതാവിന്റെ നിയന്ത്രണം മെച്ചപ്പെടുന്നു.
- ഓരോ പഠിതാവിന്റെയും അറിവ് നിർമ്മാണ പ്രക്രിയ സവിശേഷമാണ് എന്ന തിരിച്ചറിവ് അധ്യാപകന് ലഭിക്കുന്നു.
- അതീത ചിന്തയുടെ അടിത്തറ ശക്തമാകുമ്പോൾ കുട്ടി സ്വതന്ത്രനായ പ്രശ്നപരിഹാരകൻ ആയി വികസിക്കുന്നു.
- പഠിതാവിന്റെ ആത്മവിശ്വാസം വർദ്ധിക്കുന്നു.
- 
- 

അതീതചിന്ത പ്രോത്സാഹിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ

- സ്വയം ചോദ്യങ്ങൾ ചോദിക്കൽ (Self questioning)
- ഉറക്കെ ചിന്തിക്കൽ (Think aloud)
- ആശയങ്ങളുടേയും ചിന്തകളുടേയും ചിത്രീകരണം

  ഉദാ:- ആശയചിത്രീകരണം (Concept map) ഫ്ളോ ചാർട്ട് തയാറാക്കൽ

**പ്രവർത്തനം:**

*ജ്ഞാനനിർമ്മിതിയെ സഹായിക്കുന്ന പ്രക്രിയകളെ അടിസ്ഥാനമാക്കി ആശയചിത്രീകരണം (Concept map) തയാറാക്കുക.*

## ആശയ ചിത്രീകരണം എന്ന സങ്കേതം

**ജോസഫ് ഡി. നൊവാക് (Joseph. D. Novac)** ആണ് ആശയ ചിത്രീകരണം എന്ന ആശയം വികസിപ്പിച്ചത്.



1932 ൽ അമേരിക്കയിൽ ജനിച്ചു. കോർണൽ യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ. 1970 ൽ അദ്ദേഹവും അദ്ദേഹത്തിന്റെ ഗവേഷകസംഘവും ചേർന്ന് ആശയചിത്രീകരണം (concept mapping) എന്ന സങ്കേതം വികസിപ്പിച്ചു.

'Learning how to learn', 'Learning', 'Creating and using knowledge' തുടങ്ങി 27 ഓളം ഗ്രന്ഥങ്ങൾ രചിച്ചു.

ആശയചിത്രീകരണം (concept map) എന്ന സങ്കേതം നിങ്ങൾക്ക് പരിചിതമാണല്ലോ. ജോസഫ്. ഡി. നൊവാക് വികസിപ്പിച്ച ആശയചിത്രീകരണം അറിവിനെ ചിട്ടപ്പെടുത്തി അവതരിപ്പിക്കുവാൻ സഹായകമാണ്. ഇവിടെ ആശയങ്ങളും ഉപാശയങ്ങളും തമ്മിൽ രേഖകൾ ഉപയോഗിച്ച് ബന്ധിപ്പിക്കുകയും അവതമ്മിലുള്ള ബന്ധം സൂചിപ്പിക്കുവാൻ സഹായിക്കുന്ന വാക്കുകൾ - ഘടകപദങ്ങൾ (linking words) രേഖയ്ക്ക് സമീപം രേഖപ്പെടുത്തുകയും ചെയ്യുന്നു. ആശയചിത്രീകരണത്തിൽ ആദ്യം പ്രധാന ആശയവും തുടർന്ന് ഉപാശയങ്ങളും എന്ന ക്രമം പാലിക്കുന്നു. അതായത് ആദ്യം സ്ഥൂലമായ (general) ആശയങ്ങളും തുടർന്ന് സൂക്ഷ്മമായ (specific) ആശയങ്ങളും നൽകുന്നു. ഒരേ സമയം പഠനത്തിനും വിലയിരുത്തലിനും ഉപയോഗിക്കാവുന്ന ഒരു തന്ത്രമാണ് ആശയ ചിത്രീകരണം.

'പഠനം' എന്ന ആശയത്തെ അടിസ്ഥാനമാക്കി ഒരു ആശയ ചിത്രീകരണം തയ്യാറാക്കി ക്ലാസ്സിൽ ചർച്ച ചെയ്ത് മെച്ചപ്പെടുത്തുക.

## വിദ്യാഭ്യാസ മനഃശ്ശാസ്ത്രത്തിലെ നൂതന പ്രവണതകൾ

### വിവര വിശകലനസിദ്ധാന്തം: (Information Processing Theory)

വിവര വിശകലനസിദ്ധാന്തം മനുഷ്യ മസ്തിഷ്കത്തെ ഒരു കമ്പ്യൂട്ടറുമായാണ് താരതമ്യം ചെയ്യുന്നത്. കാരണം മനുഷ്യ മസ്തിഷ്കം ഒരു കമ്പ്യൂട്ടർ പോലെ വിവരങ്ങളെ ശേഖരിക്കുകയും, അപഗ്രഥിക്കുകയും അനുമാനങ്ങളിൽ എത്തുകയും ചെയ്യുന്നു. ശ്രദ്ധ, വിവേചനം ജ്ഞാനം, ഓർമശക്തി എന്നീ മാനസിക വ്യാപാരങ്ങൾക്ക് വിവര വിശകലനസിദ്ധാന്തം പ്രാധാന്യം നൽകുന്നു. സങ്കീർണ്ണമായ പല പ്രക്രിയകളും കമ്പ്യൂട്ടറുകളേക്കാൾ ഭംഗിയായി ചെയ്യാൻ മസ്തിഷ്കത്തിനു കഴിയും എന്ന് ഈ സിദ്ധാന്തം സ്ഥാപിക്കുന്നു. ചുരുക്കത്തിൽ ബൗദ്ധിക ശേഷികൾ ഉപയോഗിച്ച് വിവരങ്ങൾ വിശകലനം ചെയ്യുന്നതും ചിട്ടപ്പെടുത്തുന്നതുമാണ് പഠനത്തിന്റെ അടിസ്ഥാനം. ചിന്താശേഷി, ഓർമശക്തി എന്നിവയ്ക്ക് പഠനത്തിൽ നിർണ്ണായക സ്ഥാനം ഉണ്ട്.

### ചിന്ത

ചിന്തിക്കാനുള്ള കഴിവ് വ്യക്തികളിൽ വ്യത്യസ്തമാണ്. അറിവും, അനുഭവങ്ങളും ചിന്തനത്തെ സ്വാധീനിക്കുന്നു. ചിന്ത എന്നത് ലക്ഷ്യമുള്ള പ്രവൃത്തിയും ആവശ്യപൂർത്തികരണത്തിനായുള്ള ഒരു പ്രശ്നപരിഹരണ വ്യവഹാരവുമാണ്. ആശയങ്ങൾ, പ്രതീകങ്ങൾ, ചിഹ്നങ്ങൾ, പദങ്ങൾ, ഭാഷ എന്നിവയൊക്കെ ചിന്താ പ്രക്രിയയെ സഹായിക്കുന്നു.

### യുക്തി ചിന്ത

ബുദ്ധിപരമായ വളരെ ഉയർന്ന പ്രക്രിയയാണ് യുക്തി ചിന്ത. ഏതെങ്കിലും ഒരു പ്രശ്നത്തെ അഭിമുഖീകരിക്കേണ്ടി വരുമ്പോൾ അതിനുള്ള പരിഹരണം നടത്താൻ യുക്തിചിന്ത ആവശ്യമായി വരുന്നു. മറ്റുള്ള ജീവികളിൽ നിന്നും വ്യത്യസ്തമായി മനുഷ്യനുമാത്രം ലഭിച്ചിട്ടുള്ള പ്രത്യേക കഴിവാണ് യുക്തിചിന്ത.

### ഓർമ

1968 ൽ ആറ്റ്കിൻസൺ. ഷിഫ്രിൻ എന്നിവർ മുന്നോട്ട് വച്ച സിദ്ധാന്തം അനുസരിച്ച് ഓർമയ്ക്ക് 3 തലങ്ങൾ ഉണ്ട്.

**1. ഇന്ദ്രിയ പരമായ ഓർമ (Sensory Memory)**

ഇന്ദ്രിയപരമായ ഓർമയിൽ സംവേദന അവയവങ്ങളിലൂടെ തത്സമയം സ്വീകരിക്കപ്പെടുന്ന വിവരങ്ങൾ ശേഖരിക്കപ്പെടുന്നു. ഹ്രസ്വകാല സ്മരണയിലേക്ക് മാറ്റപ്പെട്ടില്ലെങ്കിൽ സെക്കൻഡുകൾ മാത്രം ഇത് ഓർമയിൽ നിലനിന്നശേഷം അപ്രത്യക്ഷമാകുന്നു.

**2. ഹ്രസ്വകാല ഓർമ (Short term memory)**


കുറച്ച് കാര്യങ്ങൾ കുറഞ്ഞ സമയത്തേക്ക് ഹ്രസ്വകാല ഓർമയിൽ സൂക്ഷിക്കുവാൻ കഴിയുന്നു. ഒരു പ്രത്യേക സമയത്ത് ബോധമനസ്സിൽ ഉള്ള കാര്യങ്ങളാണിത്. ഹ്രസ്വകാല ഓർമയിൽ നിലനിൽക്കുന്ന കാര്യങ്ങളെ ദീർഘകാല ഓർമയിലേക്ക് മാറ്റിയില്ലെങ്കിൽ മറവി സംഭവിക്കുന്നു.

**3. ദീർഘ കാല ഓർമ (Long Term Memory)**

കൂടുതൽ വിവരങ്ങൾ ദീർഘകാലം ഓർത്തു വയ്ക്കുവാൻ ദീർഘകാല ഓർമ (Long Term Memory) നമ്മെ സഹായിക്കുന്നു. ദീർഘകാല ഓർമ മസ്തിഷ്കത്തിൽ ഘടനാപരമായ മാറ്റങ്ങൾ സൃഷ്ടിക്കുന്നതിനാൽ സ്ഥിരമാണ്. ഓർമകളുടെ സൂക്ഷിപ്പ് കേന്ദ്രമായി ദീർഘകാല ഓർമയെ പരിഗണിക്കുന്നു.

## ആറ്റ്കിൻസൺ – ഷീഫ്രിൻ മാതൃക

ആറ്റ്കിൻസൺ - ഷീഫ്രിൻ മാതൃക പ്രകാരം, പരിസരത്തു നിന്നും സംവേദനങ്ങളെ ഓർമയിലേക്ക് സ്വീകരിച്ചുകൊണ്ടാണ് ഓർമയുടെ പ്രക്രിയ ആരംഭിക്കുന്നത്. ഇന്ദ്രിയ വഴികളിൽ വളരെ കുറഞ്ഞ സമയം ഈ ആവേഗങ്ങൾ രേഖപ്പെടുത്തപ്പെടുന്നു. ഇവയിൽ വേണ്ടത്ര ശ്രദ്ധ നൽകുകയും വേർതിരിച്ച് അറിയുകയും ചെയ്യുന്ന അറിവുകൾ ഹ്രസ്വകാല ഓർമയിലേക്ക് മാറ്റപ്പെടുകയും 20 മുതൽ 30 സെക്കന്റുകൾ വരെ ഇവിടെ നിലനിൽക്കുകയും ചെയ്യുന്നു. അർഥപൂർണ്ണമായി നിലവിലുള്ള അറിവിനോട് ബന്ധിപ്പിക്കപ്പെടുകയും, ആവർത്തന പരിശീലനം നടത്തുകയും ചെയ്യുന്ന കാര്യങ്ങൾ ദീർഘകാല ഓർമയിലേക്ക് മാറ്റപ്പെടുന്നു. അല്ലാത്തവ മറക്കുന്നു. ദീർഘകാല ഓർമയിലുള്ള വസ്തുതകളെ ക്രമീകരിച്ച് ആഴ്ചകളോ, മാസങ്ങളോ, വർഷങ്ങളോ, ജീവിതാലം മുഴുവനോ, സൂക്ഷിക്കപ്പെടുന്നു. ഇങ്ങനെ സൂക്ഷിക്കപ്പെടുന്ന ദീർഘകാല ഓർമകളെ പുനഃസൃഷ്ടിക്കുവാൻ കഴിയുന്നു.



ആറ്റ്കിൻസൺ - ഷിഫ്രിൻ മാതൃകയെ താഴെ പറയുന്ന രീതിയിൽ ചിത്രീകരിക്കാം.

ഓർമ്മയുടെ വിവിധ ഘട്ടങ്ങൾ ഒരു ഉദാഹരണത്തിലൂടെ പരിശോധിക്കാം.

| ഓർമ്മയുടെ ഘട്ടങ്ങൾ | ഉദാഹരണങ്ങൾ |
|---|---|
| ഇന്ദ്രിയ പരമായ ഓർമ | ഫോൺ നമ്പറുകൾ മറ്റൊരാൾ പറയുന്നത് |
| | ശ്രദ്ധയോടെ കേൾക്കുന്നു. |
| ഹ്രസ്വകാല ഓർമ | കേട്ടതിന്റെ അടിസ്ഥാനത്തിൽ ഈ നമ്പർ ഡയൽ ചെയ്യുന്നു. |
| ദീർഘകാല ഓർമ | ആവർത്തിച്ച് ഈ നമ്പർ എഴുതിയോ പറഞ്ഞോ ഉപയോഗിക്കുന്നു. |
| | ഏത് സമയത്തും ഈ നമ്പർ ഓർത്തുപറയാൻ കഴിയുന്നു. |

**പ്രവർത്തനം**

*ഇവിടെ പഠിച്ച മൂന്ന് തരം ഓർമ്മകൾക്കും നിങ്ങളുടെ അനുഭവങ്ങളിൽ നിന്ന് ഉദാഹരണങ്ങൾ കണ്ടെത്തി എഴുതു.*

പഠനത്തെ സ്വീധീനിക്കുന്ന ഒരു ഘടകമെന്ന നിലയിൽ ഓർമ്മയ്ക്ക് എത്രത്തോളം പ്രാധാന്യമുണ്ട്? രണ്ടാമത്തെ യൂണിറ്റിൽ ഇത് വിശദമായി പരിശോധിക്കാം.

## Biological Basis of Learning


*ഒരേ സാഹചര്യത്തിൽ, ഒരേ അധ്യാപിക ഒരേ വിഷയത്തിൽ ഒരേ പഠന പ്രവർത്തനങ്ങൾ നൽകിയിട്ടും ക്ലാസ്സിലെ കുട്ടികളുടെ പഠന നിലവാരത്തിൽ വ്യത്യാസം കാണപ്പെടുന്നത് എന്തുകൊണ്ടാണ്?*

നിങ്ങളുടെ പരികല്പനകൾ നോട്ടുബുക്കിൽ കുറിക്കൂ. ഈ ഊഹങ്ങളിൽ നമ്മുടെ മസ്തിഷ്ക്കവുമായി ബന്ധപ്പെട്ട എന്തെങ്കിലും കാര്യങ്ങൾ എഴുതിയിട്ടുണ്ടോ എന്നു പരിശോധിക്കു.

കുട്ടികളുടെ മസ്തിഷ്കത്തിന്റെ ഘടനയിലും പ്രവർത്തത്തിലുമുള്ള വ്യത്യാസവും ഇതിനു കാരണമാകുന്നുണ്ട്.


ചിന്തയെയും വികാരത്തെയും നിയന്ത്രിക്കുന്ന ശരീരഭാഗമാണ് മസ്തിഷ്കം. ഓരോ ആംഗ്യവും വികാര പ്രകടനവും അനുഭവവും ഉൾക്കാഴ്ചയും ഓർമ്മയും എൺപത്തി അയ്യായിരം കോടി വരുന്ന സവിശേഷമായ മസ്തിഷ്ക കോശങ്ങളുടെ അതീവ സങ്കീർണമായ പ്രവർത്തനഫലമാണ്.

പരിസരവുമായും മറ്റു ന്യൂറോണുകളുമായും ബന്ധപ്പെട്ട് സന്ദേശങ്ങൾ സ്വീകരിക്കുകയും പുറപ്പെടുവിക്കുകയും ചെയ്യുന്ന കോശങ്ങളാണ് നാഡീകോശങ്ങൾ. പരിസരത്തുള്ള ഒരു ചോദകം നാഡീവ്യവസ്ഥയിൽ മാറ്റങ്ങളുണ്ടാക്കുമ്പോഴാണ് പഠനം നടക്കുന്നത്. പഠനം എന്നത് ന്യൂറോണുകൾ തമ്മിലുള്ള ബന്ധങ്ങളുടെ രൂപീകരണമാണ്.




നാഡീവ്യവസ്ഥയിൽ ഉപരിതല നാഡീവ്യവസ്ഥയും


കേന്ദ്രനാഡീ വ്യവസ്ഥയും ഉണ്ട്. കേന്ദ്ര നാഡീ വ്യവസ്ഥയിലാണ് മസ്തിഷ്കവും സുഷുമ്ന നാഡിയും ഉൾപ്പെടുന്നത്. കേന്ദ്രനാഡീവ്യവസ്ഥയ്ക്ക് ഉള്ളിൽ വരുന്ന മസ്തിഷ്കത്തെ പ്രധാനമായും മൂന്ന് ഭാഗങ്ങളായി തിരിക്കാം.




മുൻ മസ്തിഷ്കം (fore brain), പിൻ മസ്തിഷ്കം (hind brain), മധ്യ മസ്തിഷ്കം (mid brain). മുൻ മസ്തിഷ്കവും മധ്യമസ്തിഷ്കവും ജീവന്റെ നിലനിൽപ്പിന് ആവശ്യമായ അടിസ്ഥാന പ്രക്രിയകളെ സഹായിക്കുന്നു. പിൻ മസ്തിഷ്കത്തിന്റെ ഭാഗമായ സെറിബെല്ലമാണ് ശരീരത്തിന്റെ തുലനതയേയും ചലനത്തേയും നിയന്ത്രിക്കുന്നത്. മധ്യമസ്തിഷ്കം അടിസ്ഥാന സംവേദക റിഫ്ളക്സുകളുമായും ശരീര ചലനങ്ങളുടെ നിയന്ത്രണവുമായും ബന്ധപ്പെട്ടിരിക്കുന്നു.


നാഡീകലയുടെ കോശത്തേയാണ് ന്യൂറോൺ എന്നു വിളിക്കുന്നത്. മനുഷ്യമസ്തിഷ്കത്തിൽ പതിനായിരം കോടിയിലധികം ന്യൂറോണുകളുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്. ഒരു ന്യൂറോണിൽ നിന്ന് മറ്റൊരു ന്യൂറോണിലേക്കോ പേശിയിലേക്കോ ഗ്രന്ഥിയിലേക്കോ ഉള്ള ആവേഗ സംക്രമണം വളരെ സങ്കീർണ്ണമായ പ്രവർത്തനമാണ്. ഒരു ന്യൂറോണും മറ്റൊരു ന്യൂറോണുമായി സമ്പർക്കം സ്ഥാപിക്കുന്നത് സിനാപ്സുകൾ (synapses) വഴിയാണ്. വിവരവിനിമയം നടക്കുന്നത് സിനാപ്സുകളിലെ ന്യൂറോട്രാൻസ് മിറ്റർ വഴിയാണ്.

പഠനത്തിന്റെ അടിസ്ഥാനപരമായ വസ്തുത ന്യൂറോൺ ബന്ധങ്ങൾ നടക്കുന്ന സിനാപ് സിസുകളിലെ രൂപീകരണവും മാറ്റങ്ങളുമാണ്. നിരന്തരമായ സിനാപ്സിക ബന്ധങ്ങളുടെ രൂപീകരണത്തിലൂടെയും വ്യതിയാനത്തിലൂടെയുമാണ് ഓർമ്മ രൂപപ്പെടുന്നത്. പഠനം ദൃഢമാവുന്നത്.



### ന്യൂറൽ നെറ്റ് വർക്ക് മോഡൽ (Neural Network Model)

തലച്ചോറിൽ ഓർമ്മ സംഭരിക്കപ്പെടുന്നത് എങ്ങനെയെന്ന് ന്യൂറൽ നെറ്റ്വർക്ക് മോഡൽ വിശദീകരിക്കുന്നു. ന്യൂറോണുകൾ മറ്റു ന്യൂറോണുകളുമായി ചേർന്ന് പരസ്പര ബന്ധിതവും സങ്കീർണവുമായ ഒരു നെറ്റ്വർക്ക് രൂപം കൊള്ളുന്നുവെന്നതാണ് ന്യൂറൽനെറ്റ് വർക്ക് മോഡലിന്റെ അടിസ്ഥാനം. ഓരോ ന്യൂറോണിനും ഒരു പ്രവർത്തന മൂല്യം (activiate value) ഉണ്ടായിരിക്കും. ഒരു ന്യൂറോണിന്റെ പ്രവർത്തന മൂല്യം എന്ന് പറയുന്നത് ആ ന്യുറോണിനെ സജീവമാക്കുന്നതിന് എത്ര ഊർജ്ജം അത് ഉൾക്കൊള്ളുന്നു എന്നതിന്റെ അളിവിനനുസരിച്ചാണ്. രണ്ടു ന്യൂറോണുകൾ തമ്മിലുള്ള ബന്ധം കണക്കാക്കുന്നത് weight value എന്ന ഏകകമുപയോഗിച്ചാണ്. ആ രണ്ട് ന്യൂറോണുകൾ തമ്മിൽ ഉള്ള ബന്ധം എത്ര ദൃഢമാണ് എന്നാണ് ഈ അളവ് വിശദീകരിക്കുന്നത്.




ഓർമ്മയുടെ അടിസ്ഥാനം ന്യൂറോണുകൾ തമ്മിൽ എങ്ങനെ ബന്ധം സ്ഥാപിക്കുന്നു എന്നതും അവയുടെ നിരന്തര ഉപയോഗത്തിലൂടെ ബന്ധം എങ്ങനെ ദൃഢതരമാകുന്നു എന്നതും ഉപയോഗിക്കപ്പെടാത്തപ്പോൾ ബന്ധം എങ്ങനെ ബലഹീനമായിത്തീരുന്നു എന്നതുമാണ്. സിനാപ്സിക ബന്ധങ്ങളെ ശക്തിപ്പെടുത്തി ന്യൂറൻ നെറ്റ് വർക്കുകൾ തമ്മിൽ പുതിയ ബന്ധമുണ്ടാക്കുകയും പരസ്പരം പ്രവർത്തിക്കുകയും ചെയ്യുന്നതുവഴി ഓർമ്മ ദൃഢതരമാക്കാം.

**പ്രവർത്തനം:**

1. *മസ്തിഷ്കത്തിന്റെ പ്രവർത്തനങ്ങളിലെ വ്യതിയാനങ്ങളായിരിക്കില്ലേ ഓരോരുത്തരുടേയും പഠനത്തെ സ്വാധീനിക്കുന്നത്. എങ്കിൽ കുട്ടിയെ പഠനപിന്നാക്കാവസ്ഥയുടെ പേരിൽ കുറ്റപ്പെടുത്തുന്നതിനു പകരം അധ്യാപകൻ പാലിക്കേണ്ട സൂക്ഷ്മതകളെന്തൊക്കെയായിരിക്കണം. ചർച്ച ചെയ്യൂ.*
2. *പിയാഷെയുടെ പഠന സിദ്ധാന്തങ്ങളുമായി ഈ ആശയങ്ങളെ ബന്ധപ്പെടുത്താനാവുമോ? കുറിപ്പ് തയാറാക്കുക.*

## ന്യൂറോ ലിംഗ്വിസ്റ്റിക് പ്രോഗ്രാം (NLP)

ഭൗതികശാസ്ത്രത്തിൽ ഉണ്ടാകുന്ന കണ്ടുപിടുത്തങ്ങൾ മനശ്ശാസ്ത്രരംഗത്തും ചലനങ്ങൾ ഉണ്ടാക്കാറുണ്ട്. 20-ാം നൂറ്റാണ്ട് നിരവധി കണ്ടുപിടിത്തങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ടല്ലോ. കമ്പ്യൂട്ടർ, ടി.വി. മൊബൈൽ ഫോൺ എന്നിവ അവയിൽ ചിലതാണ്. ഇതിനുസമാന്തരമായി മനശ്ശാസ്ത്രരംഗത്ത് ഉണ്ടായ വികാസമാണ് ന്യൂറോ ലിംഗ്വിസ്റ്റിക് പ്രോഗ്രാമിലേക്ക് നയിച്ചത്. 1972-75 കാലത്ത് അമേരിക്കയിലെ കാലിഫോർണിയാ യൂണിവേഴ്സിറ്റിയിൽ കമ്പ്യൂട്ടർ പ്രോഗ്രാമിങ്ങും മനശ്ശാസ്ത്രവും പഠിച്ചിരുന്ന റിച്ചാർഡ് ബാൻഡ്‌ലരും അതേ യൂണിവേഴ്സിറ്റിയിൽ ഭാഷാശാസ്ത്രം പഠിപ്പിച്ചിരുന്ന ജോൺ ഗ്രിൻഡിലറും ചേർന്ന് ആവിഷ്കരിച്ചതാണ് NLP. ഇത് വിദ്യാഭ്യാസത്തിലും വ്യക്തിത്വ വികാസത്തിലും വ്യാപകമായി ഉപയോഗിക്കുന്നു. ഉയർന്ന നിലവാരത്തിൽ എത്താനുള്ള കലയും ശാസ്ത്രവുമാണ് NLP.

ഓരോ വ്യക്തിക്കും വികസിക്കാനുള്ള അവസരം NLP നൽകുന്നു. കുട്ടികൾ പഠിക്കുന്നത് പ്രധാനമായും കാഴ്ച (visual), കേൾവി (auditory), സ്പർശം (kinesthetic) എന്നിവയിലൂടെയാണല്ലോ. ചിലർ ആത്മഭാഷണവും (auditroy digital) ഉപയോഗപ്പെടുത്താറുണ്ട്. ഓരോ കുട്ടിക്കും ഇവയിൽ ഒന്ന് പ്രധാന രീതിയായിരിക്കും. നിലവിലുള്ള പഠനരീതിയിൽ കാഴ്ചക്കും ശബ്ദത്തിനുമാണ് പ്രാധാന്യം നൽകി വരുന്നത്. NLP യിൽ സ്പർശവും, ആത്മഭാഷണവും പ്രയോജനപ്പെടുത്തുന്നു. ഈ 4 മേഖലകളും വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തുകയാണെങ്കിൽ വിദ്യാഭ്യാസത്തിൽ വൻ മാറ്റങ്ങൾ ഉണ്ടാക്കുവാൻ നമുക്ക് കഴിയും.

*നിങ്ങൾ മുഖ്യമായും ആശ്രയിക്കുന്ന പഠനരീതി ഏതെന്ന് കണ്ടെത്താം.*

*ഒരേ വലിപ്പമുള്ള മൂന്ന് ഖണ്ഡികകളിൽ ഒരെണ്ണം മറ്റൊരാൾ വായിക്കുന്നത് കേട്ടിട്ട് ആശയം ഒരു പേപ്പറിൽ കുറിക്കുക. എത്രമാത്രം ആശയങ്ങൾ കേട്ടതിന്റെ അടിസ്ഥാനത്തിൽ രേഖപ്പെടുത്താൻ കഴിഞ്ഞു എന്ന് പരിശോധിക്കുക.*

*രണ്ടാമത്തെ ഖണ്ഡിക സ്വയം വായിച്ച് നോക്കി ആശയങ്ങൾ രേഖപ്പെടുത്തുക. കണ്ടുവായിച്ചതിന്റെ അടിസ്ഥാനത്തിൽ എത്രമാത്രം ആശയങ്ങൾ രേഖപ്പെടുത്താൻ കഴിഞ്ഞു എന്ന് പരിശോധിക്കുക.*

*മൂന്നാമത്തെ ഖണ്ഡിക പകർത്തി എഴുതിയതിനു ശേഷം ആശയങ്ങൾ രേഖപ്പെടുത്തുക. എത്രത്തോളം ആശയങ്ങൾ വന്നു എന്ന് വിലയിരുത്തുക.*

*ഈ മൂന്ന് പ്രവർത്തനങ്ങളിൽ ഏതിലൂടെയാണ് നിങ്ങൾക്ക് ഏറ്റവും കൂടുതൽ ആശയങ്ങൾ സ്വാംശീകരിക്കാൻ കഴിഞ്ഞത് എന്ന് പരിശോധിക്കൂ. അതാണ് പഠനത്തിൽ നിങ്ങളുടെ ലീഡ് സിസ്റ്റം.*

*ലീഡ് സിസ്റ്റം മനസ്സിലാക്കി അതിനനുസരിച്ച് പഠനത്തിൽ ഏർപ്പെടുന്ന കുട്ടിക്ക് ആശയസ്വീകരണത്തിൽ കൂടുതൽ എളുപ്പം അനുഭവപ്പെടും. അതോടൊപ്പം മറ്റ് സിസ്റ്റങ്ങളും ഉപയോഗപ്പെടുത്തണം. മൂന്ന് സിസ്റ്റങ്ങളും ഫലപ്രദമായി ഉപയോഗപ്പെടുത്തുമ്പോഴാണ് പഠനം ഏറ്റവും ഫലപ്രദമായിത്തീരുന്നത്. അതൊടൊപ്പം വിഷലൈസേഷൻ (മനോചിത്ര രൂപീകരണം) ചെയ്യാനുള്ള കഴിവുകൂടി വർദ്ധിപ്പിക്കേണ്ടതുണ്ട്. എന്താണോ ഒരാൾക്ക് നേടി എടുക്കേണ്ടത് അത് മനസ്സിൽ ചിത്രീകരിക്കുന്നതാണ് മനോചിത്രം. പഠിച്ചകാര്യങ്ങളെ പലവർണ്ണങ്ങളിൽ, പല വലിപ്പത്തിൽ മനസ്സിൽ ചിത്രീകരിക്കാം. എത്രമാത്രം ശക്തമായി ആവിഷ്കരിക്കുന്നുവോ അത്രയും ശക്തമായി അവ മനസ്സിൽ നിലനിൽക്കും.*

**പ്രവർത്തനം:**

*ജാലിയൻ വാലാബാഗ് കൂട്ടക്കൊലയുടെ ഒരു ദൃശ്യം മനസ്സിൽ ആവിഷ്ക്കരിച്ച് നോക്കൂ. ഇടുങ്ങിയ ഒറ്റ വഴിയുള്ള മൈതാനം, വെടിവയ്ക്കുന്ന പട്ടാളക്കാർ, വെടിയേറ്റു വീഴുന്നവർ, പ്രാണരക്ഷാർത്ഥം ഓടുന്നവർ അടുത്തുള്ള കിണറ്റിലേക്ക് വീഴുന്നവർ... ഈ ദൃശ്യം എത്രത്തോളം ശക്തിയായി മനസ്സിൽ ചിത്രീകരിക്കാൻ കഴിയുന്നുവോ അത്രത്തോളം ശക്തിയായി ഈ ആശയവുമായി ബന്ധപ്പെട്ട ഏതു പ്രക്രിയയിലും (ചർച്ച, പ്രസംഗം, പരീക്ഷ etc) നിങ്ങൾക്ക് തിളങ്ങാൻ സാധിക്കും.*

## Transactional Analysis (TA)

## വിനിമയ വിശകലനം

**കുടുംബം 1**
ഭർത്താവ്: 'ഇന്ന് എന്തൊരു ചൂടാ'
ഭാര്യ: "എത്ര ദിവസമായി മഴ പെയ്തിട്ട്. ചൂട് സഹിക്കാനാവുന്നില്ല.

**കുടുംബം 2**
ഭർത്താവ്: "ചായ ചൂടോടെ തന്നൂടേ?"
ഭാര്യ : "സമയത്ത് വീട്ടിൽ വന്നിട്ടുവേണ്ടേ അല്ലേലും ഒന്നും ഇഷ്ടമാകാറില്ലല്ലേ ?"

**കുടുംബം 3**
ഭർത്താവ് : "ഭക്ഷണം ഇതുവരെ റെഡിയായില്ലേ?"
ഭാര്യ : "ഞാനും ഒരു മനുഷ്യ സ്ത്രീയാണ്."

മുകളിൽ പറഞ്ഞ സംഭാഷണ ശകലങ്ങളുടെ പ്രത്യേകതകൾ എന്തെല്ലാമാണ്?

*സംഭാഷണം 1. പരസ്പരം വികാരങ്ങൾ മനസ്സിലാക്കി ഒരേ മാനസികാവസ്ഥയിലുള്ള സംഭാഷണം.*

*2. കുറ്റപ്പെടുത്തലും ശാസിക്കലും അകൽച്ചയുമുളവാകുന്ന സംഭാഷണം.*

*3. ഒളിയമ്പുകൾ - ഉപരിതലത്തിലുള്ള ആശയങ്ങളുടെ പിന്നിൽ മറ്റൊരു സന്ദേശം ഉൾക്കൊള്ളുന്നത്. കുറ്റപ്പെടുത്തലിന്റെ ധ്വനിയുള്ളത്.*

ഇതിൽ ഏതു രീതിയിലുള്ള വിനിമയമാണ് വ്യക്തി ബന്ധങ്ങളെ ഏറ്റവും ഊഷ്മളമാക്കുന്നത്? ചർച്ച ചെയ്യൂ.

*ഉള്ളിലെ ഭാവങ്ങളാണ് സംഭാഷണത്തിൽ നിഴലിക്കുക. ആശയ വിനിമയ രീതികൾ മെച്ചപ്പെടുത്തിയാൽ വ്യക്തി ബന്ധങ്ങളും ആരോഗ്യപരമായിരിക്കും. ഇതിനു സഹായിക്കുന്ന മനശ്ശാസ്ത്രരീതിയാണ് Transactional Analiysis (TA) അല്ലെങ്കിൽ വിനിമയ വിശകലനം.*

വ്യക്തിബന്ധങ്ങളേയും വ്യക്തികൾ തമ്മിലുള്ള വ്യവഹാരങ്ങളേയും ആധാരമാക്കിയിട്ടുള്ള എറിക്ബേണിന്റെ (Eric Berne)............. ആശയങ്ങളെ അടിസ്ഥാനമാക്കി രൂപപ്പെടുത്തിയ സിദ്ധാന്തമാണ് വിനിമയ വിശകലനം. സ്വന്തം വിനിമയത്തെ വിശകലനം ചെയ്ത് അതിന്റെ പിന്നിലുള്ള മാനസിക ഭാവങ്ങളെ മനസ്സിലാക്കി ഉൾക്കാഴ്ച നേടി പെരുമാറ്റങ്ങളിൽ മാറ്റം വരുത്താൻ സഹായിക്കുന്ന രീതിയാണിത്.

പെരുമാറ്റത്തേയും വിനമയത്തേയും വിശകലനം ചെയ്ത് എറിക്ബേൺ വ്യക്തിത്വത്തിന്റെ മൂന്നു ഘടകങ്ങളെ വിശദീകരിക്കുന്നു.

1. പിതൃഭാവം (Parent)
2. ശിശുഭാവം (Child)
3. പക്വഭാവം (Adult)

കേസ്: തന്റെ ക്ലാസ്സിലെ അഖില എന്ന കുട്ടി രാധിക ടീച്ചറെ പലപ്പോഴും അതിശയിപ്പിക്കാറുണ്ട്. ഗ്രൂപ്പ് പ്രവർത്തനങ്ങൾ നൽകുമ്പോൾ പലപ്പോഴും അഖില ഉൾപ്പെടുന്ന ഗ്രൂപ്പാണ് മികച്ച പ്രകടനം കാഴ്ചവയ്ക്കാറ്. മറ്റു കുട്ടികളെ ഗ്രൂപ്പ് പ്രവർത്തനങ്ങളിലും മറ്റ് ക്ലാസ്റൂം പ്രവർത്തനങ്ങളിലും നയിക്കുന്നത് അവളാണ്. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് ആവശ്യമായ സഹായം നൽകാനും പ്രോൽസാഹിപ്പിക്കാനും അഖില ശ്രദ്ധിക്കാറുണ്ട്. പ്രായത്തിൽ കവിഞ്ഞ പക്വത അവൾ പ്രകടിപ്പിക്കുന്നുവെന്ന് ടീച്ചർമാർ പറയാറുണ്ട്.

 *ടീച്ചർമാർ അഖിലയെക്കുറിച്ച് ഇത്തരത്തിൽ അഭിപ്രായപ്പെടാൻ ഇടയാക്കിയ കാരണങ്ങൾ എന്തെല്ലാമാവാം?*

→ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നത്.

→ മറ്റുള്ളവരെ പ്രോൽസാഹിപ്പിക്കുന്നതും അംഗീകരിക്കുന്നതുമായ മനോഭാവം പ്രകടിപ്പിക്കുന്നത്.

→ എല്ലാവരുമായും സുഗമമായ ആശയവിനിമയശേഷി.

→ യാഥാർത്ഥ്യബോധത്തോടെ വസ്തുതകൾ പരിഗണിക്കുന്നത്.

→ പക്വമായ സംഭാഷണം/പെരുമാറ്റം.

→ മറ്റുള്ളവരുമായി സംതൃപ്തവും അർത്ഥപൂർണ്ണവുമായ ബന്ധങ്ങൾ

 *എറിക് ബേൺ വിദശീകരിച്ച വ്യക്തിത്വത്തിന്റെ ഘടകങ്ങളിൽ പക്വഭാവമാണ് അഖിലയിൽ കാണുന്നത്.*

**പക്വഭാവം (Adult)**

യാഥാർത്ഥ്യബോധത്തോടെ വസ്തുനിഷ്ഠമായ വിവരങ്ങളെ ആശ്രയിച്ചാണ് ഒരാളുടെ പെരുമാറ്റവും ചിന്തയും വികാരങ്ങളും പ്രവർത്തിക്കുന്നതെങ്കിൽ അതാണ് പക്വഭാവം.

**പിതൃഭാവം (Parent)**

രക്ഷാകർത്താക്കളിൽ നിന്നും മുതിർന്നവരിൽ നിന്നും ഒരാൾ ഉൾക്കൊണ്ടിട്ടുള്ള മനോഭാവങ്ങളും പെരുമാറ്റങ്ങളുമടങ്ങിയതാണ് പിതൃഭാവം. ഇവ ആന്തരികമായി വ്യക്തിയിൽ സ്വാധീനം ചെലുത്തുന്നു. പോറ്റുന്നതും ലാളിക്കുന്നതും ശകാരിക്കുന്നതും ഭരിക്കുന്നതുമായ ഭാവമാണിത്.

"മോന് വലിയ ആളാവേണ്ടേ?. നന്നായി പഠിച്ച് മിടുക്കനാവണം. എന്നു പറയുന്ന വാത്സല്യഭാവമുള്ള Nurturing Parent ഉം

"പരീക്ഷയിൽ മാർക്ക് കുറഞ്ഞാൽ നിനക്ക് വീട്ടിൽ ഒരു സ്ഥാനവും തരില്ല" എന്നു പറയുന്ന വിമർശക പിതാവും (critical parent) പിതൃഭാവത്തിലുണ്ട്.

**ശിശുഭാവം (Child)**

കുട്ടിക്കാലത്തെ അനുഭവങ്ങൾ, പ്രതികരണങ്ങൾ, തോന്നലുകൾ മനോഭാവങ്ങൾ തുടങ്ങിയവ അടങ്ങിയ ഭാവമാണ് ശിശുഭാവം. ആസ്വാദ്യത, അതിശയം, സന്തോഷം, മറ്റു വികാരങ്ങൾ ആഗ്രഹങ്ങൾ എന്നിവ എല്ലാം ചേർത്തതാണ് ശിശുഭാവം. ഇത് രണ്ട് തരമുണ്ട്.

1. സ്വതന്ത്ര ശിശു
2. അനുരൂപ ശിശു

സ്വതന്ത്രമായി ഭയം കൂടാതെ ആശയങ്ങളേയും തോന്നലുകളേയും പ്രകടിപ്പിക്കുന്നത് സ്വതന്ത്രശിശു. ഉദാ: സന്തോഷമുള്ള കാഴ്ചകാണുമ്പോൾ ഹായ്! എന്തു നല്ലത് എന്ന് പറയുന്നു. അതിശയിക്കുന്നു. അനരൂപ ശിശു പൊരുത്തപ്പെട്ടവനാണ്. പരിസരത്തെ പഠിച്ച് അതിനൊപ്പം പെരുമാറുന്നതാണ്.

ഉദാ:- അച്ഛൻ വീട്ടിൽ ഉള്ളപ്പോൾ അനുസരണയുള്ള കുട്ടി. ഇല്ലാത്തപ്പോൾ അനുസരണക്കേട്.

ഈ ഓരോഭാവങ്ങളിൽ നിന്നുകൊണ്ടും വ്യക്തിക്ക് അനുഭവിക്കാനും ശ്രദ്ധിക്കാനും നോക്കാനും പ്രതികരിക്കാനും കഴിയും. എങ്കിലും കൂടുതൽ സമയവും ഏതെങ്കിലും ഒരു ഭാവത്തിലായിരിക്കും വ്യക്തിയുടെ വിനിമയം പ്രകടമാവുന്നത്.

**പ്രവർത്തനം:**

*നിങ്ങളുടെ കൂട്ടുകാരുടെ പെരുമാറ്റത്തെ വിശകലനം ചെയ്ത് ഇതിൽ ഏത് ഭാവമാണ് പ്രകടമാവുന്നതെന്ന് കാണ്ടെത്തുക.*

വ്യക്തികൾ പരസ്പരം കണ്ടുമുട്ടുമ്പോൾ പുഞ്ചിരിക്കുകയോ അഭിവാദനം ചെയ്യുകയോ, കണ്ടതായി ഭാവിക്കാതിരിക്കുകയോ ചെയ്യാറുണ്ട്. ഇത്തരത്തിലുള്ള അംഗീകാരം 'സ്ട്രോക്ക്' (Stroke) എന്നറിയപ്പെടുന്നു. രണ്ടോ അതിൽ കൂടുതലോ സ്ട്രോക്കുകൾ അടങ്ങിയതാണ് വിനിമയം (transaction) ഇവ പൂരകമോ (complementory) വിരുദ്ധമോ (crossed) നിഗൂഢമോ (ulterior) ആകാം.

**Complementory - പൂരകം**

പരസ്പരം വികാരങ്ങൾ മനസ്സിലാക്കി ഒരേ മാനസികാവസ്ഥയിലുള്ള സംഭാഷണം.

**Crossed - വിരുദ്ധം**

കുറ്റപ്പെടുത്തലും ശാസിക്കലും അകൽച്ചയുമുളവാക്കുന്ന സംഭാഷണം.

**Ulterior - നിഗൂഢം**

ഇവിടെ ഒരേ സമയം രണ്ടിൽ കൂടുതൽ ഭാവങ്ങൾ തമ്മിൽ വിനിമയം നടക്കുന്നു. ഉപരിതല ത്തിലുള്ള വിനിമയത്തിന്റെ പിന്നിൽ മറ്റൊരു സന്ദേശം (ധ്വനി) ഉൾക്കൊള്ളുന്നുണ്ടാകും.

| |
|---|
| *ആമുഖത്തിൽ നൽകിയിട്ടുള്ള സംഭാഷണ ശകലങ്ങൾ അപഗ്രഥിച്ച് വിനിമയം ഏതേത് ഭാവങ്ങളിൽ എപ്രകാരം എന്ന് കണ്ടെത്തൂ.* |

തന്നെക്കുറിച്ചും തന്റെ കഴിവുകളെക്കുറിച്ചും ഓരോവ്യക്തിക്കും ചെറുപ്പത്തിലേതന്നെ ചില ആശയങ്ങൾ രൂപപ്പെടുന്നു. ഇത്തരത്തിലുള്ള നാലു കാഴ്ചപ്പാടുകൾ ഉണ്ട്. ഇവ ജീവിത നില പാടുകൾ (life positions) എന്നറിയപ്പെടുന്നു. ഇവ നാലുതരത്തിൽ ഉണ്ടാവാം.

1. ഞാൻ ശരിയാണ്, നിങ്ങളും ശരിയാണ്. (I am ok, You are ok.)
2. ഞാൻ ശരിയാണ്, നിങ്ങൾ ശരിയല്ല. (I am ok, You are not ok.)
3. ഞാൻ ശരിയല്ല, നിങ്ങൾ ശരിയാണ്. (I am not ok, You are ok)
4. ഞാനും ശരിയല്ല, നിങ്ങളും ശരിയല്ല. (I am not ok, You are not ok.)

ഇത്തരം നിലപാടുകൾക്കനുസരിച്ചാണ് ഓരോരുത്തരുടേയും പെരുമാറ്റവും കാഴ്ചപ്പാടുകളും നിലകൊള്ളുന്നുന്നത്. ഇത്തരം കാഴ്ചപ്പാടുകളെയും മാനസിക ഭവങ്ങളേയും മനസ്സിലാക്കി ഉൾക്കാഴ്ച്ച നേടി പെരുമാറ്റങ്ങളിൽ മാറ്റം വരുത്താൻ വിനിമയവിശകലന രീതി (TA) സഹായി ക്കുന്നു.

**പ്രവർത്തനം:**

- *നിങ്ങളുടെ 'Life position' ഏതെന്ന് സ്വയം വിശകലനം ചെയ്യൂ.*
- *നിങ്ങളുടെ ക്ലാസ്സിലെ കുട്ടികളുടെ വ്യക്തിത്വ വികസനം പരിഗണിച്ചുകൊണ്ട് അവരുടെ പരമാവധി വികസനം സാധ്യമാക്കുന്നതിന് മനശാസ്ത്രത്തിലെ നൂതന പ്രവണതകളെ എങ്ങനെ ഉപയോഗപ്പെടുത്തും.? Educational Journal തയാറാക്കൂ.*

## Reflective Questions

- വ്യവഹാരവാദത്തിലെ ആശയങ്ങൾക്ക് ബോധനസന്ദർഭങ്ങളിൽ ഇന്ന് പ്രായോഗിക സാംഗത്യമുണ്ടോ? വിലയിരുത്തുക.
- ഒന്ന്/രണ്ട് ക്ലാസിൽ ഉദ്ഗ്രഥിത രീതിയിലുള്ള സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. നിങ്ങൾ പഠിച്ച പഠന സിദ്ധാന്തങ്ങളുടെ പശ്ചാത്തലത്തിൽ ഇതിന്റെ പ്രസക്തി വില യിരുത്തുക.
- ചെറിയ ക്ലാസുകളിൽ ടീച്ചിങ് ലേണിങ് മെറ്റീരിയൽസ് ഉപയോഗിക്കണമെന്നു പറയു ന്നതിന്റെ സാംഗത്യമെന്ത്? നിങ്ങൾ പഠിച്ച പഠനസിദ്ധാന്തത്തിന്റെ വെളിച്ചത്തിൽ ചർച്ച ചെയ്യുക.
- 'പരിസരവുമായി ബന്ധപ്പെട്ടും ജീവിതപ്രശ്നങ്ങൾ തിരിച്ചറിഞ്ഞും പരസ്പരം സഹ കരിച്ചും സംവദിച്ചും അറിവ് നിർമിക്കുന്ന ഇടമായി ക്ലാസ് മുറികളെ പരിവർത്തനം ചെയ്യാൻ എത്രയോ മാറ്റങ്ങൾ ഇനിയും വരുത്തേണ്ടതുണ്ട്.' - ഈ പ്രസ്താവനയോട് ഒന്ന്, രണ്ട് സെമസ്റ്ററുകളിൽ സ്കൂൾ അനുഭവപരിപാടിയിൽ നിരീക്ഷിച്ച് കണ്ടെത്തിയ ധാരണകളുടെ വെളിച്ചത്തിൽ പ്രതികരിക്കുക.

## References


1. Anita Woolfolk, Educational Psychology, 13th edition, Adapted by Shivani Vij Pearson.
2. Arjunan.N.K. (2013) Psychological Bases of Educations, Yuga Publicatior.........
3. Bristow.J. & others (2003) Memory and Learning - A Practical Guide for Teachers. David Fulton Publishers, London.
4. Babu.N. (2000) മനശാസ്ത്രം ഉത്തമജീവിതത്തിന് - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. Bindhu.C.M. (2011), മാതൃഭാഷാബോധനം, സ്കോർപ്പിയോ പബ്ലിഷേഴ്സ്, കോഴിക്കോട്.
6. Mangal.S.K. (2000) Advanced Educational Psychology, Prentice- Hall of India Pvt.Ltd, New Delhi.
7. Kumar.S.K.P & Noushad P.P (2008), Psychology in the class room - Theories in to practice, Scorpio, Calicut.
8. Dandekar, W.N.& Makhija.S (2009), Psychological Foundations of Education, Macmillan India Ltd, New Delhi.
9. SCERT (2014), ശിശുവികാസവും മനശാസ്ത്രവും
10. ഒരു സംഘം ലേഖകർ (2008), വിദ്യാഭ്യാസപരിവർത്തനത്തിന് ഒരാമുഖം കേരളശാസ്ത്ര സാഹിത്യപരിഷത്ത്.
11. SCERT (2013), ഗൈഡൻസ് & കൗൺസിലിംഗ്


## Websites


www.Eric com

www.Shodhganga.com

www.indianteachereducators.com

www.researchgate.com

www.EIconsortium.

www.inflibnet.com

## യൂണിറ്റ് -2

# പഠനത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ
# (Factors Influencing Learning)

**പഠനനേട്ടങ്ങൾ**


- പഠനത്തെ സ്വാധീനിക്കുന്നഘടകങ്ങളെക്കുറിച്ചുള്ള ധാരണ ആർജിക്കുകയും ആ ധാരണകൾ പ്രയോഗിച്ച് ക്ലാസ്റൂം പഠനപ്രക്രിയ മെച്ചപ്പെടുത്തുകയും ചെയ്യുന്നു.
- വിശകലനത്തിലൂടെ ബുദ്ധിയെക്കുറിച്ചുള്ള ഉചിതമായ നിർവചനങ്ങൾ രൂപീകരിക്കുന്നു.
- ബഹുമുഖ ബുദ്ധിയെക്കുറിച്ചുള്ള അടിസ്ഥാന ധാരണകൾ മനസ്സിലാക്കി ക്ലാസ്റൂം പഠനബോധന പ്രക്രിയയിൽ പ്രയോഗിക്കുന്നതിനുള്ള പ്രാവീണ്യം നേടുന്നു.
- ബുദ്ധിയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ അധ്യാപകരെ എങ്ങനെയെല്ലാം സഹായിക്കുന്നുവെന്ന് വിശദീകരിക്കുന്നു.
- ബുദ്ധിമാപനത്തിന്റെ രീതിശാസ്ത്രം വിമർശനാത്മകമായി വിലയിരുത്തി അഭിപ്രായങ്ങളും നിഗമനങ്ങളും രൂപീകരിക്കുന്നു.
- സർഗാത്മകതയുടെ നിർവചനങ്ങളും ഘടകങ്ങളും ഘട്ടങ്ങളും വിശദീകരിക്കുന്നു.
- സർഗാപരതാമാപനം നടത്താനുള്ള ശേഷി നേടുന്നു.
- സർഗാത്മകത പരിപോഷിപ്പിക്കാനുള്ള മാർഗങ്ങൾ, സമീപനങ്ങൾ എന്നിവ കണ്ടെത്തുന്നു.
- ഓർമ, മറവി എന്നിവയുമായി ബന്ധപ്പെട്ട ശാസ്ത്രീയ വിശകലനങ്ങൾ, ഓർമ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവ ആസൂത്രണം ചെയ്യുന്നതിനായി പ്രയോജനപ്പെടുത്തുന്നു.
- പഠിതാക്കളിൽ പഠനസന്നദ്ധതയും അഭിപ്രേരണയും ഉണ്ടാക്കേണ്ടതിന്റെ പ്രാധാന്യവും സാംഗത്യവും അധ്യാപികയുടെ പങ്കും വിശദീകരിക്കാനും പഠനബോധന തന്ത്രങ്ങളിൽ പ്രയോജനപ്പെടുത്താനും കഴിയുന്നു.
- കുട്ടികളുടെ പഠനപ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും സഹായിക്കുന്ന രീതിയാണ് ക്രിയാഗവേഷണം എന്ന് തിരിച്ചറിയുന്നു. പ്രൊപ്പോസൽ തയാറാക്കി ഗവേഷണം നടത്തുന്നു.

നമ്മൾ ഓരോരുത്തരും നന്നായി പഠിക്കണമെന്ന് ആഗ്രഹിക്കുന്നവരാണ്. കഴിയുന്നത്ര രീതിയിൽ അതിനായി നമ്മൾ ശ്രമിക്കുകയും ചെയ്യുന്നു. എന്നിട്ടും നന്നായി പഠിക്കാനോ പഠിച്ചത് ഓർമയിൽ സൂക്ഷിക്കാനോ ചിലർക്കെങ്കിലും സാധിക്കാതെ വരുന്നു.

എന്നാൽ കാര്യക്ഷമവും സുഗമവുമായ പഠനം ഉറപ്പിക്കാനായി പഠനത്തെ നേരിട്ടോ അല്ലാതെയോ സ്വാധീനിക്കുന്ന വിവിധ ഘടകങ്ങളുണ്ട്. അത്തരം ഘടകങ്ങളെക്കുറിച്ചുള്ള ധാരണയും അവയെ ഫലപ്രദമായി നിയന്ത്രിക്കാനുള്ള നൈപുണ്യവും അധ്യാപക വിദ്യാർഥികളായ നാം ആർജിക്കേണ്ടതുണ്ട്. അതിനായി പഠനത്തെ സ്വാധീനിക്കുന്ന ആന്തരികവും ബാഹ്യവുമായ ഒട്ടനവധി ഘടകങ്ങളെ നമ്മൾ തിരിച്ചറിയണം.

1. ബുദ്ധി (Intelligence) 2. സർഗാത്മകത (Creativity) 3. ഓർമ (Memory) 4. മറവി (Forgetting) 5.ശ്രദ്ധ (Attention) 6. പഠനസന്നദ്ധത (Learning Readiness) 7. അഭിപ്രേരണ (Motivation)

8.താത്പര്യം (Interest) 9. അഭിക്ഷമത (Aptitude) 10. മനോഭാവം (Attitude) 11. ഉത്കണ്ഠ (Anxiety) 12. പഠനശൈലി (Learning style) 13. പഠനവേഗം (Learning space) 14. പരിപക്വനം (Maturation) 15. പഠനാന്തരീക്ഷം (Learning atmosphere) 16. കുടുംബ സാമൂഹിക ഘടകങ്ങൾ (Familial and Social factors) 17. വൈകാരികാവസ്ഥ (Emotional status) 18. പഠനാന്തരണം (Transfer of Learning) എന്നിവയാണ് ആ ഘടകങ്ങൾ. ചുവടെ കൊടുത്തിരിക്കുന്ന ആശയ ചിത്രം ഇതു വ്യക്തമാക്കുന്നു.




*ആശയ ചിത്രം*

## 1. ബുദ്ധി (Intelligence)

നമുക്കേവർക്കും സുപരിചിതമായ ഓരാശയമാണ്. 'ബുദ്ധി' എന്നുള്ളത്. എല്ലാ ചോദ്യങ്ങൾക്കും കൃത്യതയോടും വേഗത്തിലും ഉത്തരം പറയുന്ന കുട്ടിയെ നോക്കി 'നീ മടുക്കിയാണ്, 'നീ ബുദ്ധിയുള്ളവനാണ്, നീ സമർഥനാണ് എന്നൊക്കെ അധ്യാപകൻ പറയാറുണ്ടല്ലോ. പഠിച്ച കാര്യങ്ങളോട് സമയബന്ധിതമായി പ്രതികരിക്കാൻ സാധിക്കുന്ന ഒരാളുടെ കഴിവിനെ ബുദ്ധിയുമായി ബന്ധിപ്പിക്കുകയാണ് അധ്യാപകൻ ഇവിടെ ചെയ്തത്. അങ്ങനെ ആശയപരമായും വസ്തുക്കളുടെ പരസ്പര ബന്ധം മനസ്സിലാക്കിയും പ്രതികരിക്കാനുള്ള ഒരു വ്യക്തിയുടെ ശക്തി വിശേഷത്തെ ബുദ്ധി എന്ന് സാമാന്യമായി പറയാം. കേന്ദ്രനാഡീവ്യൂഹത്തിന്റെ (Nervous system) സഹജമായ സവിശേഷതകൾ, പഠനം, പരിചയം, പരിസ്ഥിതി എന്നിവ വഴി ആർജിക്കുന്ന പക്വത ബുദ്ധിയുടെ പ്രതിഫലനമാണ്.


റോമൻ രാഷ്ട്രതന്ത്രജ്ഞനായിരുന്ന സിസറോ ആണ് 'Intelligence' എന്ന പദത്തിന്റെ ഉപജ്ഞാതാവ്. കഠിനോപനിഷത്തിൽ ബുദ്ധിയെ വിശദീകരിക്കുന്ന ഒരു ശ്ലോകമുണ്ട്.

"ആത്മാനം രഥിന വിദ്ധി
ശരീരം രഥമേവച
ഇന്ദ്രിയാനി ഹയാന്യാഹു
ബുദ്ധിം തു സാരഥിം വിദ്ധി"

'ആത്മാവാകുന്ന യാത്രികൻ ശരീരമാകുന്ന രഥത്തിൽ സഞ്ചരിക്കുകയും ഇന്ദ്രിയങ്ങളാകുന്ന കുതിരകളെക്കൊണ്ട് രഥം വലിപ്പിക്കുകയും ചെയ്യുന്നു. ബുദ്ധി തേരാളിയും' ഇതാണ് ശ്ലോകത്തിന്റെ അർഥം. ഇന്ദ്രിയങ്ങൾ സ്വീകരിക്കുന്ന ചോദകങ്ങളെ വിശകലനം ചെയ്യുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്നതും ബുദ്ധിയുടെ ധർമമാണ്.

ഫ്രാൻസിസ് ഗാൾട്ടനോടു (1822-1911) കൂടിയാണ് ആധുനിക കാലത്ത് ബുദ്ധിയെക്കുറിച്ചുള്ള ശാസ്ത്രീയമായ അന്വേഷണങ്ങൾ ആരംഭിക്കുന്നത്. ഇംഗ്ലണ്ടിലെ നാന്നൂറിലധികം വ്യക്തിത്വങ്ങളെ പഠിച്ചുകൊണ്ട് പാരമ്പര്യ (heredity) മാണ് ബുദ്ധിയെ നിർണയിക്കുന്നതെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. വ്യക്തികളുടെ മാനസികവും കായികവുമായ കഴിവുകളെ അളക്കാൻ അദ്ദേഹം ഒരു 'സൈക്കോമെട്രിക് ലാബ്' ആരംഭിച്ചു. ദൃശ്യസംവേദനം, ശ്രാവ്യസംവേദനക്ഷമത, പ്രതികരണസമയ ദൈർഘ്യം (Reaction time) എന്നിവ അളന്നുകൊണ്ട് മാനസിക ഘടനയുടെ ശക്തി കണ്ടെത്താം എന്ന് അദ്ദേഹം സമർഥിച്ചു.

നിയതമായ ഒരു നിർവചനം സാധ്യമല്ലാത്ത സംപ്രത്യയമാണ് ബുദ്ധി എന്നുള്ളത്. അത് ഒരു ക്ഷമത (capacity) യാണോ കഴിവ് (ability) ആണോ എന്നതിനും ഏകാഭിപ്രായമില്ല. ബുദ്ധിയെ ക്ഷമതയായി കാണുന്നവർ അത് ജന്മസിദ്ധമാണെന്നും കഴിവായി കാണുന്നവർ കർമസിദ്ധാമാണെന്നും പറയുന്നു. ഇങ്ങനെയാണെങ്കിലും ബുദ്ധിയെ നിർവചിക്കാൻ ഈ രണ്ടുകൂട്ടരും ശ്രമിച്ചിട്ടുണ്ട്.


*ഡേവിഡ് വെഷ്ലർ*
(David Wechsler)

ബുദ്ധിയെ സംബന്ധിച്ചുള്ള ഏതാനും നിർവചനങ്ങൾ താഴെ കൊടുക്കുന്നു.

- യുക്തിപൂർവം ചിന്തിക്കുന്നതിനും ലക്ഷ്യബോധത്തോടെ പ്രവർത്തിക്കുന്നതിനും പരിസ്ഥിതിയുമായി സമായോജനം ചെയ്യുന്നതിനുമുള്ള ക്ഷമതയാണ് ബുദ്ധി - ഡേവിഡ് വെഷ്ലർ (David Wechsler)
- അനുഭവങ്ങളിൽ നിന്ന് അനായാസം പഠിക്കുന്നതിനും അമൂർത്തമായി ചിന്തിക്കുന്നതിനുമുള്ള കഴിവാണ് ബുദ്ധി - ഫ്ളിൻ. ജെ.ആർ (Flynn.J.R.)
- തെളിഞ്ഞബോധത്തോടെ കാര്യങ്ങൾ ഗ്രഹിക്കുന്നതിനും യുക്തിചിന്തനം നടത്തുന്നതിനും തീരുമാനങ്ങളെടുക്കുന്നതിനും സാഹചര്യങ്ങളുമായി പൊരുത്തപ്പെട്ടു പോകുന്നതിനുമുള്ള കഴിവാണ് ബുദ്ധി - ബീനെ & സൈമൺ. (Binet & Simon)
- അമൂർത്ത വസ്തുക്കൾ എളുപ്പം പഠിക്കുന്നതിനും വിദഗ്ദ്ധമായ രീതിയിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമുള്ള ക്ഷമതയാണ് ബുദ്ധി - ആർതർ ഗേറ്റ്സ് (Arthur Gates)

- ബുദ്ധിയെന്നത് ലക്ഷ്യപ്രാപ്തിക്കായുള്ള ബന്ധിതവും പ്രകല്പകവുമായ ചിന്തനത്തിനുള്ള ശേഷിയാണ് - ആർ.നൈറ്റ് (R. Nite)
- പഠിക്കാനും അനുഭവങ്ങളിൽ നിന്നു പാഠം ഉൾക്കൊണ്ട് സാഹചര്യങ്ങളുടെ വെല്ലുവിളികളെ അതിജീവിക്കാനുമുള്ള കഴിവാണ് ബുദ്ധി - സിറിൽ ബർട്ട് (Syril Burt)
- 
- 
- 

ചുരുക്കത്തിൽ പഠിക്കാനും ഗ്രഹിക്കാനും ഗണിക്കാനും അപഗ്രഥിക്കാനും യുക്തിസഹജമായി ചിന്തിക്കാനും സാഹചര്യങ്ങളുമായി പൊരുത്തപ്പെടാനുമുള്ള കഴിവിനെയാണ് ബുദ്ധിയായി പൊതുവെ കണക്കാക്കുന്നത്. മൂർത്തവും അമൂർത്തവുമായ വസ്തുതകളെ മനസ്സിലാക്കുക, പ്രശ്നങ്ങൾക്കു പരിഹാരം കാണുക, പ്രതീകാത്മകമായും ഭാവനാത്മകമായും സർഗാത്മകമായും ചിന്തിക്കുക എന്നിവയും ബുദ്ധിയുടെ വ്യാപാരങ്ങളായി പരിഗണിക്കുന്നു.

**ബുദ്ധിയുടെ പ്രകൃതം (Nature of Intelligence)**

ബുദ്ധിയുടെ അടിസ്ഥാന സ്വഭാവങ്ങളെ താഴെ പറയുംവിധം സംഗ്രഹിക്കാം.

- പാരമ്പര്യത്തിന്റെയും പര്യാവരണത്തിന്റെയും സൃഷ്ടിയാണ് ബുദ്ധി.
- മനുഷ്യരുടെ ഇടയിൽ സമാനമായ രീതിയിലല്ല ബുദ്ധി നിലകൊള്ളുന്നത്.
- പ്രായഭേദങ്ങൾക്കനുസൃതമായി ബുദ്ധിയും വ്യത്യാസപ്പെടുന്നു.
- ലിംഗവ്യത്യാസങ്ങളും ബുദ്ധിയുടെ അളവിനെ സ്വാധീനിക്കുന്നു.
- സാംസ്കാരികവും വർഗപരവുമായ വ്യത്യാസങ്ങൾ ബുദ്ധിയെ സ്വാധീനിക്കുന്നുണ്ട്.
- നിരവധി ഘടകങ്ങളുടെ ഒരു മിശ്രമാണ് ബുദ്ധി.
- ബുദ്ധിയെ കൃത്യമായി നിർവചിക്കുക എന്നത് ശ്രമകരമാണ്.

## ബുദ്ധി സിദ്ധാന്തങ്ങൾ (Theories of Intelligence)

ബുദ്ധിയെക്കുറിച്ച് ഒട്ടേറെ സിദ്ധാന്തങ്ങൾ രൂപപ്പെട്ടിട്ടുണ്ട്. ഈ സിദ്ധാന്തങ്ങളൊക്കെത്തന്നെ ബുദ്ധിയുടെ ഘടനയെക്കുറിച്ചാണ് വിശദീകരിക്കുന്നത്. ആദ്യകാല സിദ്ധാന്തങ്ങളിൽ പ്രധാനപ്പെട്ടവയാണ്.

1. ഏകഘടക സിദ്ധാന്തം (Unitary Theory or Monarchic Theory)
2. മനോഘടക സിദ്ധാന്തം (Mental faculty Theory)
3. ദ്വിഘടക സിദ്ധാന്തം (Two factor Theory) ചാൾസ് സ്പിയർമാൻ
4. ബഹുഘടക സിദ്ധാന്തം (Multi factor Theory) തോൺഡൈക്ക്

5. സംഘഘടക സിദ്ധാന്തം (Group Factor Theory) തേസ്റ്റൻ

6. ത്രിമുഖ സിദ്ധാന്തം (Three faces Theory) ജെ.പി. ഗിൽഫോർഡ്

**പ്രവർത്തനം**

ബുദ്ധി സിദ്ധാന്തങ്ങളുമായി ബന്ധപ്പെടുത്തിയുള്ള ഏകഘടക സിദ്ധാന്തം, മനോഘടകസിദ്ധാന്തം, ദ്വിഘടകസിദ്ധാന്തം, ബഹുഘടകസിദ്ധാന്തം, സംഘാടക സിദ്ധാന്തം, ത്രിമുഖസിദ്ധാന്തം എന്നിവയെക്കുറിച്ച് റഫറൻസിങ്ങിലൂടെ ലഘുകുറിപ്പുകൾ തയാറാക്കുക.

ആധുനികകാലത്ത് ബുദ്ധിയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾക്ക് മാറ്റങ്ങൾ സംഭവിച്ചു. അതിന്റെ വെളിച്ചത്തിൽ ഒട്ടേറെ സിദ്ധാന്തങ്ങളും രൂപീകൃതമായിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ട ഏതാനും സിദ്ധാന്തങ്ങളാണ് ഇനി പരിചയപ്പെടാനുള്ളത്.

**റയ്മണ്ട് കാറ്റലിന്റെ ബുദ്ധിവിഭജനം (Cattel's Two clusters theory )**

ബുദ്ധിയെക്കുറിച്ചുള്ള വ്യത്യസ്തമായൊരു സിദ്ധാന്തം അവതരിപ്പിച്ച വ്യക്തിയാണ് റയ്മണ്ട് കാറ്റൽ (Raymond Cattel). ബുദ്ധിക്ക് ദ്രവബുദ്ധി (Fluid Intelligence) എന്നും ഖരബുദ്ധി (Crystalised Intelligence) എന്നും രണ്ടു സുപ്രധാന ഘടകങ്ങൾ ഉണ്ടെന്ന വാദം അദ്ദേഹം മുന്നോട്ടു വച്ചു.



റയ്മണ്ട് കാറ്റൽ

നൈസർഗികമായി അഥവാ സഹജമായി ലഭിക്കുന്ന കഴിവാണ് ഫ്ളൂയിഡ് ഇന്റലിജൻസ്. ഇതിനെ നിർണയിക്കുന്നത് ജീവശാസ്ത്രപരമായ ഘടകങ്ങളാണ്. ചുറ്റുപാടുമുള്ള വസ്തുക്കളെ സ്വീകരിക്കാനും മനസ്സിലാക്കാനുമുള്ള കഴിവാണിത്. സ്പിയർമാന്റെ 'g' factor വുമായി ഇതിന് സാമ്യമുണ്ട്. യുക്തിചിന്തനത്തിനുള്ള കഴിവ്, വിവരങ്ങളെ വേഗത്തിൽ ശേഖരിച്ചു വയ്ക്കാനുള്ള ശേഷി, ഓർമശക്തി എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഇരുപതു വയസ്സിനുശേഷം ഫ്ളൂയിഡ് ഇന്റലിജൻസിന്റെ വളർച്ച നിരക്ക് കുറയുന്നു.

നാം ആർജിച്ച ജ്ഞാനത്തെ അഥവാ അറിവിനെ പ്രശ്ന പരിഹരണ സന്ദർഭങ്ങളിൽ ഉപയോഗപ്പെടുത്താനുള്ള നിപുണതയാണ് ക്രിസ്റ്റലൈസ്ഡ് ഇന്റലിജൻസ്. പരസ്പര ബന്ധങ്ങൾ കണ്ടെത്താനും പ്രശ്നപരിഹാരം ചെയ്യാനും വിലയിരുത്തൽ നടത്താനും കഴിയുന്നത് ഇതിന്റെ സ്വാധീനത്താലാണ്. പരിസ്ഥിതിയും വിദ്യാഭ്യാസവും ചേർന്നാണ് ക്രിസ്റ്റലൈസ്ഡ് ഇന്റലിജൻസിനെ രൂപപ്പെടുത്തുന്നത്. ഈയൊരു ബുദ്ധിഘടകം ഏകദേശം 60 വയസ്സുവരെ വികസിക്കും. ബുദ്ധിയുടെ ഈ രണ്ടു ഘടകങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. മികച്ച ഫ്ളൂയിഡ് ഇന്റലിജൻസ് ഉള്ള ഒരു വ്യക്തിക്ക് മികച്ച ക്രിസ്റ്റലൈസ്ഡ് ഇന്റലിജൻസും ഉണ്ടായിരിക്കും.

**സ്റ്റേൺ ബർഗിന്റെ ട്രയാർക്കിക് സിദ്ധാന്തം (Sternberg's Triarchic Theory)**

ട്രയാർക്കിക് സിദ്ധാന്തം അവതരിപ്പിച്ചത് റോബർട്ട് സ്റ്റേൺബർഗാണ്. ജ്ഞാതൃ മനഃശാസ്ത്രത്തെയും ബുദ്ധിയെക്കുറിച്ചുള്ള ചിന്തകളെയും അത് പരസ്പരം ബന്ധിപ്പിച്ചു. ആന്തരിക ഭാവങ്ങളായ ചിന്തകളും നിത്യജീവിതത്തിലെ ബാഹ്യമായ പ്രകടനങ്ങളും എങ്ങനെ പരസ്പരം കൈകോർക്കുന്നുവെന്നും അദ്ദേഹം വിശദീകരിച്ചു. അതുവഴി ബുദ്ധിക്ക് മൂന്നു തലങ്ങളുണ്ടെന്ന് സ്റ്റേൺബർഗ് പ്രസ്താവിച്ചു.

1. Componential Intelligence
2. Experimental Intelligence
3. Contextual Intelligence എന്നിവയാണവ. ഇവ ഓരോന്നും പഠനഫലമായി ആർജിക്കപ്പെടുന്നതാണ്. അതുകൊണ്ടു തന്നെ അവയെ ശക്തിപ്പെടുത്താനും വിപുലീകരിക്കാനും സാധ്യമാണ്.

1. Componential Intelligence

ഒരു വസ്തുത വിശകലനം ചെയ്യുകയും അതിനെക്കുറിച്ച് കാര്യകാരണസഹിതം യുക്തിസഹമായി ചിന്തിക്കുകയും ചെയ്ത് ആശയങ്ങൾ തമ്മിലുള്ള ബന്ധം കണ്ടെത്തുന്നതിനുള്ള കഴിവാണ് Componential Intelligence

2. Experimental Intelligence

പുതിയ പ്രശ്നങ്ങൾ പെട്ടെന്നു പരിഹരിക്കുന്നതിനുള്ള ശേഷിയാണ് Experimental intelligence. സുപരിചിതമായ പ്രശ്നങ്ങളെ തനിയെ യാന്ത്രികമായി പരിഹരിക്കാൻ ഇതുവഴി കഴിയുന്നു. അതോടൊപ്പം ക്രിയാത്മകതയും ഉൾക്കാഴ്ചയും ആവശ്യമുള്ള പ്രശ്നങ്ങൾ സ്വതന്ത്രമായി കൈകാര്യം ചെയ്യാനും സാധിക്കുന്നു.

3. Contextual Intelligence

സാഹചര്യങ്ങൾക്കനുസരിച്ച് പെരുമാറാനും അവയെ തനിക്ക് അനുകൂലമായി മാറ്റാനുമുള്ള കഴിവാണിത്. വിവിധ സാഹചര്യങ്ങളിൽ ബുദ്ധിയുടെ വിവിധ ആവിഷ്കാരങ്ങളാണ് വിലമതിക്കപ്പെടുന്നത്. ഒന്നാം സാഹചര്യത്തിലെ ബുദ്ധിപരമായ ഒരു പ്രവൃത്തി, മറ്റൊരു സാമൂഹിക സാഹചര്യത്തിൽ ബുദ്ധിപരമായ പ്രവൃത്തിയായി കണക്കാക്കണമെന്നില്ല. 'Street wise intelligence' എന്നും ഇതറിയപ്പെടുന്നു.

***റോബർട്ട് ജഫ്രി സ്റ്റേൺ ബർഗ്***


സ്റ്റേൺ ബർഗ്

*യേൽ സർവകലാശാലയിൽ നിന്ന് മനശ്ശാസ്ത്രത്തിൽ ബി എയും സ്റ്റാൻഫോർഡ് സർവകലാശാലയിൽ നിന്ന് ഗവേഷണ ബിരുദവും നേടി. അമേരിക്കൻ സൈക്കോളജിക്കൽ അസോസിയേഷൻ ഇരുപതാം നൂറ്റാണ്ടിലെ മികച്ച നൂറു മനഃശാസ്ത്രജ്ഞന്മാരിൽ ഒരാളായി തിരഞ്ഞെടുത്തു. സ്കൂൾ ക്ലാസിൽ പഠിക്കുമ്പോൾ IQ ടെസ്റ്റിൽ താഴ്ന്ന സ്കോർ നേടിയ കുട്ടിയായിരുന്നു സ്റ്റേൺബർഗ്. എന്നാൽ ബുദ്ധിയെക്കുറിച്ചുള്ള പഠനത്തിലൂടെ അദ്ദേഹം ലോക പ്രശസ്തനായി എന്നത് ചരിത്രത്തിന്റെ കാവ്യനീതിയായിരിക്കാം. 1996 – ൽ Successful Intelligence എന്ന കൃതി സ്റ്റേൺബർഗ് സമർപ്പിച്ചത് തന്നിലെ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിച്ച മിസിസ് അലക്സ എന്ന അധ്യാപികക്കായിരുന്നു. ചെറുപ്പത്തിൽത്തന്നെ സ്റ്റാൻഫോർഡ് ബിനെ ടെസ്റ്റുമായി പരിചയിക്കാനിടയായ സ്റ്റേൺബർഗ് വളരെ വേഗം Sternberg Test Of Mental Ability (STOMA) വികസിപ്പിച്ചെടുക്കുകയും ചെയ്തു.*

## ബുദ്ധിമാപനം

*(Measure of Intelligence )*


*ആൽഫ്രഡ് ബീനെ*

ബുദ്ധിശക്തിയെ വസ്തുനിഷ്ഠമായി നിർണയിക്കാനുള്ള ശ്രമം ആദ്യമായി നടത്തിയത് ആൽഫ്രഡ് ബീനെ *(Alfred Binet)* എന്ന ഫ്രഞ്ച് മനശ്ശാസ്ത്രജ്ഞനാണ്. ബുദ്ധിപരീക്ഷയുടെ പിതാവ് എന്നാണദ്ദേഹം അറിയപ്പെടുന്നത്. പാരീസിലെ വിദ്യാഭ്യാസ അധികാരികളുടെ അനുവാദത്തോടെ സഹപ്രവർത്തനകനായ തിയോഡോർ സൈമണു *(Theodore Simon)* മായി ചേർന്ന് ബുദ്ധിശോധകം തയാറാക്കി. 1905 ൽ തയാറാക്കിയ 30 ചോദ്യങ്ങൾ ഉൾപ്പെട്ട ഈ ബുദ്ധി പരീക്ഷ ബീനെ സൈമൺ സ്കെയിൽ എന്ന പേരിലാണ് അറിയുന്നത്.

മാനസിക വയസ്സ് *(Mental Age)* എന്ന ആശയത്തിന് ബീനെ രൂപം നല്കി. വ്യക്തികളുടെ മാനസിക വികാസം അളക്കുന്നത് മാനസിക വയസ്സിന്റെ രൂപത്തിലാണ്. മാനസിക വയസ്സിനെ താഴെ പറയുന്ന ഉദാഹരണത്തിലൂടെ വിശദീകരിക്കാവുന്നതാണ്.

നൂറു ചോദ്യങ്ങൾ അടങ്ങുന്ന ഒരു പരീക്ഷ നടത്തുന്നുവെന്നും ഭൂരിപക്ഷം പരീക്ഷാർഥികളുടെയും വയസ്സ് പതിമൂന്നരയാണെന്നും (13 വയസ്സ് 6 മാസം) സങ്കല്പിക്കുക. ഈ പരീക്ഷയുടെ ചോദ്യങ്ങളിൽ നാല്പത്തെട്ടു ചോദ്യങ്ങൾക്കു ശരിയുത്തരം നല്കണമെന്നാണ് വ്യവസ്ഥ. നാല്പത്തെട്ടു ചോദ്യങ്ങൾക്കു ശരിയുത്തരം നല്കുന്ന അഥവാ നാല്പത്തെട്ടു സ്കോർ നേടുന്ന ഏതൊരു വ്യക്തിയെയും അദ്ദേഹത്തിന്റെ കാലിക വയസ്സ് *(Chronological Age)* ഒരു വ്യക്തിക്ക് കാലാന്തരങ്ങളിലൂടെ ലഭിക്കുന്ന വയസ്സ് പരിഗണിക്കാതെ മാനസിക വയസ്സ് 13 വർഷവും 6 മാസവുമാണെന്നു കണക്കാക്കുന്നു. അതായത് എല്ലാ വ്യക്തികളുടെയും മാനസിക വയസ്സ് അവരുടെ കാലിക വയസ്സിനു തുല്യമായിരിക്കില്ല. ചില വ്യക്തികളുടെ മാനസിക വയസ്സ് കാലിക വയസ്സിനെക്കാൾ കൂടുതലും മറ്റു ചിലരുടേത് കുറവുമായിരിക്കും.

**ബുദ്ധിമാനം *(Intelligence quotient ) IQ***

ബുദ്ധിമാനം എന്ന പദം ആദ്യമായി പ്രയോഗിച്ചത് ജർമൻ മനഃശ്ശാസ്ത്രജ്ഞനായ വില്യം സ്റ്റേൺ (William Stern ) ആണ്. മാനസിക വയസ്സും (MA) കാലിക വയസ്സും (CA)തമ്മിലുള്ള അനുപാതത്തിന്റെ ശതമാന രൂപമാണ് ബുദ്ധിമാനം.

$$\text{ബുദ്ധിമാനം (IQ)} = \frac{MA}{CA} \times 100$$

നാലും അഞ്ചും വയസ്സുള്ള രണ്ടു കുട്ടികൾ ഒരു ബുദ്ധിപരീക്ഷയിൽ നേടിയ മാനസിക വയസ്സ് 5 ആണെങ്കിൽ അവരുടെ ബുദ്ധിമാനം താഴെ കാണും വിധമായിരിക്കും.

4 വയസ്സുള്ള കുട്ടിയുടെ ബുദ്ധിമാനം (IQ) $= \frac{5}{4} \times 100 = 125$

5 വയസ്സുള്ള കുട്ടിയുടെ ബുദ്ധിമാനം (IQ) $= \frac{5}{5} \times 100 = 100$

ഒരു കുട്ടിയുടെ മാനസിക വയസ്സ് കാലികവയസ്സിനു തുല്യമായിരുന്നാൽ അവന്റെ ബുദ്ധി മാനം 100 ആയിരിക്കും. 100 ൽ കുറഞ്ഞ ബുദ്ധിമാനം ബുദ്ധിക്കുറവിനെയും 100 ൽ കൂടിയ ബുദ്ധിമാനം ബുദ്ധിക്കൂടുതലിനെയും കാണിക്കുന്നു.

ബുദ്ധിമാനത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തികളെ താഴെ പറയും വിധം വർഗീകരിച്ചിരിക്കുന്നു.

| | | |
|---|---|---|
| IQ 30 - ൽ താഴെ | ജഡബുദ്ധി (idiot) | ദുർബലബുദ്ധി (feeble minded) |
| 30 - 50 | ക്ഷീണബുദ്ധി (imbecile) | |
| 50- 70 | മൂഢബുദ്ധി (Moron) | |
| 70 - 85 | മന്ദബുദ്ധി (Dull) | |
| 85-115 | ശരാശരി (Average) | |
| 115 - 130 | ശ്രേഷ്ഠബുദ്ധി (Superior ) | പ്രതിഭാ സമ്പന്നർ (Gifted ) |
| 130 ൽ കൂടുതൽ | ധിഷണാശാലി (genius) | |

**ബുദ്ധിശോധകത്തിന്റെയും ബുദ്ധിമാനത്തിന്റെയും പരിമിതികൾ**

- ബുദ്ധിപരീക്ഷാ സ്കോറിനെ എളുപ്പത്തിൽ വ്യാഖ്യാനിക്കാനാകില്ല.
- പരീക്ഷകന്റെ വൈകാരിക നില സ്കോറിനെ ബാധിക്കും.
- ഒരൊറ്റ പരീക്ഷയുടെ ഫലത്തിന്റെ അടിസ്ഥാനത്തിൽ ബുദ്ധിമാനം നിർണയിക്കുന്നത് ശരിയാകണമെന്നില്ല.
- ഒരു സ്ഥലത്ത് തയാറാക്കിയ മാപിനി മറ്റിടങ്ങളിൽ യോജിച്ചതാകണമെന്നില്ല.
- ചില പ്രായോഗിക ചോദ്യങ്ങളോട് എങ്ങനെയാണ് ഒരാൾ പ്രതികരിച്ചത് എന്നതിന്റെ അടിസ്ഥാനത്തിൽ നല്കുന്ന സ്കോറുകൾക്ക് വിശ്വാസ്യതക്കുറവുണ്ടായിരിക്കും.
- 
- 
- 

## ബഹുമുഖ ബുദ്ധി (Multiple Intelligence ) MI

ആധുനിക ഗവേഷണങ്ങളും മസ്തിഷ്ക പഠനങ്ങളും ബുദ്ധിയെക്കുറിച്ച് പല നൂതനധാരണകളും നല്കുന്നുണ്ട്. പഠനവുമായി അഭേദ്യമായി ബന്ധപ്പെട്ട ഒരു സംഗതി എന്ന നിലയിൽ ബുദ്ധിയെക്കുറിച്ചുള്ള കണ്ടെത്തലുകൾ വളരെ പ്രസക്തമാണ്. ഇതിൽ ജ്ഞാന നിർമിതി വാദിയായ ഹൊവാർഡ് ഗാർഡ്നർ (Howard Gardner) ബുദ്ധിയെക്കുറിച്ച് അവതരിപ്പിച്ച കണ്ടെത്തലുകൾ ഏറെ ശ്രദ്ധേയമാണ്.

മനുഷ്യന്റെ ബുദ്ധിക്ക് ബഹുമുഖങ്ങൾ ഉണ്ടെന്ന് ഗാർഡ്നർ സിദ്ധാന്തിച്ചു. ബുദ്ധിയുടെ ഈ മുഖങ്ങൾ ഓരോരുത്തരിലുമുണ്ട്. അത് ഓരോ വ്യക്തിയിലും അന്തർലീനമായിരിക്കുന്നത് ഒരേ അളവിലായിരിക്കുകയില്ല എന്നു മാത്രം. ബുദ്ധിയുടെ പ്രവർത്തനം വിശകലനം ചെയ്ത അദ്ദേഹം ഒമ്പതു തരം ബുദ്ധി സവിശേഷതകൾ കണ്ടെത്തുകയുണ്ടായി.

ഭാഷാ പരമായ ബുദ്ധി (verbal /Linguistic Intelligence) യുക്തി ചിന്താപരവും ഗണിതപരവുമായ ബുദ്ധി (Logical and Mathematical Intelligence) ദൃശ്യ-സ്ഥല പരബുദ്ധി (Visual and Spatial Intelligence) ശാരീരിക ചലന പരബുദ്ധി (Bodily Kinesthctic Intelligence) സംഗീതപരമായ ബുദ്ധി (Musical Intelligence) വ്യക്ത്യാന്തരബുദ്ധി (Inter personal intelligence) ആന്തരിക വൈയക്തിക ബുദ്ധി (Intra personal Intelligence) പ്രകൃതിപരമായ ബുദ്ധി (Natural Intelligence) അസ്തിത്വപരമായ ബുദ്ധി (Existential Intelligence) ഇവയാണ് ഗാർഡ്നർ അവതരിപ്പിക്കുന്ന ബുദ്ധിയുടെ ബഹുമുഖങ്ങൾ.

**1. ഭാഷാപരമായ ബുദ്ധി**

ലോകത്തിലെ ഏതു സംസ്കാരത്തിൽ വളരുന്നവർക്കും ഭാഷ പ്രയോഗിക്കാനുള്ള കഴിവുണ്ട്. അതായത് ജന്മസിദ്ധമായ ഭാഷാഘടകം എല്ലാവരിലുമുണ്ട് എന്നർഥം. ഓരോ വ്യക്തിക്കും ഭാഷയിൽ നിർമിതി നടത്തുന്നതിനും ഭാഷ പ്രയോഗിക്കുന്നതിനുമുള്ള കഴിവിൽ വ്യത്യാസം ഉണ്ടാകാമെങ്കിലും ഭാഷാപരമായ ബുദ്ധിയിൽ മുൻതൂക്കമുള്ളവർക്ക് നന്നായി എഴുതാനും ഫലപ്രദമായി പ്രഭാഷണം നടത്താനുള്ള കഴിവുണ്ടാകും.



**നല്കാവുന്ന പ്രവർത്തനങ്ങൾ**

- സംവാദങ്ങൾ
- ചർച്ചകൾ
- സെമിനാറുകൾ
- വൈവിധ്യമുള്ള ഭാഷാരൂപങ്ങളിൽ രചനകൾ നടത്താനുള്ള അവസരം
- പ്രഭാഷണങ്ങൾ
- അഭിമുഖങ്ങൾ
- 
- 
- 
- 

**വെർണിക്കെയും ബ്രോക്കയും**

മനുഷ്യമസ്തിഷ്കത്തിന്റെ രണ്ടു ഭാഗങ്ങളാണ് വെർണിക്കെയും ബ്രോക്കയും,: മസ്തിഷ്കത്തിൽ ഭാഷാപരമായ കാര്യങ്ങൾ ഈ ഭാഗങ്ങളുടെ പ്രവർത്തനം മൂലമാണ് നടക്കുന്നത്. വെർണിക്കെ ആശയ സ്വീകരണത്തിനും ബ്രോക്ക ഏരിയ ആശയ പ്രകടനത്തിനും ഉപകരിക്കുന്നു. ഇവയിൽ ഏതെങ്കിലും മൊന്നിന് ക്ഷതം സംഭവിച്ചാൽ ഭാഷാപരമായ നിശ്ചിത കഴിവുകൾ ഇല്ലാതാകും

**2. യുക്തി ചിന്താപരവും ഗണിതപരവുമായ ബുദ്ധി**



യുക്തിപൂർവം ചിന്തിക്കുന്നതിനും ആശയങ്ങളുടെ പരസ്പര ബന്ധം കണ്ടെത്തുന്നതിനും അമൂർത്ത ചിന്തനത്തിന് കഴിയുന്നതും ഈയൊരു ബുദ്ധി ഉള്ളതിനാലാണ്. പാറ്റേണിന്റെ യുക്തി കണ്ടെത്തുക, പ്രവർത്തനങ്ങൾ ചിട്ടയായും ക്രമബദ്ധമായും ചെയ്യുക. പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടുക, അറിവുകൾ സ്വയം പരിശോധിച്ച് ബോധ്യപ്പെടുക, ശാസ്ത്രീയമായ വിശകലനരീതി സ്വീകരിക്കുക, നിഗമനാത്മകമായ ചിന്താരീതി പ്രകടിപ്പിക്കുക തുടങ്ങിയവയ്ക്ക് ഈയൊരു ബുദ്ധിമുഖം നിദാനമായി വർത്തിക്കുന്നു.

- ചാർട്ടുകൾ, ഗ്രാഫുകൾ, പട്ടികകൾ എന്നിവയുടെ നിർമാണം.
- പാറ്റേൺ തയാറാക്കൽ
- പരസ്പരബന്ധം കണ്ടെത്തൽ
- ചോദ്യം ചോദിക്കൽ
- പ്രശ്നപരിഹരണം
- പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടൽ
- പ്രവചനം
-
-
-



### 3. ദൃശ്യസ്ഥല പരബുദ്ധി

വസ്തുക്കളുടെ സ്ഥാനനിർണയം നടത്തുന്നതിനും ഭാവനയിൽ കാണുന്നതിനും മനോചിത്രണം നടത്തുന്നതിനും ഒന്നിന്റെ സാന്നിധ്യത്തിലും അസാന്നിധ്യത്തിലും അതിന്റെ സവിശേഷതകൾ, രൂപാന്തരം, ഉണ്ടായിരുന്നപ്പോഴുള്ള അവസ്ഥ എന്നിവ മനസ്സിലാക്കി പ്രവർത്തിക്കുന്നതിനുള്ള ബുദ്ധിയാണിത്.

- ചിത്രങ്ങൾക്ക് നിറം കൊടുക്കൽ
- കൊളാഷ് നിർമാണം
- പോസ്റ്ററുകൾ
- നിറങ്ങളെ സംയോജിപ്പിക്കൽ
- ചിത്രരചന
-
-



### 4. ശാരീരിക ചലനപര ബുദ്ധി

ഒരാളുടെ ശരീരത്തെ അതിന്റെ ഉയർന്ന സാധ്യതകളിൽ അഥവാ സാധ്യമായ ഉയർന്ന തലങ്ങളിൽ പ്രയോജനപ്പെടുത്തുന്നതിന് ഉപയുക്തമാകുന്നതിനുള്ള ബുദ്ധി സവിശേഷതയാണ് ശാരീരിക ചലനപരമായ ബുദ്ധി

ഇക്കൂട്ടർക്ക് കായികശേഷി, ശരീരാവയവങ്ങളുടെ പ്രവർത്തനങ്ങളെ ക്രോഡീകരിക്കാനുള്ള കഴിവ്, നൃത്തം, കൈകാലുകൾ കൊണ്ടും ശരീരം കൊണ്ടും അഭ്യാസങ്ങൾ കാണിക്കാനുള്ള പാടവം, ശരീരത്തെ ആരോ

ഗ്യകരമായും മനോഹരമായും സൂക്ഷിക്കാനുള്ള പ്രവണത, ചലനങ്ങൾ സൃഷ്ടിക്കാനുള്ള സിദ്ധി എന്നിവ കൂടുതലായിരിക്കും.

**നല്കാവുന്ന പ്രവർത്തനങ്ങൾ**

- പ്രവർത്തനങ്ങളിലൂടെയുള്ള പഠനം
- പരീക്ഷണങ്ങൾ
- കരകൗശല പ്രവർത്തനങ്ങൾ
- നിർമാണങ്ങൾ
- അനുകരണം
- അഭിനയം
- നാടകീകരണം
- കായിക പ്രാധാന്യമുള്ള പ്രവർത്തനങ്ങൾ
- 
- 
- 

**5. സംഗീതപരമായി ബുദ്ധി**



സംഗീതാലാപനത്തിനും ആസ്വാദനത്തിനുമുള്ള ബുദ്ധിവിശേഷം ഏറിയും കുറഞ്ഞും എല്ലാവരിലുമുണ്ട്. തന്റെ മൂന്നാമത്തെ വയസ്സിൽത്തന്നെ കഴിവു പ്രകടിപ്പിക്കാൻ തുടങ്ങിയ പ്രസിദ്ധ വയനലിസ്റ്റ് യഹൂദി മെനുഹിനിൽ സംഗീതശേഷി സ്വാഭാവികമായി ഉണ്ടാവുകയാണ് ചെയ്തത്. അതായത് വിവിധ സ്ഥായിയിലും വ്യത്യസ്തമായ താളത്തിലും ഭാവത്തിലും സംഗീതാത്മകമായി കാര്യങ്ങൾ ആവിഷ്കരിക്കുന്നതിനും ആസ്വദിക്കുന്നതിനുമുള്ള ബുദ്ധിയാണിത്.

- കവിതകളുടെ താളം കണ്ടെത്തൽ
- ഈണവും താളവും നല്കൽ
- താളാത്മക ചലനം
- സംഗീതോപകരണങ്ങളുടെ ഉപയോഗം
- ശ്രാവ്യ സങ്കേതങ്ങൾ പ്രയോജനപ്പെടുത്തൽ
- കലാസ്വാദന പ്രവർത്തനങ്ങൾ
- 
- 
- 

6. **വ്യക്ത്യാന്തര ബുദ്ധി**

മനുഷ്യൻ ഒരു സമൂഹജീവിയാണ്. മറ്റുള്ളവരുമായി ഇടപഴകുന്നതിനും അവരെ മനസ്സിലാക്കുന്നതിനും അവരുടെ പെരുമാറ്റങ്ങൾ വ്യാഖ്യാനിക്കുന്നതിനുമുള്ള കഴിവാണ് വ്യക്ത്യാന്തരബുദ്ധി. അന്യരുടെ വികാര വിചാരങ്ങളും ആവശ്യങ്ങളും താത്പര്യങ്ങളും കണക്കിലെടുത്ത് പ്രതികരിക്കാൻ കഴിയുക എന്നത് ഒരു പ്രത്യേക ഗുണവിശേഷമാണ്. ഇത് സാധ്യമാകുന്നതും വ്യക്ത്യാന്തരബുദ്ധിയുള്ളതിനാലാണ്.

**നല്കാവുന്ന പ്രവർത്തനങ്ങൾ**



- സഹകരണ, സഹവർത്തിത പ്രവർത്തനങ്ങൾ
- ഗ്രൂപ്പു പ്രവർത്തനങ്ങൾ
- അനുഭവങ്ങൾ പങ്കുവയ്ക്കൽ
- മറ്റുള്ളവരുടെ കാഴ്ചപാടിൽ നിന്നു നോക്കിക്കാണൽ
- പരസ്പര വിലയിരുത്തലുകൾ
-
-

7. **ആന്തരിക വൈയക്തിക ബുദ്ധി**



സ്വന്തം ശക്തി ദൗർബല്യങ്ങൾ തിരിച്ചറിഞ്ഞു പ്രവർത്തിക്കാനും കഴിവിന്റെ പരമാവധിയിലേക്കുയരുവാനും സ്വത്വസാക്ഷാത്കരണിലെത്താനുമുള്ള കഴിവാണ് ആന്തരിക വൈയക്തിക ബുദ്ധിയിലൂടെ സംജാതമാകുന്നത്. തന്റെ മാനസിക പ്രശ്നങ്ങൾ, ആത്മസംഘർഷങ്ങൾ ഇവ പരിഹരിക്കാനും സ്വയം വിലയിരുത്തി മെച്ചപ്പെടാനും ആത്മവിശ്വാസത്തോടെ പ്രവർത്തിക്കാനും സഹായിക്കുന്നത് ഈ ബൗദ്ധിക ഘടകമാണ്.

**നല്കാവുന്ന പ്രവർത്തനങ്ങൾ**

- ജേർണലുകൾ നിർമിക്കൽ
- വായനക്കുറിപ്പു തയാറാക്കൽ
- സർഗാത്മക പ്രവർത്തനങ്ങൾ
- സംവാദങ്ങളിലേർപ്പെടൽ
- ചർച്ചകൾ
-
-

8. **പ്രകൃതിപരമായ ബുദ്ധി**

തന്റെ ചുറ്റുപാടുകളെ അറിയാനും പ്രകൃതിയുടെ സവിശേഷതകളെ ആദരിക്കാനും ആസ്വദിക്കാനും വൈവിധ്യങ്ങളെ മനസ്സിലാക്കാനും അവ സംരക്ഷിക്കുന്നതിന്റെ ആവശ്യകത ബോധ്യപ്പെടാനും അതിനായി പ്രവർത്തിക്കാനുമൊക്കെ കഴിയുന്നത്, പ്രകൃതിപരമായ ബുദ്ധിയുടെ സ്വാധീനം കൊണ്ടാണ്. താനും പ്രകൃതിയുടെ ഭാഗമാണെന്ന് ഇതുവഴി തിരിച്ചറിയുന്നു. പ്രകൃതിയോട് ഉത്തരവാദിത്വത്തോടെ പെരുമാറുന്നതും ഈ ബുദ്ധിയുടെ സഹായത്താലാണ്.

**നല്കാവുന്ന പ്രവർത്തനങ്ങൾ**



- പ്രകൃതി നിരീക്ഷണം
- സസ്യ-ജന്തുജാലങ്ങളുടെ സവിശേഷത തിരിച്ചറിയൽ
- പ്രകൃതി വസ്തുക്കളെ തരം തിരിക്കൽ
- കാലാവസ്ഥ വ്യതിയാനങ്ങൾ മനസ്സിലാക്കൽ
- പക്ഷി മൃഗാദികളുമായി സംവദിക്കൽ
- കൃഷി വിദഗ്ദ്ധനുമായി അഭിമുഖം
- 
- 

9. **അസ്തിത്വപരമായ ബുദ്ധി**

തത്ത്വശാസ്ത്രപരമായ ഒരു തലത്തിൽ നിന്നുകൊണ്ട് തന്റെ തന്നെ നിലനില്പ്, അസ്തിത്വം എന്നിവ പരിശോധിക്കാനുള്ള കഴിവായി ഇതിനെ പരിഗണിക്കുന്നു. ഞാനാരാണ്? (Who am I ) എന്റെ ജീവിതത്തിന്റെ അർഥം എന്താണ്? ജനിക്കുന്നതിനുമുമ്പുള്ള അവസ്ഥ എന്തായിരുന്നു? ജീവിതം അവസാനിച്ചു കഴിഞ്ഞാൽ എന്തായിരിക്കും? തുടങ്ങിയ ചോദ്യങ്ങൾക്ക് തന്റേതായ രീതിയിൽ ഉത്തരങ്ങളും വ്യാഖ്യാനങ്ങളും നല്കാൻ ഈയൊരു ബുദ്ധിമുഖത്തിന് കഴിയുന്നു. ഈ മേഖലയിലുള്ള അന്വേഷണം തുടരുകയാണ്.

**നല്കാവുന്ന പ്രവർത്തനങ്ങൾ**

- മഹദ്വചനങ്ങൾ
- ദിനാചരണങ്ങൾ, അനുസ്മരണങ്ങൾ
- എല്ലാ പ്രസ്ഥാനങ്ങളിലെയും നന്മയെ കണ്ടെത്തൽ
- അസംബ്ലി, ക്ലബ് പ്രവർത്തനങ്ങൾ എന്നിവ പ്രയോജനപ്പെടുത്തൽ
- 
- 
- 

ബുദ്ധിയുടെ മേൽ സൂചിപ്പിച്ച തലങ്ങൾ ഓരോരുത്തരിലുമുണ്ട്. എങ്കിലും അവയുടെ ചേരുവയിൽ വ്യക്തികൾ ഭിന്നരാണ്. സ്വതന്ത്രമായും പരസ്പര ബന്ധിതമായും പ്രവർത്തിക്കാൻ ഇവർക്കു കഴിയുകയും ചെയ്യുന്നു.


ഹൊവാർഡ് ഏൾ ഗാർഡ്നർ


ഗാർഡ്നറുടെ സിദ്ധാന്ത പ്രകാരം ആന്തരിക വൈയക്തിക ബുദ്ധിയും വ്യക്ത്യാന്തര ബുദ്ധിയും ജീവിത വിജയത്തിൽ ഏറെ സ്വാധീനിക്കുന്ന ബുദ്ധി മുഖങ്ങളാണ്. ഇവ രണ്ടിനെയും ചേർത്ത് വ്യക്തിപരബുദ്ധി (Personal intelligence) എന്നു സാമാന്യമായി പറയാം. ജീവിതത്തിന്റെ നിർണായകമായ സന്ദർഭങ്ങളിൽ ഉചിതമായ തീരുമാനമെടുക്കുന്നതിന് ഈയൊരു ഘടകമാണ് സഹായിക്കുന്നത്. പീറ്റർ സലോവ ജോൺ മേയർ തുടങ്ങിയവർ വൈകാരിക ബുദ്ധിയെക്കുറിച്ചുള്ള ധാരണകൾ പങ്കുവച്ചതോടെ ജീവീത നേട്ടങ്ങളുടെ സൂചകം എന്ന നിലയിൽ ഐ.ക്യൂ വിന് ഉണ്ടായിരുന്ന അപ്രമാദിത്വത്തിന് ഉലച്ചിൽ തട്ടി. പീറ്റർ സലോവ, വ്യക്തിപരബുദ്ധിയെ വൈകാരികബുദ്ധിയായിത്തന്നെയാണ് അവതരിപ്പിച്ചത്. ഡാനിയൽ ഗോൾമാൻ 'Emotional Intelligence' എന്ന തന്റെ പ്രശസ്തമായ പുസ്തകം പ്രസിദ്ധീകരിച്ചതോടെ വൈകാരിക ബുദ്ധിയെക്കുറിച്ചുള്ള ചർച്ചകൾ സജീവമാകുകയും ജീവിത വിജയത്തെ സ്വാധീനിക്കുന്ന നിർണായക ഘടകം എന്ന നിലയിൽ അതിനുള്ള സ്വീകാര്യത വർദ്ധിക്കുകയും ചെയ്തു.

**പ്രവർത്തനം**


*ഏതെങ്കിലും ഒരു തീമിനെ (ഉദാ: മഴ) അടിസ്ഥാനമാക്കി ബഹുമുഖബുദ്ധി പ്രവർത്തനങ്ങളെ ഉദ്ഗ്രഥിച്ചുകൊണ്ട് ഒരു പ്രവർത്തനപദ്ധതി തയാറാക്കുക.*

## MI പഠന - മേന്മകൾ

- ലോകവുമായി പലവിധത്തിൽ സംവദിക്കുന്നതിനു അവസരമൊരുക്കുന്നു.
- ബുദ്ധിയുടെ എല്ലാ സവിശേഷതകളെയും സാധ്യതകളെയും അംഗീകരിക്കുന്നു.
- വ്യക്തിയുടെ അഭിരുചികൾ, ആവശ്യങ്ങൾ വൈവിധ്യത്തോടുള്ള താത്പര്യം, മൂല്യങ്ങൾ, കാഴ്ചപ്പാടുകൾ തുടങ്ങിയെല്ലാം പരിഗണിക്കുന്നു.
- കുട്ടികൾക്ക് വൈവിധ്യങ്ങളിലൂടെ മുന്നേറാനുള്ള ആഹ്ലാദകരമായ അവസരം ലഭിക്കുന്നു.
- പിന്നാക്കം നില്ക്കുന്ന കുട്ടികൾക്കു കൂടുതൽ ആത്മവിശ്വാസവും പഠനസാധ്യതയും നല്കുന്നു.


MULTIPLE INTELLI-GENCE
Linguistic
Excels in Words, Languages, Poetry
Poets, Writers
Existential
Concerned with inner life of Mind Body & Soul. Understand spirituality.
Spiritual Leaders.
Logical Mathematical
Excels in Maths, Logical thinking.
Bankers, Accountants
Naturalistic
Loves Plants, Animals and nature. Understands natural world.
Biologist, Conservationist
Visual Spatial
Excels in shapes, designs, graphics and visualization
Designer and Engineer
Intra personal
Ability to understand one's inner feelings. Self realization and to know about one self.
Philosopher, Clergy
Musical
Excels in performing & composing musical pieces.
Singer, Musical Composer
Ability to organize people, group activities & social Relationship.
Leaders, Social Workers
Inter personal
Excels in performing Sports, Physical Activities & Body movements.
Actors, Atheletes
Bodily Kinesthetics

## നിങ്ങൾക്ക് ആരാകണം?



*ഉപരിപഠനത്തിന് കോഴ്സുകൾ തിരഞ്ഞെടുക്കുമ്പോൾ പ്രധാനപരിഗണന കൊടുക്കേണ്ടത് കുട്ടിയുടെ അഭിരുചികൾക്കും സഹജമായുള്ള സവിശേഷ പാടവങ്ങൾ അഥവാ 'ടാലന്റുകൾ' ക്കും ആണ്.*

*ചിലർക്ക് എഴുത്തിലായിരിക്കും അഭിരുചി. ചിലർക്കാകട്ടെ സംഗീതത്തിലും. മറ്റുചിലർക്ക് ഗണിതശാസ്ത്രത്തിലും അതു സംബന്ധമായ സൂത്രവാക്യത്തിലുമായിരിക്കും പ്രത്യേകമായ കഴിവുകൾ, ഈ വ്യത്യസ്തതകൾ ജീവിതവിജയത്തെയും ലക്ഷ്യത്തെയും സ്വാധീനിക്കുന്നുണ്ട്. ഉദാഹരണത്തിന് യുക്തിവിചാരവും ഗണിതശാസ്ത്രപാടവമുള്ള ഒരു വിദ്യാർത്ഥിക്ക് പരസ്പര സമ്പർക്ക സാമർത്ഥ്യം ഏറെ വേണ്ട പബ്ലിക്ക് റിലേഷൻസ് ഓഫീസർ, കൺസൾട്ടൻസി ബിസിനസ് എന്നിവയിൽ ശോഭിക്കാൻ കഴിയാതെ വരും. സംഗീതത്തിൽ ഉയർന്ന പാടവമുള്ള ഒരാൾ കമ്പ്യൂട്ടർ സോഫ്റ്റ്‌വേർ എൻജിനിയറിങ് ജീവിതലക്ഷ്യമായി കരുതിയാൽ അതു വേണ്ടത്ര വിജയിച്ചെന്നു വരില്ല. അതിനാൽ കുട്ടികളുടെ അഭിരുചിയും അവരിൽ പ്രകടമായ ടാലന്റും എന്താണെന്നു കണ്ടെത്തുകയും അതിനനുസരിച്ച് ലക്ഷ്യം നിർണയിച്ച് അനുയോജ്യമായ കോഴ്സ് തിരഞ്ഞെടുത്ത് ഉപരിപഠനം നടത്തേണ്ടതുമാണ്.*

## പ്രവർത്തനം – സർവെ

**MI** യുടെ വിവിധഘടകങ്ങൾ ഏതെല്ലാമെന്നും പഠനപ്രവർത്തനത്തിൽ അവ പരിഗണിക്കേണ്ടതിന്റെ ആവശ്യകത എന്തെല്ലാമെന്നും തിരിച്ചറിഞ്ഞ അധ്യാപക വിദ്യാർത്ഥി, ഇവ എത്രമാത്രം ഒരു പ്രൈമറി സ്കൂളിൽ പ്രാവർത്തികമാകുന്നുണ്ട് എന്ന് കണ്ടെത്തേണ്ടതുണ്ട്. അതിനാവശ്യമായ ഒരു നിരീക്ഷണഫോം ചർച്ചയിലൂടെ രൂപപ്പെടുത്തുകയും വേണം. നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ കുറിപ്പുകൾ തയാറാക്കുന്നതിനും നിർദേശങ്ങൾ സമർപ്പിക്കുന്നതിനും നമുക്കു കഴിയേണ്ടതുണ്ട്.

| നിരീക്ഷണഫോറം-മാതൃക | | | |
|---|---|---|---|
| ക്രമ നമ്പർ | MI ഘടകങ്ങൾ | നിരീക്ഷിച്ച പ്രവർത്തനങ്ങളും പ്രത്യേകതകളും | നിർദേശങ്ങൾ |
| 1. | ഭാഷാപരമായ ബുദ്ധി | | |
| 2. | യുക്തിചിന്താപരവും ഗണിതപരവുമായ ബുദ്ധി | | |
| 3. | ദൃശ്യ-സ്ഥലപര ബുദ്ധി | | |
| 4. | ശാരീരിക ചലനപരമായ ബുദ്ധി | | |
| 5. | സംഗീതപരമായ ബുദ്ധി | | |
| 6. | വ്യക്ത്യാന്തരബുദ്ധി | | |
| 7. | ആന്തരിക വൈയക്തിക ബുദ്ധി | | |
| 8. | പ്രകൃതിപരമായ ബുദ്ധി | | |

## വൈകാരിക ബുദ്ധി (Emotional Intelligence) EQ

ഉന്നതബിരുദങ്ങളും ഉയർന്ന ജോലിയും ഉണ്ടായിട്ടും ചില വ്യക്തികൾ ജീവിതത്തിൽ അമ്പേ പരാജയപ്പെടുന്നു. ഉയർന്ന IQ ഉണ്ടായിട്ടും ചിലർ ജീവിതം വിജയകരമായി മുന്നോട്ടു കൊണ്ടുപോകുന്നതിൽ മോശം പ്രകടനം കാഴ്ചവയ്ക്കുന്നു. ചിലർക്ക് അവരുടെ കഴിവുകൾ വേണ്ടപോലെ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. അവർ അവസരങ്ങൾ സ്വയം നഷ്ടമാക്കുന്നു. മറ്റു ചിലരാകട്ടെ ബുദ്ധിക്കും കഴിവിനും അനുസൃതമല്ലാത്ത തൊഴിൽ ചെയ്തു ജീവിക്കുന്നു. ജീവിതത്തിൽ വിജയിക്കാൻ ബുദ്ധിമാത്രം പോരാ എന്ന സൂചനയാണ് ഇതു നല്കുന്നത്. അതായത് വൈകാരിക ബുദ്ധിയും അനിവാര്യമാണെന്നു കണ്ടെത്തിയിരിക്കുന്നു.

**എന്താണ് വൈകാരിക ബുദ്ധി?**

വൈകാരികാവസ്ഥകളെ ബുദ്ധിപരമായി നിയന്ത്രിക്കാനുള്ള കഴിവാണ് വൈകാരിക ബുദ്ധി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. അതായത് ഒരു വ്യക്തിക്ക് തന്റെയും മറ്റുള്ളവരുടെയും വൈകാരികാവസ്ഥകളെ തിരിച്ചറിയാനും വ്യക്തിബന്ധങ്ങൾ മെച്ചപ്പെടുത്താനുമുള്ള പ്രചോദകമായി തിരിച്ചറിവിനെ ഉപയോഗപ്പെടുത്താനുള്ള സാമൂഹ്യമായ ബുദ്ധിശക്തിയെ വൈകാരിക ബുദ്ധി എന്നു പറയാം.

അഞ്ചു തലങ്ങളിലായാണ് വൈകാരിക ബുദ്ധി വിശദീകരിക്കപ്പെടുന്നത്. അവ താഴെപ്പറയുന്നു.

1. നമ്മുടെ വികാരങ്ങളെ തിരിച്ചറിയുക (knowing our emotions)
2. വികാരങ്ങളെ നിയന്ത്രിക്കുക (Managing our emotions)

3. സ്വയം പ്രചോദിതമാവുക (Motivating ourselves)

4. മറ്റുള്ളവരുടെ വികാരങ്ങളെ അറിയുകയും സ്വാധീനിക്കുകയും ചെയ്യുക (Recognising the emotions of others)

5. ബന്ധങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് (Dealing relations effectively)

**വൈകാരികബുദ്ധിയുടെ സവിശേഷതകൾ**

- ചിന്തിച്ച് തീരുമാനമെടുക്കാനുള്ള കഴിവ്.
- വികാരങ്ങളെ തിരിച്ചറിയാനും ഔചിത്യപൂർവം പ്രകടിപ്പിക്കാനുമുള്ള ശേഷി
- ആശയവിനിമയശേഷിമൂലം മറ്റുള്ളവരുടെ ശ്രദ്ധയും വിശ്വാസവും പിടിച്ചുപറ്റാനുള്ള കഴിവ്.
- നർമബോധത്തോടെ ജീവിത പ്രതിസന്ധികളെ നേരിടാനുള്ള ശേഷി
- ചുമതലകൾ ഏറ്റെടുക്കാനുള്ള സന്നദ്ധത
- മറ്റുള്ളവരെ പ്രചോദിപ്പിക്കാനുള്ള കഴിവ്
- ആശയസംഘർഷങ്ങളെ ആരോഗ്യകരവും ക്രിയാത്മകവുമായ രീതികളിൽ പരിഹരിക്കുന്നതിനുള്ള ശേഷി

വൈകാരിക ബുദ്ധിയെക്കുറിച്ചുള്ള ഗോൾമാന്റെ വാദങ്ങളിൽ പഠനങ്ങൾ നടന്നുവരുകയാണ്. കൂടുതൽ മൂർത്തമായ തെളിവുകൾ ശേഖരിക്കാനുള്ള ശ്രമത്തിലാണ് മനശ്ശാസ്ത്രജ്ഞർ. വിവിധങ്ങളായ സ്വതന്ത്ര കഴിവുകളുടെ കൂട്ടമാണ് വൈകാരികബുദ്ധി എന്ന സങ്കല്പത്തെ അത് ഏകഘടകമാണെന്ന മറുവാദം കൊണ്ടും ജീവിതവിജയത്തെ ഈ ഘടകം സ്വാധീനിക്കുന്നുണ്ടോ എന്ന ചോദ്യം കൊണ്ടും ചിലർ നേരിടുന്നു. സാമൂഹിക ബുദ്ധിയിൽ നിന്നും വൈകാരികബുദ്ധിക്ക് എന്തു വ്യത്യാസമാണുള്ളതെന്നും അവർ ചോദിക്കുന്നു. കൂടാതെ വൈകാരികബുദ്ധി, അതിന്റെ എല്ലാ തലങ്ങളെയും സ്പർശിച്ചുകൊണ്ട് അളക്കാനുള്ള ടെസ്റ്റുകൾ പര്യാപ്തമാണോ എന്നും ഈ ടെസ്റ്റുകൾക്ക് സാധുത (validity), വിശ്വാസ്യത (realability) എന്നിവ ഉണ്ടോയെന്നു പരിശോധിക്കപ്പെടേണ്ടതാണെന്നും അവർ ആവശ്യപ്പെടുന്നു. IQ സ്കോർ കണക്കാക്കുന്നതുപോലെ ഒരു സൂത്രവാക്യത്തിലേക്ക് EQ വിനെ ചുരുക്കുക ബുദ്ധിമുട്ടാണ്.

**വൈകാരികമാനവും (EQ), മാപനവും**

IQ (Intelligence Quotient) വുമായി താരതമ്യം ചെയ്യുമ്പോൾ EQ (Emotional Quotient) വാണ് ജീവിതവിജയത്തെ നിർണയിക്കുന്നതിൽ പ്രധാനമെന്ന് ഡാനിയൽ ഗോൾമാൻ അഭിപ്രായപ്പെടുന്നു. അമേരിക്കയിൽ നടത്തിയ പഠനത്തിൽ ജീവിത വിജയത്തിന്റെ സൂചകമായി IQ വിനെ പരിഗണിക്കാൻ കഴിയില്ലെന്ന് തെളിയിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഈ സന്ദർഭത്തിലാണ് വൈകാരികമാനം (EQ) എന്ന ആശയം അദ്ദേഹം അവതരിപ്പിക്കുന്നത്.

വൈകാരികമാനം എങ്ങനെയാണു കണക്കാക്കുക? വ്യക്തികളുടെ വൈകാരികബുദ്ധി ചില പ്രതികരണങ്ങളെ അപഗ്രഥിച്ച് ഒരു സംഖ്യയായി തിട്ടപ്പെടുത്താൻ കഴിയുമോ? ഈ രംഗത്ത് ഗവേഷണം നടത്തിയവർ പറയുന്നത് ഇ.ക്യൂ വിനെ സമഗ്രമായി വിലയിരുത്താൻ കഴിയുന്ന ഒരു സാമഗ്രി (tool) നിർമ്മിക്കാൻ കഴിയില്ല എന്നുതന്നെയാണ്. എങ്കിലും വൈകാരികബുദ്ധിയെ നിർണ്ണയിക്കുന്ന വിവിധ ഘടകങ്ങളെ (സ്വാവബോധം, ആത്മനിയന്ത്രണം,

സഹഭാവം, സഹകരണമനോഭാവം തുടങ്ങിയവ) സൂചകങ്ങളായി പരിഗണിച്ചുകൊണ്ട് നിർമ്മിക്കപ്പെട്ട നിരവധി ശോധകങ്ങൾ ഇന്ന് ലഭ്യമാണ്. ജോൺ. ഡി. മേയർ, പീറ്റർ സലോവ തുടങ്ങിയവർ തയാറാക്കിയ സാമഗ്രികൾ പ്രത്യേക പരാമർശം അർഹിക്കുന്നു.

**പ്രവർത്തനം**

കുട്ടികളുടെ EQ പരിശോധിക്കുന്നതിനായി SCERT ഒരു സമഗ്രി (Tool) വികസിപ്പിച്ചിട്ടുണ്ട്. ഇതുപയോഗിച്ച് ഒരു Test നടത്തി കുട്ടികളുടെ EQ എപ്രകാരമാണെന്നു കണ്ടെത്തുക.

## വൈകാരികബുദ്ധിയുടെ ക്ലാസ്റൂം പ്രസക്തി

ആർജ്ജിക്കാൻ കഴിയുന്ന ഒരു ശേഷിയായാണ് വൈകാരിക ബുദ്ധിയെ എല്ലാ ഗവേഷകരും പരിഗണിക്കുന്നത്. ഇങ്ങനെ നോക്കുമ്പോൾ സാമൂഹിക ജീവിതത്തിന്റെ വൈവിധ്യമാർന്ന അനുഭവങ്ങൾ വൈകാരികബുദ്ധിയുടെ വികസനത്തിന് അത്യന്താപേക്ഷിതമാണെന്നുകാണാം. നിർഭാഗ്യവശാൽ പുതുതലമുറയിലെ കുട്ടികൾക്ക് ഇത്തരം സാമൂഹികാനുഭവങ്ങൾ തുലോം കുറവായിട്ടാണ് ലഭിക്കുന്നത്. ഇത് വൈകാരികബുദ്ധിയുടെ വികാസനത്തെയും സ്വാധീനിക്കുന്നു. കുടുംബത്തിലും വിദ്യാലയത്തിലും ഇത്തരം ധാരാളം അനുഭവങ്ങൾ കുട്ടികൾക്ക് ലഭിക്കണം. പല വിദേശ രാജ്യങ്ങളിലും EQ വിന്റെ വികാസം ഉറപ്പിക്കുന്ന രീതിയിൽ പാഠ്യപദ്ധതികൾ പരിഷ്കരിക്കപ്പെട്ടിട്ടുണ്ട്. വൈകാരിക ബുദ്ധി വികസിക്കുന്നതിനനുസരിച്ച് അക്കാദമിക നേട്ടവും വർദ്ധിപ്പിക്കാമെന്നു പഠനങ്ങൾ തെളിയിക്കുന്നു (Karen Stone MC Cowan).

പഠനരീതികളിലും വിലയിരുത്തൽ തന്ത്രങ്ങളിലും വൈകാരികബുദ്ധിയെ ഗുണപരമായി സ്വാധീനിക്കുന്ന തരത്തിൽ മാറ്റങ്ങൾ വരുത്താൻ സാധിക്കും. സഹവർത്തിതപഠന രീതികൾ, സമസംഘപഠനം, പ്രോജക്ടുകൾ, സെമിനാറുകൾ, സംവാദങ്ങൾ, ഗ്രൂപ്പു ചർച്ചകൾ സംഘമായുള്ള കളികൾ തുടങ്ങിയവയ്ക്കൊക്കെ പഠനപ്രവർത്തനങ്ങളിൽ സ്ഥാനമുണ്ടാകണം. സഹവർത്തിത പഠനത്തിന്റെ വിവിധ മാതൃകകൾ ക്ലാസിൽ ഉപയോഗിക്കുന്നത് വൈകാരികബുദ്ധിയുടെ വികാസത്തിന് സഹായിക്കുമെന്നാണ് ഗവേഷകരുടെ പൊതു അഭിപ്രായം. പഠനപ്രവർത്തനങ്ങളുടെ പരസ്പര വിലയിരുത്തലിനും (mental assessment) സംഘവിലയിരുത്തലിനു(group assessment)മുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തണം. ഇത് അക്കാദമിക വികാസത്തോടൊപ്പം വൈകാരിക ബുദ്ധിയുടെ വികാസത്തിനും സഹായിക്കും. അധ്യാപികയും കുട്ടികളും തമ്മിലുള്ള ബന്ധവും കുട്ടികൾ തമ്മിലുള്ള ബന്ധവും നിരന്തരം വിലയിരുത്തപ്പെടുകയും നവീകരിക്കപ്പെടുകയും വേണം.

നിലവിലെ സാമൂഹിക സാഹചര്യങ്ങളിൽ കുട്ടികളിൽ വൈകാരിക ബുദ്ധിയുടെ വികാസത്തിന് വിഘാതമായി നില്ക്കുന്ന വളരെയേറെ ഘടകങ്ങളുണ്ടെന്ന് നമുക്കേവർക്കുമറിയാം. ഇതിന്റെ പ്രതിഫലനം സമൂഹത്തിൽ നമ്മൾ കണ്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ പ്രതിസന്ധികൾ തരണം ചെയ്ത് കുട്ടികളുടെ വൈകാരിക വികാസം ഉറപ്പു വരുത്തുന്ന രീതിയിലുള്ള ഇടപെടലുകൾ അധ്യാപകരുടെയും രക്ഷിതാക്കളുടെയും ഭാഗത്തു നിന്ന് ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്.

### ആത്മീയബുദ്ധി (Spiritual Intelligence)

ഒരു വ്യക്തിയുടെ ആത്മസത്തയെ തിരിച്ചറിയുന്ന ഘടകമാണ് ആത്മീയബുദ്ധി. സന്ദർഭത്തിനനുസരിച്ച് സ്വാഭാവികമായും അയവോടെയും പ്രതികരിക്കാനുള്ള കഴിവ്, സ്വന്തം കഴിവിനെക്കുറിച്ചും പരിമിതികളെക്കുറിച്ചുമുള്ള ഉയർന്നബോധം, വിഷമാവസ്ഥകളെ അഭിമുഖീകരിക്കാനുള്ള കഴിവ്, വേദനകളെ അഭിമുഖീകരിക്കാനും അവയെ സന്തോഷമാക്കി മാറ്റാനുമുള്ള കഴിവ്, മൂല്യങ്ങളാലും കാഴ്ചപ്പാടുകളാലും പ്രചോദിതമാകാനുള്ള ശേഷി മറ്റുള്ളവരുടെ വ്യക്തിത്വത്തെ മനസ്സിലാക്കാനുള്ള കഴിവ് എന്നിവ ആത്മീയബുദ്ധിയുള്ള വ്യക്തിത്വത്തിന്റെ സവിശേഷതകളാണ്. മാറിനിന്ന് കാര്യങ്ങളെ കാണാനും യാഥാസ്ഥിതികമായി സ്വയം പ്രകടിപ്പിക്കാനുമുള്ള കഴിവും ആത്മീയബുദ്ധി നിലവാരത്തിന്റെ സൂചനകളാണ്.

അതുപോലെതന്നെ ധാർമികബുദ്ധി (moral intelligence) എന്നതും ഇപ്പോൾ ചർച്ചാവിഷയമായി വരുന്നുണ്ട്.

**പ്രവർത്തനം**

ജീവിതവിജയത്തിന് IQ വിനെക്കാൾ EQ വിനാണ് പ്രാധാന്യം എന്ന് പൊതുവെ പറയാറുണ്ട്. ഇവ രണ്ടിന്റെയും സൈദ്ധാന്തിക വശങ്ങൾ പരിശോധിച്ച് നിങ്ങളുടെ അഭിപ്രായം ഒരു സംവാദത്തിലൂടെ അവതരിപ്പിക്കുക.

## 2. സർഗാത്മകത (Creativity)

സർഗപരമായ കഴിവ് എല്ലാ വ്യക്തികളിലുമുണ്ട്. അതിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുമെന്നുമാത്രം. അവയുടെ മേഖലകളും വ്യത്യസ്തമായിരിക്കും. പാരമ്പര്യ ഘടകങ്ങളും സർഗപരമായ പരിസരവും സർഗാത്മകതയെ ഏറെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. ഒരു സംഗീതജ്ഞന്റെ മകൻ സംഗീതത്തോട് ആഭിമുഖ്യമുണ്ടാകുന്ന പാരമ്പര്യത്തിന്റെ ഉടമയാണ്. സംഗീതവും താളവും മേളവുമൊക്കെ നിത്യേന കണ്ടും കേട്ടും അറിഞ്ഞും വളരുന്ന അന്തരീക്ഷത്തിൽ കുട്ടിക്ക് സർഗപരമായ ഒരു പരിസരവും ലഭ്യമാണ്. ഇങ്ങനെയുള്ള ഒരു സാഹചര്യത്തിൽ സ്വയം പ്രകാശനത്തിന് (Self reflection) ധാരാളം അവസരങ്ങൾ കൈവരുന്നു. അതിലൂടെ ആത്മസാക്ഷാത്കാരം (Self actualization) എന്ന സർഗാത്മകതയുടെ ഉയർന്ന തലത്തിലെത്താനും കഴിയുന്നു. ഇത്തരത്തിൽ സ്വയം പ്രകാശനത്തിന്റെയും ആത്മസാക്ഷാത്കാരത്തിന്റെയും മേളനമാണ് സർഗാത്മകത.

### നിർവചനങ്ങൾ

സർഗാത്മകതയെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങളാണ് മനഃശാസ്ത്രജ്ഞന്മാർക്കിടയിലുള്ളത്.

- പൂർണമായോ ഭാഗികമായോ ഉള്ള ഒരു പുതുമയുടെ നിർമ്മിതിയാണ് സർഗപരത.
  –സ്റ്റാഗ്നർ & കാർവോസ്കി
- പുതിയതോ പുതുമയുള്ളതോ ആയ ഒരാശയത്തെയോ വസ്തുവിനെയോ സൃഷ്ടിക്കാനോ കണ്ടെത്താനോ ഒരു വ്യക്തിക്കുള്ള ശേഷിയാണ് സർഗപരത – ഗിൽഫോർഡ്

ഈ നിർവചനങ്ങളെ വിശകലനം ചെയ്യുമ്പോൾ അതിൽ നിന്നു മനസ്സിലാക്കാൻ കഴിയുന്നത്. സർഗാത്മകത എന്നത് പുതുമയുള്ള ഒന്നിനെ സൃഷ്ടിക്കൽ മാത്രമല്ല നിലവിലുള്ള ഒന്നിനെ നൂതനമായ രീതിയിൽ പുനഃസംഘടിപ്പിക്കുന്നതും കൂടിയാണ്.

| **പ്രവർത്തനം** |
| --- |
| സർഗാത്മതയുടെ വിവിധങ്ങളായ നിർവചനങ്ങൾ നിങ്ങൾ പരിചയപ്പെട്ടു കഴിഞ്ഞു. സർഗാത്മകതയുടെ സവിശേഷതകൾ എന്തെല്ലാമാണെന്ന് ഒരു കുറിപ്പു തയാറാക്കുക. |

### സർഗാത്മകതയുടെ അടിസ്ഥാന ഘടകങ്ങൾ

സർഗാത്മകതയുടെ ഘടകങ്ങളെ താഴെ പറയുന്ന രീതിയിലാണ് ടോറൻസ് ക്രമപ്പെടുത്തിയിരിക്കുന്നത്.

#### 1. വാചാലത (Fluency)

വാക്ചാതുര്യം, ആശയപടുത, പ്രകടനപരത, സംയോജനനൈപുണ്യം എന്നിവ ഇതിൽ ഉൾപ്പെടുന്നു.

#### 2. വിവ്രജിത ചിന്തനം (Divergent thinking)

ഇതുവരെ ആരും സ്വീകരിച്ചിട്ടില്ലാത്ത ഒരു പ്രശ്നപരിഹാരമാർഗത്തിലൂടെ സഞ്ചരിക്കുന്നതിനുള്ള ശേഷിയാണ് വിവ്രജിത ചിന്തനം. പടുത (Fluency), അയവ് (Flexibility), മൗലികത (Originality), വിപുലീകരണം (Elaboration) എന്നിവയെല്ലാം വിവ്രജിത ചിന്തനത്തിൽ അന്തർഭവിച്ചിരിക്കുന്നു.

#### 3. പ്രശ്ന പരിഹരണ ശേഷി (Problem Solving Ability)

പ്രശ്ന പരിഹരണത്തിനുള്ള കഴിവ് എല്ലാവ്യക്തിയിലും ഒരേ രീതിയിലല്ല കാണാൻ കഴിയുന്നത്. ഒരു പരിധിവരെ പരിശീലനം കൊണ്ട് ഇതു മെച്ചപ്പെടുത്താൻ കഴിയും.

#### 4. ഉൾക്കാഴ്ച (Intuition)

സർഗാത്മകതയെ വളരെയേറെ സ്വാധീനിക്കുന്ന ഘടകമാണ് ഉൾക്കാഴ്ച. അന്വേഷണത്തിന്റെയോ പരീക്ഷണത്തിന്റെയോ ചിന്തയുടെയോ ഒരു ഘട്ടത്തിലായിരിക്കും ഇതു സഹായകമാകുന്നത്.

#### 5. മൗലികത (Originality)

മറ്റുള്ളവരിൽ നിന്നു തീർത്തും വ്യത്യസ്തമായ രീതിയിൽ പ്രതികരിക്കുന്നതിനുള്ള കഴിവാണ് മൗലികത. ഇതു തന്നെയാണ് ഒരു വ്യക്തിയെ മറ്റു വ്യക്തികളിൽ നിന്ന് വ്യത്യസ്തനാക്കുന്നതും.

### സർഗാത്മകതയുടെ ഘട്ടങ്ങൾ

സർഗാത്മക പ്രവർത്തനങ്ങൾ പ്രധാനമായും നാല് ഘട്ടങ്ങളിലൂടെയാണ് കടന്നു പോകുന്നത്.

**1. സജ്ജീകരണം (Preparation)**

ഈ ഘട്ടത്തിൽ പ്രശ്നം അപഗ്രഥിക്കുന്നു. അവ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പദ്ധതി ആവിഷ്കരിക്കുന്നു.

**2. ഉദ്ഭവനം/അടയിരിക്കൽ (Incubation)**

പ്രശ്നം തത്കാലം മാറ്റിവച്ച് മനസ്സിനെ മറ്റെന്തിലേക്കെങ്കിലും വ്യാപരിപ്പിക്കുന്ന പ്രവൃത്തിരഹിതമായ ഘട്ടമാണ് ഉത്ഭവനം. ഈ ഘട്ടത്തിൽ പ്രശ്ന പരിഹരണം ഉടനടി ഉണ്ടാകണമെന്നില്ല. എന്നാൽ ശേഖരിച്ച വസ്തുക്കൾ ബോധമനസ്സിന്റെ അടിത്തട്ടിൽ സമാഹരിച്ചു വയ്ക്കുന്നുണ്ടാകും. അബോധമനസ്സ് അന്വേഷണം തുടങ്ങുകയും പ്രശ്നനിർദ്ധാരണത്തിനുള്ള ചില സൂചനകൾ നല്കുകയും ചെയ്യും.

**3. പ്രകാശനം (Illumination)**

പെട്ടെന്ന് ഒരുൾവിളി പോലെ പ്രശ്നപരിഹാര മാർഗം മനസ്സിലേക്ക് ഓടിയെത്തുന്നതാണ് പ്രകാശനം

**4. വിലയിരുത്തൽ (Verification)**

ഈ ഘട്ടത്തിൽ ഉൾക്കാഴ്ചയിലൂടെ കണ്ടെത്തിയ പരിഹാരം ശരിതന്നെയാണോ എന്ന് നിർണയിക്കാൻ വേണ്ടി അതിനെ പരിശോധിക്കുന്നു. വീണ്ടും ചിന്തിക്കുകയും എത്തിച്ചേർന്ന നിഗമനത്തെ പരിഷ്കരിക്കുകയും മിനുക്കുകയും ചെയ്യുന്നു.

**സർഗാത്മകത പരിപോഷിപ്പിക്കുന്നതിന് സ്വീകരിക്കാവുന്ന മാർഗങ്ങൾ**

- വൈവിധ്യമാർന്ന പ്രവർത്തനങ്ങൾക്ക് അവസരമൊരുക്കുക
- അന്വേഷണ ത്വരയെ പ്രോത്സാഹിപ്പിക്കുക
- ആത്മാവിഷ്കരണത്തിന് അവസരം ഒരുക്കുക

**പ്രവർത്തനം**

സർഗാത്മക പരിപോഷിപ്പിക്കുന്നതിന് സ്വീകരിക്കാവുന്ന ചില മാർഗങ്ങൾമനസ്സിലാക്കി ഇതു പോലെ മറ്റ് എന്തെല്ലാം മാർഗങ്ങളാണ് സ്വീകരിക്കാൻ കഴിയുക. ലിസ്റ്റ് ചെയ്യുക.

## സർഗാത്മകതയുടെ ക്ലാസ്റൂം പ്രസക്തി

സർഗാത്മകത സാർവത്രികവും നൈസർഗികവുമായ ഒരു ശേഷിയാണ്. അതിനെ വികസിപ്പിക്കേണ്ടത് വിദ്യാഭ്യാസത്തിന്റെ പരമപ്രധാനമായ ലക്ഷ്യമാണ്. സർഗശേഷികൾ യഥാസമയം കണ്ടെത്തി പരിപോഷിപ്പിച്ചില്ലെങ്കിൽ ആ ശക്തി വ്യഥാവിലാകും. അതുകൊണ്ട് കുട്ടികളുടെ സർഗശക്തി വികസിപ്പിക്കാൻ സഹായകമായ സാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കേണ്ടത് അധ്യാപകരുടെയും രക്ഷാകർത്താവിന്റെയും ചുമതലയാണ്.

**സർഗപരതാമാപനം**

സർഗപരതമാപനത്തിന് വിവിധ ശോധകങ്ങൾ അധ്യാപകനു തന്നെ സ്വന്തമായി നിർമ്മിക്കാം. ഉദാഹരണമായി വിവിധ ചിത്രങ്ങൾ നല്കി അടിക്കുറിപ്പു നൽകുക, കഥയ്ക്ക് തലക്കെട്ടു നല്കുക, വിവിധ വസ്തുക്കളുടെ വിവിധ ആശയങ്ങൾ കണ്ടെത്തുക.

ഒരു സംഭവ വിവരണത്തിന്റെ അനേകം അനന്തരഫലങ്ങൾ ലിസ്റ്റ് ചെയ്യൽ, ഒരു കഥാഭാഗം നല്കി വ്യത്യസ്ത രീതിയിൽ പൂർത്തീകരിക്കൽ, പരസ്പരബന്ധം കണ്ടെത്തൽ, അപൂർണ്ണ ചിത്രങ്ങളെ വിവിധരീതിയിൽ പൂർത്തിയാക്കൽ തുടങ്ങിയവയെല്ലാം ഇതിനായി പ്രയോജന പ്പെടുത്താം.

സർഗാത്മകതയുടെ വിലയിരുത്തൽ പൊതുവെ ശ്രമകരമാണ്. അധ്യാപകന്റെ വസ്തുനി ഷ്ഠത ഇതിന് അനിവാര്യമാണ്. വിലയിരുത്തലിനായി താഴെ പറയുന്ന ഘടകങ്ങൾ പരിഗ ണിക്കാം

വാചാലത (Fluency), വഴക്കം (Flexibility), മൗലികത (Originality), വിപുലീകരണം (elaboration) എന്നിവയ്ക്ക് നിശ്ചിത സ്കോർ തീരുമാനിച്ച് സർഗാത്മകത വിലയിരുത്താം.

## 3. ഓർമ (Memory)

നിങ്ങൾ ഒരിടത്ത് ബസ് കാത്തു നിൽക്കുന്നു. ഒരാൾ ചിരിച്ചുകൊണ്ട് അടുത്തെത്തി കുശലപ്രശ്നം നടത്തുന്നു. എത്ര ശ്രമിച്ചിട്ടും നിങ്ങൾക്ക് അയാളുടെ പേരോ മറ്റു കാര്യങ്ങളോ ഓർമ വരുന്നില്ല. ഒന്നുകിൽ നമുക്കയാളെ മനസ്സിലായില്ല എന്നു തുറന്നു പറയാം. അല്ലെങ്കിൽ മനസ്സിലായതായി നടിക്കാം. പക്ഷേ അയാൾ പോയിക്കഴിഞ്ഞതിനുശേഷവും പ്രശ്നം അവശേഷിക്കുന്നു. അതുകൊണ്ടു തന്നെ നമുക്കൊരു അസ്വസ്ഥത അനുഭവപ്പെടുന്നു. പിന്നീട് എപ്പോഴെങ്കിലും നാം ബോധപൂർവം ശ്രമം നടത്താതെ തന്നെ അയാളെക്കുറിച്ചുള്ള ഓർമകൾ കടന്നു വരുന്നു. പരീക്ഷഹാളിൽ തന്നെ ഇതുപോലുള്ള അനുഭവങ്ങൾ ഉണ്ടാകാറുണ്ട്. പഠനം എന്ന നാണയത്തിന്റെ ഇരുവശങ്ങളാണ് ഓർമയും മറവിയും. ഓർമയിൽ ഒന്നും അവശേഷിപ്പിക്കാത്ത അനുഭവങ്ങൾ പഠനമായിത്തീരുന്നില്ല. പഠനം നടക്കാതെ ഓർമ സംഭവിക്കുന്നുമില്ല. പരസ്പരപൂരകങ്ങളായ പ്രക്രിയകളാണ് പഠനവും ഓർമയും. അതായത് ഓർമയെക്കുറിച്ചുള്ള പഠനമെന്നാൽ 'പഠനത്തെക്കുറിച്ചുള്ള പഠനം' തന്നെയാണ്.

'ഓർമ' മനുഷ്യനു മാത്രമുള്ളതാണോ. അല്ലതന്നെ. മറ്റു ജീവികൾക്കും ഓർമിക്കാനുള്ള കഴിവുണ്ട്. എന്നാൽ മനുഷ്യരെപ്പോലെ ക്രമബദ്ധമായ അടുക്കിവച്ച ഓർമകൾ അവർക്കില്ല. ഇന്നലെകളെക്കുറിച്ച് ഓർമിച്ച് അനുഭൂതികളിലെത്താനോ ഭാവനാപൂർണമായി ഭാവിയെക്കുറിച്ച് സങ്കല്പ്പിക്കാനോ ജീവികൾക്കു കഴിയുന്നില്ല. അതുകൊണ്ടുതന്നെ മനുഷ്യൻ ആർജിച്ചിട്ടുള്ള എല്ലാ പുരോഗതികൾക്കും അടിസ്ഥാനം ഓർമ തന്നെയാണെന്ന് ഉറപ്പിച്ചു പറയാനാകും. എല്ലാ മാനുഷിക വ്യവഹാരങ്ങളും അവന്റെ അസ്തിത്വവും വ്യക്തിത്വവും എല്ലാം ഓർമയാണ് നിശ്ചയിക്കുന്നത്.

### എന്താണ് ഓർമ


നാം നമ്മുടെ ചുറ്റുപാടുകളോട് പ്രതികരിക്കുമ്പോഴോ ഇടകലരുമ്പോഴോ ലഭിക്കുന്ന അനുഭവങ്ങളെ ശേഖരിച്ചു വയ്ക്കാനും ആവശ്യമുള്ളപ്പോൾ അവയെ പുറത്തേക്കു കൊണ്ടുവരാനുള്ള മനസ്സിന്റെ കഴിവിനെയാണ് ഓർമ എന്നു പറയുന്നത്. ഭൂതകാലാനുഭവങ്ങളെ ബോധനേന്ദ്രിയങ്ങൾ വഴി മസ്തിഷകത്തിൽ സഞ്ചയിപ്പിച്ച് വേണ്ടപ്പോൾ പ്രകടിപ്പിക്കാൻ ഓർമയിലൂടെ കഴിയുന്നു.

**പുതിയ സമീപനം**

മസ്തിഷ്ക കോശങ്ങളിൽ നടക്കുന്ന ജൈവരാസപരവും വിദ്യുത്ശരീരശാസ്ത്രപരവു (electro-Physiological) മായ മാറ്റങ്ങളാണ് അനുഭവങ്ങൾ മുദ്രണം ചെയ്യുന്നതിന്റെയും ഓർമയുടെയും അടിസ്ഥാനമെന്ന വാദത്തിനാണ് ഇന്ന് അംഗീകാരം ലഭിച്ചിരിക്കുന്നത്. ഒരിക്കൽ മസ്തിഷ്ക ശ്രേണിയിൽ അനുഭവം മുദ്രണം ചെയ്യപ്പെട്ടതിനുശേഷം, പിന്നീടൊരിക്കൽ തത്തുല്യമോ, ബന്ധപ്പെട്ടതോ ആയ അനുഭവങ്ങൾ ഉണ്ടാകുമ്പോൾ പ്രസ്തുത മസ്തിഷ്ക ശ്രേണികൾ ഉത്തേജിക്കപ്പെടുന്നതാണ് പഴയ അനുഭവങ്ങൾ സ്മരണപഥത്തിലെത്താൻ കാരണം.

ഓർമയെക്കുറിച്ചുള്ള ചർച്ചകൾ പ്രധാനമായും മുന്നു കാര്യങ്ങളിലാണ് കേന്ദ്രീകരിക്കപ്പെട്ടിട്ടുള്ളത്. എങ്ങനെയാണ് ഒരാളുടെ അറിവുകളും അനുഭവങ്ങളും ഓർമയിൽ എത്തിച്ചേരുന്നത് (How does information get into memory) എങ്ങനെയാണ് ഈ വിവരങ്ങൾ സൂക്ഷിക്കപ്പെടുന്നത് എങ്ങനെയാണ് സൂക്ഷിക്കപ്പെട്ട വിവരങ്ങൾ നാം പുറത്തേക്കു കൊണ്ടുവരുന്നത് (How is information retrieved out of memory) എന്നിവയാണവ. മസ്തിഷ്കത്തിലെ ഹിപ്പോകാമ്പസ് ആണ് വൈജ്ഞാനികമായ ഓർമക്ക് (Cognitive memory) കാരണമെന്നും വൈകാരികമായ സ്മരണകൾ നിയന്ത്രിക്കുന്നത് അമിഗ്ഡാല (Amygdala) എന്ന മസ്തിഷ്ക ഭാഗമെന്നും ജോസഫ് ലി ഡക്സിനെ (Joseph Le Deux) പ്പോലുള്ള ന്യൂറോളജിസ്റ്റുകൾ അവകാശപ്പെടുന്നു.

ഓർമ എങ്ങനെ രൂപപ്പെടുന്നു എന്നതിന്റെ ഒരു മാതൃക റിച്ചാർഡ് ആറ്റ്കിൻസണും റിച്ചാർഡ് ഷിഫ്റിനും ചേർന്ന് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ പരികല്പന അനുസരിച്ച് അനുഭവങ്ങൾ ദീർഘകാലത്തേക്ക് സൂക്ഷിക്കപ്പെടുന്നതിനു മുമ്പായി (Long Term Memory) മറ്റ് രണ്ടു ഘട്ടങ്ങളിൽ കൂടിയും കടന്നു പോകേണ്ടതുണ്ട്. അവ യഥാക്രമം ഇന്ദ്രിയ സ്മരമ (Sensory Memory) യും ഹ്രസ്വകാല സ്മരണ (Short Term Memory) യുമാണ്.



## വിവധതരം ഓർമകൾ

ഓർമയെ അതിന്റെ സ്വഭാവും ലക്ഷ്യവും അനുസരിച്ച് മനശ്ശാസ്ത്രജ്ഞന്മാർ പ്രധാനമായും മൂന്നായി തരംതിരിക്കുന്നു.

### 1. ഇന്ദ്രിയ സ്മരണ (Sensory or Immediate Memory)

ഒരുകാര്യം മനസ്സിലാക്കിയ ഉടനെതന്നെ അതിനെ ഓർമിക്കാൻ സഹായിക്കുന്നതാണ് പെട്ടെന്നുള്ള ഓർമ അഥവാ ഇന്ദ്രിയ സ്മരണ. പേര് സൂചിപ്പിക്കുന്നതുപോലെ തന്നെ ഇതിന്റെ കാലദൈർഘ്യം വളരെ കുറവാണ്. മാത്രവുമല്ല പുതിയതു വരുമ്പോൾ പഴയതു നഷ്ടപ്പെടുകയും ചെയ്യും. ഒരു കാര്യം വളരെ കുറഞ്ഞ സമയത്തേക്കുമാത്രം ഓർമിക്കേണ്ടിവരുമ്പോൾ മാത്രമാണ് ഇത് ഉപകാരപ്രദമാകുന്നത്.

### 2. ഹ്രസ്വകാലസ്മരണ (Short Term Memory)

ഇതിൽ പെട്ടെന്നുള്ള ഓർമയെക്കാൾ കൂടുതൽ കാലം കാര്യങ്ങൾ സൂക്ഷിക്കാൻ സാധിക്കുന്നു. പഠിതാവിന്റെ പരിശ്രമത്തിനനുസരിച്ച് ദൈർഘ്യം കൂട്ടാനും സാധിക്കുന്നു. കുറച്ചു കാര്യങ്ങൾ മാത്രമേ സൂക്ഷിക്കാൻ കഴിയുകയുള്ളൂ. സൂക്ഷിക്കുന്ന കാര്യം സ്വാഭാവികമായി ആവർത്തിക്കപ്പെടുന്നില്ല. അതുകൊണ്ടുതന്നെ പെട്ടെന്നു മറന്നു പോവുകയും ചെയ്യുന്നു. പരിശ്രമിച്ചാൽ ഹ്രസ്വകാല ഓർമയിലെ കാര്യങ്ങളെ ദീർഘകാല ഓർമയിലേക്കു മാറ്റാൻ കഴിയും.

### 3. ദീർഘകാല സ്മരണ (Long Term Momory)

അധികകാലം നീണ്ടു നില്ക്കുന്ന ഓർമയായതിനാൽ ഇതിനെ സ്ഥിരമായ ഓർമ എന്നും വിളിക്കാം. ഇതിന് ഏറെ കാര്യങ്ങളെ ഉൾക്കൊള്ളാനും സാധിക്കുന്നു. ഇതിൽ ഉൾപ്പെടുന്ന വസ്തുക്കൾക്ക് സാധാരണയായി മാറ്റം സംഭവിക്കുന്നില്ല. ഇതിന്റെ സഹായത്തോടെ ധാരാളം കാര്യങ്ങളെ ഓർമിച്ചു വയ്ക്കാനും ആവശ്യമായ സമയത്ത് ഉപയോഗിക്കാനും സാധിക്കുന്നു. ഇത്തരം സവിശേഷതകൾ ഉള്ളതുകൊണ്ടാണ് ദീർഘകാല ഓർമയെ നമ്മുടെ നല്ല സുഹൃത്തായി കണക്കാക്കി വരുന്നത്. ദീർഘകാല ഓർമ തന്നെ മൂന്നു രീതിയിൽ ഉണ്ട്.

#### (i) സംഭവപരമായ ഓർമ (Episodic memory)

ഇത് ഒരാളുടെ ജീവിതവുമായി ബന്ധപ്പെട്ട അനുഭവങ്ങളും വ്യക്തിപരമായ സംഭവങ്ങളും ഓർമിക്കുന്നതാണ്. ഇങ്ങനെയുള്ളവയെ ജീവിതകാലം മുഴുവൻ ഓർമിച്ചു വയ്ക്കാനും വിശദീകരിക്കാനും ആ വ്യക്തിക്കു കഴിയും. ഈ രീതി ഉപയോഗിച്ച് കുട്ടികൾക്ക് അവരുടെ പഠനപ്രക്രിയയിലെ പ്രധാന സംഭവങ്ങളെ വിശദീകരിക്കാൻ കഴിയും. പാഠ്യവസ്തു വൈകാരികനുഭവമായി മാറുമ്പോൾ അവ സംഭവപരമായ ഓർമയായി പരിണമിക്കുകയും ദീർഘകാലം നിലനിൽക്കുകയും ചെയ്യുന്നു.

#### (ii) അർഥപരമായ ഓർമ (Semantic Memory)

പുനരുപയോഗിക്കുന്നതിനുവേണ്ടി ആവശ്യമായ വിവരങ്ങൾ, പദങ്ങൾ, ആശയങ്ങൾ എന്നിവ ഓർത്തുവയ്ക്കുന്നതാണ് അർഥപരമായ ഓർമ.

**(iii) പ്രക്രിയാപരമായ ഓർമ്മ (Procedural Memory)**

വിവിധ നൈപുണ്യങ്ങളുമായി ബന്ധപ്പെട്ട ഓർമകളാണ് ഇതിൽ പെടുന്നത്. പൊതുവെ പ്രവർത്തിച്ചു പഠിക്കുന്നവയാണ് പ്രക്രിയാപരമായ ഓർമയിൽ വരുന്നത്. സംഗീത ഉപകരണങ്ങളുടെ ഉപയോഗം ഇതിനുദാഹരണമാണ്.

**ഓർമ്മ – അടിസ്ഥാന ഘടകങ്ങൾ**

ഓർമയിൽ 4 അടിസ്ഥാനഘടകങ്ങൾ അടങ്ങിയിരിക്കുന്നു. പഠനം, ധാരണ, അനുസ്മരണം തിരിച്ചറിവ് എന്നിവയാണവ. ഈ നാലു ഘടകങ്ങൾ പ്രവർത്തിക്കുമ്പോഴാണ് ഓർമ എന്ന പ്രവർത്തനം നടക്കുന്നത്.

**(i) പഠനം: (Learning)**

ഇന്ദ്രിയാനുഭവങ്ങളിലൂടെയാണ് പഠനം നടക്കുന്നത്. ഒരു വസ്തുവിനെക്കുറിച്ചുള്ള ഓർമ വ്യക്തമായി വീണ്ടും ഉണ്ടാകണമെങ്കിൽ ശക്തമായ വിധത്തിൽ അവ മനസ്സിൽ പതിയണം.

**(ii) ധാരണ (Retention)**


മനസ്സിൽ പതിയുന്ന ആശയങ്ങൾ വിട്ടുപോകാതെ സൂക്ഷിക്കുന്നതാണ് ധാരണ. നേടിയ അനുഭവങ്ങൾ മനസ്സിൽ ഉറപ്പിച്ചു നിർത്തേണ്ടത് അത്യാവശ്യമാണ്. എന്നാൽ എല്ലാം ഇങ്ങനെ നിലനിർത്താനായി കഴിയില്ല.

**(iii) അനുസ്മരണം (Recalling)**

ഉൾക്കൊള്ളുന്ന ആശയങ്ങൾ തിരികെ ബോധമണ്ഡലത്തിൽ കൊണ്ടുവരുന്ന പ്രക്രിയയെയാണ് അനുസ്മരണം എന്നു പറയുന്നത്. നേടിയ കാര്യങ്ങൾ മനസ്സിൽ ഉറപ്പിച്ചു നിർത്തിയാൽ മാത്രമേ അവയെ ബോധതലത്തിലേക്ക് ആവശ്യാനുസരണം കൊണ്ടുവരാൻ കഴിയുകയുള്ളൂ.

**(iv) തിരിച്ചറിവ് (Recognition)**

ബോധതലത്തിലേക്കു കൊണ്ടുവരുന്ന കാര്യങ്ങളെല്ലാം ഇന്നത് ഇന്നതാണെന്നും അത് സ്വന്തമാണെന്നും മനസ്സിലാക്കുന്നതിനെയാണ് തിരിച്ചറിവ് എന്നു പറയുന്നത്. ഇത് അനുസ്മരണവുമായി വളരെ ബന്ധപ്പെട്ടിരിക്കുന്നു.



## ഓർമയെ സ്വാധീനിക്കുന്ന ഘടകങ്ങൾ
## (Factors influencing memory)

ഓർമയെ സ്വാധീനിക്കുന്ന നിരവധി ഘടകങ്ങളുണ്ട്. സൗകര്യത്തിനുവേണ്ടി ഇവയെ മൂന്നായി തിരിക്കാം.

### (i) വ്യക്തിയെ സംബന്ധിച്ച ഘടകങ്ങൾ

പഠിതാവിന്റെ ബുദ്ധിശക്തി, താത്പര്യങ്ങൾ, അഭിപ്രേരണകൾ, പൂർവാനുഭവങ്ങൾ, ആകാംക്ഷാ നിലവാരം (level of anxiety), ആത്മവിശ്വാസം തുടങ്ങിയവ ഓർമയെ സംബന്ധിക്കുന്ന വ്യക്തിപരമായ ഘടകങ്ങളാണ്. ബുദ്ധിശക്തികൂടുതലുള്ളവർക്ക് കൂടുതൽ എളുപ്പത്തിലും കൂടുതൽ കാര്യക്ഷമമായും ഓർക്കാനായി കഴിയും. അതുപോലെ തന്നെ അഭിരുചികളും താത്പര്യങ്ങളും ഓർമയെ സ്വാധീനിക്കുന്നതായി കാണാൻ കഴിയും.

### (ii) പാഠ്യവസ്തുവിനെ സംബന്ധിച്ച ഘടകങ്ങൾ

അർഥസമ്പുഷ്ടത, ദൈർഘ്യം, ഘടന, കാഠിന്യം എന്നീ ഘടകങ്ങൾ പഠനത്തെയും, ഓർമയെയും ഒരേപോലെ സ്വാധീനിക്കുന്നു. അർഥപൂർണമായത് നാം എളുപ്പത്തിൽ പഠിക്കും. ദീർഘകാലം ഓർമിക്കുകയും ചെയ്യും. നിരർഥക പദങ്ങളോ പരസ്പരബന്ധമില്ലാത്ത വസ്തുക്കളോ ഓർമിക്കുന്നതിലും എളുപ്പമാണ് അർഥപൂർണമായ വസ്തുതകളുടെയും വാക്കുകളുടെയും പഠനം. ഓർമയുടെ കാര്യത്തിലും ഈ തത്ത്വം ബാധമകമാണെന്നു കാണാം.

ഏറെ ദൈർഘ്യമുള്ള ഒരു ഖണ്ഡികയോ കവിതയോ പാഠമോ ഓർക്കുവാൻ പ്രായസമായിരിക്കും. എന്നാൽ ദൈർഘ്യം കുറവാണെങ്കിൽ ഓർക്കാനും എളുപ്പമായിരിക്കും.

"എ ബി സി ഡി യി ലുണ്ടൊരു തത്ത്വം
കാലത്തിൻ തത്ത്വം
എ ഡിക്കുള്ളിൽ ബി സിയിരിപ്പൂ-
ണ്ടെന്നാണാ തത്ത്വം"

എന്ന കുഞ്ഞുണ്ണി മാസ്റ്ററുടെ കവിത ഒരൊറ്റത്തവണ കേട്ടാൽ അത് ഓർമിക്കാനായി കഴിയും. വരികളുടെ ലാളിത്യവും ദൈർഘ്യമില്ലായ്മയും കാലത്തെ സംബന്ധിച്ച അർഥതലങ്ങളും സമ്മേളിക്കുന്നതുകൊണ്ടാണ് ഇവ ഓർമിക്കാനായി കഴിയുന്നത്.

പദ്യത്തെപ്പോലെ ഗദ്യം മനഃപാഠമാക്കാൻ നമുക്കു കഴിയുന്നില്ല. രൂപഘടനയും വൃത്തനിബദ്ധതയുമാണ് ഇതിനു കാരണം. പഠ്യവസ്തുവിന്റെ കാഠിന്യ നിലവാരവും ഓർമയെ സ്വാധീനിക്കുന്നു. വളരെയേറെ കഠിനമായുള്ളത് പഠിക്കുവാനെന്നതുപോലെ ഓർക്കാനും പ്രയാസമായിരിക്കും. അതുപോലെ ലളിതമായത് എളുപ്പത്തിൽ ഓർക്കാനായി കഴിയുകയും ചെയ്യും.

### (iii) പഠനരീതി

എങ്ങനെ പഠിക്കുന്നുവെന്നത് ഓർമയെ സംബന്ധിച്ച് നിർണായകമായ ഒരു ഘടകമാണ്. ഓർമിക്കാൻ സഹായകമായ ഏതാനും പഠനരീതികൾ അന്വേഷണത്തിന്റെ പിൻബലത്തോടെ നിർദേശിക്കപ്പെട്ടിട്ടുണ്ട്.

### (a) ഇടവിട്ടുള്ള പഠനം (Spaced learning)

പഠിക്കാനുള്ളത് ഒറ്റയിരുപ്പിൽ പഠിക്കാതെ ഇടവിട്ടു പഠിക്കുന്നതാണ് എപ്പോഴും ഫലപ്രദം. ഒരു പദ്യം പഠിക്കാൻ 20 തവണ ആവർത്തിക്കുന്നതിനെക്കാൾ 2 തവണ വീതം 10 പ്രാവശ്യമായി പഠിക്കുന്ന പക്ഷം കൂടുതൽ ഓർത്തിരിക്കും.

### (b) പെട്ടെന്നുള്ള ആവർത്തനവും തുടർന്നുള്ള ആവർത്തനങ്ങളും (Immediate first revision and Periodical revisions)

ആവർത്തനം പഠനത്തെയും ഓർമയെയും സഹായിക്കുന്നു. എന്നാൽ എപ്പോഴാണ് ആവർത്തിക്കേണ്ടത് എന്ന കാര്യത്തിൽ ചിലർക്കെങ്കിലും സംശയമുണ്ടാകും. നാം ഏറ്റവും കൂടുതൽ മറക്കുന്നത് എപ്പോഴാണോ അപ്പോഴാണ് ആവർത്തിക്കേണ്ടത്.

### (c) അധികപഠനം (Over learning)

മറവിയെ പ്രതിരോധിക്കാനുള്ള മറ്റൊരുപായമാണ് അധിക പഠനം. കുറെയേറെത്തവണ പഠിച്ചതുതന്നെ ആവർത്തിക്കുക എന്നതാണ് അധിക പഠനം.

### (d) അംശപഠനവും സമഗ്ര പഠനവും (Part learning and whole learning)

പാഠ്യവിഷയത്തെ ചെറിയ യൂണിറ്റുകളായോ ഭാഗങ്ങളായോ പഠിക്കുന്ന രീതിയാണ് അംശ പഠനം. പാഠ്യവസ്തു വളരെ ദൈർഘ്യവും കാഠിന്യവുമുള്ളതാണെങ്കിൽ ഈ രീതിയാണ് അഭികാമ്യം. എന്നാൽ സമഗ്രത നഷ്ടപ്പെടുത്തിയുള്ള അംശപഠനം അഭിലഷണീയമല്ല.

പാഠഭാഗത്തെ ഒരൊറ്റ ഏകകമായി കണ്ടുകൊണ്ടുള്ള പഠനരീതിയാണ് സമഗ്രപഠനം. ഏറെ ദൈർഘ്യമുള്ളതാണ് പാഠഭാഗമെങ്കിൽ അതിനെ അർഥപൂർണമായ ഏകകങ്ങളായി വിഭജിക്കുകയും പരിശീലിക്കുകയുമാവാം. പഠനം അർഥപൂർണമാകാൻ ഇതുതന്നെയാണുചിതം. ഓർമ കൂടുതൽ കാര്യക്ഷമമാകാനും ഇതു സഹായിക്കുന്നു.

### (e) ദൃശ്യവത്കൃത പഠനം (Method of loci)

പഠിക്കാനുള്ള വസ്തുവിനെ ഏതെങ്കിലും സ്ഥലവുമായി ബന്ധപ്പെടുത്തി ഓർമിക്കാൻ ശ്രമിക്കുന്ന രീതിയാണിത്. സ്ഥലവുമായി ബന്ധപ്പെടുത്തുന്നതുപോലെ ദൃശ്യബിംബങ്ങളുമായി പാഠ്യവസ്തുവിനെ അന്വയിക്കാം. ഇങ്ങനെ ദൃശ്യവത്കരിച്ച് പഠിക്കുന്നത് മെച്ചപ്പെട്ട ഫലം നല്കുന്നതായി പരീക്ഷണങ്ങൾ തെളിയിച്ചിട്ടുണ്ട്.

### (f) SQRRR രീതി

വ്യത്യസ്ത പഠനരീതികളുടെ സമന്വിത രൂപമാണിത്. S എന്നത് 'Survey' എന്ന ഇംഗ്ലീഷ് പദത്തെകുറിക്കുന്നു. Q എന്നത് 'Questions' എന്നതിന്റെ ആദ്യക്ഷരമാണ്. ഇതിലെ ആദ്യത്തെ R ചോദ്യങ്ങൾക്കുത്തരം കണ്ടുപിടിക്കാനുദ്ദേശിച്ചു കൊണ്ടുള്ള വായനയാണ്. 'Reading to answer the questions' രണ്ടാമത്തെ R 'Recitation' എന്നതിന്റെ ആദ്യക്ഷരമാണ്. അവസാനത്തെ R 'Review' ആണ്. അതായത് പുനരവലോകനം.


ഇപ്പറഞ്ഞ പ്രക്രിയകൾക്കുപരി അവസാനമായി വേറെയൊരു 'S' കൂടി ഉണ്ടായാൽ പഠനം കൂടുതൽ കാര്യക്ഷമവും ഓർമ സുനിശ്ചിതവുമായിത്തീരുമെന്നു തോന്നുന്നു. 'Summarize' എന്നതിന്റെ S ആണ് ഉദ്ദേശിക്കുന്നത്. പഠിച്ചതിന്റെ ഒരു ചുരുക്കെഴുത്തു കൂടി തയാറാക്കുന്ന പക്ഷം അതൊരാവർത്തനവും അവലോകനവും ഒക്കെയായിത്തീരുന്നു. അപ്പോൾ

'SQRRRS' എന്നത് കുറച്ചു കൂടി കാര്യക്ഷമമായ ഒരു പഠനരീതിയായി ഓർമയെ സഹായിക്കുന്നു.

**ഓർമയെ മെച്ചപ്പെടുത്താനുള്ള രീതികളും തന്ത്രങ്ങളും**

1. വിവിധ ഇന്ദ്രിയങ്ങളുടെ ഉപയോഗം
2. മെച്ചപ്പെട്ട പഠന സാഹചര്യം ഒരുക്കൽ
3. ശരിയായ മാറ്റത്തിനും വിശ്രമത്തിനുമുള്ള അവസരം നല്കൽ
4. ശക്തമായ തീരുമാനം എടുക്കൽ
5. പ്രവർത്തിച്ച അർഥവത്തായും ആവർത്തന പരിശീലനത്തിലൂടെയുമുള്ള പഠനം
6. സഹചരതത്വ (Principle of association) വും വർഗീകരണവും
7. സമഗ്രപഠനവും അംശപഠനവും നടത്തുക.
8. ചിത്രീകരിക്കലും വിശകലനം ചെയ്യലും
9. ചോദ്യങ്ങൾ നിർമിക്കുക.
10. സ്വന്തം ഭാഷയിൽ കുറിപ്പു തയാറാക്കുക.

**ഓർമയെ സ്വാധീനിക്കുന്ന ഘടകങ്ങൾ**




**പ്രവർത്തനം**

നിങ്ങൾ പ്രൈമറി ക്ലാസിൽ പഠിച്ചിരുന്നപ്പോഴുള്ള ഏതെങ്കിലും കഥയോ കവിതയോ ഇപ്പോൾ ഓർമിക്കാനായി കഴിയുന്നുണ്ടോ? എന്തുകൊണ്ടാണ് അവയെ നിങ്ങൾക്ക് ഓർമിക്കാനായി കഴിഞ്ഞത്? ഓർമ്മയുമായി ബന്ധപ്പെടുത്തി പഠിച്ച കാര്യങ്ങൾ ഉപയോഗപ്പെടുത്തി കുറിപ്പ് തയാറാക്കുക.

# 4. മറവി (Forgetting)

മനുഷ്യനെ എന്നെന്നും അലട്ടുന്ന ഒരു പ്രശ്നമായി മറവിയെ കണക്കാക്കി വരുന്നു. നമ്മൾ ചില കാര്യങ്ങൾ മറക്കുന്നു. എന്നാൽ ചില കാര്യങ്ങൾ വർഷങ്ങൾ കഴിഞ്ഞാലും മറക്കുന്നേയില്ല. ഏകദേശം 20 വർഷം നീന്താൻ അവസരം ലഭിക്കാതിരിന്നിട്ടും ഒരാൾ നീന്താൻ പഠിച്ചത് മറക്കുന്നേയില്ലല്ലോ. ഇന്നലെ പത്രത്തിൽ വായിച്ച സുപ്രീം കോടതി ചീഫ് ജസ്റ്റിസിന്റെയോ അമേരിക്കൻ പ്രസിഡന്റിന്റെയോ പേര് നമ്മൾ മറന്നു പോവുകയും ചെയ്യുന്നു. പരീക്ഷയ്ക്ക് തയാറെടുക്കുന്ന വിദ്യാർഥികൾക്കാണ് മറവി ഏറ്റവും വലിയ വെല്ലുവിളിയായി മാറുന്നത്.

### എന്താണ് മറവി?

നമ്മുടെ ബോധമണ്ഡലത്തിലേക്ക് നേരത്തേ ആർജിച്ചതോ പരിചയിച്ചതോ ആയ വസ്തുക്കളെ തിരികെ കൊണ്ടുവരാൻ കഴിയാത്ത അവസ്ഥയ്ക്കാണ് മറവി. (Forgetting) എന്നു പറയുന്നത്. മറവി എന്നാൽ വസ്തുക്കൾ മനസ്സിൽ നിന്നു പൂർണമായി നശിച്ചുപോകുന്നു എന്നർഥമില്ല. തത്കാലത്തേക്ക് നമുക്കാവശ്യമായവയെ ഓർത്തെടുക്കാൻ കഴിയുന്നില്ല എന്നേയുള്ളൂ.

### മറവിയെക്കുറിച്ചുള്ള സിദ്ധാന്തങ്ങൾ

#### നിരുപയോഗസിദ്ധാന്തം (Theory of disuse)

പഠിച്ചത് ആവർത്തിക്കാതിരുന്നാൽ കാലക്രമേണ മറവി സംഭവിക്കും എന്നതാണ് ഈ സിദ്ധാന്തം കൊണ്ട് സമർത്ഥിക്കുന്നത്? പഠനം മൂലം ഉണ്ടായ മസ്തിഷ്കത്തിലെ മാറ്റങ്ങൾ നിരൂപയോഗം മൂലം മാഞ്ഞു പോകുന്നുവെന്നാണ് ഈ സിദ്ധാന്തത്തിന്റെ പൊരുൾ.

#### പ്രതിപ്രവർത്തിത സിദ്ധാന്തം (Theory of interference)

മനശ്ശാസ്ത്രജ്ഞൻമാർക്ക് ഏറ്റവും സ്വീകാര്യമായിട്ടുള്ള സിദ്ധാന്തമാണിത്. പഠനഫലങ്ങൾ പരസ്പരം പ്രതിപ്രവർത്തിക്കുന്നതും ഇടകലരുന്നതും കൊണ്ടാണ് മറവി സംഭവിക്കുന്നത്. അതേ മാതിരി മറ്റൊന്ന് ആദ്യത്തേതിനുശേഷം പഠിച്ചാൽ രണ്ടും ഓർക്കാൻ കഴിയാതെ വരും. പാഠ്യവസ്തുക്കൾക്ക് സാമനത ഏറുമ്പോഴും പഠിക്കുന്നതിന് ഇടവേള കുറയുമ്പോഴും പഠിച്ചതിന്റെ കാര്യക്ഷമത കുറയുമ്പോഴും ഇടകലരൽ കൂടുതൽ നടക്കുകയും അത് മറവിയിലേക്ക് നയിക്കുകയും ചെയ്യുന്നു.

#### ദമനസിദ്ധാന്തം (Theory of repression)

അസംതൃപ്തമായതിനെ മറക്കാനുള്ള അബോധാത്മകമായ ഒരു മാനസിക പ്രക്രിയയാണ് ദമനം. അസ്തൃപ്തമാണ് പഠനസാഹചര്യമെങ്കിൽ മറവിക്കുള്ള സാധ്യത കൂടും. പഠനം രസകരവും വൈകാരികവുമായി ഊഷ്മളവും ആയിരിക്കണം. ഫ്രോയിഡാണ് ഈ സിദ്ധാന്തത്തിന്റെ ആവിഷ്കാരകൻ. "Effective Learning is always effective" എന്ന പഠനതത്വം ഇവിടെ അനുഷ്ഠിക്കാവുന്നതാണ്.

### മറവിക്കുള്ള കാരണങ്ങൾ

മനശ്ശാസ്ത്രജ്ഞൻമാർ മറവിക്കുള്ള കാരണമായി അനേകം കാര്യങ്ങൾ പറയുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ടവ താഴെ കൊടുക്കുന്നു.

- പഠനവസ്തുക്കളും സ്വഭാവം വിഷമകരവും അർത്ഥമല്ലാത്തതുമായിരിക്കുക.
- സംശയങ്ങൾ യഥാസമയം പരിഹരിക്കാതെ വരുക.
- മസ്തിഷ്കത്തിലെ സ്മൃതിപഥത്തിന് ക്ഷയം സംഭവിക്കുക.
- ഭയം, കോപം തുടങ്ങിയ ശക്തമായ വികാരങ്ങൾ ഉണ്ടാവുക.
- വിരസമായ പഠനബോധന രീതികൾ
-
-
-
-

**പ്രവർത്തനം**

"ബുദ്ധിയുള്ളവർ പരീക്ഷ കഴിഞ്ഞു മറക്കുന്നു. എന്നാൽ ബുദ്ധി കുറഞ്ഞവർ പരീക്ഷയ്ക്കു മുമ്പേ മറക്കുന്നു". – മറവിയുമായി ബന്ധപ്പെട്ട ഒരു വിദ്യാഭ്യാസ വിചക്ഷണന്റെ വാക്കുകളാണിത്. ഈ പ്രസ്താവനയെ മറവിയുടെ ശാസ്ത്രീയ പ്രേരണകളുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യുക.

## 5. ശ്രദ്ധ (Attention)

പ്രജ്ഞയെ അഥവാ ബോധത്തെ ഏതെങ്കിലും വസ്തുവിലോ ആശയത്തിലോ കേന്ദ്രീകരിച്ചു നിർത്തുന്ന പ്രവർത്തിക്കാണ് ശ്രദ്ധ എന്നു പറയുന്നത്. താത്പര്യത്തിൽ നിന്നാണ് ശ്രദ്ധയുണ്ടാകുന്നത്. ഇത് മനസ്സിന്റെ തിരഞ്ഞെടുക്കൽ പ്രക്രിയ കൂടിയാണ്.

ശ്രദ്ധ മൂന്നു വിധത്തിലുണ്ട്.

1. സ്വേച്ഛാപരമായ ശ്രദ്ധ (Voluntary Attention)
2. നിർബന്ധിത ശ്രദ്ധ (Enforced Attention)
3. ശീലപരമായ ശ്രദ്ധ (Habitual Attention)

## 6. പഠന സന്നദ്ധത (Learning readiness)

പഠനത്തെ സ്വാധീനിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങളിൽ ഒന്നാണ് പഠന സന്നദ്ധത. പഠിക്കാനായി കുട്ടികൾ സജ്ജരാകേണ്ടതുണ്ട്. ലക്ഷ്യം നിർണയിക്കാനുള്ള ശേഷി, ശാരീരികവും മാനസികവുമായ പരിപക്വത, പൂർവാർജിത നൈപുണ്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലുള്ള ശിശുവിന്റെ വികാസമാണ് പഠനസന്നദ്ധത എന്നു പറയാം. ഒരു പ്രത്യേക പ്രവൃത്തി സ്വായത്തമാക്കാൻ പഠിതാക്കളെ സഹായിക്കാൻ തുടങ്ങും മുമ്പ് അധ്യാപകർ അവരുടെ സന്നദ്ധത ഉറപ്പാക്കേണ്ടതുണ്ട്.

**സന്നദ്ധത കണ്ടെത്താനും ഉറപ്പിക്കാനുമുള്ള മാർഗങ്ങൾ**

- മുന്നറിവ് പരിശോധന
- വിവിധ സിദ്ധികളുടെ ഉപയോഗപ്പെടുത്തൽ

- കൈത്താങ്ങു നല്കൽ
- 
- 
- 

**പ്രവർത്തനം**

ഓരോ വിഷയവുമായി ബന്ധപ്പെട്ട് പഠന സന്നദ്ധത ഉറപ്പാക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ കണ്ടെത്തുക. ക്ലാസിൽ അവതരിപ്പിച്ച് ചർച്ചയ്ക്കു വിധേയമാക്കുകയും വേണം.

## 7. അഭിപ്രേരണ (Motivation)

അപകടം പതിയിരിക്കുന്ന പാറക്കെട്ടുകളിലൂടെ തളരാതെ മുന്നേറുന്ന ടെൻസിങ്ങും ഹിലാരിയും. കൊട്ടാരസമാനമായ വീടും ഐ സി എസും ഉപേക്ഷിച്ച്, രോഗബാധിതനായിട്ടും ഹിമാലയം കടന്ന് റഷ്യവഴി ജർമനിയിലെത്തി ഐ എൻ എ രൂപീകരിച്ച് സ്വയം രാഷ്ട്രത്തിനു സമർപ്പിച്ച സുഭാഷ്ചന്ദ്രബോസ്. തങ്ങളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുമെന്നറിഞ്ഞിട്ടും പരീക്ഷണശാലയിൽ പ്രവർത്തനങ്ങളിൽ വ്യാപൃതരായ മാഡം ക്യൂറിയും പിയർ ക്യൂറിയും. എന്തുകൊണ്ടായിരിക്കാം ഇത്ര ത്യാഗം അനുഭവിച്ചും തങ്ങളുടെ പ്രവൃത്തികളുടെ വരും വരായ്മകളെക്കുറിച്ച് ആലോചിക്കാതെ അവർക്ക് കർമ നിരതരാകാൻ കഴിഞ്ഞത്? എന്തിനേറെ, സാധാരണക്കാരന്റെ പ്രവൃത്തിയിൽ പോലും, അവരുടെ പ്രവർത്തനങ്ങളിലേക്കു നയിക്കുന്ന ഒരു ഘടകത്തെ അഥവാ ശക്തിയെ കാണാൻ നമുക്കു കഴിയും. ജീവജാലങ്ങളെയും മനുഷ്യരെയും ഏതെങ്കിലും ഒരു പ്രവൃത്തിയിൽ ഏർപ്പെടാൻ പ്രേരിപ്പിക്കുന്ന ഇത്തരം ശക്തിവിശേഷത്തെയാണ് അഭിപ്രേരണ (Motivation) എന്നു പറയുന്നത്.

മനുഷ്യ സ്വഭാവത്തെ ശക്തിപ്പെടുത്തുകയും നിലനിർത്തുകയും ലക്ഷ്യ പ്രാപ്തിക്കുവേണ്ടി വ്യക്തിയെ സജ്ജമാക്കി നിർത്തുകയും ചെയ്യുന്ന പ്രക്രിയയാണ് അഭിപ്രേരണ – ബൂട്സിൻ (Bootzin)

അനാമിക എന്ന കുട്ടി പാഠഭാഗങ്ങൾ അന്നന്നുതന്നെ പഠിക്കുകയും അധ്യാപകൻ സ്കൂളിൽ നിർദ്ദേശിച്ച പ്രവർത്തനങ്ങൾ പരപ്രേരണ കൂടാതെ കൃത്യമായി നിർവഹിക്കുകയും ചെയ്യുന്നു. എന്നാൽ അവന്തിക എന്ന കുട്ടിയാകട്ടെ പാഠഭാഗങ്ങൾ വേഗത്തിൽ പഠിച്ചു തീർത്താൽ സിനിമയ്ക്ക് കൊണ്ടു പോകാമെന്ന അച്ഛന്റെ വാഗ്ദാനമനുസരിച്ചാണ് പ്രവർത്തിക്കുന്നത്. ഇവിടെ അനാമിക ആരുടെയും പ്രേരണ കൂടാതെ തന്റെ പ്രവർത്തനങ്ങൾ സ്വയം നിർവഹിക്കുന്നു. എന്നാൽ അവന്തിക അച്ഛന്റെ പ്രേരണകൊണ്ടാണ് ആ കർത്തവ്യം നിർവഹിക്കുന്നത്. ഇങ്ങനെ രണ്ടു രീതിയിൽ അഭിപ്രേരണ സംഭവിക്കാം. ഇവിടെ അനാമിക ആന്തരികാഭിപ്രേരണയാലും അവന്തിക ബാഹ്യാഭിപ്രേരണയാലുമാണ് പ്രവർത്തനങ്ങൾ നിർവഹിച്ചിരിക്കുന്നത്.


അഭിപ്രേരണ രണ്ടു വിധത്തിൽ സംഭവിക്കുന്നുവെന്ന് ഇതിൽ നിന്ന് അനുമാനിക്കാം - ആന്തരികാഭിപ്രേരണ (Intrinsic motivation) യും ബാഹ്യാഭിപ്രേരണ (Extrinsic motivation) യും

**1. ആന്തരികാഭിപ്രേരണ**

പ്രകൃതിദത്തമായ അഭിപ്രേരണ എന്ന പേരിലും ആന്തരികാഭിപ്രേരണ അറിയപ്പെടുന്നു. ഇതാകട്ടെ ഒരാളുടെ ഉള്ളിൽ നിന്നു വരുന്നതാണ്. ദൃശ്യമായ ബാഹ്യപ്രോത്സാഹനങ്ങളല്ല ഒരാളെ പ്രവർത്തനനിരതമാക്കുന്നതെങ്കിൽ അയാളിൽ ആന്തരികമായ അഭിപ്രേരണയാണ് വർത്തിക്കുന്നതെന്നു കണാനാകും. ഇവിടെ പ്രവൃത്തിയും ലക്ഷ്യപൂർത്തീകരണവും ഒരേ പോലെ ആനന്ദകരമായി ഭവിക്കുന്നു.

**2. ബാഹ്യാഭിപ്രേരണ**

ഒരാളുടെ പ്രവൃത്തി, ബാഹ്യമായ സമ്മാനങ്ങളാലോ, നേട്ടങ്ങളാലോ അംഗീകാരങ്ങളാലോ നിയന്ത്രിക്കപ്പെടുമ്പോൾ അതിനെ ബാഹ്യാഭിപ്രേരണ എന്നു പറയുന്നു.




പഠന മനശ്ശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം രണ്ട് അഭിപ്രേരണക്കും അതിന്റേ തായ പ്രാധാന്യം ഉണ്ട്. അതേസമയം ബാഹ്യാഭിപ്രേരണയ്ക്ക് കൂടുതൽ പ്രാധാന്യം നല്കാനും പാടില്ല. ഒരു പ്രവൃത്തിയുടെ ആരംഭത്തിൽ കുട്ടികൾ ആന്തരികമായി പ്രചോദിതരല്ലെങ്കിൽ ബാഹ്യാഭിപ്രേരണ ഉപയോഗിക്കുന്നതിൽ തെറ്റില്ല. അടിസ്ഥാ നശേഷികൾ കൈവരിക്കുന്നതിൽ കുട്ടികൾ അലംഭാവം കാണിക്കുമ്പോഴും ആദ്യ ഘട്ടത്തിൽ ബാഹ്യാഭിപ്രേരണയ്ക്ക് സ്ഥാനമുണ്ട്. പലപ്പോഴും ബാഹ്യാഭിപ്രേരണ പില്കാലത്തെ ആന്തരികാഭിപ്രേരണക്ക് കാരണമായി വർത്തിക്കാറുണ്ട്. ഉദാഹരണ മായി, താത്പര്യമില്ലാതിരുന്നിട്ടും അച്ഛന്റെ നിർബന്ധത്താൽ കഥകളി കാണുന്ന കുട്ടി ഭാവിയിൽ കഥകളിയോട് അനുകൂല മനോഭാവം പ്രകടിപ്പിക്കുന്നതായി കാണാം. അതേ സമയം ആന്തരിക പ്രേരണയാൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന കുട്ടികളെ പ്രോസാഹിപ്പിക്കുകയും മികച്ച മാർഗ നിർദേശം നല്കുകയും വേണം.

**പ്രവർത്തനം**

ആന്തരികാഭിപ്രേരണയ്ക്കും ബാഹ്യാഭിപ്രേരണയ്ക്കും അനുയോജ്യമായ സന്ദർഭങ്ങൾ കണ്ടെത്തി എഴുതുക. ഗ്രൂപ്പിൽ അവതരിപ്പിക്കുക.

## 8. താത്പര്യം (Interest) അഭിരുചി

ഒരു വ്യക്തി തന്റെ ജീവിത സന്ദർഭങ്ങളിൽ ചില കാര്യങ്ങൾ ഇഷ്ടപ്പെടുകയും മറ്റു ചിലത് ഇഷ്ടപ്പെടാതിരിക്കുകയും ചെയ്യുന്നു. ഈ ഇഷ്ടാനിഷ്ടങ്ങളെയാണ് പൊതുവെ താത്പര്യം അഥവാ അഭിരുചി എന്നു വിളിക്കുന്നത്. അതായത് ഒരു പ്രവൃത്തിയിൽ ഏർപ്പെടാൻ അവസരം ലഭിക്കുകയും അതിൽ മുഴുകുമ്പോൾ ശ്രദ്ധ കേന്ദ്രീകരിക്കുകയും അതിൽ നിന്നു ലഭിക്കുന്ന സംതൃപ്തിമൂലം ആ പ്രവൃത്തി തുടർന്നു കൊണ്ടു പോകാൻ ആഗ്രഹിക്കുകയും ചെയ്യുന്ന പ്രവണതയാണ് താത്പര്യം എന്നു വരുന്നു.

താത്പര്യങ്ങൾ മിക്കപ്പോഴും ആർജിക്കപ്പെടുന്നതും പരിശീലനം കൊണ്ട് മെച്ചപ്പെടുത്താൻ കഴിയുന്നതുമാണ്. അവ രൂപപ്പെട്ടുവരുന്നത് പ്രധാനമായും പ്രായപൂർത്തിയാവുന്നതുവരെയാണ്. എന്നതിനാൽ അവയെ കണ്ടെത്താനും ശരിയായ നിരീക്ഷണം നടത്തി മാർഗ നിർദേശങ്ങൾ നൽകാനും നമുക്കാകണം.

**പഠനത്തിൽ താത്പര്യം ജനിപ്പിക്കുന്നതിനുള്ള മാർഗങ്ങൾ**

- പഠനം പ്രവർത്തനാധിഷ്ഠിതമാക്കുക
- വിദ്യാലയ സൗകര്യങ്ങൾ ആകർഷകമാക്കുക.
- പഠനരീതികൾ സന്തോഷ പ്രദമാക്കുക.
- പഠനപ്രക്രിയ അയവുള്ളതാക്കുക.
- വിവര വിനിമയ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുക.
- സാമൂഹിക വിഭവങ്ങൾ ഉപയോഗപ്പെടുത്തുക.
- 
- 
- 

**പ്രവർത്തനം – 1**

ഒരു വിഷയവുമായി ബന്ധപ്പെട്ട് ഒരു പാഠഭാഗം പരിഗണിക്കുക. കുട്ടികൾക്കു താത്പര്യം ജനിപ്പിക്കുന്ന രീതിയിൽ ഈ പാഠഭാഗം അവതരിപ്പിക്കുന്നതിനുള്ള ഏതാനും മാർഗങ്ങൾ കണ്ടെത്തുക. ഗ്രൂപ്പിൽ അവതരിപ്പിക്കുക.

**പ്രവർത്തനം – 2**

നിങ്ങൾ പ്രൈമറി ക്ലാസിൽ പഠിക്കുമ്പോൾ കുട്ടികളിൽ പഠനത്തിൽ താത്പര്യം ഉണ്ടാക്കാനായി അധ്യാപകൻ സ്വീകരിച്ച തന്ത്രം വിശദമായി എഴുതുക.

## 9. അഭിക്ഷമത (Aptitude)

ഒരു തൊഴിലിലോ മറ്റേതെങ്കിലും രംഗത്തോ വിജയിക്കുന്നതിനുള്ള ശക്യത (Potentiality) യെയാണ് അഭിക്ഷമത എന്നു പറയുന്നത്. അഭിക്ഷമതകൾ വിശിഷ്ട (Specific) മാണ്. സാമാന്യമല്ല. അതായത് ഒരാൾക്ക് സംഗീതത്തിൽ അഭിക്ഷമതകാണും; ഭാഷണത്തിൽ കാണുകയില്ല. യുക്തിപൂർവം വാദപ്രതിവാദം നടത്തുന്നയാൾക്ക് ശാബ്ദികയുക്തി (Verbal reasoning) എന്ന അഭിക്ഷമതയാണ് ഉണ്ടാവുക. യന്ത്രങ്ങൾ കൈകാര്യം ചെയ്യുന്നവർ യാന്ത്രികാഭിക്ഷമത (Mechanical aptitude) ഉള്ളവരാണ്.

ഏത് തൊഴിലിലും ഏർപ്പെടുന്ന ആളുടെ വിജയം ആ തൊഴിലിൽ അയാൾക്കുള്ള അഭിക്ഷമതയെ ആശ്രയിച്ചാണിരിക്കുന്നത്. തൊഴിലിലോ മറ്റേതെങ്കിലും ജീവിത വൃത്തിയിലോ വിദ്യാഭ്യാസത്തിലോ വിജയിക്കുന്നതിനുള്ള ശക്യതയാണിത്. ഒരു പ്രവർത്തനത്തിന്റെ പരിശീലന ഫലമായി വിജയിക്കാനുള്ള സംഭവ്യതയാണ് അഭി ക്ഷമത എന്ന് ബക്കിങ് ഹാം പറയുന്നു. അഭിക്ഷമതയെ പരിശീലന വിധേയത്വ (Trainability) മെന്ന് ബേൺഹാർട്ടും വിജയപ്രതിക്ഷാ സൂചകമെന്ന് ആർതർ ജോൺസും നിർവചിക്കുന്നു. ബുദ്ധിയും അഭിക്ഷമതയും മനസ്സിലാക്കുന്നത് വ്യക്തി യുടെ ഉപലബ്ധികളിൽ ദൃശ്യമാകുന്ന ഭിന്നതകളിൽ നിന്നാണ്. സംഗീതാഭ്യസനം നടത്തി അതിൽ നല്ല പ്രാവിണ്യം സമ്പാദിക്കുന്ന വ്യക്തിക്ക് സംഗീതത്തിൽ അഭി ക്ഷമതയുണ്ടെന്നു പറയാം.

## 10. മനോഭാവം (Attitude)

മീനുക്കുട്ടി രണ്ടാം ക്ലാസുകാരിയാണ്. രാവിലെ ഉണർന്നെണീറ്റ മീനു, "എനിക്ക് സ്കൂളിൽ പോണം, ഇപ്പൊപോണം" എന്ന് പറഞ്ഞ് വാശിപിടിക്കാൻ തുടങ്ങി. "അതെന്താ ഇപ്പൊ ത്തന്നെ പോണമെന്ന് വാശിപിടിക്കുന്നത്? അമ്മ ചോദിച്ചു. "ടീച്ചർ ഇന്ന് കഥ പറയും. പന്നെ ഞങ്ങളെ ആക്ഷൻ സോങ് പാടിക്കും, പരിസര നടത്തം ഉണ്ട്. പിന്നെ എന്തൊ ക്കേയോ ഇന്ന് ചെയ്യാനുണ്ട്." മീനുകുട്ടി വാചാലയായി. സ്കൂളിലെ ആഹ്ലാദകരമായ പഠ നാന്തരീക്ഷമാണ് മീനുവിനെ സ്കൂളിലേക്ക് ആകർഷിച്ചത്. കുട്ടിയുടെ സ്കൂളിനോടുള്ള ഈ മനോഭാവം മികച്ച പഠനത്തിന് വഴിയൊരുക്കും എന്ന കാര്യത്തിൽ സംശയമില്ല.

സ്കൂളിനോട് കുട്ടിക്കുള്ള മനോഭാവം ഇപ്രകാരമാകണമെന്നാണ് നമ്മുടെ ആഗ്രഹം.

**പ്രവർത്തനം**

നിലവിൽ കുട്ടികൾക്ക് സ്കൂളിനോടുള്ള പൊതുവായ മനോഭാവം എങ്ങനെ യാണ്? അവയ്ക്കുള്ള കാരണങ്ങൾ എന്തെല്ലാമാണ്? ചർച്ച ചെയ്യുക. കുറിപ്പ് തയാറാക്കുക.

സ്കൂളിനെ ഇഷ്ടപ്പെടുന്ന കുട്ടികൾ പഠനത്തെയും ഇഷ്ടപ്പെടും. അതുവഴി അവർ മികച്ച വ്യക്തിത്വങ്ങളായി മാറും. ഇത്തരം മനോഭാവം രൂപപ്പെടുത്തുന്നതിൽ ടീച്ചറുടെ പങ്ക് വളരെ വലുതാണ്. രക്ഷാകർത്താവ്, സമൂഹം എന്നിവയ്ക്കും പങ്കുണ്ട്.

**പ്രവർത്തനം**

സ്കൂളിനെ ഇഷ്ടപ്പെടുന്ന മനോഭാവം രൂപപ്പെടുത്തുന്നതിൽ അധ്യാപകന്റെ പങ്കെന്താണ്? ചർച്ച ചെയ്യുക.

സ്കൂളിനോടും പഠനത്തോടും പോസ്റ്റീവ് മനോഭാവം രൂപപ്പെടണമെങ്കിൽ:

- കുട്ടിയുടെ വൈജ്ഞാനിക തലത്തെ പ്രവർത്തന ക്ഷമമാക്കണം.
- കുട്ടിയുടെ വൈകാരിക സന്തുലനത്തിന് അവസരമുണ്ടാകണം.
- തന്റെ മികവുകളും വ്യവഹാരങ്ങളും അംഗീകരിക്കപ്പെടണം.

**അതിനാൽ മനോഭാവത്തെ ഇപ്രകാരം നിർവചിക്കാം:**

ഒരു വ്യക്തിയുടെ വൈജ്ഞാനിക തലത്തെ പ്രവർത്തനക്ഷമമാക്കുകയും വിവിധ പ്രതികരണങ്ങളെ സ്വാധീനിക്കുകയും ചെയ്യുന്ന മാനസികഭാവമാണ് മനോഭാവം.

**പ്രവർത്തനം**

മനോഭാവത്തെ രൂപപ്പെടുത്തുന്നതിൽ വൈജ്ഞാനിക ഘടകം, വൈകാരിക ഘടകം, വ്യവഹാര ഘടകം എന്നിവ പ്രധാന പങ്കു വഹിക്കുന്നു. ഒരു സന്ദർഭം പരിഗണിച്ച് ഈ ആശയം വിശദീകരിക്കുക.

## 11. ഉത്കണ്ഠ (Anxiety)

ഭയത്തിന്റെ ഒരു സാങ്കല്പികമായ രൂപമാണ് ഉത്കണ്ഠ. അത് സൃഷ്ടിക്കുന്നത് യഥാർത്ഥ ചോദകമല്ല. മറിച്ച് സാങ്കല്പിക സന്ദർഭങ്ങളോ ഗ്രന്ഥങ്ങളിലും ചലച്ചിത്രങ്ങളിലും സംഭവിക്കാൻ പോകുന്നതിനെക്കുറിച്ചുള്ള അതിശയോക്തി നിറഞ്ഞതുമായ ഭാവനയുടെ ഫലമാണ് ഉത്കണ്ഠ അഥവാ ആകുലത. അവയിൽ മിക്കതും ഗൃഹവുമായും വിദ്യാലയവുമായും ബന്ധപ്പെട്ടിരിക്കുന്നു. കൗമാര പ്രായത്തിലാണ് ഉത്കണ്ഠ ഏറ്റവും കൂടുതൽ ഉടലെടുക്കുന്നത്. ആൺകുട്ടികളെക്കാൾ പെൺകുട്ടികൾ ഉത്കണ്ഠ ഉള്ളവരായി കാണപ്പെടുന്നു. വേണ്ടപ്പെട്ടവർക്ക് ആർക്കെങ്കിലും രോഗം ബാധിക്കുകയോ കൂട്ടുകാരെയാരെയെങ്കിലും കാണാൻ കഴിയാതെയിരിക്കുകയോ ചെയ്യുക എന്നിവയും ഉത്കണ്ഠക്ക് കാരണമാകുന്നു.

പരീക്ഷയെക്കുറിച്ചും ശിക്ഷകളെക്കുറിച്ചും ഉള്ള ആകുലതകളും ഉദാഹരണമാണ്. ഉത്കണ്ഠ പഠനനിലവാരത്തെ ദുർബലപ്പെടുത്തുമെന്ന് മാത്രമല്ല അത് നിരവധി ഗുരുതരമായ മാനസിക പ്രശ്നങ്ങൾക്കു തന്നെ കാരണമാകുകയും ചെയ്യുന്നു.

കുട്ടികളിൽ ഉത്കണ്ഠ കുറയ്ക്കുന്നതിനുള്ള മാർഗങ്ങൾ

- സുരക്ഷിതത്വ ബോധം വളർത്തുക
- സ്വതന്ത്രമായി ഇടപഴകാനുള്ള അവസരം ഒരുക്കുക
- വിജയവഴികൾ നിർദേശിക്കുക
- പരീക്ഷഭീതി ഒഴിവാക്കാനുള്ള നിർദേശങ്ങൾ നൽകു.
- അർഹമായ അംഗീകാരം നൽകുക.
- പ്രശ്നങ്ങളെ കാര്യകാരണസഹിതം ബോധ്യപ്പെടുത്തുക.
-
-
-

**പ്രവർത്തനം**

പ്രൈമരി തലത്തിലെ കുട്ടികളിൽ ഉത്കണ്ഠ ഉണ്ടാക്കുന്ന ഏതാനും ചില സന്ദർഭങ്ങൾ എഴുതുക. അവ ചർച്ച ചെയ്യുക.

## 12. പഠനശൈലി (Learning Style)

ഓരോ വ്യക്തിയും മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാണ്. അഭിരുചികൾ, ശീലങ്ങൾ, നിലപാടുകൾ, മാനസിക നില തുടങ്ങിയവയിലെല്ലാം ഈ വ്യത്യാസങ്ങൾ കാണാനാകും. അനുഭവങ്ങൾ പഠനമായി മാറുന്നത് സങ്കീർണ്ണമായ വഴികളിലൂടെയാണ്. ചിന്താ പ്രക്രിയ എല്ലാവരിലും സമാനമാണെങ്കിലും വിജ്ഞാനത്തെ സ്വീകരിക്കുന്നതിലും പരുവപ്പെടുത്തുന്നതിലും സൂക്ഷിക്കുന്നതിലും പുനരുപയോഗിക്കുന്നതിലുമെല്ലാം വ്യക്തികൾക്കിടയിൽ വ്യത്യാസങ്ങൾ കാണാം. ചിലർ കേട്ടകാര്യങ്ങൾ നന്നായി ഓർമിക്കുന്നു. കണ്ടും വായിച്ചും മനസ്സിലാക്കുന്നതാണ് മറ്റു ചിലർക്കിഷ്ടം. ചെയ്തും വരച്ചും എഴുതിയുമൊക്കെ പഠിക്കുമ്പോഴാണ് മറ്റു ചിലരിൽ പഠനം സജീവമാകുന്നത്. വിജ്ഞാനത്തെ സ്വീകരിക്കുന്നതിലും പ്രോസസ് ചെയ്യുന്നതിലും വിശകലനം ചെയ്യുന്നതിലും പുനരുപയോഗിക്കുന്നതിലുമൊക്കെ ഓരോരുത്തർക്കും അവരുടെതായ ഒരു ശൈലിയുമുണ്ട്. ഇതിനെയാണ് പഠനശൈലി (Learning style) എന്നു പറയുന്നത്.

പൊതുവായ സവിശേഷകളുടെ അടിസ്ഥാനത്തിൽ ഇതിനെ മൂന്നായിതിരിക്കാം.

1) Visual Learning:

2) Auditory Learning:

3) Kinesthetic Learning:

## 13. പഠനവേഗം (Learning pace)

പഠനവേഗത്തിലെ വ്യത്യാസം പഠനത്തെ പ്രത്യക്ഷമായിത്തന്നെ സ്വാധീനിക്കുന്ന ഘടകമാണ്. വിവിധ പഠനമേഖലകളിൽ ഈ വ്യത്യാസം വിവിധ തരത്തിലാണ് അനുഭവപ്പെടുന്നതെന്നും പഠനപ്രവർത്തനങ്ങൾ സംഘടിപ്പിക്കുമ്പോൾ നിർണായകമായി പരിഗണിക്കേണ്ടതുണ്ടെന്നും കുട്ടികൾക്ക് ബോധ്യപ്പെടണം. ഒരർഥത്തിൽ ഇതും ഒരു പഠനശൈലിയാണ്. ചിലർക്ക് ചില കാര്യങ്ങൾ അപഗ്രഥിക്കാനും പരസ്പരബന്ധം കണ്ടെത്താനും ചിന്താ പ്രക്രിയയിൽ ചില തടസ്സങ്ങൾ അഥവാ താമസം അനുഭവപ്പെടാം. പഠനപ്രശ്നത്തെ മറ്റൊരു രീതിയിൽ അവതരിപ്പിക്കുകയോ ചിന്താപ്രക്രിയയ്ക്ക് കുറച്ചുകൂടി സമയം നല്കുകയോ പുതിയ സന്ദർഭങ്ങളിൽ ആവർത്തിക്കാനുള്ള അവസരം നല്കുകയോ ചെയ്യുമ്പോൾ അവരും പഠനത്തിൽ മുന്നേറുന്നതു കാണാം.

## 14. പരിപക്വനം (Maturation)

ഒരു പ്രവൃത്തി ചെയ്യാൻ പാകത്തിൽ ശരീരത്തിന്റെ ജീവശാസ്ത്രഘടന തയാറെടുത്തിട്ടില്ലെങ്കിൽ അത് ചെയ്യാനായി സാധിക്കില്ല. കാലും പാദവും വേണ്ടവിധത്തിൽ ഉറയ്ക്കുന്നതിനുമുമ്പ് നടക്കാനാകില്ല. പരിചയം ഉള്ളവരെയും ഇല്ലാത്തവരെയും തിരിച്ചറിയാനുള്ള ശേഷി ഉണ്ടാകുന്നതിനുമുമ്പ് 'പരിചയക്കേട്' ഉണ്ടാകുകയില്ല. ഒരു സമയത്ത് എത്രവരെ പോകാം എന്തൊക്കെ ചെയ്യാം എന്നതിന്റെ പരിധി നിർണയിക്കുന്നത് പരിപക്വനമാണ്. വികാസത്തെ മുഴുവൻ പരിപക്വനത്തിന്റെ അടിസ്ഥാനത്തിൽ വിശദീകരിക്കാൻ ശ്രമിക്കുന്ന ഗസലി (Gessel) നെപ്പോലെയുള്ള മനഃശാസ്ത്രജ്ഞരുമുണ്ട്.

## 15. പഠനാന്തരീക്ഷം (Learning Atmosphere)

ഇന്ന് ജൂൺ 1. ബുധനാഴ്ച. സ്കൂൾ തുറക്കുന്ന ദിവസം. സോനു പുതിയ സ്കൂളിൽ 5-ാം ക്ലാസിൽ പഠിക്കാൻ എത്തുകയാണ്. ഗേറ്റ് കടന്ന് കൂട്ടുകാരികളോടൊപ്പം അകത്തേക്കു പ്രവേശിച്ചു. സ്കൂളിനു മുന്നിൽ മനോഹരമായ ഒരു പൂന്തോട്ടം. വിവിധയിനം ചെടികൾ, പൂക്കൾ,, പൂമ്പാറ്റകൾ..... എന്തുഭംഗി. സോനുവിന് ആഹ്ലാദം തോന്നി. അകലെ അതാ ഒരു പച്ചക്കറിത്തോട്ടം. ചീരയുടെ ചെമപ്പ് നിരന്നുകണ്ടപ്പോൾ എന്തു ഭംഗി. കാമ്പസിലുള്ള മരങ്ങളിൽ അവയുടെ പേര് എഴുതിതൂക്കിയിട്ടിരിക്കുന്നു. എത്രയെത്ര മരങ്ങൾ സ്കൂൾ കെട്ടിടങ്ങൾ പെയിന്റ് ചെയ്ത് ആകർഷകമാക്കിയിരിക്കുന്നു. കളിസ്ഥലങ്ങൾ മാർക്ക് ചെയ്ത് മനോഹരമാക്കിയിട്ടുണ്ട്. 7-ാം ക്ലാസുകാരിയായ സന ക്ലാസ് കാണിച്ചു കൊടുത്തു. സോനു ക്ലാസിൽ പ്രവേശിച്ചു.

ഭിത്തിയിൽ മഹാന്മാരുടെയും ശാസ്ത്രകാരൻമാരുടെയും ചിത്രങ്ങൾ തൂക്കിയിട്ടിരിക്കുന്നു. അവരുടെ പേരും പ്രാധാന്യവും എഴുതിയിട്ടുണ്ട്. 'വായനമൂല' എന്നെഴുതി കുറെ ബാലമാസികകൾ ഒരു കോണിൽ അടുക്കിവച്ചിരിക്കുന്നു. ഒരു അലമാരയിൽ ധാരാളം പുസ്തകങ്ങൾ. ക്ലാസ് ലൈബ്രറി ആയിരിക്കും. സോനു ചിന്തിച്ചു. നല്ല ഇരിപ്പിടങ്ങൾ. ബോർഡ് വലതും മനോഹരമായി പെയിന്റ് ചെയ്തതുമാണ്. സോനു സീറ്റിൽ ഇരുന്നു. "എന്തു നല്ല അന്തരീക്ഷം" അവൾ അറിയാതെ പറഞ്ഞുപോയി.

**പ്രവർത്തനം**

പഠനം കാര്യക്ഷമമാക്കുന്നതിൽ പഠനാന്തരീക്ഷത്തിന് വളരെ പ്രാധാന്യമുണ്ട്. ഒരു പ്രൈമറി സ്കൂളിന്റെ പഠനാന്തരീക്ഷം എങ്ങനെയുള്ളതാകണം? എന്തെല്ലാം സൗകര്യങ്ങൾ ഉണ്ടാകണം? നിങ്ങളുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ ചർച്ച ചെയ്ത് കുറിപ്പു തയാറാക്കുക.

## 16. കുടുംബ സാമൂഹിക ഘടകങ്ങൾ

വ്യക്തി ഒരു സമൂഹജീവിയാണ്. കുടുംബം, ജാതി, മതം, പാർട്ടി തുടങ്ങിയുള്ള പലതരത്തിലുള്ള സാമൂഹിക സ്ഥാപനങ്ങളോട് പ്രതിപ്രവർത്തിച്ചാണ് നമ്മൾ ഓരോരുത്തരും വളരുന്നത്. വ്യക്തിയുടെ വികാസത്തിൽ നിർണായകമായ പങ്കു വഹിക്കുന്ന പാരമ്പര്യത്തിന്റെയും പരിസരത്തിന്റെയും ഘടകങ്ങൾ ഉൾച്ചേർന്നതാണ് കുടുംബം. ഇത് ഒരേ സമയം ജനാധിപത്യത്തിന്റെയും മേധാവിത്വത്തിന്റെയും സ്വഭാവം പുലർത്തുന്നു. പ്രാചീന സാമൂഹിക സംവിധാനങ്ങളുടെ എല്ലാ ശേഷിപ്പുകളും കുടുംബത്തിൽ കാണാനാകും. ആചാരങ്ങൾ ഇടപെടലുകൾ നിഷിദ്ധങ്ങൾ അധികാര പ്രയോഗങ്ങൾ തുടങ്ങിയവയൊക്കെ ഉദാഹരണമായെടുക്കാം.

**പ്രവർത്തനം**

ഏകവ്യക്തി പഠന (Case study) രീതി ഉപയോഗിച്ച് കുട്ടികളുടെ കുടുംബ സാമൂഹിക ഘടകങ്ങൾ അവരുടെ നേട്ടങ്ങളെ എങ്ങനെ സ്വാധീനിക്കുന്നു എന്ന് കണ്ടെത്തുക.

## 17. വൈകാരികാവസ്ഥ (Emotional status)

പഠനത്തിൽ ഏറെ സ്വാധീനിക്കുന്ന ഒരു ഘടകമാണ് പഠിതാവിന്റെ വൈകാരികാവസ്ഥ. മനസ്സിന്റെയും ശരീരത്തിന്റെയും ഉത്തേജിക്കപ്പെട്ട അവസ്ഥയാണ് വികാരം. അതായത് മനസ്സിന്റെ ഉത്തേജിത ഭാവമാണിത്. ഇത്തരം ഉത്തേജിത ഭാവത്തോടെ ഇരിക്കുന്ന കുട്ടിക്ക് ആശയങ്ങളും വസ്തുതകളും വളരെ വേഗത്തിൽ സ്വായത്തമാക്കാനായി കഴിയുന്നു.

## 18. പഠനാന്തരണം (Transfer of Learning)

നേരത്തെ പഠിച്ച കാര്യങ്ങൾ പുതിയ പഠനത്തെ എങ്ങനെ സ്വാധീനിക്കുന്നു എന്നതിനെയാണ് പഠനാന്തരണം എന്നു പറയുന്നത്. പഠനാന്തരണം പ്രധാനമായും രണ്ടു വിധത്തിൽ സംഭവിക്കുന്നു. അനുകൂല പഠനാന്തരണവും ശൂന്യ പഠനാന്തരണവും. ആദ്യം പഠിച്ച കാര്യങ്ങൾ പുതിയ പഠനത്തിന് സഹായകമാകുന്നുവെങ്കിൽ അതിനെ അനുകൂല പഠനാന്തരണം (positive transfer) എന്നു പറയുന്നു. പഴയപഠനം പുതിയ പഠനത്തെ പ്രോത്സാഹിപ്പിക്കുകയോ തടസ്സപ്പെടുത്തുകയോ ചെയ്യുന്നില്ല എങ്കിൽ അതിനെ ശൂന്യപഠനാന്തരണം (zero transfer) എന്നു പറയുന്നു.

**പ്രവർത്തനം**

പ്രൈമറി തലത്തിലെ പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി അനുകൂല പഠനാന്തരണം, ശൂന്യപഠനാന്തരണം എന്നിവ വ്യക്തമാക്കപ്പെടുന്ന ചില സന്ദർഭങ്ങൾ കണ്ടെത്തി എഴുതുക.

## ക്രിയാഗവേഷണം (Action Research)

പ്രകാശൻ മാഷ് അധ്യാപകനായി ജോലി നോക്കുന്നു. കുന്നിൽ മുകളിലെ വിശാലമായ കളിസ്ഥലമുള്ള സ്കൂൾ, മാഷിന് തന്റെ വീടുപോലെയാണ്. കുട്ടികളെ ഏറെ ഇഷ്ടപ്പെടുന്നു അദ്ദേഹം. മൂന്നാം ക്ലാസിൽ ഗണിതമാണ് പഠിപ്പിക്കുന്നത്. ചില സംഖ്യകൾ – പ്രത്യേകിച്ച് നാലക്ക സംഖ്യകൾ എഴുതാൻ പറഞ്ഞപ്പോൾ (ഉദാ. 4002) പല കുട്ടികൾക്കും ശരിയായി എഴുതാൻ കഴിയുന്നില്ല എന്ന് മാഷിന് മനസ്സിലായി. സംഖ്യകളുടെ സ്ഥാന വിലയെക്കുറിച്ചുള്ള ധാരണ കുട്ടികൾക്ക് കുറവാണെന്ന ബോധം കൂടുതൽ സംഖ്യകൾ എഴുതാൻ പറഞ്ഞപ്പോൾ ബോധ്യമായി. ഇക്കാര്യത്തിൽ ഗവേഷണപരമായ ഒരന്വേഷണം നടത്താൻ പ്രകാശൻ മാഷ് തീരുമാനിക്കുകയായിരുന്നു.

ക്ലാസ് മുറിയിൽ അധ്യാപകൻ നേരടുന്ന ഇതുപോലുള്ള വിവിധ പ്രശ്നങ്ങൾ ശാസ്ത്രീയമായി അന്വേഷിച്ച് പരിഹാരം കാണാനുള്ള ഒരു ഗവേഷണ പദ്ധതിയാണ് ക്രിയാഗവേഷണം.

പ്രവർത്താനാധിഷ്ഠിത പഠന പ്രക്രീയയിൽ പഠനുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന വിവിധ പ്രശ്നങ്ങൾക്ക് സ്വാഭാവിക സാഹചര്യങ്ങളിൽ ഉടൻ പരിഹാരം കണ്ടെത്തേണ്ടുതുണ്ട്. ഇത്തരത്തിൽ പ്രശ്ന പരിഹാരത്തിനുതകുന്ന പ്രായോഗിക കർമ്മ പദ്ധതികൾക്ക് ക്രിയാമാർഗങ്ങൾക്ക് സ്വീകരിക്കാവുന്ന ഗവേഷണ മാതൃകയാണ് ക്രിയാഗവേഷണം.

വളരെ സങ്കീർണവും ഗഹനവുമായ ഗവേഷണങ്ങളല്ല ഇവിടെ ഉദ്ദേശിക്കുന്നത്. ക്ലാസുമുറിയിലെ പഠനവേളയിൽ പൊതുവായി അനുഭവപ്പെടുന്ന പ്രശ്നങ്ങൾ ഗവേഷണാത്മകമായി അന്വേഷണം നടത്തി പരിഹാരം കണ്ടെത്തുക എന്നതാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

| |
|---|
| ന്യൂയോർക്കില കൊളംബിയ യൂണിവേഴ്സിറ്റിയിൽ അധ്യാപകനും, വിദ്യാഭ്യാസ ചിന്തകനുമായിരുന്ന സ്റ്റീഫൻ. എം. കോറിയാണ് ക്രിയാഗവേഷണത്തിന്റെ ഉപജ്ഞാതാവ്. |

സ്റ്റീഫൻ കോറിയുടെ വാക്കുകൾ ശ്രദ്ധിക്കാം.....

"അധ്യാപകരുടെ ദൈനംദിന പ്രവർത്തനങ്ങളിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്ത് അപാകത പരിഹരിക്കുന്നതിനും അധ്യാപനത്തെ സ്വയം വിലയിരുത്തുന്നതിനും സഹായിക്കുന്ന ഒരു ഗവേഷണ പദ്ധതിയാണ് ക്രിയാഗവേഷണം."

**ക്രിയാഗവേഷണത്തിന്റെ ഘട്ടങ്ങൾ**

ക്രിയാ ഗവേഷണത്തിന്റെ ഘട്ടങ്ങൾ വളരെ ലളിതമാണ്.

| | |
|---|---|
| അവ ചുവടെ കൊടുക്കുന്നു.<br>ഘട്ടം. 1 : ഗവേഷണ പ്രശ്നം കണ്ടെത്തുക | ഹ്രസ്വകാലത്തെ ശ്രമം കൊണ്ട് പരിഹരിക്കാൻ കഴിയുന്നതും അധ്യാപകന് നേരിട്ട് അനുഭവപ്പെടുന്നതുമായ പ്രശ്നമാണ് തിരഞ്ഞെടുക്കേണ്ടത്. |
| ഘട്ടം 2 : പ്രശ്നത്തിന്റെ പരികല്പന (hypothesis) രൂപപ്പെടുത്തുക<br>പ്രവർത്തനം പദ്ധതി (Action programme)<br>– ഏതെല്ലാം ദത്തങ്ങൾ (data) ഉപയോഗപ്പെടുത്തണം?<br>– ഏതെല്ലാം തന്ത്രങ്ങൾ, ഉപകരണങ്ങൾ?<br>– ദത്ത ശേഖരണം, ക്രോഡീകരിക്കൽ, വ്യാഖ്യാനിക്കൽ.<br>– കുട്ടികളുടെ റോൾ, അധ്യാപകന്റെ റോൾ<br>– സമയക്രമം. | തന്റെ അനുഭവത്തിന്റെ വെളിച്ചത്തിലും സഹ അധ്യാപകരുമായുള്ള ആശയവിനിമയത്തിലൂടെയും പരികല്പന രൂപപ്പെടുത്താവുന്നതാണ്. ഇതിന്റെ ഭാഗമായി വ്യക്തമായ ഒരു പ്രവർത്തനപദ്ധതിയ്ക്കും രൂപം നല്കണം |
| ഘട്ടം 3 : ഇടക്കാല വിലയിരുത്തൽ | സമാരംഭിച്ച ഗവേഷണ പ്രവർത്തനം ഇടയ്ക്കിടെ വിലയിരുത്തുകയും ലക്ഷ്യപ്രാപ്തിയോട് എത്രമാത്രം നീതി പുലർത്തി മുന്നേറുന്നെന്ന് പരിശോധിക്കണം. പാളിച്ചകൾ ഉണ്ടെങ്കിൽ വിദഗ്ധരുടെ നിർദേശപ്രകാരം ആവശ്യമായ ഭേദഗതി വരുത്തണം. |
| ഘട്ടം 4 : പ്രവർത്തനത്തിന്റെ ക്രോഡീകരണം, വിശകലനം | ശേഖരിച്ച വിവരങ്ങളുടെ ക്രോഡീകരണത്തിന് സ്റ്റാറ്റിസ്റ്റിക്കൽ തന്ത്രങ്ങൾ ഉപയോഗപ്പെടുത്തണം. തുടർന്ന് വിശകലനം നിർവഹിക്കണം. |

| | |
|---|---|
| ഘട്ടം 5 : ഗവേഷണ പ്രവർത്തനത്തിന്റെ ഫലങ്ങളും നിഗമനങ്ങളും | ഗവേഷണ പലമായി ആവിഷ്കരിച്ച നിഗമനങ്ങൾ വീണ്ടും വീണ്ടും പ്രയോഗിച്ചു നോക്കി അവയുടെ സാധ്യത ഉറപ്പു വരുത്തണം. ഇത്തരത്തിൽ സാധുതയും വിശ്വാസ്യതയും തെളിയിക്കപ്പെടുമ്പോൾ മാത്രമേ നിഗമനങ്ങൾക്ക് പ്രസക്തിയുള്ളു. |

ക്രിയാഗവേഷണം - ആസൂത്രണം

റിപ്പോർട്ട് : മാതൃകാ ഫോർമാറ്റ്

- ക്രിയാ ഗവേഷണത്തിന്റെ ശീർഷകം
- ഗവേഷണത്തിന്റെ ആവശ്യകത.
- പരികല്പന രൂപീകരണം.
- പഠനത്തിന്റെ ഉദ്ദേശ്യങ്ങൾ
- പഠനത്തിന്റെ പരിമിതികൾ
- കർമപദ്ധതി
- നിഗമനങ്ങൾ
- അനുബന്ധ പ്രവർത്തനങ്ങൾ

**പ്രവർത്തനം**

ലോവർ പ്രൈമറി തലത്തിലെ ഗണിതപഠനത്തിൽ സാധാരണ നേരിടുന്ന ഒരു പ്രശ്നം കണ്ടെത്തുക. ഇതുമായി ബന്ധപ്പെട്ട ഒരു ക്രിയാ ഗവേഷണം ആസൂത്രണം ചെയ്യുക. ഇതുപോലെ മറ്റു വിഷയങ്ങൾക്കുമാകാം.

# യൂണിറ്റ് 3

# ഗൈഡൻസ് & കൗൺസലിങ് (മാർഗ്ഗദർശനവും ഉപബോധനവും)

**കേസ് 1**

*1979 ൽ എസ്.എസ്.എൽ.സി. ഫസ്റ്റ് ക്ലാസ്സോടെ വിജയിച്ച രവീന്ദ്രൻ തന്റെ പ്രീഡിഗ്രി പഠനം പൂർത്തിയാക്കി ഡിഗ്രിക്ക് കോളേജിൽ ചേർന്നു പഠനം തുടങ്ങി. ആയിട യ്ക്കാണ് രവീന്ദ്രന്റെ പൂർവ്വ അധ്യാപകൻ അയാളെ കാണുന്നത്. ടി.ടി.സി. കോഴ്സി നെക്കുറിച്ചും തൊഴിൽ സാധ്യതയെക്കുറിച്ചും തുടർന്ന് ജോലി ചെയ്തുകൊണ്ട് പഠനം തുടരാനുമുള്ള സാധ്യതകളെക്കുറിച്ചും അദ്ദേഹം, വിശദമായി രവീന്ദ്രൻ പറഞ്ഞ് കൊടുത്തു. മറ്റ് രംഗങ്ങളിലുള്ള കോഴ്സുകളെക്കുറിച്ചും സാധ്യതകളെക്കുറിച്ചും കൂടി പറഞ്ഞു കൊടുത്തെങ്കിലും രവീന്ദ്രന് അധ്യാപകനാകുവാനായിരുന്നു താല്പര്യം അദ്ദേഹം ടി.ടി.സി. ക്ക് ചേരുകയും രണ്ട് വർഷത്തിനുശേഷം അധ്യാപക ജോലി യിൽ പ്രവേശിച്ചുകൊണ്ട് ജോലിയും പഠനവും ഒന്നിച്ച് കൊണ്ട് പോകുകയും ചെയ്തു. മുപ്പത്തഞ്ച് കൊല്ലക്കാലത്തെ ഗവൺമെന്റ് ജോലിയിൽ നിന്ന് വിരമിക്കു മ്പോൾ അദ്ദേഹം ഡയറ്റ് പ്രിൻസിപ്പൽ എന്ന ഉയർന്ന ഔദ്യോഗിക പദവിയിൽ എത്തിയിരുന്നു.*

**കേസ് 2**

*രവീന്ദ്രന്റെ സഹപാഠിയായിരുന്നു രാജു. 1979 ൽ എസ്.എസ്.എൽ.സി. ക്ക് ഫസ്റ്റ് ക്ലാസ്സോടെ പാസ്സായതിനുശേഷം കോളേജിൽ ചേർന്ന് പ്രീഡിഗ്രി, ഡിഗ്രി, പി.ജി ബിരുദങ്ങൾ അദ്ദേഹം ഉയർന്ന മാർക്കോടെ കരസ്ഥമാക്കി. അതിനുശേഷം ബി.എ ഡ്. പഠനം പൂർത്തിയാക്കി.,അധ്യാപക ജോലിയിൽ പ്രവേശിച്ചു. ടി.ടി.സി. യെക്കു റിച്ചും വിദൂരപഠന സാധ്യതകളെക്കുറിച്ചും അറിയാതിരുന്ന രാജുവിന് വിരമിക്കു മ്പോൾ 29 കൊല്ലത്തെ ഗവൺമെന്റ് സർവ്വീസേ ഉണ്ടായിരുന്നുള്ളൂ. ഒപ്പം വിരമിച്ച സഹപാഠിയായിരുന്ന രവീന്ദ്രന്റെ കീഴിൽ ഡയറ്റിൽ സീനിയർ ലക്ചററായിരുന്നു അദ്ദേഹം.*

ഈ രണ്ട് കേസുകളും വിശകലനം ചെയ്തതിൽ നിന്നും നിങ്ങൾ എത്തിച്ചേർന്ന നിഗമനങ്ങൾ എന്തെല്ലാമാണ്?

- രണ്ടുപേരും ഒരേ സമയത്ത് എസ്.എസ്.എൽ.സി. പൂർത്തിയാക്കി.
- പഠനത്തിൽ രണ്ടുപേരും ഒരുപോലെ മിടുക്കരായിരുന്നു.
- ഒരു പ്രത്യേക ഘട്ടത്തിൽ അവരിൽ ഒരാൾക്ക് വിദഗ്ധമായ ഉപദേശം കിട്ടുന്നു.
- ലഭിച്ച മാർഗ്ഗ നിർദ്ദേശത്തിൽ നിന്ന് തന്റെ അഭിരുചിക്കനുസരിച്ച് തെരഞ്ഞെടുപ്പ് നടത്തിയ ആൾ ഉയർന്ന നിലയിലെത്തി.
- അഭിരുചിയെ തിരിച്ചറിഞ്ഞ് ആ മേഖലയിൽ ഉയർന്ന നിലയിൽ എത്താൻ കൃത്യസമ യത്തു ലഭിക്കുന്ന പിന്തുണ/മാർഗ്ഗദർശനം സഹായിക്കും.

ജീവിതത്തിൽ നിർണ്ണായകമായ ചില ഘട്ടങ്ങളിൽ ചില തീരുമാനങ്ങളെടുക്കുവാൻ ആരുടെയെങ്കിലും പിന്തുണ/നിർദേശങ്ങൾ, സഹായകമ്മായ അനുഭവം നിങ്ങൾക്ക് ഉണ്ടായിട്ടുണ്ടോ? ക്ലാസിൽ ചർച്ച ചെയ്യൂ.

ഇത്തരം പിന്തുണകളെ സാമാന്യമായി ഗൈഡൻസ് (മാർഗ്ഗദർശനം) എന്ന് പറയാം. ഇനി മാർഗ്ഗദർശനത്തിന് നിങ്ങളുടേതായ ഒരു നിർവചനം എഴുതിനോക്കൂ.

> *"ജീവിത ലക്ഷ്യങ്ങൾ വികസിപ്പിക്കുന്നതിനും സമായോജനം കൈവരിക്കുന്നതിനും ലക്ഷ്യസാക്ഷാത്കാരത്തിനും വേണ്ടി ഒരു വ്യക്തിക്ക് മറ്റൊരു വ്യക്തി നൽകുന്ന വിദഗ്ധ സഹായമാണ് മാർഗ്ഗദർശനം"*
>
> *- ജോൺസ്*

വിവിധതരം മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടെങ്കിലും ഇവിടെ നമ്മൾ പ്രധാനമായും പരിഗണിക്കുന്നത് വിദ്യാഭ്യാസപരവും തൊഴിൽപരവുമായ മാർഗ്ഗനിർദേശമാണ് (Educational and Vocational Guidance). ബുദ്ധിയും വിവേകവും ഉപയോഗിച്ച് വിദ്യാഭ്യാസമേഖലയും തൊഴിൽ രംഗവും തെരഞ്ഞെടുക്കാനും അതിനോട് പൊരുത്തപ്പെട്ടു വിജയം നേടാനും നൽകുന്ന സഹായമാണ് ഗൈഡൻസ്. സ്വന്തം കഴിവുകളും കഴിവുകേടുകളും മനസ്സിലാക്കണം. വിവിധ തൊഴിൽ സാധ്യതകളും അതിനാവശ്യമായ വിദ്യാഭ്യാസ യോഗ്യതകളും അറിയണം. അതെവിടെ നിന്നെല്ലാം ലഭ്യമാവും എന്നും അറിയണം. ഇത്തരം വിവരങ്ങൾ ശേഖരിച്ച് അറിവു നൽകുന്നതാണ് ഗൈഡൻസ് എന്ന പ്രക്രിയ.

ഗൈഡൻസിനെക്കുറിച്ച് സാമാന്യ ധാരണയായല്ലോ. ഗൈഡൻസിന്റെ സാധ്യത നിങ്ങളുടെ വിദ്യാഭ്യാസ തൊഴിൽ സംബന്ധമായ ഉന്നതിക്കായി ഉപയോഗപ്പെടുത്തുന്നതിന് ഒരു വിദഗ്ധന്റെ ക്ലാസ് നിങ്ങളുടെ വിദ്യാലയത്തിൽ അധ്യാപകന്റെ സഹായത്തോടെ സംഘടിപ്പിക്കുമല്ലോ അതിനായി എന്തെല്ലാം മുന്നൊരുക്കങ്ങൾ നടത്തണം?

- വിദഗ്ധനെ തെരഞ്ഞെടുക്കൽ (താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ പരിഗണിച്ച്)
  - ഔദ്യോഗിക സ്ഥാപനങ്ങളിൽ നിരന്തരമായ ഗൈഡൻസ് കൊടുത്ത് പരിചയം.
  - വിവിധതരം ഗൈഡൻസിനെക്കുറിച്ച് ആഴത്തിലുള്ള അറിവ്.
  - വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചും തൊഴിൽ സാധ്യതകളെക്കുറിച്ചുമുള്ള അറിവ്.
  - പ്രായോഗിക പരിജ്ഞാനം
  - ആശയവിനിമയശേഷി
  - അഭിരുചി കണ്ടെത്താനും ദിശാബോധം നൽകാനുമുള്ള കഴിവ്
  - ആധുനികമായ സാധ്യതകളെയും മാറ്റങ്ങളെയും കുറിച്ചുള്ള ധാരണ/അറിവ്
- അഭിമുഖ ചോദ്യങ്ങൾ തയാറാക്കൽ (വിവിധ തരം ഗൈഡൻസ്, പ്രസക്തി, പ്രാധാന്യം പ്രായോഗികാനുഭവങ്ങൾ, വിവിധ മേഖലകൾ - സന്ദർഭങ്ങൾ തുടങ്ങിയവയിൽ ഊന്നൽ നൽകണം).
- അഭിമുഖം തീയതി നിശ്ചയിക്കൽ - ഔദ്യോഗിക ക്ഷണം
- അഭിമുഖം (സ്വാഭാവികത, എല്ലാവരുടേയും പങ്കാളിത്തം, പ്രായോഗികത തുടങ്ങിയവ പരിഗണിച്ച്)
- റിപ്പോർട്ടിങ്ങ് - വിലയിരുത്തൽ

കരിയർ ഗൈഡൻസ്/എഡ്യുക്കേഷണൽ ഗൈഡൻസ് ക്ലാസിൽ പങ്കെടുത്തല്ലോ നിങ്ങളുടെ തീരുമാനങ്ങൾ/അനുഭവങ്ങൾ കുറിച്ച് വയ്ക്കൂ.

ഗൈഡൻസ് ആവശ്യമായി വരുന്നതിനു പിന്നിൽ മനശ്ശാസ്ത്രപരവും സാമൂഹ്യവുമായ കാരണങ്ങൾ ഉണ്ടാകാം. ഈ വിഷയത്തിൽ ഒരു കുറിപ്പ് തയാറാക്കൂ. താഴെ കൊടുത്തിരിക്കുന്ന വസ്തുതകൾ ഉപയോഗപ്പെടുത്താം.

## I. മനഃശാസ്ത്രപരമായ കാരണങ്ങൾ

മനഃശാസ്ത്രപരമായ കാരണങ്ങളെ വളർച്ചയുടെയും വികാസത്തിന്റെയും ഘട്ടത്തിലുള്ളവ, വ്യക്തിവ്യത്യാസങ്ങൾ കൊണ്ടുള്ളവ, അവസരങ്ങളുടെ ലഭ്യതയുമായി ബന്ധപ്പെട്ടുള്ളവ എന്നിങ്ങനെ മൂന്നായി തിരിക്കാം.

### (എ) വളർച്ചയുടെയും വികാസത്തിന്റെയും ഘട്ടത്തിലുള്ളവ

ശൈശവം, ബാല്യം കൗമാരം, യൗവനം, വാർദ്ധക്യം എന്നീ ഘട്ടങ്ങളിലൂടെയാണ് ഓരോ മനുഷ്യജീവിയും കടന്നു പോകുന്നത്. ഈ ഓരോ വളർച്ചാഘട്ടവും ചില സ്വഭാവ സവിശേഷതകൾ കൊണ്ടും പ്രശ്നങ്ങൾ കൊണ്ടും ശ്രദ്ധിക്കപ്പെടുന്നു. മാനസികവും ശാരീരികവും വൈകാരികവുമായ അസന്തുലിതാവസ്ഥ കാരണം കൗമാരപ്രായക്കാരാണ് ഇതിൽ ഏറ്റവും കൂടുതൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നത്. ആത്മാഭിമാനം, അനുയോജ്യമായ കോഴ്സ് തെരഞ്ഞെടുക്കൽ, അസ്തിത്വം എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൗമാരത്തെ മറ്റു വളർച്ചാ ഘട്ടങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്നു.

### (ബി) വ്യക്തിവ്യത്യാസങ്ങൾ കൊണ്ടുള്ളവ

രണ്ടു വ്യക്തികൾ ഒരിക്കലും ഒരു പോലെയല്ല. ഓരോരുത്തരും ശാരീരികമായും മാനസികമായും സാമൂഹ്യമായും, സാമ്പത്തികമായും, വൈകാരികമായും ഒക്കെ വ്യത്യസ്തരാണ്. അതിനാൽ ഓരോരുത്തർക്കും യോജിച്ചരീതിയിലുള്ള ഗൈഡൻസ് ശാസ്ത്രീയമായി നൽകേണ്ടതുണ്ട്.

### (സി) അവസരങ്ങളുടെ ലഭ്യതയുമായി ബന്ധപ്പെട്ടുള്ളവ

വ്യക്തികൾ വ്യത്യസ്തരാണ്. അവർക്ക് വ്യത്യസ്തങ്ങളായ അവസരങ്ങളാണ് ജീവിതത്തിൽ ലഭിക്കുന്നത്. അവരുടെ അഭിരുചികളും വ്യത്യസ്തമാണ്. അതുകൊണ്ട് തന്നെ എല്ലാ വ്യക്തികൾക്കും ഒരേ തരത്തിലുള്ള കോഴ്സുകളോ ജോലിയോ യോജിക്കുന്നതല്ല. വ്യക്തിത്വത്തിനും വ്യക്തിവ്യത്യാസങ്ങൾക്കും അനുസരിച്ച് മേഖലകളും അവസരങ്ങളും കണ്ടെത്താൻ വ്യക്തികളെ പ്രാപ്തരാക്കുകയാണ് ഗൈഡൻസിലൂടെ ചെയ്യേണ്ടത്.

## II. സാമൂഹ്യമായ കാരണങ്ങൾ

കുടുംബവ്യവസ്ഥയിലെ മാറ്റം, മനുഷ്യ വിഭവശേഷിയുടെ ശരിയായ ഉപയോഗം, വിശ്രമവേളകളുടെ ഫലപ്രദമായ ഉപയോഗം. പഠന വിഷയങ്ങൾ തെരഞ്ഞെടുക്കൽ, ധാർമ്മികമൂല്യങ്ങൾ, വീട്ടിലെ ഗൈഡൻസിന്റെ അഭാവം, രക്ഷാകർത്തൃബോധനം, ശരിയായ സമായോജനം, യോജിച്ച തൊഴിലിന്റെ തെരഞ്ഞെടുപ്പ് തുടങ്ങിയവ ഗൈഡൻസ് ആവശ്യമായി വരുന്നതിന്റെ സാമൂഹ്യമായ കാരണങ്ങളാണ്.

### (എ) കുടുംബവ്യവസ്ഥയിലെ മാറ്റം

കൂട്ടുകുടുംബവ്യവസ്ഥ ഒരു പരിധിവരെ ഒരനുഗ്രഹമായിരുന്നു. എന്നാൽ വിവാഹശേഷം ദമ്പതികൾ മാറിത്താമസിക്കുന്നതാണ് ഇന്നത്തെ പതിവ്. ജീവിതാവശ്യങ്ങൾ നിറവേറ്റാൻ മാതാപിതാക്കൾ രണ്ടുപേർക്കും ജോലിക്കു പോകേണ്ടി വരുന്ന അവസ്ഥ ഉണ്ട്. അപ്പോൾ കുട്ടികളുടെ

സംരക്ഷണം ക്രഷുകളെയോ ആയമാരെയോ ഏൽപ്പിക്കേണ്ടി വരുന്നു. ഇത്തരം കുട്ടികൾക്ക് മാതാപിതാക്കളുടെ സ്നേഹം, വാത്സല്യം, പരിരക്ഷ, ശ്രദ്ധ എന്നിവ വേണ്ടത്ര കിട്ടാതെ വരുന്നു. ഇത് സാമൂഹികവും മാനസികവുമായ പലവിധ പ്രശ്നങ്ങൾക്കും കാരണമാകുന്നുണ്ട്. ഇത്തരം പ്രശ്നങ്ങൾ കൗമാരത്തിൽ പ്രകടമായി കാണാൻ തുടങ്ങുന്നു. അങ്ങനെയുള്ള സന്ദർഭങ്ങളിൽ ഗൈഡൻസ് ആവശ്യമാണ്.

### (ബി) മനുഷ്യവിഭവശേഷി പ്രയോജനപ്പെടുത്തൽ

ഓരോ ജോലിക്കും ഏറ്റവും യോജിച്ച വ്യക്തികളെ കണ്ടെത്താൻ ഗൈഡൻസിന്റെ സഹായം തേടാം. വ്യക്തിത്വത്തിനു യോജിച്ച ജോലി എന്ന സങ്കല്പം യാഥാർത്ഥ്യമാക്കാൻ ഗൈഡൻസിലൂടെ കഴിയും. ഒരു വശത്ത് വ്യക്തിയുടെ ബുദ്ധിയുടെ അളവ്, അഭിരുചി, താൽപര്യം, മൂല്യങ്ങൾ, കഴിവുകൾ തുടങ്ങിയവും മറുവശത്ത് ഓരോ ജോലിക്കും ആവശ്യമായ യോഗ്യതയും പരിചയവും മാനദണ്ഡങ്ങളായി വരുമ്പോൾ ഒരു ശരിയായ തെരഞ്ഞെടുപ്പ് നടത്താൻ ഗൈഡൻസിലൂടെ സഹായിക്കുന്നു. അതിലൂടെ മനുഷ്യ വിഭവത്തിന്റെ ശരിയായ ഉപയോഗവും സാധ്യമാകുന്നു.

### (സി) പഠനവിഷയങ്ങൾ തെരഞ്ഞെടുക്കൽ

കുട്ടിയുടെ താൽപര്യത്തിനും അഭിരുചിക്കും മനോഭാവത്തിനും കഴിവിനും അനുസരിച്ചുള്ള കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിന് ഗൈഡൻസ് ആവശ്യമാണ്. ഒരു കുട്ടിയുടെ വിജയരഹസ്യം തന്നെ കഴിവിനും താൽപര്യത്തിനും അനുസരിച്ചുള്ള കോഴ്സ് തെരഞ്ഞെടുക്കുന്നതിലാണ്. ഇത് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നതും ഗൈഡൻസിന്റെ ഒരു പ്രധാന ദൗത്യമാണ്.

### (ഡി) വിശ്രമവേളകളുടെ ഫലപ്രദമായ ഉപയോഗം

സാങ്കേതികവിദ്യ വികസിച്ചതിന്റെ ഫലമായി അനേകം ആളുകൾ ചെയ്തുകൊണ്ടിരിക്കുന്ന ജോലി ഇപ്പോൾ ഒന്നോ രണ്ടോ യന്ത്രങ്ങൾക്ക് ചുരുങ്ങിയ സമയത്തിനുള്ളിൽ ചെയ്യാൻ കഴിയും. ഈ സാഹചര്യം ഗൈഡൻസിന്റെ ആവശ്യകത രണ്ടു തരത്തിൽ സംജാതമാക്കുന്നു. ആദ്യത്തേത് ഇങ്ങനെയുള്ള യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ വിദ്യാഭ്യാസവും പരിശീലനവും നൽകുക എന്നതാണ്. അടുത്തത് ആവശ്യംപോലെ ലഭിക്കുന്ന ഒഴിവുസമയങ്ങളുടെ ഉപയോഗമാണ്. "അലസമായ മനസ്സ് ചെകുത്താന്റെ പണിപ്പുര" എന്ന ചൊല്ലുതന്നെയുണ്ടല്ലോ. ഒഴിവുസമയങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ ഗൈഡൻസ് സഹായിക്കുന്നു.

### (ഇ) വീട്ടിൽ നിന്നുള്ള ഗൈഡൻസിന്റെ അഭാവം

കൂട്ടുകുടംബ വ്യവസ്ഥയിൽ കുട്ടികൾക്ക് ആവശ്യമായ മാർഗനിർദ്ദേശം നൽകാനും അവരെ ആശ്വസിപ്പിക്കാനും രക്ഷാകർത്താക്കൾ, മറ്റ് മുതിർന്ന അംഗങ്ങൾ എന്നിവരൊക്കെ ഉണ്ടായിരുന്നു. മുത്തച്ഛൻ, മുത്തശ്ശി, സഹോദരൻ, സഹോദരി, മറ്റ് ബന്ധുക്കൾ തുടങ്ങിയവരിൽ നിന്നെല്ലാം അനൗപചാരികമായ ഗൈഡൻസും പിന്തുണയും ലഭിച്ചിരുന്നു. എന്നാൽ കൂട്ടുകുടുംബവ്യവസ്ഥ ഇല്ലാതാവുകയും മനുഷ്യജീവിതം കൂടുതൽ യാന്ത്രികമാവുകയും ചെയ്തതോടുകൂടി കുട്ടികൾക്ക് ആവശ്യമായ വഴികാട്ടാൻ വീട്ടിൽ ആരുമില്ലാതായി. ഉള്ളവരാകട്ടെ, ഗൈഡൻസ് നൽകുന്നതിൽ വേണ്ടത്ര പക്വതയോ താൽപ്പര്യമോ കാണിക്കുന്നുമില്ല. കുട്ടികൾക്ക് ആവശ്യമായ ഗൈഡൻസ് നൽകാൻ വേണ്ടത്ര ആത്മവിശ്വാസം ഇല്ലാത്തിനാൽ രക്ഷാകർത്താക്കൾ ആ ഉത്തരവാദിത്വം ടീച്ചർക്കു കൈമാറുന്നു.

**(എഫ്) ധാർമ്മികമൂല്യങ്ങളുടെ മാറ്റം**

സമൂഹത്തിലെ മനുഷ്യരിൽ മിക്കവരും ഭൗതിക നേട്ടങ്ങൾക്കു പിന്നാലെ ഓടുകയാണ്. ഏതു വിധേനയും പണം ഉണ്ടാക്കുക എന്നതായിരിക്കുന്നു പുതിയ തലമുറയിൽപ്പെട്ട മിക്കവരുടെയും ലക്ഷ്യം. അവിടെ ധാർമ്മികതയുടെ സ്ഥാനം നഷ്ടപ്പെടുന്നു. നന്മതിന്മകൾ തിരിച്ചറിയുന്ന തിനും ഗുണദോഷവിചിന്തനം നടത്തുന്നതിനും ഗൈഡൻസ് സഹായിക്കുന്നു.

**(ജി) ശരിയായ സമായോജനത്തിന്**

കുടുംബാംഗങ്ങൾ, മറ്റു കുട്ടികൾ, അധ്യാപകർ, സഹപാഠികൾ എന്നിവരുമായി പൊരുത്തപ്പെ ട്ടുപോകാൻ കഴിയാത്ത കുട്ടികളെ ഗൈഡൻസിലൂടെ അതിന് പ്രാപ്തരാക്കാം. അതായത് സാഹചര്യങ്ങളോട് ഇണങ്ങി ജീവിക്കാനുള്ള കഴിവ് കുട്ടികളിൽ വളർത്തിയെടുക്കാൻ ഗൈഡൻസിലൂടെ കഴിയും.

**(എച്ച്) തൊഴിൽ സംബന്ധമായ വിവരങ്ങൾ നൽകുന്നതിന്**

സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി പോകുന്ന കുട്ടികൾക്ക് ഏറ്റവും യോജിച്ച തൊഴിലിനെക്കുറി ച്ചുള്ള വിവരങ്ങൾ ഗൈഡൻസിലൂടെ നൽകാൻ സാധിക്കും. ഇത്തരത്തിലുള്ള അറിവ് കുട്ടിക ളുടെ തുടർപഠനം ക്രമീകരിക്കുന്നതിനും ഏറ്റവും യോജിച്ചതും താൽപ്പര്യം ഉള്ളതുമായ തൊഴിൽ നേടി ജീവിതവിജയം കൈവരിക്കുന്നതിനും അവരെ സഹായിക്കും.

**(ഐ) രക്ഷാകർത്തൃബോധനം**

കുട്ടികളെ സമയാസമയങ്ങളിൽ സ്കൂളിൽ അയക്കണം. അതിന് രക്ഷാകർത്താക്കളെ പ്രേരിപ്പി ക്കാനും ബോധവാൻമാരാക്കാനും അവർക്കു ഗൈഡൻസ് നൽകേണ്ടത് അത്യാവശ്യമാണ്. പ്രത്യേ കിച്ചും സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും താഴെ തട്ടിലുള്ള രക്ഷാ കർത്താക്കളെ, കുട്ടികൾ വിദ്യാഭ്യാസം നേടേണ്ടതിന്റെ പ്രാധാന്യവും ആവശ്യവും ബോധ്യപ്പെ ടുത്താൻ ഗൈഡൻസിലൂടെ സാധിക്കും.

കുട്ടിയുടെ സമഗ്രവികസനമാണ് മാർഗ്ഗദർശനം/നിദേശനം ലക്ഷ്യമാക്കുന്നതെന്ന് കണ്ടല്ലോ. എങ്കിൽ ഏതെല്ലാം മേഖലകളിൽ മാർഗ്ഗദർശനം ആവശ്യമാണ്. ഗൈഡൻസ് നൽകുന്ന ആൾ ചെയ്യേണ്ടത് എന്ത്? പട്ടിക പൂർത്തിയാക്കൂ.

| ഗൈഡൻസ് മേഖല | ഗൈഡൻസ് നൽകുന്ന ആൾ ചെയ്യേണ്ടത് |
|---|---|
| വ്യക്തിപരം (Personal) | • നല്ല വ്യക്തി ബന്ധങ്ങൾ സ്ഥാപിക്കാൻ പ്രാപ്തരാക്കുക.<br>• ആരോഗ്യ ശീലങ്ങൾ വളർത്തുവാൻ പ്രാപ്തരാക്കുക.<br>• മാനസികവും ശാരീരികവുമായ ആരോഗ്യം പോഷിപ്പിക്കുവാൻ സഹായിക്കൽ.<br>• |
| വിദ്യാഭ്യാസപരം | • അഭിരുചി കണ്ടെത്തൽ<br>• കഴിവുകൾ കണ്ടെത്തൽ<br>• വിവിധ വിദ്യാഭ്യാസ സ്ഥാപനം കോഴ്സ് പരിചയപ്പെടുത്തൽ<br>• സ്കോളർഷിപ്പുകളെക്കുറിച്ചുള്ള വിവരം നൽകൽ<br>• പഠന നിലവാരത്തിനനുസരിച്ച് ആവശ്യങ്ങൾ ചിട്ടപ്പെടുത്താൻ സഹായിക്കുക<br>• കോഴ്സിന്റെ സാധ്യതകൾ പരിചയപ്പെടുത്തൽ<br>• |
| തൊഴിൽപരം | • വിവിധ തൊഴിൽ മേഖല-സാധ്യത പരിചയപ്പെടുത്തൽ<br>• ഏറ്റവും യോജിക്കുന്ന തൊഴിൽ കണ്ടെത്താൻ സഹായിക്കൽ<br>• |

# ഉപബോധനം (Counselling)

**കേസ് (പത്രവാർത്ത)**


കൗമാരക്കാരിൽ കഞ്ചാവിന്റെ ഉപയോഗം കൂടുന്നു

മേൽകൊടുത്തിരിക്കുന്ന പത്രവാർത്ത വിശകലനം ചെയ്യൂ. ഇവിടെ പരാമർശിക്കുന്ന സാമൂഹിക പ്രശ്നങ്ങൾ എന്തെല്ലാമാണ്?

- ലഹരി വസ്തുക്കളുടെ ഉപയോഗം
- അക്രമവാസന
- താളം തെറ്റിയ കുടുംബസാഹചര്യങ്ങൾ
-

കുട്ടികളുമായി ബന്ധപ്പെട്ടുള്ള ഇത്തരം നിരവധി വാർത്തകൾ നാം വായിക്കാറുണ്ടല്ലോ. വ്യക്തിപരവും സാമൂഹികവുമായ നിരവധി പ്രശ്നങ്ങൾ ഈ വാർത്തകളിൽ പരാമർശിക്കപ്പെടാറുണ്ട്. ഈ പ്രശ്നങ്ങൾ ഒന്ന് ലിസ്റ്റ് ചെയ്യൂ.

- പഠന പിന്നാക്കാവസ്ഥ
- മറ്റ് കുട്ടികളെ ഉപദ്രവിക്കൽ
- മോഷണ വാസന
- ചീത്ത കൂട്ടുകെട്ട്
- അമിത സമ്മർദ്ദത്തിനടിമപ്പെടൽ

- ദുരന്തങ്ങളെ അഭിമുഖീകരിച്ചതിനെ തുടർന്നുണ്ടാകുന്ന പ്രശ്നങ്ങൾ
- മാനസിക സംഘർഷം
- പോഷകാഹാരക്കുറവ്
- അമിത ഉത്കണ്ഠ/ഭയം
- ദാരിദ്ര്യം
- രോഗങ്ങൾ
- ലൈംഗിക ചൂഷണത്തിന് അടിമപ്പെടൽ
- ആത്മവിശ്വാസക്കുറവ്
- മാനസിക രോഗങ്ങൾ

ഈ പ്രശ്നങ്ങളെല്ലാം എങ്ങനെയാണ് പരിഹരിക്കുക?

ചില പ്രശ്നങ്ങൾ ഡോക്ടർമാരും, മനശ്ശാസ്ത്രജ്ഞൻമാരും ഉൾപ്പെടെയുള്ളവരുടെ സേവനങ്ങൾ ആവശ്യമുള്ളവയാണ്. എന്നാൽ മറ്റ് ചിലത് അധ്യാപകർക്ക് നേരിട്ട് കൈകാര്യം ചെയ്യാവുന്നതാണ്. അവ ഏതെല്ലാമായിരിക്കും? വേർതിരിച്ചെഴുതൂ. എങ്ങനെയാണ് ഇത്തരം പ്രശ്നങ്ങളെ കൈകാര്യം ചെയ്യുക? ഒരധ്യാപക വിദ്യാർഥിയെന്ന നിലയിൽ നിങ്ങളുടെ ധാരണകൾ കുറിക്കൂ. ചർച്ച ചെയ്യൂ. താഴെ കൊടുത്തിട്ടുള്ള സൂചനകൾ ഉപയോഗപ്പെടുത്താം.

- കുട്ടിയുടെ പ്രശ്നങ്ങൾ തിരിച്ചറിയാൻ ശ്രമിക്കും.
- കുട്ടിക്ക് തുറന്നു പറയാനുള്ള  അവസരം ഉണ്ടാക്കും.
- കുടുംബ സാഹചര്യം/അവസ്ഥ അന്വേഷിച്ചറിയും.
- കുട്ടിയെ കേൾക്കും
- സുഹൃത്തുക്കളുമായി ആശയവിനിമയം നടത്തും.
- വിദഗ്ധരുടെ സേവനം ആവശ്യമുള്ളത് തിരിച്ചറിഞ്ഞ് ലഭ്യമാക്കും.
- പ്രശ്നങ്ങളെ നേരിടാൻ പ്രാപ്തനാക്കും.
- പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്താൻ കുട്ടിയെ സഹായിക്കും.

കുട്ടിയുടെ പ്രശ്നം തിരിച്ചറിഞ്ഞ് സ്വയം പരിഹരിക്കുന്നതിന് കരുത്ത് പകരുന്ന ഒരു പ്രക്രിയയാണ് കൗൺസലിങ് (Counselling) അല്ലെങ്കിൽ ഉപബോധനം എന്ന് പൊതുവെ പറയാം.

കൗൺസലിങ് സംബന്ധിച്ച ഒരു ശാസ്ത്രീയ നിർവചനം താഴെ കൊടുത്തിരിക്കുന്നു.

> *മാനസിക സഹായം ആവശ്യമുള്ള വ്യക്തിയും (Client) അത്തരം സഹായം നൽകാൻ പഠനവും, പരിശീലനവും ഉള്ള വ്യക്തിയും (Counsellor) തമ്മിൽ സ്വേച്ഛാനുസാരം സ്ഥാപിക്കുന്ന ഔപചാരിക ബന്ധമാണ് കൗൺസലിങ്*

ഈ നിർവചനത്തെ വിശകലനം ചെയ്യുമ്പോൾ നമ്മൾ എന്തെല്ലാം തിരിച്ചറിവുകളിലാണ് എത്തിച്ചേരുന്നത്?

- കൗൺസലിങ് ഒരു സ്വേച്ഛാനുസാരമായ (സ്വന്തം താൽപര്യത്തോടെയുള്ള) പ്രവർത്തനമാണ്.
- രണ്ട് വ്യക്തികൾ ഉൾപ്പെടുന്ന പ്രവർത്തനം (Counsellor, Counsellee).
- കൗൺസലർക്ക് പഠനവും പരിശീലനവും ആവശ്യമാണ്.
- മാനസിക സഹായം ആവശ്യമുള്ള വ്യക്തിക്കാണ് കൗൺസലിംഗ് നൽകേണ്ടത്.

- ഇത് ഒരു ഔപചാരികമായ ഇടപെടലാണ്.
- കൗൺസിലിയും കൗൺസലറും തമ്മിലുള്ള ആശയ വിനിമയത്തിന്റെ തലം അനുസരിച്ചാണ് കൗൺസലിങ്ങിന്റെ വിജയം.

എങ്കിൽ കൗൺസലിങ്ങിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമായിരിക്കും? ക്ലാസിൽ ചർച്ച ചെയ്യൂ.

**ലക്ഷ്യങ്ങൾ**

- കൗൺസലിങ് സഹായിക്കാനുള്ള മനോഭാവത്തിൽ നിന്നാണ് തുടങ്ങുന്നത്.
- മാറ്റം വരുത്തുക.
- പൊരുത്തപ്പെടാനുള്ള നൈപുണി വളർത്തുക.
- തീരുമാനങ്ങളെടുക്കാനുള്ള കഴിവ് പ്രോൽസാഹിപ്പിക്കുക.
- ബന്ധങ്ങൾ മെച്ചപ്പെടുത്താൻ സഹായിക്കുക.
- കഴിവുകൾ പ്രയോജനപ്പെടുത്തികൊണ്ട് പരിമിതികളെ അതിജീവിക്കാൻ സഹായിക്കുക.

ഇനി നമുക്ക് കൗൺസലിങ്ങിന്റെ വ്യത്യസ്ത രീതികൾ/സമീപനങ്ങൾ പരിചയപ്പെടാം.

## കൗൺസലിങ്-സമീപനങ്ങൾ

വിവിധ മനഃശാസ്ത്ര തത്വങ്ങളെ അടിസ്ഥാനമാക്കി ധാരാളം സമീപനങ്ങൾ കൗൺസലിങ്ങിൽ നിലവിലുണ്ട്. അവ ഓരോന്നും അതിന്റേതായ കാഴ്ചപ്പാടിൽ പ്രസക്തവുമാണ്. ചില പ്രധാനപ്പെട്ട സമീപനങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

### (a) മനോവിശ്ലേഷണ സമീപനം (Psychoanalytic Approach)

ഫ്രോയിഡിന്റെ മനോവിശ്ലേഷണ/മാനസികാപഗ്രഥന സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിലാണ് ഈ സമീപനം രൂപപ്പെടുത്തിയിരിക്കുന്നത്. അബോധമനസ്സിനാണ് അദ്ദേഹം പ്രാധാന്യം നൽകിയിരിക്കുന്നത്. വ്യക്തിയെ അലട്ടുന്ന പ്രശ്നങ്ങൾ അടിച്ചമർത്തപ്പെട്ട വികാരങ്ങളായി മനസ്സിന്റെ അബോധ തലങ്ങളിലാണ് നിലകൊള്ളുന്നത്. ഇത് പലപ്പോഴും കുട്ടിക്കാലത്തെ അസുഖകരമായ അനുഭവങ്ങളിൽ നിന്ന് ഉടലെടുത്തവയാകാം. കൗൺസലി തന്റെ പ്രശ്നങ്ങളെക്കുറിച്ച് അജ്ഞനും നിസ്സഹായനുമായിരിക്കും. കൗൺസലർ യുക്തമായ തന്ത്രങ്ങൾ/ഇടപെടലുകളിലൂടെ കൗൺസലിയുടെ പ്രശ്നത്തിന്റെ യഥാർത്ഥ കാരണം തിരിച്ചറിയാൻ സഹായിക്കുന്നു. തന്റെ അബോധ മനസ്സിനെക്കുറിച്ച് ലഭിക്കുന്ന ഉൾക്കാഴ്ച കൗൺസലിയുടെ അവസ്ഥയിൽ ഗുണപരമായ മാറ്റം വരുത്താൻ സഹായിക്കുന്നു.

### (b) പെരുമാറ്റ മനഃശാസ്ത്ര സമീപനം (Behaviouristic Approach)

നേരിട്ട് കണ്ട് ബോധ്യപ്പെടാവുന്ന പെരുമാറ്റങ്ങൾ (Observable behaviour) വിശകലനം ചെയ്യുക എന്നതാണ് ഈ രീതിയുടെ അടിസ്ഥാനം. ഒരു ഉദ്ദീപനവും (stimulus) അതിനുള്ള പ്രതികരണവും (Response) ആയാണ് പെരുമാറ്റത്തെ വിശദീകരിച്ചിരിക്കുന്നത്. ഈ സമീപനം അനുസരിച്ച്, നല്ലതും മോശമായതുമായ എല്ലാ പെരുമാറ്റങ്ങളും ഏകദേശം ഒരേ രീതിയിലാണ് പഠിക്കുന്നത്. അതുകൊണ്ട് അവയെല്ലാം പരിവർത്തനം (modify) ചെയ്യാവുന്നതാണ്. ഇവിടെ മോശമായ പെരുമാറ്റം ക്രമേണ ഒഴിവാക്കി നല്ല പെരുമാറ്റം ഊട്ടിയുറപ്പിക്കാൻ (reinforce) സഹായിക്കലാണ് കൗൺസലറുടെ പ്രധാന ധർമ്മം. കുട്ടികളിൽ പൊതുവേ കണ്ടു വരുന്ന അമിത ഉത്കണ്ഠ, മാനസിക സംഘർഷം, ലഹരി വസ്തുക്കളുടെ ഉപയോഗം തുടങ്ങിയ പ്രശ്നങ്ങൾ ഇത്തരത്തിൽ പരിഹരിച്ച് നല്ല രീതിയിൽ ജീവിക്കുന്നതിന് സഹായിക്കാൻ കഴിയും. ഇതിനായി താഴെ പറയുന്ന തന്ത്രങ്ങൾ ഉപയോഗിക്കാവുന്നതാണ്.

- നിഷേധാത്മക പ്രബലനം (Negative Reinforcement)
- ഗുണാത്മക പ്രബലനം (Positive Reinforcement)
- ക്രമാനുഗതമായ നേരിടൽ (Systematic Desensitisation)
- ഒഴിവാക്കുക/നിഷേധിക്കുക (Denial)
- ദൃഢപ്രത്യയ പരിശീലനം (Assertive Training)
-
-

സമകാലിക സമൂഹത്തിൽ കുട്ടികൾ നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ടെന്ന് നമുക്കറിയാം. ഇത്തരം നിരവധി വാർത്തകൾ പത്രങ്ങളിൽ വരാറുണ്ട്. ഇവ ശേഖരിച്ച് ഈ തന്ത്രങ്ങളിൽ ഏതൊക്കെ അവ ഓരോന്നും പരിഹരിക്കാൻ ഉപയുക്തമാണെന്ന് കണ്ടെത്തൂ.

### c) വൈജ്ഞാനിക സമീപനം (Cognitive Approach)

ഈ സമീപനം പ്രാധാന്യം നൽകുന്നത് ചിന്തയ്ക്കാണ്. കാരണം ചിന്തയാണ് ഒരു വ്യക്തിയുടെ വികാരങ്ങളെയും പെരുമാറ്റത്തെയും നിയന്ത്രിക്കുന്നത്. പ്രത്യക്ഷജ്ഞാനം (Perception) ജ്ഞാന സമ്പാദനം (Knowledge acquisition) തുടങ്ങിയ ഉയർന്നതലത്തിലുള്ള മാനസിക പ്രവർത്തനങ്ങൾക്കാണ് ഇവിടെ പ്രാധാന്യം നൽകിയിരിക്കുന്നത്. നേടിയ തെറ്റായ ധാരണ, അപര്യാപ്തമായ വിവരങ്ങൾ അടിസ്ഥാനമാക്കിയുള്ള തീരുമാനം, യുക്തിപരമല്ലാത്ത മനോഭാവം തുടങ്ങിയവയാണ് മാനസിക പ്രശ്നങ്ങൾ ഉണ്ടാകുന്നതിന്റെ പ്രധാന കാരണങ്ങൾ. ഈ രീതി അനുസരിച്ച് കൗൺസലിങ് നടത്തുമ്പോൾ കൗൺസലിയുടെ വിവേചന ബുദ്ധി സൂക്ഷ്മപ്പെടുത്തുക, തെറ്റിദ്ധാരണകൾ തിരുത്തുക, സമൂഹവുമായി കൂടുതൽ പൊരുത്തപ്പെടുന്നതിനുള്ള മനോഭാവം വളർത്തുക എന്നിവയ്ക്കാണ് കൂടുതൽ ഊന്നൽ നൽകുന്നത്.

### d) കൗൺസലി കേന്ദ്രീകൃത സമീപനം (Client Centered Approach)

കാൾ റോജേഴ്സ് ആണ് ഈ സമീപനത്തിന്റെ വക്താവ്. ശരിയായ വളർച്ചയ്ക്ക് ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കിയാൽ വ്യക്തി ഉൾക്കാഴ്ച നേടുകയും സ്വയം പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യും എന്നാണ് ഈ രീതി പറയുന്നത്. ഇതിന് അവശ്യം വേണ്ട ഘടകങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

- വ്യക്തികൾ തമ്മിലുള്ള മാനസിക ബന്ധം
- ചെറിയ തോതിലുള്ള ആകാംഷ
- കൗൺസലറുമായുള്ള പൊരുത്തം
- ഉപാധികളില്ലാതെ അനുകൂലമായി ചിന്തിക്കാനുള്ള കഴിവ്
- അനുഭാവപൂർവ്വമായ പരിഗണന

ഈ സമീപനം ഊന്നൽ നൽകുന്നത് പ്രശ്നങ്ങൾക്കല്ല, മറിച്ച് വ്യക്തിക്കാണ്. തന്റെ സ്വത്വത്തെത്തെക്കുറിച്ച് കൗൺസലിയെ ബോധ്യപ്പെടുത്തുകയും അതുവഴി പരിമിതികളെ അതിജീവിച്ച് കൂടുതൽ മെച്ചമായ രീതിയിൽ ജീവിക്കാൻ അയാളെ സഹായിക്കുകയുമാണ് കൗൺസലറുടെ പ്രധാന ധർമ്മം.

### സമന്വിത സമീപനം (Eclectic Approach)

എല്ലാ സമീപനങ്ങൾക്കും അവയുടേതായ മേന്മകൾ ഉണ്ടെങ്കിലും, അവയുടെ സിദ്ധാന്തങ്ങൾ പൂർണ്ണമായും പിൻതുടർന്നുകൊണ്ട് കൗൺസലിങ് നൽകാൻ പലപ്പോഴും സാധിച്ചുവെന്ന് വരില്ല. യഥാർത്ഥ സാഹചര്യങ്ങളിൽ കൗൺസലർമാർ സിദ്ധാന്തങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയാണ് ഉപയോഗിക്കുന്നത്. വ്യക്തികളും അവരുടെ സാഹചര്യങ്ങളും പെരുമാറ്റങ്ങളും വ്യത്യസ്തമാകയാൽ, ഓരോ വ്യക്തിക്കും കൗൺസലിംഗ് പ്രയോജനപ്പെടണമെങ്കിൽ ഇത്തരം

മാറ്റങ്ങളും കൂട്ടിച്ചേർക്കലുകളും അനിവാര്യമാണ്. അതിനാൽ വിവിധ സമീപനങ്ങളുടെ നല്ല വശങ്ങൾ കൂട്ടിച്ചേർത്തുകൊണ്ടുള്ള ഒരു സമീപനം (സമന്വിതസമീപനം) ആയിരിക്കും കൂടുതൽ പ്രായോഗികമായിട്ടുള്ളത്.

**വിവിധതരം കൗൺസലിങ്**

കൗൺസലിംഗ് പലതരത്തിലുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട നാല് എണ്ണം താഴെ വിവരിച്ചിരിക്കുന്നു.

**1. ദുരന്ത/പ്രതിസന്ധി നിവാരണ കൗൺസലിങ് (Crisis Counselling)**

ജീവിതത്തിൽ ഒരിക്കലെങ്കിലും പ്രതിസന്ധിഘട്ടങ്ങളിലൂടെ കടന്നുപോകാത്തവർ ആരുമുണ്ടാവില്ല. ഉദാ: പ്രിയപ്പെട്ടവരുടെ വേർപാട്, പരീക്ഷയിലുള്ള തോൽവി, തൊഴിൽ നഷ്ടം തുടങ്ങിയവ. കൗമാരപ്രായക്കാർ ഏതെങ്കിലും രൂക്ഷമായ പ്രതിസന്ധി അഭിമുഖീകരിക്കേണ്ടിവരുമ്പോൾ അത് അവരുടെ സാധാരണ പെരുമാറ്റത്തെയും ജീവിതത്തെയും ബാധിക്കുന്നു. തൽഫലമായി ഉത്കണ്ഠ, മാനസിക പിരിമുറുക്കം, സ്വന്തം കഴിവിൽ വിശ്വാസമില്ലായ്മ എന്നിവയൊക്കെ അനുഭവപ്പെടാം. ഇത്തരം സാഹചര്യങ്ങളിൽ കൗൺസലറുടെ സഹായം ഒരു വ്യക്തിക്ക് അത്യാവശ്യമായി വരുന്നു. പരിശീലനം നേടിയ കൗൺസലർ വ്യക്തിയുടെ പ്രയാസങ്ങൾ മനസ്സിലാക്കുന്നതോടൊപ്പം പ്രതിസന്ധിയുടെ കാരണങ്ങൾ വ്യക്തമാക്കാനും ശ്രമിക്കുന്നു. ആത്മവിശ്വാസം വളർത്തുവാനും സഹിഷ്ണുത വർധിപ്പിക്കുവാനും പുതിയ പെരുമാറ്റരീതികൾ അവലംബിക്കുവാനും കൗൺസലി പ്രാപ്തനാകുന്നു.

**2. സുകര കൗൺസലിങ് (Facilitative Counselling)**

ജീവിതത്തിൽ ചില അബദ്ധങ്ങൾ സംഭവിക്കുകയോ, ചില അവ്യക്തതകൾ വരുകയോ ചെയ്യുമ്പോൾ ഒരു കൗൺസലറെ സമീപിച്ച് അതിനെക്കുറിച്ച് ചർച്ച ചെയ്യുന്നു. അത്തരം സന്ദർഭങ്ങളിൽ ഒരു കൗൺസലർ അബദ്ധങ്ങൾ തിരിച്ചറിയാൻ സഹായിക്കുകയോ, കാര്യങ്ങൾക്ക് വ്യക്തത നൽകുകയോ ചെയ്യുന്നു. സാഹചര്യങ്ങൾ സ്വയം ബോദ്ധ്യപ്പെടുന്നതിലൂടെ സ്വയം തിരുത്താനും കർമ്മപരിപാടികൾ ആസൂത്രണം ചെയ്തു പ്രവർത്തിക്കാനും വ്യക്തി സന്നദ്ധനാകുന്നു. പഠനപ്രശ്നങ്ങൾ, കോഴ്സ് തെരഞ്ഞെടുക്കൽ, ജോലി തെരഞ്ഞെടുക്കൽ, കുടുംബാംഗങ്ങളുമായും കൂട്ടുകാരുമായും യോജിച്ചുപോകൽ എന്നിവയൊക്കെ സുകര കൗൺസലിംഗിന്റെ മേഖലകളാണ്.

**3. പ്രതിരോധ കൗൺസലിങ് (Preventive Counselling)**

രോഗം വന്ന് ചികിത്സിക്കുന്നതിനേക്കാൾ നല്ലത് രോഗം വരാതെ നോക്കുന്നതാണ് എന്ന തത്വത്തിലധിഷ്ഠിതമായ കൗൺസലിംഗാണിത്. മറ്റുള്ള കൗൺസലിംഗിൽനിന്നും വളരെ വ്യത്യസ്തമാണിത്. ഭാവിയിൽ വരാൻ സാധ്യതയുള്ള അപകടങ്ങളിൽ നിന്നും രക്ഷനേടാൻ കുട്ടികളെ തയാറെടുപ്പിക്കലാണ് ഇതിന്റെ ലക്ഷ്യം. ഉദാ: മദ്യപാനം, മയക്കുമരുന്ന് എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണം, എച്ച്.ഐ.വി./എയിഡ്സ് സംബന്ധിച്ചുള്ള അറിവ്, കോഴ്സുകളെയും ജോലികളെയും കുറിച്ചുള്ള വിവരം തുടങ്ങിയവ. പ്രതിരോധ കൗൺസലിംഗ് ഒരു പ്രായോഗികമായ പ്രക്രിയയും, മുൻകൂട്ടി ആസൂത്രണം ചെയ്തു നടപ്പാക്കേണ്ടതുമാണ്. മദ്യം, മയക്കുമരുന്ന് ഉപയോഗം, അക്രമം, എച്ച്.ഐ.വി./എയിഡ്സ്, ലൈംഗിക ചൂഷണം എന്നിവ കൂടിവരുന്ന ഈ കാലഘട്ടത്തിൽ പ്രതിരോധ കൗൺസലിംഗ് കൗമാരക്കാർക്ക് വളരെ അത്യാവശ്യമാണ്. അവരെ ഇത്തരം പ്രവണതകളിൽനിന്നും രക്ഷപ്പെടുത്താൻ പ്രതിരോധ കൗൺസലിംഗിലൂടെ കഴിയും.

### 4. വികസന കൗൺസലിങ് (Developmental Counselling)

ഒരു വ്യക്തിയുടെ ജീവിതത്തിലുടനീളം ആവശ്യമുള്ള പ്രക്രിയയാണ് വികസന കൗൺസലിംഗ്. ജീവിതത്തിലെ ഓരോ ഘട്ടത്തിലും അനുകൂല നേട്ടങ്ങൾ കൈവരിക്കാനും കുട്ടികളെയും അവരുടെ ചുറ്റുപാടുകളെയും കുറിച്ച്സ്വയം ബോധ്യപ്പെടാനും ഇത് സഹായിക്കുന്നു. നല്ല മനോഭാവം, മൂല്യബോധം, ധാർമ്മികത എന്നിവ കുട്ടികളിൽ വളർത്താൻ ഇത്തരം കൗൺസലിംഗിലൂടെ സാധിക്കുന്നു. കൂടാതെ കുട്ടികൾക്ക് ലക്ഷ്യബോധമുണ്ടാക്കുന്നതിനും ഇത് സഹായകമാകുന്നു.

## സംഘ കൗൺസലിങ് (Group Counselling)

സമാന വ്യക്തികളിൽ കൗൺസലിംഗിന്റെ സാങ്കേതികവിദ്യ ഉപയോഗിക്കുന്ന ചലനാത്മകവും എന്നാൽ വ്യക്ത്യധിഷ്ഠിതവുമായ പ്രക്രിയയാണ് സംഘ കൗൺസലിങ് എന്ന് മനശ്ശാസ്ത്രജ്ഞനായ കോഹൻ (Cohn) പറയുന്നു. സംഘാംഗങ്ങൾ കൗൺസലറോടൊപ്പം അവരുടെ പ്രശ്നങ്ങളും വികാരങ്ങളും പരസ്പരം കണ്ടെത്താൻ ശ്രമിക്കുന്നു. അതിലൂടെ അവരുടെ മനോഭാവങ്ങളിലും മൂല്യങ്ങളിലും മാറ്റം വരുത്തി വികസനപരവും വിദ്യാഭ്യാസപരവുമായ സാഹചര്യങ്ങൾ നല്ലരീതിയിൽ കൈകാര്യം ചെയ്യാൻ അവരെ പ്രാപ്തരാക്കുന്നു. ഇവിടെ കൗൺസലിങ് ഗ്രൂപ്പ് എന്നു പറയുന്നത് ആറുമുതൽ പത്തുവരെ അംഗങ്ങളുൾക്കൊള്ളുന്ന, താരതമ്യേന സമാനമായ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന സംഘത്തെയാണ്. പരിശീലനം സിദ്ധിച്ച ഒരു കൗൺസലറും ഈ സംഘത്തിലുണ്ടാകും.

കൗൺസലിങിന്റെ പ്രാധാന്യം, വിവിധതരം കൗൺസലിംഗ് കൗൺസലിങ് സമീപനങ്ങൾ തുടങ്ങിയ കാര്യങ്ങൾ നാം പരിചയപ്പെട്ടല്ലോ. ഒരധ്യാപിക എന്ന നിലയിൽ കൗൺസലിങ് സംബന്ധിച്ച പ്രായോഗിക ധാരണകൾ (കൗൺസലിങ് പ്രക്രിയ, കൗൺസലർക്കുണ്ടാകേണ്ട ഗുണങ്ങൾ/നൈപുണി) മനസ്സിലാക്കേണ്ടതുണ്ട്. അതിനായി നിങ്ങളുടെ ക്ലാസിൽ ഒരു വിദഗ്ധ കൗൺസലറുമായി ഒരഭിമുഖം സംഘടിപ്പിക്കൂ.

- അതിന് എന്തെല്ലാം തയാറെടുപ്പുകൾ നടത്തണം?
- വിദഗ്ധനെ തെരഞ്ഞെടുക്കൽ
- അഭിമുഖ ചോദ്യങ്ങൾ (കൗൺസലിങ് പ്രക്രിയ, പ്രസക്തി, നൈപുണി, രീതികൾ, പ്രയോഗികാനുഭവങ്ങൾ തുടങ്ങിയവയെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കുന്നതിന് സഹായകമായ ചോദ്യങ്ങൾ) തയാറാക്കൽ.
- അഭിമുഖം (തയാറാക്കിയ ചോദ്യങ്ങളുടെ ശരിയായ ക്രമം, ചോദിക്കുന്ന രീതി, സ്വാഭാവികത, ഇവ പാലിക്കണം).
- റിപ്പോർട്ടിംഗ്

അഭിമുഖത്തിൽ ഉരുത്തിരിഞ്ഞ ആശയങ്ങളോടൊപ്പം ചുവടെ ചേർത്തിരിക്കുന്ന വിവരങ്ങളും കൂട്ടിച്ചേർത്ത് പ്രസന്റേഷൻ തയാറാക്കി സെമിനാറിൽ അവതരിപ്പിക്കൂ.

**കൗൺസലർക്കാവശ്യമായ ഗുണങ്ങൾ/നൈപുണികൾ**

- ലഭ്യത
- സ്വാഭാവികത
- ശ്രദ്ധാനൈപുണി
- ശ്രവിക്കുവാനും മനസ്സിലാക്കാനുമുള്ള കഴിവ്

- ബഹുമാനം
- ഉപാധികളില്ലാത്ത പരിഗണന
- നിരീക്ഷണ പാടവം
- അനുതാപം
- പ്രശ്നനിർണയം
- രഹസ്യസ്വഭാവം സൂക്ഷിക്കുവാനുള്ള കഴിവ് (Confidenciality)
- ആശയവിനിമയം (Communication)
- വൈകാരിക പക്വത

## കൗൺസലിങ് പ്രക്രിയ

### സ്വാഗതം ചെയ്യൽ (Welcoming)

മാനസികസഹായം ആവശ്യമായ വ്യക്തിയെ യാതൊരുവിധ മുൻ ഉപാധികളും കൂടാതെ ആത്മ വിശ്വാസം വളർത്തുന്ന രീതിയിൽ (Unconditional positive regard) സ്വീകരിക്കണം. ക്ലയന്റിനെ സ്നേഹത്തോടും ബഹുമാനത്തോടും കൂടി സ്വീകരിക്കുക, അഭിവാദ്യം ചെയ്യുക (പ്രസന്നമുഖ ഭാവവും തുറന്ന കൈകളും തുറന്ന മനസ്സിന്റെ പ്രതീകമാണ്). പേരും സ്ഥലവും മറ്റു വിവര ങ്ങളും ചോദിച്ചറിഞ്ഞു പരിചയപ്പെടാം. സംഭാഷണം കൗൺസലർ തന്നെ തുടങ്ങുന്നത് നല്ല തായിരിക്കും.

### വിശ്വാസപൂർണ്ണമായ ബന്ധം സ്ഥാപിക്കൽ (Rapport)

ക്ലയന്റുമായി സ്ഥാപിക്കുന്ന വിശ്വാസപൂർണ്ണമായ ബന്ധമാണിത്. ക്ലയന്റിന് കൗൺസലറിൽ പൂർണ്ണ വിശ്വാസം അനുഭവപ്പെടണം. എങ്കിൽ മാത്രമെ യഥാർത്ഥ കാര്യങ്ങൾ തുറന്നു പറ യാൻ സാധിക്കുകയുള്ളൂ. ഒപ്പം തന്നെ ക്ലയന്റ് പറയുന്ന കാര്യങ്ങൾ തീർത്തും സ്വകാര്യമായി സൂക്ഷിക്കുമെന്ന് ബോധ്യപ്പെടുത്തണം.

### സ്ഥിതി നിർണ്ണയം

പരസ്പരം വിശ്വാസപൂർണ്ണമായ ബന്ധം സ്ഥാപിച്ചതിനുശേഷം അനൗപചാരികമായ രീതി യിൽ കൗൺസലി തന്റെ പ്രശ്നങ്ങൾ പറയുന്നു. കൗൺസലർ സ്വാഭാവികമായ ചോദ്യങ്ങളി ലൂടെ പ്രശ്നങ്ങളുടെ ആഴത്തിലേയ്ക്ക് പ്രവേശിക്കുന്നു. തുടർന്ന് തന്റെ വൈദഗ്ധ്യം ഉപയോ ഗിച്ച് യഥാർഥ സ്ഥിതി നിർണയം നടത്തുന്നു.

### 4. പരാവർത്തനം (Paraphrasing)

കൗൺസലി പറയുന്ന കാര്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അവയുടെ കൃത്യത ഉറപ്പുവരുത്താൻ കൗൺസലർ അനുവർത്തിക്കേണ്ട ഒന്നാണിത്. കൗൺസലി തന്നോടു പറഞ്ഞ കാര്യങ്ങളുടെ അന്തഃസത്ത കൗൺസലർ കൗൺസലിയോടു പറയുകയാണ് ഇവിടെ ചെയ്യുന്നത്. അതിലൂടെ കൗൺസലർക്ക് താൻ മനസ്സിലാക്കിയ കാര്യങ്ങൾ ശരിയാണോ എന്നറിയാനും കൗൺസലിക്ക് കൗൺസലറിലുള്ള വിശ്വാസം വർധിപ്പിക്കാനും കഴിയുന്നു.

### 5. പ്രതിബിംബനം (Reflection)

കൗൺസലിയുടെ വൈകാരിക പ്രശ്നങ്ങളുടെ പ്രതിഫലനമാണ് പ്രതിബിംബനം കൊണ്ട് ഉ ദ്ദേശിക്കുന്നത്. കൗൺസലറോടു പറഞ്ഞ കാര്യങ്ങൾ ആവർത്തിക്കുക എന്നതിനപ്പുറം കൗൺസ ലിക്ക് സ്വയം വ്യക്തമാകാത്ത ചില വൈകാരിക തലങ്ങൾ വെളിപ്പെടുത്തുകയാണ് കൗൺസ ലർ ചെയ്യുന്നത്. ഇവിടെ കൗൺസലിയുടെ വികാരങ്ങൾ (feelings)ക്ക് ആണ് കൂടുതൽ ഊന്നൽ

കൊടുക്കേണ്ടത്. ഇങ്ങനെ എല്ലാവിധത്തിലും പൂർണ്ണമായ ചിത്രമാണ് പ്രതിബിംബനത്തിലൂടെ കൗൺസലിക്കു ലഭിക്കേണ്ടത്.

**6. അഭിമുഖീകരണം (Confrontation)**

തുറന്നു പറയാനുള്ള അവസരം ലഭിച്ചിട്ടും കൗൺസലിക്ക് ചില കാര്യങ്ങൾ പറയാൻ സാധിച്ചിട്ടുണ്ടാകില്ല. ഇത്തരം കാര്യങ്ങൾ കൗൺസലിയെക്കൊണ്ട് പറയിപ്പിക്കുന്നത് ഈ ഘട്ടത്തിലാണ്. കൗൺസലി മുൻപു പറഞ്ഞതും, പിന്നീട് പറയുന്നതുമായ കാര്യങ്ങളിലെ വൈരുദ്ധ്യങ്ങളുടെ സത്യാവസ്ഥ മനസ്സിലാക്കി കൗൺസലിയെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. ഇതിനായി ആരോഗ്യകരമായ പ്രകോപനങ്ങൾ കൗൺസലർക്ക് പരീക്ഷിക്കാവുന്നതാണ്.

**7. സംഗ്രഹിക്കൽ (Summarising)**

കൗൺസലിയുടെ പ്രശ്നങ്ങളെ സംബന്ധിച്ച സംക്ഷിപ്ത രൂപം കൗൺസലർ അവതരിപ്പിക്കുന്നു. ഇതിലൂടെ കൗൺസലിയെ ശരിയായ രീതിയിലാണോ കാര്യങ്ങൾ ബോധ്യപ്പെടുത്തിയതെന്നു പരിശോധിക്കാനുള്ള അവസരം ലഭിക്കുന്നു.

കൗൺസലർക്കുണ്ടാകേണ്ട ഗുണങ്ങൾ (നൈപുണികൾ) കൗൺസലിംഗ് പ്രക്രിയ തുടങ്ങിയവ നമ്മൾ പരിചയപ്പെട്ടല്ലോ. ഒരു കൗൺസലർ എന്നുള്ള നിലയിൽ, നിങ്ങൾക്ക് മേൽ സൂചിപ്പിച്ച കഴിവുകൾ എത്രത്തോളമുണ്ടെന്ന് പരിശോധിക്കുക. താഴെ കൊടുത്തിരിക്കുന്ന ഉപാധി (Tool) ഉപയോഗിച്ച് നിങ്ങളുടെ നൈപുണി കണ്ടെത്തൂ.

**ഒരു കൗൺസലറാകാനുള്ള യോഗ്യത എനിക്കുണ്ടോ?**

നിങ്ങൾ ഒരു മികച്ച കൗൺസലറാകാൻ എത്രത്തോളം വളരണം എന്നറിയാൻ താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിലൂടെ കടന്നുപോകുക.

1. **നിങ്ങൾ മറ്റുള്ളവർ പറയുന്നത് ശ്രദ്ധിച്ചു കേൾക്കാറുണ്ടോ?**
    1. ഒരിക്കലുമില്ല
    2. ചിലപ്പോഴൊക്കെ
    3. മിക്കപ്പോഴും
2. **നിങ്ങൾ മറ്റുള്ളവരോട് സൗഹൃദത്തോടെയാണോ പെരുമാറുന്നത്?**
    1. ഒരിക്കലുമല്ല
    2. ചിലപ്പോഴൊക്കെ
    3. മിക്കപ്പോഴും
3. **കൗൺസലിങ്ങിനായി സമീപിക്കുന്ന കുട്ടിയോടുള്ള നിങ്ങളുടെ സമീപനം എന്തായിരിക്കും?**
    1. കുട്ടിയുടെ പ്രശ്നം ഊഹിച്ച് കണ്ടെത്തുന്നു
    2. പ്രശ്നം ചോദിച്ചറിയുന്നു
    3. കുട്ടിയ്ക്ക് സ്വതന്ത്രമായി സംസാരിക്കാനുള്ള അവസരം സൃഷ്ടിക്കുന്നു.
4. **കൗൺസലി തന്റെ വ്യക്തിപരമായ ദുശ്ശീലം കൗൺസലറുടെ മുൻപിൽ വെളിപ്പെടുത്തിയാൽ**
    1. രക്ഷകർത്താവിനെ അറിയിക്കുന്നു
    2. ആവർത്തിക്കരുതെന്ന് ഉപദേശിക്കുന്നു
    3. അതിന്റെ രഹസ്യസ്വഭാവം സൂക്ഷിക്കുന്നു

**5. പഠനത്തിലുള്ള ബുദ്ധിമുട്ടുകളുമായി ബന്ധപ്പെട്ട് നിങ്ങളെ സന്ദർശിക്കുന്ന വിദ്യാർഥി സംഗീതത്തിലുള്ള അവന്റെ താൽപര്യത്തെക്കുറിച്ച് പറയുന്നു. നിങ്ങളുടെ പ്രതികരണം എന്തായിരിക്കും?**

1. ഇപ്പോൾ പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ആവശ്യപ്പെടുന്നു
2. സംഗീതത്തിലുള്ള താൽപര്യം യഥാർഥത്തിൽ ഉള്ളതാണോയെന്ന് പരിശോധിക്കുന്നു
3. പഠനവും സംഗീതവും ഒരുപോലെ കൊണ്ടുപോകാൻ അവനെ സഹായിക്കുന്നു.

**6. സ്കൂൾ യൂത്ത് ഫെസ്റ്റിവലിന് കുട്ടികളെ ഒരുക്കാൻ ചുമതലയുള്ള അധ്യാപിക നിങ്ങളുടെ സഹായം അഭ്യർത്ഥിക്കുന്നു. നിങ്ങൾ**

1. പാഠഭാഗം തീരാത്തതുകൊണ്ട് ഒഴിഞ്ഞുമാറും
2. മറ്റാരെയെങ്കിലും ചുമതലപ്പെടുത്തും
3. സന്തോഷപൂർവ്വം പങ്കാളിയാകും

**7. സ്കൂൾ ഫിലിംക്ലബ് ഒരു ഡോക്യുമെന്ററി തയാറാക്കാൻ നിങ്ങളെ സമീപിക്കുന്നു. നിങ്ങൾ**

1. ഇത്തരം കാര്യങ്ങൾ ചെയ്യുന്നത് പഠനകാര്യത്തിലുള്ള ശ്രദ്ധ കുറയ്ക്കും എന്നു പറഞ്ഞ് നിരുത്സാഹപ്പെടുത്തും
2. പുറത്തുനിന്നുള്ള പ്രൊഫഷണലിന്റെ സഹായം ലഭ്യമാക്കും
3. വിദ്യാർഥികളോടൊപ്പം ഡോക്യുമെന്ററി നിർമാണത്തിൽ നേതൃത്വപരമായ പങ്കുവഹിക്കും.

ഇതിൽ ഒന്നാമത്തെ ഉത്തരത്തിന് **1**, രണ്ടാമത്തേതിന് **2**, മൂന്നാമത്തേതിന് **3** എന്നിങ്ങനെയാണ് സ്കോർ.

| **സ്കോർ** | **നിങ്ങൾ** |
|---|---|
| 15 നു മുകളിൽ | നല്ല കൗൺസലർ ആണ് |
| 10–14 | കുറച്ചുകൂടി തയാറെടുക്കേണ്ടതുണ്ട് |
| 10 ൽ കുറവ് | ഒരുപാട് ഒരുങ്ങേണ്ടതുണ്ട് |

കൗൺസിലിങ് എന്നത് കൗൺസലറും കൗൺസിലിയും തമ്മിലുള്ള സ്വേച്ഛാപരമായ ഔപചാരിക പ്രവർത്തനമാണ്. അതുകൊണ്ട് തന്നെ കൗൺസലർ പാലിക്കേണ്ടതും എന്നാൽ നിർബന്ധമായും ഒഴിവാക്കേണ്ടതുമായ ചില വസ്തുതകൾ ഉണ്ട്. അവയിൽ ചിലത് താഴെ കൊടുത്തിരിക്കുന്നു. കൂട്ടിച്ചേർത്ത് പട്ടിക വിപുലീകരിക്കുക.

| പാലിക്കേണ്ടത് | ഒഴിവാക്കേണ്ടത് |
|---|---|
| • കൗൺസിലിയുടെ വൈകാരിക തലം പരിഗണിക്കണം<br>• പരസ്പര വിശ്വാസം നിലനിർത്തണം<br>• അനുതാപത്തോടെയുള്ള പെരുമാറ്റം<br>• മുൻവിധികൂടാതെയുള്ള സമീപനം.<br>• ഫലപ്രദമായ ആശയവിനിമയം<br>•<br>• | • ഉപദേശം നൽകരുത്<br>• കൗൺസലറുടെ മൂല്യബോധം അടിച്ചേൽപ്പിക്കരുത്<br>• കൗൺസലർ അമിതവികാര പ്രകടനം നടത്തരുത്<br>• കൗൺസിലിയ്ക്ക് കൗൺസലറോടും തിരിച്ചും തോന്നുന്ന അതിരുകടന്ന ഇഷ്ടം (Transference and counter transference) ഒഴിവാക്കണം.<br>• കൗൺസിലിയുടെ വ്യക്തിപരമായ കാര്യങ്ങളിൽ അമിത താൽപര്യം കാണിക്കരുത്.<br>•<br>•<br>• |

സാമൂഹ്യജ്ഞാന നിർമ്മിതി ക്ലാസിലെ അധ്യാപകൻ, സഹപഠിതാവ് ,ജനാധിപത്യവാദി, ഫെസിലിറ്റേറ്റർ, മെന്റർ, ഗവേഷകൻ എന്നീ നിലകളിൽ പ്രവർത്തിക്കുന്ന വ്യക്തിയാണ്.

ഇതിനോടൊപ്പമോ ഇതിനേക്കാൾ ഉപരിയായോ അധ്യാപകൻ ഒരു കൗൺസലർ കൂടി ആകണം.

### അധ്യാപകൻ കൗൺസലറാകുമ്പോൾ

കൗൺസലിംഗ് ഒരു തൊഴിലായി സ്വീകരിച്ചിട്ടുള്ള നിരവധി പേർ സമൂഹത്തിലുണ്ട്. എന്നാൽ ഒരധ്യാപകൻ തന്നെ കൗൺസലർ ആകുമ്പോൾ ഒട്ടേറെ മേന്മകൾ ഉണ്ടാകും. കാരണം കൗൺസലിംഗ് എന്നത് ഒരു മികച്ച വിദ്യാഭ്യാസപ്രവർത്തനം കൂടിയാണ്.

ഒരു നല്ല കൗൺസലർ ആകാൻ അധ്യാപകൻ ആദ്യം ചെയ്യേണ്ടത് നല്ല അധ്യാപകൻ ആയിത്തീരുക എന്നതു തന്നെയാണ്. നല്ല അധ്യാപകനേ വിദ്യാർഥിക്ക് വഴികാട്ടിയാകാൻ കഴിയൂ. ഇതിനു പുറമേ ചില പ്രത്യേക ഗുണങ്ങൾ കൂടി അധ്യാപകൻ നേടേണ്ടതുണ്ട്. അവയിൽ ചിലത് ചുവടെ ചേർത്തിരിക്കുന്നു.

- സാമൂഹികവും മനഃശാസ്ത്രപരവും ഭാഷാപരവുമായ കാര്യങ്ങളിൽ അവബോധവും പ്രവർത്തന പരിചയവും ഉണ്ടായിരിക്കണം.
- കുട്ടികളുടെ സാമ്പത്തികവും വിദ്യാഭ്യാസപരവുമായ അവസ്ഥകൾ അടുത്തറിയാൻ ശ്രമിക്കണം.
- സ്കൂളിന്റെ മൊത്തത്തിലുള്ള അന്തരീക്ഷത്തേയും കുട്ടികളുടെ പ്രവർത്തനശേഷിയേയും പറ്റി ബോധവാനായിരിക്കണം.
- പ്രശ്നങ്ങൾ മറികടക്കാനായി ചില പ്രത്യേക പരിഗണനകൾ കൗൺസലിക്കു നൽകേണ്ടതായി വരും. എന്നാൽ ഇത് സ്കൂളിന്റെ പൊതു അച്ചടക്കത്തെ ബാധിക്കുന്നില്ല എന്ന് കൗൺസലർ ഉറപ്പുവരുത്തണം.

### കൗൺസലിംഗ് - നൈതികത (Ethics)

1. തൊഴിൽപരമായ ഉത്തരവാദിത്തങ്ങളിൽ വീഴ്ച വരുത്തരുത്.
2. പെരുമാറ്റത്തിൽ ഉയർന്ന നിലവാരം പുലർത്തുക.
3. എല്ലാ പ്രശ്നങ്ങളും കൗൺസലർക്ക് സ്വയം പരിഹരിക്കാൻ സാധിക്കണമെന്നില്ല. കൗൺസലർക്ക് സ്വയം തീർക്കാനാകാത്ത പ്രശ്നങ്ങൾ വിദഗ്ദ്ധസഹായത്തോടെ പരിഹരിക്കുക.

4. അക്കാദമിക് യോഗ്യതയോടൊപ്പം വ്യക്തിപരമായ പരിശ്രമവും ഈ രംഗത്ത് ആവശ്യമാണ്.
5. കൗൺസലി അർപ്പിക്കുന്ന വിശ്വാസ്യത കാത്തുസൂക്ഷിക്കാൻ കൗൺസിലർ ബാധ്യസ്ഥ നാണ്.

*സ്കൂൾ സന്ദർശനവേളയിൽ ഒരു കുട്ടിയ്ക്ക് നൽകിയ കൗൺസിലിംഗിനെക്കുറിച്ച് റിപ്പോർട്ട് തയാറാക്കുക.*

ഇതേവരെ ചർച്ച ചെയ്തതിൽ നിന്നും കൗൺസലിങ് ചില അടിസ്ഥാനതത്ത്വങ്ങളെ ആധാരമാക്കിയാണ് നടക്കുന്നത് എന്ന് മനസ്സിലാക്കിയല്ലോ. അവയിൽ ചിലത് താഴെ കൊടുക്കുന്നു. കൂടുതൽ കൂട്ടിച്ചേർക്കൂ.

## കൗൺസലിങിന്റെ അടിസ്ഥാനതത്വങ്ങൾ

- ഓരോ കൗൺസലിയെയും ഓരോ പ്രത്യേക വ്യക്തിയായി പരിഗണിക്കണം. ഒരു പ്രത്യേക വ്യക്തി എന്ന നിലയിൽ കൗൺസലിയുടെ എല്ലാ പെരുമാറ്റങ്ങളും പ്രോത്സാഹിപ്പിക്കണം എന്ന് ഇതിനർത്ഥമില്ല.
- കൗൺസലറോട് കൗൺസലിക്ക് എല്ലാം തുറന്നു പറയാനുള്ള അനുവാദം ഉണ്ട്. എന്നാൽ അതിലെ ശരി തെറ്റുകൾ വിലയിരുത്തേണ്ട ആവശ്യം കൗൺസലർക്കില്ല.
- കൗൺസലിംഗ് എന്നാൽ കൗൺസലിയോടൊത്ത് ചിന്തിക്കുക എന്നതാണ്. അതായത് കൗൺസലിയുടെ സ്ഥാനത്തുനിന്ന് ചിന്തിക്കുക (empathy)
- തീരുമാനങ്ങൾ കൗൺസലിയുടേതു തന്നെ ആകണം.
- കൗൺസലിയുടെ മുഖ്യപ്രയാസത്തെ കേന്ദ്രീകരിച്ചാണ് കൗൺസലിംഗ് നടക്കേണ്ടത്.
- കൗൺസലിംഗ് ഒരു പഠനസാഹചര്യമാണ്. കൗൺസലിംഗിലൂടെ പെരുമാറ്റ വ്യതിയാനമാണ് ലക്ഷ്യമിടുന്നത്.
- കൗൺസലിംഗിന്റെ കാര്യക്ഷമത കൗൺസലിയുടെ മാറാനുള്ള തയാറെടുപ്പിനേയും കൗൺസലറുമായുള്ള ബന്ധത്തെയും ആശ്രയിച്ചിരിക്കുന്നു.
- കൗൺസലറും കൗൺസലിയും തമ്മിലുള്ള ബന്ധം രഹസ്യസ്വഭാവം (Confidentiality) ഉള്ളതാണ്.
- കൗൺസലി ഒരു രോഗിയല്ല എന്ന പരമബോധ്യത്തോടെ വേണം കൗൺസലർ പെരുമാറേണ്ടത്.

## Reflective Questions

1. ഗൈഡൻസ്, കൗൺസലിങ് ഇവ താരതമ്യം ചെയ്ത കുറിപ്പ് തയാറാക്കുക.
2. അനുയോജ്യമായ കോഴ്സുകൾ തിരഞ്ഞെടുക്കുന്നതിനും അതിനനുസരിച്ച് തൊഴിൽ സാധ്യത ഉറപ്പാക്കുന്നതിനും പ്രയാസങ്ങൾ നേരിടുന്നു. ഈ പ്രശ്നത്തെ മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുക.
3. കൗൺസലിങ് പ്രക്രിയയെക്കുറിച്ച് കുറിപ്പ് തയാറാക്കുക.
4. ടീച്ചർ ഒരു നല്ല കൗൺസലർ ആയിരിക്കണം - ഈ പ്രസ്താവനയോട് പ്രതികരിക്കുക.